ഗദ്യരത്നാവലി

മൂന്നാംഭാഗം.

പ്രസാധകന്മാർ,

എ. ഗോപാലമേനോൻ എം. എ.
എ. ശങ്കരപ്പിള്ള എം. എ.,
എ. കൃഷ്ണപ്പിഷാരോടി.

ഗദ്യരത്നാവലി

മൂന്നാംഭാഗം.

പ്രസാധകന്മാർ,

സി. ഗോപാലമേനോൻ ബി. ഏ.

ജി. ശങ്കരപ്പിള്ള എം. ഏ.

ഏ. ഉണ്ണിപ്പിഷാരോടി.

ഒന്നാംപതിപ്പ് കാപ്പി—൨൦൦.

"മനോമോഹനം" പ്രസ്സ്,

കൊല്ലം.

പകർപ്പവകാശം.

പ്രസാധകന്മാരിൽ ആരുടെ എങ്കിലും ഒരാളിന്റെ മുദ്രയില്ലാത്ത

പുസ്തകം വ്യാജനിർമ്മിതമാകുന്നു.

ഗദ്യരത്നാവലി

മൂന്നാംഭാഗം.

സംഗതിവിവരം.

കേരളവൎമ്മ വലിയകോയിത്തമ്പുരാൻ.

൧. എന്റെ മൃഗയാസ്മരണകൾ. ൧

ഏ. ആർ. രാജരാജവൎമ്മ കോയിത്തമ്പുരാൻ.

൨. ഉച്ചാരണം ൰൨൪

രാമവൎമ്മ അപ്പൻ തമ്പുരാൻ.

൩. സമസ്യാപൂൎത്തികൾ. ൪൧

എം. രവിവൎമ്മ രാജാ.

൪. അനുമാനം. ൰൩

സി. അച്യുതമേനോൻ, ബി. എ.

൫. ഒരു നായാട്ടു്. ൰

൬. സാഹിത്യവിവേചനം. ൨൪

൭. കാവ്യോദ്ദേശം ൰൬൰

൮. കാവ്യം. ൰൬൧

൯. നാണയം. ൰൪൰

സി. എസ്. ഗോപാലപ്പണിക്കർ. ബി. ഏ.

൰. ആകാശഗമനം. ൯൩

ഫഫ. ജപ്പാൻ രാജ്യവും ചക്രവർത്തിയും. ഫമ്ര

കെ. എം.

ര്. ഗ്ലഡ്സ്റ്റൻ. ൩൭

ഷ. ശങ്കരപ്പിള്ളവാദം ബി. എ., ബി. എൽ.

൭. ബൃഹസ്പതി ന്ദര്

സി. അന്തപ്പായി ബി. എ.

വ്വ. ചീനരാജ്യവും ജനങ്ങളും. ൭ല്വ

കെ. പരമേശ്വരമേനോൻ.

ൻ. കാലപരിമാണങ്ങൾ. ൻന

എസ്സ്. വി. അയ്യർ.

ഫന്നു. കടം. ഫര്ഭ

അവതാരിക.

‘ഗദ്യമാലിക, കഥാരത്നമാലിക’ മുതലായ പേരുകളോടുകൂടി ‘ബി. വി. ബുക്കുഡിപ്പോ’ പ്രവൎത്തകന്മാർ പ്രസിദ്ധപ്പെടുത്തീട്ടുള്ള ഉത്തമഗ്രന്ഥങ്ങളിൽനിന്നും സംഗ്രഹിച്ച ഉപന്യാസങ്ങളും കഥകളും ആണു് ഈ ‘ഗദ്യരത്നാവലി’ ഗ്രന്ഥങ്ങളിൽ രൂപീകരിച്ചിരിക്കുന്നതു്. പല പ്രബന്ധങ്ങളും അടങ്ങിയിരിക്കുന്ന ആ ഗ്രന്ഥങ്ങളുടെ വിഷയവ്യാപ്തിയും വലിപ്പവും നിമിത്തം പൊതുജനോപയോഗത്തിനും പ്രത്യേകിച്ചു് വിദ്യാൎത്ഥികളുടെ ക്ലാസ്സുസമയത്തിനനുരൂപമായ ആവശ്യത്തിനും യോജിക്കാതെ വന്നിട്ടുണ്ടായിരിക്കാം. ഈ ന്യൂനത ഗദ്യരത്നാവലിയുടെ ആവിർഭാവം പരിഹരിക്കുമെന്നാണു് ഞങ്ങളുടെ വിശ്വാസം.

സ്ഥായിയായ സാഹിത്യരസം മലയാളഗദ്യത്തെ സംബന്ധിച്ചേടത്തോളം തിളച്ചുയൎന്നു പ്രവഹിച്ചുകൊണ്ടിരിക്കുന്നതു് ഉപന്യാസരൂപത്തിലാണല്ലൊ. അതുകൊണ്ടു് അവയെ നിഷ്പക്ഷമായി പരിശോധിച്ചു ക്രോഡീകരിച്ചിട്ടുള്ള ആ ഗ്രന്ഥങ്ങളിൽ സഹൃദയന്മാൎക്കു് ഒരു അഭിരുചിയുണ്ടാക്കുന്ന ഏതൊരു മാൎഗ്ഗവും ആശാസ്യമായിരിക്കാനേ വഴിയുള്ളൂ. സമയക്കുറവുകൊണ്ടോ രസാകൎഷകങ്ങളായ വസ്തുക്കളുടെ ബഹുലത്വംകൊണ്ടോ ആ ഗ്രന്ഥങ്ങൾ വായിക്കുന്നതിനു് അവസരംകുറഞ്ഞ ഭാഷാഭിമാനികൾക്കും വിദ്യാൎത്ഥികൾക്കും ഈ സംരംഭം ആദരണീയമായിരിക്കുമെന്നു കരുതുന്നു.

ഈ ഉപന്യാസങ്ങളും കഥകളും തിരഞ്ഞെടുക്കുന്നതിന 'ബി. വി. ബുക്കുഡിപ്പോ'വിൻെറ ഉടമസ്ഥതയിൽ ഇരിക്കുന്ന 'ഗദ്യമാലിക, കഥാരത്നമാലിക' മുതലായ ഗ്രന്ഥങ്ങളെല്ലാം ഉപയോഗിപ്പാൻ സർവ്വസ്വാതന്ത്ര്യവും അനുവദിച്ചുതന്ന ഡിപ്പോപ്രൊപ്രൈറ്റർമാരോടു ഞങ്ങൾ കടപ്പെട്ടിരിക്കുന്നു. അവർ തന്ന സ്വാതന്ത്ര്യം മുഴുവനും ഞങ്ങൾ ഉപയോഗിച്ചിരുന്നെങ്കിൽ ആ ഗ്രന്ഥാവലിതന്നെ പേരുമാറി പ്രസിദ്ധപ്പെടുത്തിപ്പോകുമായിരുന്നു. എന്നാൽ ആ വിധത്തിലായാൽ ഞങ്ങളുടെ മേൽപറഞ്ഞ പ്രത്യേകോദ്ദേശം നിവൃത്തിപ്പാൻ വഴിയില്ലായ്കനിമിത്തം മാത്രമാണു് ഈ ഗ്രന്ഥാവലികൊണ്ടു തൽക്കാലം തൃപ്തിപ്പെടുന്നതു്.

പ്രസാധകന്മാർ. { A. Gopala Menon.
A. Sankara Pillai.
A. Krishna Pisharodi.

ഗദ്യരത്നാവലി

മൂന്നാംഭാഗം.

---

൧. ഒരു നായാട്ട്.

ഞങ്ങൾ അഞ്ചുപേരുംകൂടി മച്ചാട്ടുമലയിൽ ഒരുഭാഗത്തു നായാട്ടിന്നു പോയി. ആദ്യത്തെ ദിവസം ആ ദിക്കിലുള്ള ചില വെടിക്കാരെയും തെളിക്കാരെയുംകൂട്ടി ഒരുതെളിനായാട്ടു കഴിച്ചു. ഒരുപന്നിയെയും രണ്ടുകടമാനെയും കിട്ടി. ഒരു കടമാൻ എന്റെ വെടിയ്ക്കാണു വീണതു്. ഞങ്ങളുടെകൂട്ടത്തിൽ ഒരാൾക്കുകൂടി വെടിവെപ്പാൻ സാധിച്ചു. ഞങ്ങളുംമററുചിലരും ഇതിനാലുണ്ടായ കൃതാൎത്ഥതയോടും അഹങ്കാരത്തോടും വേറെ ചിലർ ബുദ്ധിക്ഷയത്തോടും വേറെ രണ്ടുമൂന്നുപേർ അല്പം അസൂയയോടുംകൂടി തിരിച്ചു കാട്ടിന്നസമീപത്തുള്ള താമരപ്പിള്ളി കുറുപ്പിന്റെ കളത്തിൽവന്നു അന്നു അവിടെ താമസിച്ചു. ഒരുദിവസം വിശ്രമിച്ചു ഒരു തെളികൂടി കഴിച്ചിട്ടുവേണം നാട്ടിലേയ്ക്കു മടങ്ങുവാനെന്നു തീൎച്ചയാക്കി. പിറേറന്നാൾ തകൃതിയോടുകൂടി ചതുരംഗത്തിന്നും ശീട്ടുകളിയ്ക്കും വട്ടംകൂട്ടി. ചതുരംഗം, ശീട്ടുകളി മുതലായതിനെക്കുറിച്ചു വീരവാദംചെയ്വാൻ ഞാൻ സമൎത്ഥനായിരുന്നുഎങ്കിലും പോരു വളരെ കുറവായിരുന്നതിനാൽ ഞാൻ സുഖമായിക്കിടന്നുറങ്ങി. നാലുമണിയ്ക്കു എഴുന്നേററു വല്ല മുയലിനേയോ പക്ഷിയേയോ വെടിവെയ്ക്കാമെന്നു വിചാരിച്ചു തോക്കുമെടുത്തു പുറപ്പെട്ടു.

നായാട്ടിന്നു പുറപ്പെട്ടപ്പോൾ ഞങ്ങളുടെകൂടെ ശങ്കുമാരാരും ഉണ്ടായിരുന്നു. അദ്ദേഹം ഇതിന്നുമുമ്പിൽ നായാട്ടിന്നു പോയിട്ടില്ലെന്നുതന്നെയല്ല വെടി ശീലിച്ചിട്ടും ഇല്ല. എങ്കിലും നായാട്ടിന്റെ രസത്തെക്കുറിച്ചു ഞങ്ങൾ കൂടക്കൂടെ പറയുന്നതുകേട്ടു അദ്ദേഹം അതിന്റെ സമ്പ്രദായം അറിവാൻ പുറപ്പെട്ടതാണു്. ഞാൻ തോക്കെടുത്തു പുറത്തിറങ്ങിയപ്പോൾ അദ്ദേഹംകൂടി ചാടിപ്പുറപ്പെട്ടു. ഞങ്ങൾ താമസിച്ചിരുന്ന സ്ഥലത്തുനിന്നും ഒരുവിളിപ്പാടുപോയാൽ കാടായി. അതിന്റെ ചോലയിൽ രണ്ടുമൂന്നുനാഴികപ്പകലെ മുയലിനെ ധാരാളമായി കാണാമെന്നു വഴിയിലോരാൾ പറകയാൽ അതിനെ അന്വേഷിച്ചുതുടങ്ങി. കുറച്ചുകഴിഞ്ഞപ്പോൾ രണ്ടുമുയലിനെ ഒന്നിച്ചുകണ്ടു. അങ്ങോട്ടു കാണുന്നതിന്നുമുമ്പു അവർ ഞങ്ങളെക്കണ്ടുകയാൽ കുതിച്ചുചാടി പായുമ്പോളാണു ഞാനവരെക്കണ്ടതു്. അതുകൊണ്ടു വെടിവെപ്പാൻ തരമായില്ല. എങ്കിലും ആ മുയലുകൾ പോയ വഴിയെ ഞങ്ങൾ പുറപ്പെട്ടു. അങ്ങനെ കുറച്ചുപോയപ്പോൾ എടുത്തുനില്ക്കുന്ന ഒരു കുറുങ്കാട്ടിന്റെ ഉള്ളിൽ ഒരു അനക്കംകേട്ടു. ഉൾക്കാട്ടിൽ പോകണമെന്നു ആദ്യം വിചാരിച്ചിട്ടില്ലാത്തതിനാൽ തോക്കിന്റെ രണ്ടുകുഴലിലും അരിമ്പുതോട്ടയാണു നിറച്ചിരുന്നതു്. മുയലിന്റെ പിന്നാലെ പുറപ്പെട്ടു കാട്ടിന്റെ ഉള്ളിൽ പോയപ്പോഴും തല്ക്കാലം ഉണ്ടായ ഉത്സാഹത്താൽ ഈ കഥ മറന്നുപോയി. കുറുങ്കാട്ടിൽ അനക്കം കേട്ടപ്പോൾ മുമ്പിൽ ഓടിപ്പോന്ന മുയലുകളാണെന്നു തീർച്ചയാക്കി. അങ്ങനെനിന്നു സൂക്ഷിച്ചുനോക്കിയപ്പോൾ ഇടയിൽക്കൂടി ഒരു ജന്തുവിന്റെ ഒരുഭാഗം അല്പം കണ്ടു. ഉടനെ വെടിവെച്ചു. വെടിയുടെ പ്രതിധ്വനി ശമിച്ചപ്പോൾ കുറുങ്കാട്ടിന്റെ ഉള്ളിൽനിന്നു ഒരു കോലാഹലം കലശലായി കേട്ടു. ഉടനെ ആ ചെറുവൃക്ഷങ്ങളെ വകഞ്ഞു അവയുടെ ഇടയിൽ കൂടി

കറുത്തു കൂർത്തു രോമശമായ ഒരു മുഖവും അതിന്റെ പിന്നാലെ കരിമ്പടക്കെട്ടുപോലെ ഒരുശരീരവും പുറത്തു ചാടി. 'കരടി, കരടി, മാരാരെ, ഓടിക്കോളോ' എന്നു ഞാൻ നിലവിളിച്ചുകഴിഞ്ഞപ്പോഴേയ്ക്കും ശങ്കുമാരാരു 'അയ്യോ'എന്നു മുറയിട്ടു ഒരു പുലയൻ തീണ്ടാപ്പാടു ദൂരത്തായി.

ഞങ്ങൾ നിന്നിരുന്നതിന്റെ പിൻഭാഗം കുറെ ദൂരത്തോളം വെളിഭൂമിയായിരുന്നതിനാൽ ഓടുന്നതിനു സൌകര്യമുണ്ടായിരുന്നു. എങ്കിലും ഓട്ടത്തിൽ ജാംബവാന്റെ കൂട്ടരെ തോല്പിക്കാമെന്നുള്ള വിഡ്ഢിത്തം എനിയ്ക്കുണ്ടായിരുന്നില്ല. എന്നാലും കണങ്കാലല്ലാതെ മറെറാരവലംബവുമുണ്ടായിരുന്നില്ല. പല്ലിളിച്ചുകൊണ്ടു കരടി പുറത്തുചാടിയപ്പോൾ ഒഴിയാത്ത കുഴലിലും അരിമ്പുതോട്ടതന്നെയാണെന്നുള്ള ജ്ഞാനമുണ്ടായി. ഉടനെ തോക്കു ചുവട്ടിലിട്ടു ഞാനും മാരാരുടെ പിന്നാലെ പാച്ചിൽ തുടങ്ങി. കുറച്ചു ചെന്നപ്പോൾ കാലുതെററി ഉരുണ്ടടിച്ചുവീണു. 'ഇപ്പോളെന്റെ കഥ കഴിഞ്ഞു. കരടി തലമണ്ട കടിച്ചുടയ്ക്കുന്നതിന്റെ സുഖവും ഇപ്പോളറിയാറാവും', എന്നു വിചാരിച്ചു പരിഭ്രമിച്ചു കുഴങ്ങുമ്പോഴേയ്ക്കു പിന്നിൽനിന്നു ഒരുവെടികേട്ടു. 'ഏ, കരടി ഇത്തോക്കു വെടിവയ്ക്കാറായോ കഥ' എന്നു ആശ്ചര്യപ്പെട്ടു തിരിഞ്ഞുനോക്കിയപ്പോൾ കണ്ട കാഴ്ച മറെറാരവസരത്തിലായിരുന്നാൽ ഏവരും ചിരിച്ചുപോകും.

ഞാൻ പാച്ചിൽ തുടങ്ങുന്നതിനുമുമ്പിൽ തോക്കു ചുവട്ടിലിട്ടുഎന്നു പറഞ്ഞുവല്ലോ. കരടി തോക്കിന്റെ സമീപത്തെത്തിയപ്പോൾ അതിനെ സൂക്ഷിച്ചുനോക്കിക്കൊണ്ടു അവൻ കുറച്ചുനേരം അവിടെനിന്നു. വെള്ളക്കാരന്റെ വിദ്യയൊന്നു മനസ്സിലാക്കണമെന്നു വിചാരിച്ചിട്ടോഎന്നറിഞ്ഞില്ല. എങ്കിലും അപകടമായ ഒരുസ്ഥിതിയിൽനിന്നാണു ഞാൻ

ക്കിയതു്. പിൻകാലിന്മെലൊന്നു തോക്കിന്റെ വില്ലിന്മേൽ ചവിട്ടി കുഴലിന്റെ ഉള്ളിലേയ്ക്കു നോക്കിയപ്പോൾ വലിയ വില്ലിന്മേൽ കയററിവെച്ചിരുന്ന കാഞ്ചി വീണതിനാൽ വെടി പൊട്ടിപ്പോയി. കരടി ഒന്നു ഞെട്ടി എന്നുതന്നെയല്ല ഒരു ചില്ല മുക്കുറുകൊള്ളുകയും ചെയ്തു. അവന്റെ അപ്പോഴത്തെ നാട്യം കാണേണ്ടതാണു്. പല്ലിളിച്ചു താൻതന്നെ വിഡ്ഢിയായിഎന്നു ഭാവിച്ചു ഒരു പച്ചിച്ചിരി ചിരിച്ചു. ഇങ്ങനെയാണു്, അനാവശ്യങ്ങളായ കാൎയ്യങ്ങളിൽകൊണ്ടു തലകാട്ടിയാൽ. തോക്കിന്റെ ഗുണദോഷംനോക്കിഅറിഞ്ഞിട്ടു തനിയ്ക്കെന്താണു കാൎയ്യം. അതു ഞങ്ങളുടെ അവകാശമല്ലേ. തനിയ്ക്കു വെടികൊണ്ടു ചാവാനല്ലേ ഉള്ളൂ അവകാശം ? 'തങ്ങൾക്കു ഫലമില്ലാത്തുള്ളതു പ്രവൎത്തിച്ചാൽ ഭംഗമേ വരൂഎന്നു സത്യം ബോധിയ്ക്കേണം' എന്നു കുരങ്ങൻ പണ്ടു സിംഹത്തിനോടു പറഞ്ഞതു താൻ കേട്ടിട്ടില്ലേ ?

അവന്റെ വിഡ്ഢിയായ ഭാവം നോക്കിക്കൊണ്ടു ഞാൻ ഒരു നിമിഷം നിന്നുപോയി. എന്റെവിചാരം അവനു മനസ്സിലായി എന്നുതോന്നുന്നു. അവൻ മുഖത്തെ ചോര ഒന്നു തുടച്ചു ദംഷ്ട്രങ്ങൾ പുറത്തു കാണിച്ചു പിന്നേയും എന്റെ നേരെ ഓടി. ദൈവാനുഗ്രഹംകൊണ്ടു ഞാൻ അപ്പോൾ നിന്നിരുന്നതിന്റെ സമീപത്തിൽ വണ്ണംകുറഞ്ഞുപൊക്കമുള്ള ഒരു മരം ഉണ്ടായിരുന്നു. ധൃതിപ്പെട്ടു ഞാൻ പൊത്തിപ്പിടിച്ചു അതിന്മേൽ കയറി. വണ്ണംകുറഞ്ഞ മരത്തിന്മേൽ കരടിയ്ക്കു കയറാൻ വയ്യാ എന്നുകേട്ടിട്ടുണ്ടെങ്കിലും തല്ക്കാലം എനിയ്ക്കു സമാധാനം നന്നേ കുറവായിരുന്നു. ആദ്യത്തെ കവളിയിൽഇരുന്നു കൈകൊണ്ടു കൊമ്പിന്മേൽ മുറുക്കിപ്പിടിച്ചു മറേറക്കയ്യിൽ നായാട്ടു കത്തിയുമായി വശമായി. അപ്പോഴേയ്ക്കു കരടി ചുവട്ടിലെത്തി മരത്തിന്മേൽ

കയറാനുള്ള ശ്രമമായി. മരത്തിന ഒരു കവുങ്ങിനോളമേ വണ്ണമുണ്ടായിരുന്നുള്ളു. പഠിച്ച പണിയൊക്കെ നോക്കി ട്ടും അല്പമെങ്കിലും കയറുവാൻ അവന്ന സാധിച്ചില്ല. ത ൻെറ ശ്രമം വ്യൎത്ഥമാണെന്ന കണ്ടപ്പോൾ അവൻ പതു ക്കെപ്പോയി സമീപത്തുണ്ടായിരുന്ന ഒരു പാറമേൽ ചെന്ന കിടപ്പായി.

എൻെറ അപ്പോഴത്തെ സ്ഥിതി വളരെ അസൂയപ്പെ ടത്തക്കതായിരുന്നില്ല. കാലും തൊണ്ടയും ഒരുപോലെ വിറ ച്ചുകൊണ്ടിരുന്നു. മരത്തിൻെറ കവളിയിൽഇടുങ്ങിഇരുന്നി ട്ടു പൃഷ്ഠം മരംപോലെ ആയി. ശൌൎയ്യത്തോടുകൂടി കത്തി കയ്യിൽ പിടിച്ചിട്ടുണ്ടായിരുന്നുഎങ്കിലും പ്രാണൻ വായിലാ യിരുന്നു. ആദിത്യൻ അസ്തമിക്കാൻ ഒന്നരനാഴികയിൽ അ ധികമുണ്ടായിരുന്നില്ലതാനും. ആക്കെങ്കിലും അപ്പോൾ ഞാ നുമായി സ്ഥലംമാററം ചെയ്യാൻ സമ്മതമുണ്ടായിരുന്നെങ്കിൽ എൻെറ സ്ഥാനം ഒഴിച്ചുകൊടുപ്പാൻ ഞാൻ തെയ്യാറായിരു ന്നു.ശങ്കുമാരാരു ചെന്ന വൎത്തമാനം പറയുമ്പോൾ വെടിക്കാ രിൽ ചിലർ പുറപ്പെട്ടുവരുമെന്നൊരുസമാധാനംമാത്രമേ ഉ ണ്ടായിരുന്നുള്ളു. കരടി പാറയിന്മേൽ കിടന്നുറക്കവുമായി. ഞാനൊന്നും അറിഞ്ഞില്ലേ, വേണമെങ്കിൽ താൻ ഇറങ്ങി പൊയ്ക്കൊള്ളൂ, എന്നായിരുന്നു അവൻെറ നാട്യം.

പെരുങ്കള്ളൻ, അവൻെറ കളവെനിയ്ക്കു മനസ്സിലാ യില്ലെന്നാണ് അവൻ വിചാരിച്ചതു്. ഞാൻ അല്പമൊ ന്നു അനങ്ങിയാൽ ആ ഉറങ്ങുന്ന കരടി കണ്ണു കറച്ചു മി ഴിച്ചു ഒട്ടകണ്ണിട്ടൊന്നു നോക്കും. ഞാൻ ഇവിടെ ഇരുന്നു ചത്താലും വേണ്ടില്ലെടൊ! നിനക്കെന്നെ തൊടാൻ കഴി കയില്ല.

ഇങ്ങിനെ ഏകദേശം അരമുക്കാൽ നാഴിക കഴിഞ്ഞപ്പോൾ അല്പം ദൂരത്തായിട്ട് ഒരനക്കം കേട്ടു. നോക്കിയപ്പോൾ കൂട്ടർ നാലഞ്ചുപേർ തോക്കെല്ലാം വലിയ വില്ലിന്മേൽ കയററി അങ്ങോട്ടും ഇങ്ങോട്ടും സൂക്ഷിച്ചു നോക്കി പതുക്കെപ്പതുക്കെ വരുന്നതു കണ്ടു. അവരുടെ മുഖഭാവം കൊണ്ട് എന്റെ കഥ കഴിഞ്ഞു എന്നായിരുന്നു അവരുടെ ബോദ്ധ്യമെന്ന് എനിക്കു നല്ലവണ്ണം മനസ്സിലായി. കരടി എവിടെയാണെന്നറിയാതെ അവർ പെട്ടെന്നു വന്നു കയറിയാൽ വല്ല അപകടവും പിണഞ്ഞെങ്കിലോ എന്നു വിചാരിച്ചു ഞാൻ അവരുടെ നേരെ നോക്കി ഒരു മുണ്ടു വീശിത്തുടങ്ങി. കുറച്ചു കഴിഞ്ഞപ്പോൾ അവർ എന്നെക്കണ്ടു 'ഇതാ മേനോൻ' എന്ന് എല്ലാവരും നിലവിളിച്ചു. ഉടനെ ഒച്ച പുറപ്പെടീക്കരുതെന്ന് അവരെ ആംഗ്യംകൊണ്ടു മനസ്സിലാക്കി കരടി കിടക്കുന്നിടത്തേക്കു ചൂണ്ടിക്കാണിച്ചു. ഇതൊക്കെ കണ്ടപ്പോൾ നല്ല പന്തിയല്ലെന്നു കരടിക്കും മനസ്സിലായി. അവൻ പതുക്കെ എഴുന്നേററു നാലു പുറത്തും നോക്കിത്തുടങ്ങി. അപ്പോഴേക്കു നമ്മുടെ ചങ്ങാതിമാർ അടുത്തെത്തി എനിക്കു പരിഭ്രമവും കലശലായി. ഇതാ അവർ കരടിയെക്കണ്ടു ഠെ, ഠെ, ഠെ, ഠെ, നാലു വെടികൾ ഒരുമിച്ചു തന്നെ പൊട്ടി. കരടി രണ്ടു ചാട്ടവും പ്രാണവേദനയോടു കൂടി ഒരു നിലവിളിയും കഴിച്ചു തടി മുറിച്ചിട്ട പോലെ ഭൂമിയിൽ വീണു. ഞാൻ ഒരു വിധത്തിൽ മരത്തിന്മേൽ നിന്നിറങ്ങി. കുറെ നേരം അന്യോന്യം വിവരങ്ങളെല്ലാം പറഞ്ഞു. ശങ്കുമാരാരുടെ പരിഭ്രമവും കരച്ചിലും അദ്ദേഹം പറഞ്ഞ വിവരങ്ങളും മററുമെല്ലാം അവർ പറഞ്ഞുകേട്ടു ഞാനും അവരും നന്നേ ചിരിച്ചു. ഇനിമേൽ താൻ കാട്ടിൽ കേറില്ലെന്ന് അദ്ദേഹം സത്യവും ചെയ്തുപോൽ.

ചത്തു കിടക്കുന്ന കരടിയെ നോക്കിയതിൽ അവനു രണ്ടു വെടികൊണ്ടിട്ടുണ്ടു്. ഒന്നു മുതുകെല്ലിന്മേലും മറേറതു് എടകഴുത്തിലും. ആരുടെ വെടിയാണു കൊണ്ടതെന്നു സംശയമായി. പിറേറന്നാൾ രാവിലെ ഉണ്ട കീറി എടുത്തു നോക്കുന്നതുവരെ തൎക്കം തന്നെ. ഞാൻ എന്റെ തോക്കുമെടുത്തു മറെറല്ലാവരോടും ഒരുമിച്ചു കളത്തിലേക്കു പോന്നു. ഞങ്ങൾ തിരിച്ചെത്തിയപ്പോഴും ശങ്കരരായരുടെ പരിഭ്രമം തീൎന്നില്ല. അദ്ദേഹത്തെ കരടി കടിച്ചില്ലെന്നുള്ള വിശ്വാസം അതുവരെ വന്നിട്ടില്ല. തല കരടി കൊണ്ടുപോയി എന്നു തന്നെയാണു് അപ്പോഴും അദ്ദേഹത്തിന്റെ ബോദ്ധ്യം. കരടി ചത്തതിന്റെ ശേഷം ഞാൻ വലിയ സമൎത്ഥനായി. വീരവാദം ഒട്ടും കുറയ്ക്കുവാൻ പോയില്ല. കരടിയെ കണ്ടതും പിന്നത്തെ അവസ്ഥകളും മററും പൊടിപ്പും തൊങ്ങലും വെച്ചു പൊടിപാറിച്ചു. എങ്കിലും അന്നു രാത്രിയുണ്ടായ ഒരു സംഗതി വായനക്കാരോടു സ്വകാൎയ്യമായി പറയാം. പിറേറന്നാൾ വെളിച്ചമാകുന്നതിനു മുമ്പിൽ ആ കരടി തന്നെ എന്നെ പതിനൊന്നു (൧൧) പ്രാവശ്യം കടിച്ചു.

---

൨. എന്റെ മൃഗയാസ്മരണകൾ.

ഒരുത്തനു വയസ്സു അതിക്രമിക്കയാൽ തനിക്കേററവും പ്രിയതമങ്ങളായ കാൎയ്യങ്ങളിൽ യഥാപൂൎവ്വം പ്രവൎത്തിക്കുന്നതിനു ശക്തിയില്ലാതായി തീരുമ്പോൾ അങ്ങിനെയുള്ള കാൎയ്യങ്ങളെക്കുറിച്ചു സംസാരിക്കുകയും എഴുതുകയും മററും ചെയ്യുന്നതു അവശ്യം സന്തോഷാവഹമായിരിക്കുമെന്നുള്ള വാ

സ്ഥവം പ്രായേണ വയോധികന്മാരായ എല്ലാവൎക്കും അനുഭവഗോചരമാണെന്നു ഞാൻ വിശ്വസിക്കുന്നു. എന്റെ യൌവനകാലത്തിൽ എനിക്കു മൃഗയാവിനോദം സാമാന്യത്തിലധികം പ്രേമാസ്പദമായിരിക്കയും അതിനുവേണ്ടി ഞാൻ അനേകപ്രകാരത്തിലുള്ള ക്ലേശങ്ങളെ സഹിക്കയും ചെയ്തിട്ടുണ്ടു്. ഇപ്പോൾ അതിനു ഞാൻ പല സംഗതികളാലും അശക്തനായി തീൎന്നിരിക്കുന്ന അവസരത്തിൽ തദ്വിഷയങ്ങളായ പൂൎവ്വവൃത്താന്തങ്ങളെ അനുസ്മരിക്കുന്നതു മനസ്സിനു ബഹുധാ വിനോദകാരണമായിരിക്കുന്നുണ്ടു്.

മൃഗവധത്തിൽ എനിക്കു് ഉത്സാഹം ജനിക്കുന്നതിനുള്ള കാരണം ഞാൻ ഏഴെട്ടു വയസ്സു പ്രായമുള്ള ബാലനായിരിക്കുമ്പോൾ എന്റെ അമ്മാവന്റെ അമ്മാവനായ ഒരു ദേഹം എന്റെ കുടുംബഗൃഹത്തിനു സമീപമായ ഒരു കുളത്തിൽ വന്നുകൂടി പലൎക്കും ഭയഹേതുവായി തീൎന്ന ഒരു വലിയ ചീങ്കണ്ണിയെ (ചെറുമ്പനെ) ഞാൻ ദൃക്സാക്ഷിയായിരിക്കെ ഒരു വെടിയാൽ നിഗ്രഹിച്ചുകൊണ്ടുവന്നു് എല്ലാവരേയും കാണിച്ചതാകുന്നു. കുടുംബവാസികൾക്കു വളരെ ഭയാവഹമായ 'കുത്തിച്ചൂട്ട്' എന്ന ശബ്ദം പുറപ്പെടുവിച്ചുകൊണ്ടിരുന്ന "കാലൻകോഴി" എന്നൊരു പക്ഷിയേയും അദ്ദേഹം തന്നെ ഒരിക്കൽ വെടിവെച്ചു കൊന്നുകൊണ്ടു വന്നപ്പോഴും ആവിധം ലക്ഷ്യവേധത്തിൽ എനിക്കു ഉത്സാഹം ജനിച്ചിരുന്നു. എന്നാൽ എനിക്കു ഏകദേശം ൧൬ വയസ്സു പ്രായമായതുവരെ ഒരു തോക്കു കയ്യിലെടുക്കുന്നതിനു സംഗതിയായില്ല. അതിനുള്ളിൽ പടക്കം പൊട്ടിക്കുന്നതിൽ അസാമാന്യമായ ഉത്സാഹം ഉണ്ടായിരിക്കയും അതു കൊളുത്തിയെറിഞ്ഞു് ചില ക്ഷുദ്രജന്തുക്കളെ ഹിംസിക്കയും ചെയ്തിട്ടുണ്ടായിരുന്നു. എനിക്കു പടക്കം പൊട്ടിക്കുന്നതിലുള്ള താല്പൎയ്യത്തെ അറിഞ്ഞു അക്കാലത്തു മൂന്നാംമുറ രാജ

കുമാരനായിരുന്ന വിശാഖം തിരുനാൾ പലപ്പോഴും പലവിധത്തിലുള്ള വിചിത്രങ്ങളായ പടക്കങ്ങളെ എനിക്കു അയച്ചുതന്നിട്ടുണ്ടായിരുന്നു. ഒടുവിൽ വളരെ പഴക്കം ചെന്നു തുരുമ്പുപിടിച്ചതായി ഒരു പിസ്റ്റോൾ (കൈത്തോക്കു) അന്നു ഒന്നാംമുറ രാജകുമാരനും എന്റെ ആയുധാഭ്യാസാദി വിനോദങ്ങളിൽ ഉത്സാഹിപ്പിച്ചുവന്ന ഒരു പ്രോത്സാഹകനും ആയ ആയില്യം തിരുനാൾ എനിക്കു സമ്മാനിച്ചപ്പോൾ ഞാൻ വളരെ സന്തോഷിച്ചു. ആ ചെറുതായ ആയുധത്തെ തേച്ചു തുടച്ചു് സമ്പൂർണ്ണമായി ഉപയോഗയോഗ്യമാക്കി ഭജനപ്പുരയിൽ കൊണ്ടുചെന്നു ഒരുദിവസം ആയില്യം തിരുനാൾ തിരുമനസ്സിലെ കാണിച്ചപ്പോൾ അവിടുന്നു വളരെ ആശ്ചര്യപ്പെട്ടു. എന്നാൽ ഒന്നു വെടിവെച്ചു കാണിക്കാമെന്നറിയിച്ചപ്പോൾ, ഭയപ്പെട്ടിട്ടായിരിക്കാം, സമ്മതിച്ചില്ല. ആ കൈത്തോക്കു കൊണ്ടു എന്തെങ്കിലും ഒരു പറവകളെയോ മററു പ്രാണിയെയോ വെടിവെക്കണമെന്നു വെച്ചു ഞാൻ ബഹുധാ പ്രയത്നം ചെയ്തിട്ടും ഫലിച്ചില്ല.

അങ്ങിനെ ഇരിക്കുമ്പോൾ ത്രിപാദം വകയായി ചില തോക്കുകൾ ഒരു പുരമുറിയിൽ ഇരിപ്പുണ്ടായിരുന്ന വിവരം അറിഞ്ഞു് ഭഗീരഥപ്രയത്നം ചെയ്തു അതിലൊരു വൃത്തികെട്ടതായ വലിയ കോട്ടപ്പിടിത്തോക്കിനെ ഞാൻ കൈക്കലാക്കി. ബഹുശ്രമം ചെയ്തു അതിനെ ഉപയോഗിക്കത്തക്കതാക്കി തീർത്തു പക്ഷികളുടെ നേർക്കു പ്രയോഗിപ്പാനാരംഭിച്ചു. അത്യുന്നതങ്ങളായ വൃക്ഷങ്ങളുടെ മുകളിലിരുന്ന എത്രയും ചെറിയ പക്ഷികൾ പോലും എന്റെ ലക്ഷ്യവേധത്തിനു വിഷയമാകാതിരുന്നില്ല.

അക്കാലത്തു എന്റെ മാതുലപ്രായന്മാരായ രണ്ടു കിളിമാനൂർ കോയിത്തമ്പുരാക്കന്മാർ തിരുവനന്തപുരത്തു താ

കേരള സാഹിത്യ അക്കാദമി

മസിക്കുന്നുണ്ടായിരുന്നു. ഒരാൾ യന്ത്രവേലകളിൽ അതിസമൎത്ഥനും മണിക്കാരൻ എന്നു് പ്രസിദ്ധനും ആയ കോന്തോൎമ്മൻ അമ്മാവനും, മറെറാരാൾ അക്കാലത്തു മഹാ പ്രസിദ്ധനായ ചിത്രകാരനും ഇപ്പോൾ ലോകമാസകലം പ്രഖ്യാതി സമ്പാദിച്ചിരിക്കുന്ന ചിത്രമെഴുത്തു രവിവൎമ്മ കോയിത്തമ്പുരാന്റെ ഗുരുവും ആയ കുഞ്ഞുണ്ണി അമ്മാവനും ആയിരുന്നു. ഇവരുടെ രണ്ടുപേരുടെ അടുക്കലും ഞാൻ പല വിഷയങ്ങളിലും ശിഷ്യപ്പെട്ടിട്ടുണ്ടു്. രണ്ടുപേരും നളികപ്രയോഗവിദ്യയിൽ പല രഹസ്യങ്ങളും ഗ്രഹിച്ചിട്ടുള്ളവരായിരുന്ന വിവരം ഞാൻ അറിഞ്ഞിരുന്നതിനാൽ ആ വിഷയത്തിൽ വിശിഷ്യ അവരുടെ ശിഷ്യത്വത്തെ ക്രമേണ സമ്പാദിച്ചു. എന്നാൽ അവരുടെ ഉപദേശങ്ങളെ പരീക്ഷിച്ചു നോക്കിയിട്ടുള്ളതു് എത്രയും അപൂൎവ്വമായിട്ടു മാത്രമേ ഉള്ളൂ. ഉണ്ടയിട്ടു് ഒരുത്തന്റെ നെഞ്ചിൽ വെടിവെച്ചാൽ ആ ഉണ്ട അവന്റെ നെഞ്ചിൽ തട്ടി താഴെവീഴുന്ന സമ്പ്രദായം ആ വിധത്തിൽ പരീക്ഷിക്കാൻ എനിക്കു ധൈൎയ്യമില്ലാതെ ഒരു മുണ്ടു മടക്കി ചുവരിൽ ഇട്ടു വെടിവെച്ചു നോക്കിയപ്പോൾ ഉണ്ട ആ മുണ്ടിനു യാതൊരു കേടുതലും ചെയ്യാതെ അതിൽ തട്ടി താഴത്തു വീണു. ഇതു പോലെ തോക്കിന്റെ വാകെട്ടുക എന്നൊരു വിദ്യയും എനിക്കുപദേശിച്ചിട്ടുണ്ടായിരുന്നു. ഇതിനെ പരീക്ഷിച്ചു നോക്കാൻ അചിരേണ ഒരു സന്ദൎഭമുണ്ടായി. അന്നത്തെ കേരളവൎമ്മ കൊച്ചുകോയിത്തമ്പുരാൻ ഒരുദിവസം ഞാൻ കുളികഴിഞ്ഞു ജപിച്ചുകൊണ്ടിരിക്കുമ്പോൾ സമീപത്തുവെച്ചു ഒരു കൈത്തോക്കിൽ തെരുതെരെ വെടിവച്ചുകൊണ്ടിരുന്നു. അതു എനിക്കു ജപത്തിനു പ്രതിബന്ധമായി തീൎന്നതിനാൽ തോക്കിന്റെ മുഖബന്ധം ചെയ്യുന്ന പ്രയോഗം ഒന്നു പരീക്ഷിച്ചു നോക്കാമെന്നു വെച്ചു ഗുരുനാഥന്റെ ഉപദേശപ്രകാരം

ചെയ്തു. അതിന്റെ ശേഷം കൈത്തോക്കിൽ വെക്കുന്ന കേപ്പുകൾ പൊട്ടുന്നതല്ലാതെ വെടിതീരുന്നതേയില്ല. അതിൽവെച്ചു പരിഭ്രമിച്ചുകൊണ്ടിരുന്ന കൊച്ചുകോയിത്തമ്പുരാനോടു് 'വെടി തീരാത്തതു് മുൻപിലത്തെ അനവരതമായ വെടി എന്റെ ജപത്തിനു പ്രതിബന്ധമായതിനാൽ ഞാൻ ചെയ്ത പ്രയോഗത്താലാണു്. ഇനി കൈത്തോക്കു ഇങ്ങോട്ടു തരിക തന്നെ, ഞാൻ കാണിച്ചു തരാം' എന്നു പറഞ്ഞതിന്റെ ശേഷം പിന്നേയും രണ്ടു മൂന്നു കേപ്പുവെച്ചു പൊട്ടിച്ചതു വിഫലമായതിന്റെ ശേഷം കൈത്തോക്കു കേപ്പുവെച്ചു എന്റെ കയ്യിൽ തന്നു. തോക്കിന്റെ മുഖബന്ധം അഴിക്കാനുള്ള പ്രയോഗം ഞാൻ ഗുരൂപദേശപ്രകാരം അനുസന്ധാനം ചെയ്തു് കാഞ്ചി വലിച്ചപ്പോൾ വെടിതീരുകയും അവിടെ കൂടിയിരുന്നവൎക്കൊക്കെയും ഉള്ളു കവിഞ്ഞു് ആശ്ചര്യം ഉണ്ടാകയും ചെയ്തു. കിളിമാനൂർ കോയിത്തമ്പാൻ അമ്മാവൻ എനിക്കുപദേശിച്ചു മറ്റൊരു വിദ്യ മൃഗങ്ങളെ വരുത്തി വെടിവെക്കുക എന്നുള്ളതായിരുന്നു. അവിടുന്നു് ഈ പ്രയോഗം ൧൦൨൨-ാമാണ്ടു നാടുനീങ്ങിയ തിരുമനസ്സിലെ അടുക്കൽ ഒരിക്കൽ കാണിച്ചതായി ഞാൻ കേട്ടിട്ടുണ്ടായിരുന്നു. ആ തിരുമനസ്സുകൊണ്ടു് അവിടുത്തേക്കു് വളരെ ഇഷ്ടനായിരുന്ന ആ അമ്മാവന്റെ അടുക്കൽ 'വരുത്തി വെടിവെക്കുന്ന പ്രയോഗം ഒന്നു കാണിക്കണം' എന്നു് ഒരിക്കൽ നിർബ്ബന്ധിച്ചു. എത്രയും വൈമനസ്യത്തോടെ സമ്മതിച്ചു് ഒരു അപരാഹ്നത്തിൽ തെക്കെത്തെരുവു മാളികയുടെതാഴെ തോക്കുനിറച്ചുവച്ചുംകൊണ്ടു് മഹാരാജാവു ഒരുമിച്ചു നില്ക്കവേ കാൽമണിക്കൂറുനേരം ധ്യാനനിഷ്ഠനായി സ്ഥിതി ചെയ്തു. അപ്പോൾ ഒരു സൃഗാലം (കുറുക്കൻ) അത്യന്തം അവശമായി നാക്കു തള്ളിക്കൊണ്ടു നളികഹസ്തനായ അമ്മാവന്റെ അഭിമുഖമായി വരുന്നതു കണ്ടിട്ടു് എല്ലാ

വരും വിസ്മയഭരിതന്മാരായി. "സാധുപ്രാണിയെ വധിക്കരുതു്" എന്നു മഹാരാജാവു കല്പിച്ചതിനോടു സമകാലമായിത്തന്നെ അതു വെടികൊണ്ടു താഴെ വീണു; അപ്പം തിരുവുള്ളക്കേടായി ഈ 'പ്രാണിഹിംസ ചെയ്യുന്നതെന്തിനാണു്?' എന്നു് ചോദിച്ചതിനു 'ഇതിനെ വധിച്ചില്ലെങ്കിൽ എൻ്റെ പ്രാണൻ പോകും' എന്നു് അവിടുന്നു് ഉത്തരം പറഞ്ഞു.

അവിടുത്തെ അടുക്കൽനിന്നു ഞാൻ പല ഉപദേശങ്ങളും ഗ്രഹിച്ചിരുന്നുവെന്നു ധരിച്ചിട്ടുണ്ടായിരുന്ന കേരളവർമ്മ കൊച്ചുകോയിത്തമ്പുരാൻ മുതലായ എൻ്റെ വയസ്യന്മാർ ഒരു സായാഹ്നത്തിൽ പക്ഷിനായാട്ടു കഴിഞ്ഞു് ശ്രീപാദത്തു വടക്കേത്തോപ്പിൽ ഞാൻ വന്നപ്പോൾ 'വരുത്തി വെടിവെക്കുന്ന വിദ്യ ഇന്നു ഒന്നു കാണിച്ചേതീരൂ' എന്നു വലിയ നിർബന്ധമായി എന്നെ പിടികൂടി. അതുവരെ ആ വിദ്യ ഞാൻ പരീക്ഷിച്ചിട്ടില്ലായിരുന്നതിനാലും വയസ്യന്മാരുടെ നിർബ്ബന്ധം ഒഴിക്കത്തക്കതല്ലായിരുന്നതിനാലും ഗുരൂപദേശപ്രകാരം ഒരിക്കൽ പ്രയോഗിച്ചുനോക്കാമെന്നു നിശ്ചയിച്ചു ഗുരുപാദങ്ങളെ അനുസന്ധാനം ചെയ്തു ഗുരുവാക്യപ്രകാരം പ്രവർത്തിച്ചു. അതിനിടയ്ക്കു എൻ്റെ വയസ്യന്മാർ വേറെ വിനോദങ്ങളിൽ പ്രവർത്തിച്ചുകൊണ്ടിരുന്നു. ഏകദേശം പത്തുമിനിട്ടിനുള്ളിൽ ഒരു തടിയൻ മരപ്പട്ടി തോപ്പിൻ്റെ കിഴക്കേ മതിലിൽക്കൂടി തെക്കോട്ടേക്കായി അത്യന്തം പാരവശ്യത്തോടെ വരുന്നതുകണ്ടയുടനെ ഉണ്ടയിട്ടു നിറച്ചുസന്നദ്ധമാക്കിയിരുന്ന തോക്കുകൊണ്ടു ഞാൻ അതിനെ വെടിവെക്കയും അതു മതിലിൻ്റെ അപ്പുറത്തേക്കു മറിഞ്ഞു വീഴകയും ചെയ്തു. അപ്പോൾ ഇരുട്ടായിത്തുടങ്ങിയിരുന്നതിനാൽ പിറേറദിവസം രാവിലെയാണു എല്ലാവരും ആ ചത്ത മരപ്പട്ടിയെ ചെന്നു കണ്ടതു്. തോക്കിൻ്റെ മുഖം ബന്ധി

ക്കയും മൃഗങ്ങളെ വരുത്തി വെടിവെക്കയുംചെയ്യുന്ന പ്രയോഗം അതിൽപ്പിന്നെ ഇതുവരെയും ഞാൻ ചെയ്തിട്ടില്ല. ഇനി ഒരിക്കലും ചെയ്യാൻ എനിയ്ക്കു ശക്തിയുമില്ലാ.

ഇതുവരെ എനിക്ക സാമാന്യം നല്ലതായ ഒരു തോക്കു കിട്ടീട്ടില്ലായിരുന്നു. ൧൦൫൫-ാമാണ്ടു നാടുനീങ്ങിയ തിരുമനസ്സുകൊണ്ടു എന്റെ വെടിഭ്രമവും ഞാൻ ഒരു ലങ്കൻകോട്ടുപ്പിടിത്തോക്കാണു ഉപയോഗിച്ചിരുന്നതെന്നുള്ള വിവരവും അറിഞ്ഞു് ഒരിക്കൽ എന്നോടു ഇപ്രകാരം അരുളിച്ചെയ്തു. 'ഞാൻ ഒരു നല്ല തോക്കുതരാം. എന്നാൽ വെടിവെക്കുന്നതിലേക്ക ഞാൻ ഇങ്ങനെ ഉത്സാഹിപ്പിക്കുന്നു എന്നുവെച്ചു തുമ്പില്ലാതെ ഒന്നും കാട്ടരുതു്.' ഞാൻ ചെറുപ്പത്തിൽ വെടിവെക്കാറുണ്ടായിരുന്നു. എന്നെ ആ വിദ്യ അഭ്യസിപ്പിച്ചതു അച്ഛൻതന്നെയായിരുന്നു. എന്നിൽ അത്യന്തവാത്സല്യം ഉണ്ടായിരുന്ന ആ മഹാരാജാവിനാൽ പ്രതിശ്രുതമായ കാര്യത്തെ നിറവേററിയതു തദനന്തരം സിംഹാസനാരോഹണം ചെയ്ത ആയില്യം തിരുനാൾ മഹാരാജാവായിരുന്നു.

തിരുവനന്തപുരത്തിനു സമീപമായ വഞ്ചിയൂർ എന്ന സ്ഥലത്തു കുഞ്ഞൻ എന്നു പേരായി അതിസമർത്ഥനായ ഒരു കൊല്ലൻ ഉണ്ടായിരുന്നു. ഇപ്പോഴും അവന്റെശേഷക്കാരനായി ഒരു നല്ല വേലക്കാരൻ ഉണ്ടു്. സാക്ഷാൽ മണിമാളികയിലെ മണി ആദ്യം തീർത്തതും ഇപ്പോൾ അററകുററം തീർക്കുന്നതും ഈ വഞ്ചിയൂർ കൊല്ലന്മാർ തന്നെയാണു്. ഇവരുടെ പൂർവ്വന്മാരിൽ ഒരുത്തൻ ദേശാന്തരത്തിൽ പോയി, തങ്ങളുടെ തൊഴിലിന്റെ രഹസ്യത്തെ ആൎക്കും കാണിച്ചുകൊടുക്കുകയില്ലെന്നു നിർബ്ബന്ധമുള്ളവരായ ചില അയസ്കാരന്മാരുടെ അടുക്കൽചെന്നു അന്ധനാണെന്നുള്ള

ഭാവത്തോടെ അവരോടു കൂടി താമസിച്ചാണു ഗൂഢങ്ങളായ പല തത്വങ്ങളും ഗ്രഹിച്ചതെന്നും, ഒരിക്കൽ അവന്റെ ആഢ്യം യഥാൎത്ഥം തന്നെയോ എന്നു പരീക്ഷിക്കുന്നതിനായി അമേദ്ധ്യമായ ചില സാധനമെല്ലാം അവന്റെ മുമ്പിൽ വെച്ചുകൊടുത്തപ്പോൾ നിസ്സംശയമായി അവൻ അതു ഭക്ഷിക്കാൻ ഭാവിച്ചതുകണ്ടു അവൎക്കു ദയയും വിശ്വാസവും ജനിച്ചു അവനെ അമേദ്ധ്യഭക്ഷണത്തിൽനിന്നു നിവാരണം ചെയ്തു അവരുടെ ആപ്തപരിചാരകനാക്കി എന്നും ഉള്ള കഥ വഞ്ചിയൂർ കുഞ്ഞൻതന്നെ എന്നോടു പറഞ്ഞിട്ടുണ്ടു്. ആ വഞ്ചിയൂർ കുഞ്ഞനെക്കൊണ്ടായിരുന്നു അപ്പോൾ മഹാരാജസ്ഥാനാരൂഢനായ ആയില്യം തിരുനാൾ തിരുമനസ്സുകൊണ്ടു ബഹുരസികനായ ഒരു കേപ്പുവയ്ക്കുന്ന ഒററക്കുഴൽ തോക്കു ഉണ്ടാക്കിച്ചു എനിക്കു തന്നതു. മുപ്പത്താറാമാണ്ടു നാടുനീങ്ങിയ തിരുമനസ്സിലെ മക്കളായ തമ്പിമാരും മററു ചിലരും ആ തോക്കിനു വളരെ താല്പൎയ്യപ്പെട്ടു എന്നും എനിക്കായിട്ടുണ്ടാക്കിച്ചതാകകൊണ്ടു് അവൎക്കു കൊടുത്തില്ലെന്നും ആയില്യം തിരുനാൾ എന്നോടു കല്പിച്ചു. ആ തോക്കു കണ്ടു പല യൂറോപ്യന്മാരും വളരെ വിസ്മയിച്ചിട്ടുണ്ടു്. അത്യന്തരമണീയമായ ആ തോക്കു കിട്ടിയപ്പോൾ എനിക്കുണ്ടായ സന്തോഷം അനിൎവാച്യമായിരുന്നു. ഇതിന്റെ ഉപയോഗം അചിരേണ ഞാൻ തിരുമുമ്പാകെ പ്രത്യക്ഷീകരിക്കാമെന്നു ആയില്യം തിരുമനസ്സിലെ അടുക്കൽ അറിയിച്ചിരുന്നു. തോക്കു കിട്ടിയതിന്റെ അടുത്തദിവസം തന്നെ അപരാഹ്നത്തിൽ ഞാൻ കപ്പൂരത്തു സവാരിക്കു പോയി കണ്ട മൂന്നു കഴുവൻ പക്ഷികളെ വെടിവെച്ചു താഴെ വീഴിച്ചിട്ടുണ്ടായിരുന്നു. മഹാരാജാവു സായംകാലത്തിൽ സവാരി എഴുന്നള്ളിയപ്പോൾ വെടികൊണ്ടു ചത്തുകിടക്കുന്ന ആ ഗൃദ്ധ്രങ്ങളെ റോഡ്സമീപത്തിൽ കണ്ടു, എന്റെ ആദ്യമായ സ

ളികപ്രയോഗം സഫലമായതിനെക്കുറിച്ച സന്തോഷിച്ച് എനിക്കൊരു തിരുവെഴുത്തയച്ചു. അതിൽ പിന്നിട്ട ആ തോക്കുകൊണ്ടു തന്നെയായിരുന്നു അനേകം മൃഗങ്ങളേയും പക്ഷികളേയും ഞാൻ വെടിവച്ചു കൊന്നത്. കല്ലാലക്കടവിൽ നിന്നും വള്ളത്തിൽ കയറി വേളീക്കായൽവരെ സവാരിയായി പോകുന്നതിനിടയ്ക്കു അനവധി ഫീസണ്ണികളേയും മുന്നുനാലു നീർനായ്ക്കളേയും നളികപ്രയോഗത്താൽ ഞാൻ നിഗ്രഹിച്ചിട്ടുണ്ട്. നീർനായെ വെടിവെച്ചപ്പോൾ ചിലവയോധികന്മാരായ ഭൃത്യന്മാർ ആ ജലജന്തു വളരെ പകയുള്ളതാണെന്നും എപ്പോഴെങ്കിലും ഒരുസമയം തെറ്റാതെ ദ്രോഹിച്ചു ആളെ വൈരനിര്യാതനം ചെയ്യുമെന്നും എന്നെ പറഞ്ഞു ഭയപ്പെടുത്തി. എന്റെ മൃഗയാസംരംഭത്തിൽ അവരുടെ വാക്കിനെ ഞാൻ ശ്രദ്ധിച്ചില്ല.

ഇപ്രകാരം ജനവാസസ്ഥലങ്ങളിൽ കുറെ ദിവസം മൃഗയാവിനോദം കഴിഞ്ഞതിന്റെ ശേഷം കാട്ടിൽ പോയി ഏതെങ്കിലും വന്യമൃഗങ്ങളെ നായാടണമെന്നുള്ള ആഗ്രഹം എന്റെ മനസ്സിൽ അങ്കുരിച്ചു തുടങ്ങി. തിരുവനന്തപുരത്തിനു സമീപമായ ഉള്ളൂർ, കുളത്തൂർ, കഴക്കൂട്ടം പാങ്ങപ്പാറ എന്ന പ്രദേശങ്ങളിൽ ചിലർ നായാട്ടു ചെയ്യാറുണ്ടെന്നുള്ള വിവരം അറിഞ്ഞു് അവരിൽ ഒന്നുരണ്ടു പ്രധാനികളെ വരുത്തി ആ ദിക്കുകളിൽ എവിടെയെങ്കിലും നായാട്ടിനു പോവാൻ എനിക്കു താല്പര്യമുണ്ടെന്നു പറഞ്ഞപ്പോൾ അവർക്കു വളരെ സന്തോഷമായി. താമസിയാതെ അവർ നിശ്ചയിച്ചു പറഞ്ഞുവെച്ച ഒരു ദിവസംതന്നെ ഇതംപ്രഥമമായ എന്റെ വന്യമൃഗനായാട്ടിനായി ഞാൻ പുറപ്പെട്ടു. എന്റെ ഗുരുഭൂതനായ കിളിമാനൂരെ അമ്മാവന്റെ അനുമതിക്കു ഞാൻ ആവശ്യപ്പെട്ടപ്പോൾ അവിടുന്നു അതേപ

ഹം നായാട്ടിൽ നല്ലവണ്ണം പരിചിതനും ആയ ഒരു ബ്രാഹ്മണനോടുകൂടി എന്റെ ഒരുമിച്ചു പോരുന്നതിന്നു ശിഷ്യവത്സലനായ അവിടുന്നു പറഞ്ഞയച്ചു. ഉച്ചർ ചെന്നു സ്നാനം, ഭക്ഷണം മുതലായതു കഴിച്ചു അന്നു സുഗമമല്ലാതിരുന്ന മാർഗ്ഗത്തിൽ കൂടി മൂന്നുനാലു നാഴിക പോയപ്പോൾ അവിടെ ഖ്യകദേശം ഇരുപതഞ്ചു നായാട്ടുകാർ സന്നദ്ധരായി നില്ക്കുന്നുണ്ടായിരുന്നു. അവരുടെ തോക്കുകളെല്ലാം പ്രായേണ പഴയ രീതിയിൽ തീകല്ലുവെച്ചിട്ടുള്ളവയായിരുന്നു. അല്പം ഉപായത്തിയുള്ളവരായ മൂന്നു നാലു പേരുടെ തോക്കുകൾ മാത്രമേ കേപ്പുവെച്ചവ ആയിരുന്നുള്ളു. അവരിൽ മിക്കയാളുടേയും അരയിൽ ഒരു തോൽസഞ്ചി കെട്ടിയിരുന്നതിൽ ഒരു ചിരട്ടുകയിൽ കുറെ വെടിമരുന്നു. തോക്കിന്റെ കുറുഞ്ഞി തെളിക്കാനും മററുമുള്ള ചില സാധനങ്ങളും അവരുടെ വിശപ്പിനെ ശമിപ്പിക്കാനുള്ള ചില ഭക്ഷ്യങ്ങളും ഉണ്ടായിരുന്നു. അവർ ഉപയോഗിച്ചിരുന്ന വെടിമരുന്നു പ്രായേണ നാട്ടിൽ ഉണ്ടാക്കപ്പെട്ടതു് ആയിരുന്നതിനാൽ പലപ്പോഴും തോക്കിന്റെ കുറുഞ്ഞികത്താതെ വെടി തീരാതിരിക്കാറുമുള്ളതു നിമിത്തം അവരിൽ മിക്കവരും കുറുഞ്ഞിക്ക മാത്രം എന്റെ കൈവശം ഉണ്ടായിരുന്ന ശീമമരുന്നിന്നു ആവശ്യപ്പെടുകയും ഞാൻ അതു കൊടുക്കയും ചെയ്തു. അന്നു നായാട്ടിനായി നിമന്ത്രിക്കപ്പെട്ടിരുന്നവരിൽ തല്ക്കാലം വന്നുചേരാത്തവരായ ചിലരെ സങ്കേതം അറിയിക്കുന്നതിന്നായി അവരിൽ പ്രധാനിയുടെ ആജ്ഞാപ്രകാരം ഒരു വെടി വെയ്ക്കപ്പെട്ടപ്പോൾ ഏതോ ഒരു മൃഗം വധിയ്ക്കപ്പെട്ടു എന്നു് എനിക്കുണ്ടായ ഭ്രമത്തെ വാസ്തവം ധരിപ്പിച്ചു അവർ നിരാകരിച്ചു. അവരുടെ വകയായി മൂന്നുനാലു നായാട്ടുപട്ടികൾ ഉണ്ടായിരുന്നു. എന്നാൽ അവയിൽ പ്രഥമഗണനീയൻ ആയിരുന്നതു 'മണിയൻ' എന്ന വിദേശീയ

വശ്യനായ വിശാഖഭദ്രവത്രെ. അതിന്റെ മൃഗയാകൗശലത്തെക്കുറിച്ച് ഞാൻ പല സന്ദർഭങ്ങളിലും അത്യന്തം വിസ്മയിച്ചിട്ടുണ്ട്. മററുള്ള ശ്വാക്കളിൽ ചിലതു പ്രാണനെ തൃണീകരിച്ചും വന്യമൃഗങ്ങളെ ആക്രമിക്കുന്നതിൽ ധൈര്യാതിരേകം കാണിച്ചിരുന്നു എങ്കിലും നായാട്ടുകാരന്റെ ഹിതാനുസരണത്തിൽ ഇതിനെ അതിശയിച്ച ഒരു മൃഗയാകുശലനെ ഞാൻ കണ്ടിട്ടില്ല. മൃഗയാപ്രവർത്തകന്മാരാൽ ജിഘാംസിതമായ മൃഗത്തെ കണ്ടെങ്കിലല്ലാതെ മണ്ടിയവൻ ഒരിക്കലും കുരയ്ക്കുകയില്ല. മററുള്ള ശ്വാക്കൾ ചെവിയൻ, ക്രൂരൻ മുതലായ ചെറിയ ജന്തുക്കളെ കണ്ടാലും കുരച്ചുംകൊണ്ടു പിന്നാലെ പായുകയും, യദൃച്ഛയാ ഒരു പുലിയെ കണ്ടുകൂടിയാൽ അതിനെ സധൈര്യം അനുധാവനം ചെയ്തു ചിലപ്പോൾ അതിന്റെ ചപേടികാസമ്മാനം വാങ്ങിക്കൊണ്ടു പിൻവാങ്ങി കഥാശേഷീഭവിക്കയും ചെയ്യാറുണ്ടായിരുന്നു.

എന്റെ താല്പര്യപ്രകാരം വന്നുചേർന്നിരുന്ന ആ നായാട്ടുകാർ അന്നത്തെ നായാട്ടിനായി പര്യവേക്ഷണം ചെയ്തു നിശ്ചയിച്ചിരുന്ന കാടു നിമ്നോന്നതങ്ങളായ പ്രദേശങ്ങളോടും ഇടയ്ക്കിടെ ചെറിയ കുന്നുകളോടും കൂടിയതും, മദ്ധ്യേ മദ്ധ്യേ വിസ്താരം കുറഞ്ഞ കേദാരങ്ങളാലും ചില പലാലങ്ങളാലും സങ്കീർണ്ണവും അവിടവിടെ ഏതാനും പറങ്കിമാവുകളും പുന്നമരങ്ങളും മാത്രമൊഴിച്ചു മററു യാതൊരു ഛായാവൃക്ഷവും ഇല്ലാത്തതും ആയിരുന്നു. എന്നാൽ ഏകദേശം ഒരാൾ പൊക്കമുള്ള ചെടികളാൽ നിബിഡമായ ആ കാട്ടിൽ ഇടയ്ക്കിടെ ചില തുറന്ന സ്ഥലങ്ങളും ഉണ്ട്. അതിൽ സാധാരണമായി പന്നികളെ ധാരാളം കാണാറുണ്ടായിരുന്നു. അപൂർവമായി മാൻ, കേഴ, മുള്ളൻപന്നി ഇവയെയും കാണാറുള്ളതായി നായാട്ടുകാർ എന്നോടു പറഞ്ഞു. ഇതുകൂടാതെ ആ കാട്ടിൽ പുലികളും ധാരാളമുണ്ടായിരുന്നു. എന്നാൽ

എത്രയും അപൂൎവ്വമായിട്ടേ അവയെ നായാട്ടിനിടയ്ക്കു കണ്ടു കൂടാനിടയായിട്ടുള്ളു. ആ പ്രദേശത്തെ നായാട്ടുകാർ കൂട്ടുകൾ തീൎപ്പിച്ചുവെച്ചു പുലികളെ ബന്ധനത്തിലാക്കി വധിക്കയാണു പതിവ്. അവർ നായാട്ടിൽ ഒരിക്കലും അവയെ എതിൎക്കയില്ല. യദൃച്ഛയാ വെടിക്കു തരമായി സമീപത്തിൽ കണ്ടാലും ഒഴിഞ്ഞുപോരികയേയുള്ളു.

മേൽ വിവരിച്ച പ്രകാരം അന്നു നായാട്ടിനു നിശ്ചയിക്കപ്പെട്ട സ്ഥലത്തിന്റെ സ്വഭാവവും അതിൽ പുലികൾ കൂടി ഉണ്ടെന്നുള്ള വിവരവും അറിഞ്ഞതിന്റെ ശേഷം ഒരു പുലിയെ കാണ്മാൻ തരമുള്ള സ്ഥലത്ത് എന്നെ കൊണ്ടു ചെന്നാക്കണമെന്നു ഞാൻ താല്പൎയ്യപ്പെട്ടപ്പോൾ ഒരു വയോധികനായ നായാട്ടുകാരൻ 'അതൊക്കെ അടിയങ്ങൾക്കറിയാം. അടിയങ്ങൾ എഴുന്നെള്ളിച്ചു കൊണ്ടുപോയിരുത്തുന്ന സ്ഥലത്തിരുന്ന് അവിടെ വന്നു കേറുന്ന മൃഗത്തെ വിട്ടുകളയാതെ സൂക്ഷിച്ചു വെടിവെച്ചു കൊണ്ടാൽ മതി' എന്നു എന്നോടു നിൎദ്ദാക്ഷിണ്യമായി ശാസനാരൂപേണ പറഞ്ഞു. ആ മനുഷ്യൻതന്നെയാണ് എന്നെ ലലാടന്തപമായ സമയത്തു ദുൎഗ്ഗമമായ മാൎഗ്ഗത്തിൽ കൂടി അന്നു നായാട്ടിനു നിൎദ്ദേശിക്കപ്പെട്ടിരിക്കുന്ന വനത്തിൽ നിന്നു പന്നി ഇളകി വരുന്നതായ മാൎഗ്ഗത്തിൽ കൂട്ടിക്കൊണ്ടു പോയി ഇരുത്തിയത്. അങ്ങനെയുള്ള കടവിനു നായാട്ടുകാർ ചെറുപ്പ് എന്നാണ് വ്യവഹരിക്കുന്നത്. എന്നെ കൊണ്ടുപോയി ചെറുപ്പിൽ ഇരുത്തിയുംവെച്ചു ആ വൃദ്ധൻ അല്പം അകലെയായി ഒരു ദിക്കിൽ ചെന്നിരുന്നു. കിളിമാനൂർ അമ്മാവൻ എന്റെ കൂടെ അയച്ച 'കുഞ്ഞിക്കിട്ടൻ' എന്ന പട്ടർ അടുത്തു മറെറാരു ദിക്കിൽ എന്റെ കോട്ടപ്പിടി തോക്കു നിറച്ചു വെച്ചുംകൊണ്ടു ചെന്നുനിന്നു. ഞങ്ങൾക്കു പരസ്പരം കാണ്മാൻ പാടില്ലായിരുന്നു. നായാട്ടുകാർ അന്ന് ആ വനത്തെ പശ്ചി

കേരള സാഹിത്യ അക്കാദമി

വേക്ഷണം ചെയ്യുമ്പോൾ ഒരു വലിയ പന്നിയുടേയും രണ്ടോ മൂന്നോ ചെറിയ പന്നികളുടേയും സദ്യോജാതകളായ, നനവോടു കൂടി ചെളി പുരണ്ട പദപംക്തികളെ കണ്ടതായി എന്നോടു പറഞ്ഞു. അപ്പോൾ ദശരഥമഹാരാജാവിന്റെ മൃഗയാപ്രസ്താവത്തിൽ മഹാകവി കാളിദാസൻ ചെയ്തിട്ടുള്ള അധോലിഖിതമായ പദ്യം എന്റെ സ്മൃതിപഥത്തെ ആരോഹണം ചെയ്തു:—

ഉത്തസ്ഥുഷസ്സപദി പല്വലപങ്കമദ്ധ്യാ
ന്മുസ്താപ്രരോഹകബളാവയവാനുകീർണ്ണം
ജഗ്രാഹ സദ്രുതവരാഹകുലസ്യ മാർഗ്ഗം
സുവ്യക്തമാർദ്രപദപംക്തിഭിരായതാഭിഃ.

ഈ വിവരം അറിഞ്ഞപ്പോൾ ആ കാട്ടിൽ പന്നികൾ ധാരാളമുണ്ടെന്നു നിശ്ചയം വന്നപ്പോൾ അന്നത്തെ ഉദ്യമത്തിനു വൈഫല്യം വരാനിടയില്ലെന്നു സമാധാനത്തോടു കൂടി ഏകദേശം രണ്ടു മൂന്നു മണിക്കൂറുനേരം ഞാൻ ആ സ്ഥലത്തുനിന്നു. അതിനിടയ്ക്കു ഒരിക്കൽ ആ വൃദ്ധന്റെ അടുക്കൽ ചെന്നു 'എന്താണു് ഒരൊച്ചയും ഓശയും ഒന്നും കേൾക്കാത്തതു്?' എന്നു ചോദിച്ചപ്പോൾ 'ചെറുപ്പിൽ ചെന്നിരിക്കണം, അനങ്ങരുതു്, മിണ്ടരുതു്' എന്നു ഊർജ്ജിതമായി പറഞ്ഞതു കേട്ടു ഞാൻ പൂർവസ്ഥലത്തിൽ വന്നു പത്തു പതിനഞ്ചു മിനിട്ടു കഴിയുന്നതിനു മുമ്പിൽ മദ്ധ്യേയുള്ള ചെറിയ വയലിന്റെ അക്കരയിൽ അകലെയായി ഒരു കോലാഹലം കേട്ടു തുടങ്ങി. അതിനു മുമ്പിൽ നാട്ടുകാരുടെ 'മണിയാ! വിടല്ലേടാ!-അന്നടവിടാതെടാ!-' എന്നും പന്നിയുടെ നടകണ്ടു പട്ടി പോകുന്ന ദിക്കിനെ നിർദ്ദേശിച്ചു 'ആണ്ടവടക്കെടാ-, ആണ്ടവടക്കപടിഞ്ഞാറെടാ-, ആണ്ടതെക്കെടാ-, ആണ്ടകിഴക്കെടാ'- എന്നിത്യാദിയായും ഉള്ള ഉൽ

ഘോഷങ്ങൾ സ്പഷ്ടീഭവിച്ചു കേട്ടുതുടങ്ങിയിരുന്നു. ഈ വിളികൾ അടുത്തടുത്തുവന്നു ആ വയലിന്റെ അക്കരെയിലുള്ള കാട്ടിനു സമീപത്തിലെത്തിത്തുടങ്ങിയ സമയം പട്ടികളുടെ കഴുത്തിൽ കെട്ടിയിരുന്ന മണികളുടെ ഘണഘണാശബ്ദവും, നായാട്ടുകാരുടെ അത്യുച്ചൈസ്സോടുകൂടിയ 'വിടല്ലേ വിടല്ലേ' എന്നു ഉച്ചത്തിൽ മുറുകീട്ടുള്ള വിളിയും, പട്ടികളിൽ ചിലതിന്റെ ഉദ്വേഗസൂചകമായ കരച്ചിലും, ഇതിനെല്ലാം ലക്ഷ്യഭൂതമായ ഒരു വലിയ പന്നിയുടെ ഗംഭീരമായ ഗൎജ്ജിതവും, ചെറിയ പന്നികളുടെ ഘോരരണങ്ങളും ശ്രവണഗോചരീഭവിച്ചപ്പോൾ എനിക്കു അസാമാന്യമായി സംഭ്രമോത്സാഹങ്ങളാൽ മനസ്സു ഡോളായമാനമായിത്തീൎന്നു. അതിനിടയ്ക്കു വയലിന്റെ അക്കരെയിൽ നിന്നു ഒരു ജന്തു ഒരു ചാട്ടം ചാടുന്ന ശബ്ദം കേട്ടു് ഞാൻ നിന്ന സ്ഥലത്തുനിന്നു വയലിന്റെ ഇക്കരെയിലേക്കു ഇറങ്ങിപ്പോകാൻ ഭാവിച്ചപ്പോൾ അത്യന്തം ജാഗരൂകനായി എന്നെ നോക്കിക്കൊണ്ടു നിന്നിരുന്ന ആ വാഷിയെന്ന നായാട്ടുകാരൻ അല്പം എന്റെ സമീപത്തേക്കു ബദ്ധപ്പെട്ടുവന്നു ഞാൻ നിന്നിരുന്ന ദിക്കിൽത്തന്നെ നിന്നാൽ മതി, പന്നി അവിടെത്തന്നെ വന്നു കേറും, എന്നു ഹസ്തസങ്കേതം കൊണ്ടു എന്നെ മനസ്സിലാക്കി. വയലിന്റെ അക്കരെയിലെ വലിയ കളകളവും ഒരു ജന്തു വയലിൽ ചാടി കേറിവരുന്ന ശബ്ദവും കേട്ടപ്പോൾ എന്റെ ജാനുക്കളിൽ അല്പം വേപഥു ഉണ്ടായില്ലെന്നില്ല. എന്നാൽ അത്യന്തസംഭ്രാന്തമായി ഒരു പന്നി ഞാൻ നിൽക്കുന്നേടത്തേക്കു പാഞ്ഞു വരുന്നതു കണ്ടപ്പോൾ എനിക്കു അശേഷം അധൈൎയ്യമുണ്ടായില്ല. ആദ്യം എന്റെ നേൎക്കായിത്തന്നെ പാഞ്ഞു വന്ന ആ ജന്തു എന്റെ സ്ഥിരമായ നിലകണ്ടയുടനെ അല്പം ഒഴിഞ്ഞോടിത്തുടങ്ങി. അതു് എനിക്കു അനുകൂലമായിട്ടാണു തീൎന്നതു്. അതിന്റെ ഗ

തിയെ അനുസരിച്ചു ഞാൻ അല്പം തിരിഞ്ഞു തോക്കിനെ കളിയിരുത്തി സജ്ജീകരിച്ചപ്പോൾ അത് എനിക്കു സുവ്യവേദ്യമായ ലക്ഷ്യമായിത്തീരുകയും ഞാൻ അതിന്റെ തോളെല്ലിനെ രക്ഷീകരിച്ച് ഉണ്ടയും തറയ്ക്കാലും ഇട്ടു നിറച്ചിരുന്ന തോക്കിനെ ഒഴിക്കയും ചെയ്തു.

ആ വലിയ പന്നി ക്ഷണനേരം എന്റെ അഭിമുഖമായി പാഞ്ഞു വന്നപ്പോൾ തപസ്സു ചെയ്യുന്ന അർജ്ജുനന്റെ നേക്കു സൂകര രൂപധാരിയായ അസുരൻ ചെന്ന സമയം ആ വീരന്റെ വിചാരത്തെ പ്രൌഢകവിയായ ഭാരവി വർണ്ണിച്ചിരിക്കുന്നത് എന്റെ സ്മരണയിൽ വന്നു. അതെന്തെന്നാൽ—

ഘനപത്രവിദീർണ്ണസാലമൂലോ
നിബിഡസ്കന്ധനികാഷ്തീർണവപ്രഃ!
അയമേകചരോഭിവർത്തതേമാം
സമരായേവ സമാജൂഹൂഷമാണഃ

വെടി തീർന്നയുടനെ ആ പന്നി മുട്ടുകുത്തി വീഴുകയും അനന്തരം ക്ഷണത്തിൽ ഒരു ദീനമായ ശബ്ദം പുറപ്പെടുവിച്ചുംകൊണ്ടു എഴുന്നേററു മുമ്പോട്ടു ഏകദേശം പതിനഞ്ചടി ഓടിപ്പോയി ഒരു ചെറിയ കയ്യാലയ്ക്കപ്പുറമുള്ള നിമ്നസ്ഥലത്തു സാഷ്ടാംഗപാതം മൃതപ്രായമായി നിപതിക്കുകയും ചെയ്തു. പിന്നാലെ ഞാനും ഓട്ടുന്നുണ്ടായിരുന്നു. എന്റെ തോക്കു ഒരു ഇരട്ടക്കുഴലായിരുന്നെങ്കിൽ എനിയ്ക്ക് ഒരു വെടികൂടെ വെച്ചു ആ പ്രാണിയുടെ പ്രാണവേദനയെ അവസാനിപ്പിക്കാമായിരുന്നു. എന്റെ സമീപത്തു നിന്നിരുന്ന ആ വൃദ്ധവ്യാധൻ പന്നിയെ ഞാൻ വെടിവെച്ച ഉടനെ ഓടിച്ചെന്നു ആ നിമ്നസ്ഥലത്തു അനങ്ങാൻ വയ്യാതെ വീണു കിടക്കുന്ന ആ ജന്തുവിന്റെ ചെവിക്കുററിയിൽ ഞാൻ

നോക്കിക്കൊണ്ടു നില്ക്കവേ തോക്കു തൊടീച്ചു വെച്ചുംകൊണ്ടു ഒരു വെടിവെച്ച് അതിന്റെ പ്രാണസങ്കടത്തെ അവസാനിപ്പിച്ചതു് എനിക്ക് ഒരാശ്വാസമായി തോന്നി. വലിയ പന്നി കടന്നുപോന്നതിന്റെ പിന്നാലെ മൂന്നു ചെറിയ പന്നികൾ ഭിന്നമാൎഗ്ഗങ്ങളിലൂടെ പരിഭ്രമിച്ച് ഓടിവന്നെത്തിയപ്പോൾ കുഞ്ചിക്കിട്ടനും തല്ക്കാലം വെടികേട്ടു ബദ്ധപ്പെട്ടു അവിടെ വന്നുചേൎന്ന നാലഞ്ചു നായാട്ടുകാരും അവയെ ലക്ഷീകരിച്ചു വെടിവെയ്ക്കുകയുണ്ടായി. എന്നാൽ ആ ചെറിയ പന്നികളിൽ ഒന്നിന്നെങ്കിലും അതിലൊരു വെടിപോലും കൊണ്ടില്ല. അതു അവയുടെ ആയുർബലംതന്നെയായിരിക്കാം. അപ്പോൾ പടാപടായമാനമായി ക്ഷണനേരത്തേക്കു തീൎന്നുകൊണ്ടിരുന്ന വെടികളിൽ ഒന്നും നായാട്ടുകാരിൽ ചിലൎക്കു തന്നെയും കൊള്ളാതിരുന്നതിനെക്കുറിച്ചാണ് എനിക്കു് ആശ്ചൎയ്യം തോന്നിയതു്. ചെറിയ പന്നികളെല്ലാം മറുവശത്തെ കാട്ടിലേക്കു കടന്നു പോയിക്കഴിഞ്ഞതിന്റെ ശേഷം അന്നത്തെ നായാട്ടിനെ മതിയാക്കി എല്ലാവരും ആ ചത്തുകിടന്ന വലിയ പന്നിയുടെ സമീപത്തു വന്നുകൂടി. അവരുടെ ഉദ്ദേശ്യം തങ്ങൾക്കു അതിപ്രിയമായ അതിന്റെ ഇറച്ചിയുടെ ഒരു പങ്കു പററണമെന്നായിരുന്നു. എന്നാൽ അതിൽ അധികഭാഗത്തിനു ഒന്നാമതായി ആ പന്നിയെ വെടിവെച്ചുകൊള്ളിച്ച ആൾ തന്നെയാണ് അവകാശി എന്നും അതിന്റെ അത്യന്തമാംസളമായ 'കുറങ്ങ്" എന്നു നായാട്ടുകാർ വ്യവഹരിക്കുന്ന പശ്ചാൽത്തിന്റെ ഒരു ഭാഗം ആയാളിന്റെ അവകാശമാണെന്നും അവർ പറഞ്ഞപ്പോൾ എന്റെ അവകാശത്തെ ആ വൃദ്ധനായ നായാട്ടുകാരനു വിട്ടുകൊടുത്തിരിക്കുന്നതായി ഞാൻ അവരെ ഗ്രഹിപ്പിച്ചു. എനിക്കു് ഉപയോഗം ലേശമില്ലാത്ത അതിന്റെ ഇറച്ചികൂടാതെ ഏതെങ്കിലും ഒരു അവയ

വം വിട്ടുതരുന്നതിനു അവൎക്കു സമ്മതമുണ്ടെങ്കിൽ അതിന്റെ തേററകളിൽ അധികം തേയൽമായൽ ഒന്നുണ്ടായിരുന്നതിനെ കിട്ടിയാൽ കൊള്ളാമെന്നു അവരോടപേക്ഷിച്ചതിൻവണ്ണം പത്തു ദിവസത്തിനകം സാമാന്യം വലുതായ ആ തേററയെ അവർ കൊണ്ടുവന്നു തരികയും ഞാൻ ഒരു പിസ്റ്റാത്തിക്കു അതുകൊണ്ടു പിടി ഉണ്ടാക്കിച്ചു വളരെ നാൾ ഉപയോഗിച്ചുകൊണ്ടിരിക്കയും ചെയ്തു. ആ വൃദ്ധവ്യാധനു വധിക്കപ്പെട്ട വരാഹത്തിന്റെ ഇറച്ചിയുടെ 'സിംഹഭാഗം' കിട്ടിയതിനെക്കുറിച്ചുള്ള സന്തോഷം അനിൎവ്വചനീയമായിരുന്നു. ആ മനുഷ്യന് എഴുപതിനുമേൽ വയസ്സായിരുന്നു എങ്കിലും ദേഹത്തിനു തീരെ ഗ്ലാനിയും മനസ്സിനു അശേഷം ഉത്സാഹക്കുറവും ഉണ്ടായിരുന്നില്ല. അന്നു മദ്ധ്യാഹ്നസമയത്തു എന്നെ ചേൎപ്പുസ്ഥലത്തേക്കു കൂട്ടിച്ചുകൊണ്ടു വന്നസമയം ഞാൻ വിയൎത്തൊലിച്ചു പരവശനായി കാട്ടിൽ കണ്ട കുരണ്ടിപ്പഴവും ചെത്തിപ്പഴവും മററും പറിച്ചു വായിലിട്ടുകൊണ്ടിരുന്നപ്പോൾ ആ വൃദ്ധന്റെ ദേഹത്തിൽ ഒരു സ്വേദകണികപോലും പൊടിയുകയാകട്ടേ കുടിക്കാൻ കൊടുത്ത കരിക്കിനെ അയാൾ സ്വീകരിക്കയാകട്ടെ ചെയ്തില്ല. അപ്പോൾ 'രവികിരണസഹിഷ്ണു സ്വേദലേശൈരഭിന്നം' എന്ന മഹാകവിവാക്യത്തെ ഞാൻ ഓൎത്തു. ആ ജരഠൻ പിന്നെയും പതിനഞ്ചു സംവത്സരത്തിനു മേൽ ജീവിച്ചിരുന്നതായി എനിക്കറിവുണ്ടു്.

എന്റെ ഇദംപ്രഥമമായ കാട്ടിൽ കടന്നുള്ള നായാട്ടു അചിന്തിതമായ വിജയത്തിൽ പൎയ്യവസാനിച്ചതിനെക്കുറിച്ചു് എനിക്കു വളരെ കൃതാൎത്ഥതയുണ്ടായി. ആദ്യമായ മൃഗയോദ്യമത്തിൽ ഒരുത്തൎക്കും ഇപ്രകാരം ജയം സിദ്ധിച്ചിട്ടില്ലെന്നു നായാട്ടുകാരെല്ലാവരും ഐകകണ്ഠ്യേന സമ്മതിച്ചു പറഞ്ഞു.

അന്ന് അതിന്റെ ശേഷം ഞാൻ ആറേഴ് നാഴിക നടന്നു ഉള്ളൂരിലെത്തി. അവിടെ നിന്നും കുതിരയിൽ കയറി അത്യന്തം ശ്രാന്തനായി കോട്ടയ്ക്കകത്തു വന്നുചേർന്നു. എന്റെ മൃഗയാസ്മരണകളിൽ ഒന്നാമതായി സംഭവിച്ച ഈ വൃത്താന്തത്തെ മാത്രം ഇപ്പോൾ ഇവിടെ പ്രതിപാദിച്ചു. ഇനിയും രോമഹർഷണങ്ങളായ പല സംഭവങ്ങളും എന്റെ നായാട്ടിൽ ഓരോ സന്ദർഭങ്ങളിൽ ഉണ്ടായിട്ടുള്ളവയെ ഇപ്പോൾ പ്രസ്താവിച്ചു തുടങ്ങിയാൽ അവസാനിക്കാത്തതിനാൽ തല്ക്കാലം ഈ ഉപന്യാസത്തെ ഉപസംഹരിക്കുന്നു.

കേരള സാഹിത്യ അക്കാദമി

൩. സാഹിത്യവിവേചനം.

ഏതുഭാഷയുടേയും അഭിവൃദ്ധിക്കും ശുദ്ധിക്കും മുഖ്യമായി ആവശ്യമായിട്ടുള്ളത് ആ ഭാഷയിലെ സാഹിത്യഗ്രന്ഥങ്ങളുടെ ഗുണാഗുണങ്ങളെ ചിന്തിക്കുന്നതിന് സഹായിക്കുന്നതായ സൂത്രങ്ങൾ അടങ്ങിയ ഗ്രന്ഥങ്ങളാകുന്നു. ഈ വക ഗ്രന്ഥങ്ങൾ ഇല്ലാഞ്ഞാൽ പുതുതായി ഉണ്ടായിവരുന്ന ഗ്രന്ഥങ്ങളെപ്പറ്റി ഗുണമാകട്ടെ, ദോഷമാകട്ടെ ഒരഭിപ്രായം ഖണ്ഡിച്ചുപറവാൻ സാധാരണ ജനങ്ങൾക്കു സാധിക്കുന്നതല്ലാ. ഒരു സമയം സഹൃദയന്മാരായ വിദ്വാന്മാർക്ക് അതു സാധിക്കുന്നതാണെങ്കിൽ തന്നെ പ്രമാണപുരസ്സരം പറഞ്ഞു ബോദ്ധ്യപ്പെടുത്തുവാൻ കഴിയുന്നതല്ലല്ലോ. അതിനാൽ സഹൃദയഹൃദയാഹ്ലാദകരമായിരിക്കുന്ന ചമല്ക്കാരങ്ങളെക്കൊണ്ടു ശോഭിക്കുന്ന ഉത്തമകാവ്യങ്ങൾക്കും 'ചവൈതുഹിചവൈതുഹി' എന്നും മററും കുറെ വലിച്ചെഴു

തിക്കൂട്ടിയ പൊട്ടക്കാവ്യങ്ങൾക്കും ഒരുപോലെ പ്രചാരം വന്നേക്കാമെന്നുമാത്രമല്ല ചിലപ്പോൾ കള്ളപ്പണം വെള്ളിപ്പണത്തേക്കാൾ വിലപോയി എന്നും വന്നേക്കാം. ഈ വിധം ഉത്തമകവനകർത്താക്കന്മാരെ പ്രോത്സാഹിപ്പിക്കുന്നതായ സഹൃദയവിവേചനം ശൂന്യമായി വരുമ്പോൾ സൽക്കവനം ക്ഷയിക്കയും ദുഷ്കവനം വർദ്ധിക്കയും എന്നുവേണ്ട ഭാഷാഭിവൃദ്ധിയും ശുദ്ധിയും നശിച്ചുപോകയും ചെയ്യുന്നതാകുന്നു. ആയതുകൊണ്ടു് ഭാഷാപോഷണതല്പരന്മാരായവർ ഒന്നാമതു ദൃഷ്ടിവയ്ക്കേണ്ടതു സാഹിത്യവിവേചനവിഷയത്തിലാകുന്നു.

കേരള സാഹിത്യ അക്കാദമി

നമ്മുടെ ഭാഷയിലാകട്ടെ ഈ വിഷയത്തിൽ ഒരു ഒററഗ്രന്ഥം പോലും ഇപ്പോൾ ഇല്ലെന്നു വളരെ വ്യസനത്തോടെ പറയേണ്ടിയിരിക്കുന്നു. കാവ്യലക്ഷണങ്ങളും ദോഷങ്ങളും സവിസ്തരം വർണ്ണിക്കുന്ന സാഹിത്യദർപ്പണം, മുതലായ ഗ്രന്ഥങ്ങൾ അനവധി സംസ്കൃതത്തിലും മാത്യൂ ആർണോൾഡ് മുതലായ പണ്ഡിതശ്രേഷ്ഠന്മാർ ഉണ്ടാക്കീട്ടുള്ളതായ ഗ്രന്ഥങ്ങൾ വളരെ ഇംഗ്ലീഷിലും ഉണ്ടാകകൊണ്ടു ആ ഭാഷകളിൽ സാമാന്യം അറിവുള്ള ഒരുത്തന്നു് അവയിലുള്ള ഗ്രന്ഥങ്ങളെ വായിച്ചു രസിക്കുന്നതിനുള്ള ശക്തിയുണ്ടു്. മലയാളഭാഷയിൽ ഈ വകയായതൊരു ഗ്രന്ഥവും ഇല്ലായ്കയാൽ ഇന്നഗ്രന്ഥത്തിന്നു് ഇന്നഗുണങ്ങളൊ ദോഷങ്ങളൊ ഉണ്ടെന്നൊ ഉത്തമകാവ്യങ്ങൾക്കു വേണ്ട ലക്ഷണങ്ങൾ ഇന്നിന്നവയാണെന്നൊ കാവ്യദോഷങ്ങൾ ഇന്നിന്നവയെന്നോ കൢപ്തമായി അറിഞ്ഞിട്ടുള്ളവർ ചുരുക്കം. "കാവ്യം" എന്നവാക്കിന്റെ അർത്ഥം പോലും ശരിയായി മനസ്സിലാക്കീട്ടുള്ളവർ നമ്മുടെ നാട്ടിൽ അധികം ഉണ്ടെന്നു തോന്നുന്നില്ല.

"കാവ്യം" എന്നുവച്ചാലെന്താണ് എന്നു ആരോടെങ്കിലും ചോദിച്ചുനോക്കിയാൽ മിക്ക ആളുകളും 'ശ്രീരാമോദന്തം' 'കൃഷ്ണവിലാസം' ഇതൊക്കെയാണ് എന്നാണ് പറയുക. മററുചിലർ 'കാവ്യം' എന്നുവച്ചാൽ ഗീർവ്വാണഭാഷയിൽ പുരാണകഥകളെ ശ്ലോകരൂപേണ വർണ്ണിക്കുന്ന ഗ്രന്ഥങ്ങളാകുന്നു എന്നു പറഞ്ഞേക്കാം. എന്നാൽ ശരിയായ അഭിപ്രായക്കാർ പത്തിലൊന്നുപോലും ഇല്ലെന്നു നിശ്ചയം തന്നെ. നമ്മുടെ കൂട്ടരിൽ മിക്കവരും "അദ്ധ്യാത്മരാമായണം കിളിപ്പാട്ട്" ഒരു കാവ്യമാണെന്നു പറയുമൊ? നിശ്ചയമായും ഇല്ല. 'ഇന്ദുലേഖ' ഒരു കാവ്യമാണെന്നു പറയുമൊ? നിശ്ചയമായും ഇല്ല. 'വാക്യം രസാത്മകംകാവ്യം' എന്നു ധരിച്ചിട്ടുള്ളവർ വളരെ വളരെ ചുരുക്കം. പദ്യമാകട്ടെ ഗദ്യമാകട്ടെ സംസ്കൃതഭാഷയിലാകട്ടെ, വേറൊന്നിലാകട്ടെ, കഥ പ്രാചീനമാകട്ടെ, നവീനമാകട്ടെ, എഴുതിയതു കടലാസിലാകട്ടെ, ഓലയിലാകട്ടെ, ശൃംഗാരാദിരസങ്ങൾ അടങ്ങിയ ഏതു് സാഹിത്യപ്രബന്ധവും കാവ്യമാകുന്നു. നാടകമാകട്ടെ, ആഖ്യായികയാകട്ടെ, കിളിപ്പാട്ടാകട്ടെ, മണിപ്രവാളമാകട്ടെ, പാനയാകട്ടെ, തുള്ളലാകട്ടെ, എന്നുവേണ്ട എല്ലാവക പ്രബന്ധങ്ങളും (ശൃംഗാരം മുതലായ രസങ്ങൾ അടങ്ങിയവയായിരുന്നാൽ) കാവ്യങ്ങളാകുന്നു. കേവലം രസശൂന്യങ്ങളായ കെഴുവിറക്കം, പണയാധാരം, ഹൈക്കോടതിവിധി "എഴുത്തുകിട്ടി വസ്തുതവായിച്ചുമനസ്സിലാക്കി" എന്നു തുടങ്ങിയ സന്ദേശപത്രങ്ങൾ ഇവയെല്ലാം പ്രബന്ധങ്ങളാണെങ്കിലും കാവ്യങ്ങളാകുന്നതല്ലാ എന്നു പറയേണ്ടതില്ലല്ലോ.

മേൽ കാണിച്ചപ്രകാരം നമ്മുടെ ഇടയിൽ സാഹിത്യവിവേചനവിഷയമായ അറിവും അറിവു സമ്പാദിക്കുന്ന

തിനുള്ള മാൎഗ്ഗങ്ങളും ഇല്ലായ്കകൊണ്ടു മലയാളഭാഷ വലിയ വലിയ കഷ്ടദശയിലായിരിക്കുന്നു. ഉത്തമവാക്യങ്ങളെ വായിച്ചു രസിപ്പാനുള്ള ശക്തി മുഴുവനും മനുഷ്യന്നു് പ്രകൃതിസിദ്ധമായിട്ടുള്ളതല്ലാ. പഞ്ചസാരയുടെ മാധുൎയ്യവും പനിനീർ പുഷ്പത്തിന്റെ സൌരഭ്യവും, അനുഭവിച്ചു രസിപ്പാൻ അക്ഷരജ്ഞാനംപോലും ഇല്ലാത്തവനും കഴിയുന്നതാണെങ്കിലും 'ഇന്ദുലേഖ' വായിച്ചു് അതിനുള്ള രസങ്ങളെ പൂൎണ്ണമായി അനുഭവിക്കേണ്ടതിന്നു് ചുരുങ്ങിയ പഠിപ്പുകാരെക്കൊണ്ടു മതിയാവുന്നതല്ലെന്നു് വിദ്വാന്മാൎക്കു് അറിയാം. അതുകൊണ്ടു് സാഹിത്യവിവേചനഗ്രന്ഥങ്ങൾ മലയാളത്തിൽ ഇല്ലാതെയിരിക്കെ വിവേചനശക്തി മലയാളികൾക്കു് കുറെ കുറവായിക്കാണുന്നതുകൊണ്ടു് ആശ്ചൎയ്യപ്പെടുവാനില്ലാ. അച്ചടിച്ചുവരുന്ന പുസ്തകങ്ങൾക്കെല്ലാം (നല്ലതാകട്ടെ ചീത്തയാകട്ടെ) ഒരുപോലെപ്രചാരം ഉണ്ടായിക്കാണുന്നു. എന്നുതന്നെയല്ല കഷ്ടിച്ചുപുസ്തകത്തിന്റെപേർവായിപ്പാൻ കഴിയുന്ന ചിലവിദ്വാന്മാർ ചാടിപ്പുറപ്പെട്ടു് പുസ്തകം വളരെ സരളവും, ലളിതവും, മൃദുളവും, ചെണ്ടയുംആകുന്നുഎന്നുംമററും പറവാൻമടിക്കുന്നതുമില്ലാ. 'ഇന്ദുലേഖ'യും സ്ത്രീയാണു്. 'മീനാക്ഷി'യുംസ്ത്രീയാണു്. പിന്നെഎന്താണു തമ്മിൽവ്യത്യാസം എന്നാണു ആളുകൾ പറയുക; മലയാളികളായ വായനക്കാൎക്കു് ഗ്രന്ഥങ്ങളുടെ ഗുണദോഷം ചിന്തിപ്പാനുള്ള ശക്തി ജലദോഷം പിടിച്ച മൂക്കുപോലെആയിട്ടാണു് കാണുന്നതു്. ഇതുകൊണ്ടാണു് മലയാളഭാഷയുടെ അഭിവൃദ്ധിക്കും ശുദ്ധിക്കും കഠിനമായ തരക്കേടു വന്നിരിക്കുന്നതെന്നോ വരാൻ പോകുന്നതെന്നോ ഞാൻ ഭയപ്പെടുന്നതു്. വല്ല മുക്കിലൊ മൂലയിലൊസഹൃദയന്മാരായവരാരെങ്കിലും ഉണ്ടെങ്കിൽ അവർ വല്ല പുസ്തകത്തെപ്പററിയും അഭിപ്രായപ്പെടുന്നതിൽ മുൻപ

റഞ്ഞവിദ്ധ്വാന്മാരോട്ട് യോജിച്ചില്ലെന്നുവരുകിൽ അത്യാ അപകടം ആയി. സാഹിത്യവിവേചനഗ്രന്ഥങ്ങൾ ഇല്ലാത്തതുകൊണ്ടുള്ള ഈ വക ദോഷങ്ങളെ ഒഴിക്കുന്നതു മലയാളഭാഷാപരിഷ്കാരതല്പരന്മാരുടെ ഒന്നാമത്തെ ചുമതലയാണെന്നും ഞാൻ ഇവിടെ പറഞ്ഞുകൊള്ളുന്നു.

ദുഷ്കവിതയുടെ പ്രചാരം കൊണ്ടുള്ള ദോഷങ്ങൾ എത്രത്തോളം ഘനപ്പെട്ടവയാണെന്നും, അവയെ ഒഴിക്കുന്നതിനുവേണ്ട ഏർപ്പാടുചെയ്യുന്നതു് എത്ര ആവശ്യമാണെന്നും പ്രാചീനന്മാർ അറിഞ്ഞിരുന്നു എന്നു പലേ സംഗതികളാലും ദൃഷ്ടാന്തപ്പെടുന്നു. മുന്നൂറിൽ ചില്വാനം കൊല്ലം മുമ്പു ഇംഗ്ലാണ്ടിൽ ആർക്കെങ്കിലും വല്ല പുസ്തകവുമെഴുതി പ്രസിദ്ധപ്പെടുത്തുവാൻ സാധിക്കുന്നതല്ലായിരുന്നു. ഗവർമ്മെന്റു നിശ്ചയിച്ചിരുന്ന ഒരു പണ്ഡിതസംഘം പരിശോധിച്ചു അനുമതി കൊടുത്തല്ലാതെ യാതൊരു പുസ്തകവും പ്രസിദ്ധപ്പെടുത്തിക്കൂടായിരുന്നു. ഗ്രീക്കുരാജ്യത്തിൽ പണ്ടാരെങ്കിലും വല്ല പുസ്തകവുമുണ്ടാക്കിയാൽ നാട്ടുകാരെല്ലാപേരും ഒത്തുകൂടുന്നതായ മഹോത്സവസ്ഥലങ്ങളിൽ കൊണ്ടുപോയി യോഗ്യന്മാരായ വിദ്വാന്മാരുടെ സദസ്സിൽവച്ചു വായിച്ചു കേൾപ്പിക്ക പതിവായിരുന്നു. ആ വിദ്വാന്മാരുടെ അഭിപ്രായപ്രകാരമായിരുന്നു പുസ്തകത്തിന്റെ പ്രചാരവും. നമ്മുടെ ഇൻഡ്യാരാജ്യത്തുതന്നെ പണ്ടത്തേക്കാലത്തു ഭോജപ്രഭൃതികളുടെ സദസ്സിലുണ്ടായ അഭിപ്രായത്തെ അനുസരിച്ചേ ഏതു പുസ്തകത്തിനും പ്രചാരം ഉണ്ടായിരുന്നുള്ളു, എന്നു പലേ ലക്ഷ്യങ്ങളിൽനിന്നും തെളിവാകുന്നുണ്ടു്. ഇക്കാലത്തു നമ്മുടെ ഇടയിലുള്ളതുപോലെ നല്ല ഗ്രന്ഥങ്ങൾക്കും ചീത്ത ഗ്രന്ഥങ്ങൾക്കും ഒരുപോലെ പ്രചാരം ഉണ്ടാവുകയും സാഹിത്യവിവേചനം കേവലം ശൂന്യമാകയും ചെയ്യുന്നതു് ലോ

കത്തിൽ യാതൊരു ദിക്കിലും യാതൊരുകാലത്തും ഉണ്ടായിട്ടുള്ളതായി ചരിത്രത്തിൽ കാണ്മാൻ പ്രയാസം. സാഹിത്യരാജ്യത്തിലുള്ള ഒരു വിധമായ അരാജകത്വത്തെ കഴിയുന്നതും വേഗത്തിൽ ദൂരീകരിച്ചു ഒരു വിധം ബാധകളും അഴിമതികളും മേലാൽ ഉണ്ടാകാതെയിരിപ്പാൻ വേണ്ടി ആവശ്യമുള്ളതായ നിയമങ്ങളെ നിൎമ്മിക്കുന്നതു അത്യാവശ്യമാകുന്നു.

വിഷമുള്ള ഭക്ഷണസാധനങ്ങളുടെ പ്രചാരത്താൽ പ്രജകൾക്ക എത്രപ്രകാരം പ്രാണനാശം വരുന്നുവോ അതുപോലെതന്നെ ദുഷ്കവിതയുടെ പ്രചാരം സാഹിത്യചമൽക്കാരങ്ങളെ ആസ്വദിക്കുന്നതിന്നു അവൎക്കുള്ള ശക്തിയെ കെടുക്കുന്നു.

സാഹിത്യവിവേചനാഭാവം മലയാളഭാഷയുടെ അഭിവൃദ്ധിക്കും ശുദ്ധിക്കും ഇതുവരെ എത്രത്തോളം ബാധകമായി ഭവിച്ചിട്ടുണ്ടെന്നും ഈ ദോഷത്തെ നിവാരണം ചെയ്യുന്നതിന്നു വിവേചനവിഷയമായ അറിവു പൊതുവിൽ ജനങ്ങൾക്കുണ്ടാക്കിത്തീൎപ്പാൻ ശ്രമിക്കുന്നതു എത്ര ആവശ്യമാണെന്നും ഇതിന്നു മുമ്പു കാണിച്ചിട്ടുണ്ടല്ലോ. ആയതുകൊണ്ടു മലയാളഭാഷാസാഹിത്യത്തിന്റെ പല പിരിവുകളേയും അവയുടെ ഉത്ഭവം സ്വഭാവം മുതലായവയേയും വിവരിക്കുന്നതു ഈ സന്ദൎഭത്തിൽ ആവശ്യമായി തീൎന്നിരിക്കുന്നു.

ലോകത്തിലുള്ള മിക്ക ഭാഷകളിലും ഉള്ളതുപോലെ മലയാളത്തിലും സാഹിത്യത്തിന്നു ‘പദ്യം’ ‘ഗദ്യം’ എന്നിങ്ങനെ രണ്ടു പിരിവുകൾ ഉണ്ടു. നമ്മുടെ ഭാഷയിൽ ഇതുവരെ ഉണ്ടാക്കിയതൊ ഇനി ഉണ്ടാക്കുന്നതൊ ആയ സകല കാൎയ്യങ്ങളും പദ്യമോ ഗദ്യമോ ആയിരിക്കുന്നതാണു. പദ്യം എന്ന വാക്കുകൊണ്ടു പദങ്ങളെക്കൊണ്ടു രചിച്ചിട്ടുള്ളതെന്നു മാത്രമേ സിദ്ധിക്കുന്നുള്ളു എന്നു വരികിലും അത

ന്റെ സങ്കേതികാൎത്ഥം ഇതിൽ നിന്നു കുറെ ഭേദപ്പെട്ടിട്ടാണ്. മാത്രകളെ ഏതാനും ക്രമങ്ങളെ അനുസരിച്ചു വിന്യസിക്കുന്നതിനാൽ താളം ഏതുവിധം ഉണ്ടാക്കുന്നുവോ അതുപ്രകാരം ഗുരുലഘുക്കളായ അക്ഷരങ്ങളെ ചില ക്രമപ്രകാരം വിന്യസിച്ചു കൎണ്ണാനന്ദപ്രദമാകുംവണ്ണം ഉണ്ടാക്കുന്നതാകുന്നു 'പദ്യം'. വിന്യാസഭേദംകൊണ്ടു പഞ്ചാരി, ത്രിപട മുതലായ അനേകവിധതാളങ്ങൾ ഉണ്ടാകുന്നതുപോലെ തന്നെ, കാകളി, കളകാഞ്ചി, മുതലായ പലമാതിരി വൃത്തങ്ങൾ പദ്യത്തിനുണ്ടു്. ഗദ്യത്തിനാകട്ടെ, പദങ്ങൾ കൂട്ടിച്ചേൎക്കുന്നതിൽ ഈ വക യാതൊരു ക്ലേശവും ഇല്ലാ. അതിൽ അൎത്ഥം വിശദമായി പുറപ്പെടണമെന്നല്ലാതെ പദ്യത്തിലുള്ളപോലെ മാത്രാസങ്കലനം വേണമെന്നുള്ള നിർബന്ധമില്ലാ. ഇതിൽ നിന്നു പദ്യരചന ഗദ്യരചനയെക്കാൾ പ്രയാസമേറുന്നതാണെന്നു അറിയാമല്ലോ. അതുകൊണ്ടു മലയാളത്തിൽ പ്രഥമമായി ഉണ്ടായതു ഗദ്യമാണെന്നും അതിൽപിന്നെ ഏറിയൊരുകാലം കഴിഞ്ഞശേഷം മാത്രമെ പദ്യം ഉണ്ടായിരിപ്പാൻ പാടുള്ളു എന്നും ചിലർ അനുമാനിച്ചേക്കാം. എന്നാൽ യഥാൎത്ഥം ഇങ്ങിനെയല്ലാ.

സാധാരണയായി ജനസമുദായത്തിന്റേയും, ഭാഷയുടേയും ആരംഭത്തിൽ പദ്യംതന്നെ പ്രധാനം എന്നു പല വിദ്വാന്മാരും അഭിപ്രായപ്പെട്ടിട്ടുണ്ടു്. എന്നാൽ ഈ പദ്യം ഏതുപ്രകാരത്തിലുത്ഭവിച്ചു വളൎന്നുവന്നു എന്നു നോക്കുക. പുരാതനകാലങ്ങളിൽ മനുഷ്യവൎഗ്ഗം മുഴുവനും പരിഷ്കാരലേശംപോലും ഇല്ലാതെ വേട്ടയാടിയോ കാലിമേച്ചു നാടുതെണ്ടിയോ നടക്കുന്ന പരിഷകളായിരുന്നു എന്നും ഈ പരിഷകൾ പരസ്പരവൈരത്തോടുകൂടി ഇരുന്നു എന്നും ചരിത്രഗ്രന്ഥങ്ങളിൽ നിന്നു അറിയാമല്ലോ. ഇങ്ങിനെ ഒരു പരി

ഷയിൽ അല്പം സരസ്വതീപ്രസാദം ഉള്ള വല്ലവനും തിന്ന
പുളച്ചുംകൊണ്ടിരിക്കുന്നതിൻമദ്ധ്യേ തന്റെ പരിഷക്കാർ
എതിർപരിഷക്കാരുടെ കാലികളെ എത്ര സമർത്ഥതയോ
ടെ കവൎന്നു കൊണ്ടുവന്നുകളഞ്ഞു എന്നോ, തന്റെ പരിഷ
യുടെ നേതാവു് അതിശക്തന്മാരായി എത്ര എതിരാളിക
ളെ തന്റെ ഗദകൊണ്ടടിച്ചു കൊന്നു് എന്നോ മറ്റോ പാ
ട്ടുകയും കണ്ണുനീർ സ്രവിക്കുന്നതും പ്രാണധാരണാദികൾക്കു് ഏ
റ്റവും എളുപ്പവും ജാത്യാഭിമാനോദ്ദീപകവും ആയ ഈ പാട്ടു
മറ്റുള്ളവർ കേട്ടു കൊണ്ടാടി പഠിച്ചുചൊല്ലി നടക്കുകയും
കാലാന്തരംകൊണ്ടു ഇതിനും പരിഷ്കൃതമായി വേറെ വിധ
ത്തിലുണ്ടാകുന്ന പാട്ടുകൾക്കും പരക്കെ പ്രചാരമുണ്ടായി വ
രികയും ചെയ്തിരിക്കണം. ലോകത്തിലുള്ള മിക്ക ജനസമു
ദായങ്ങളുടെ ഇടയിലും പദ്യം ഇങ്ങനെ ജനിച്ചു വളൎന്നതാ
ണെന്നു് ഓരോ ഗ്രന്ഥങ്ങളിൽ കാണുന്നതിനെ യുക്തിയും
അനുഭവവും സ്ഥിരപ്പെടുത്തുന്നു. ഗ്രീക്കു, ലാറ്റിൻ, സംസ്കൃ
തം, ഇംഗ്ലീഷ് മുതലായ മഹാഭാഷകളിലെല്ലാം ആദ്യം ഉ
ണ്ടായതു് പദ്യമാണെന്നു് മാത്രമല്ല അവയിലുള്ള പ്രധാ
നകവനങ്ങളും പദ്യരീതിയിലുള്ളവയാകുന്നു. ഇതുപോലെ
തന്നെ മലയാളത്തിലും ആദ്യം ഉണ്ടായ കവനങ്ങൾ പദ്യ
രീതിയിലാകുന്നു. പരദേശത്തുനിന്നു കേരളത്തിൽ വന്നു
കുടിയേറിയ നമ്മുടെ പൂൎവന്മാർ ദുർദ്ദേവതാദിബാധകളെ
നിവാരണംചെയ്വാൻവേണ്ടി ഭദ്രകാളി, ശാസ്താവു, മുതലായ
ദൈവങ്ങളെ ഭജിക്കേണ്ടിവന്നതിൽ ഉപയോഗിപ്പാൻ വേ
ണ്ടി പലവിധ കീൎത്തനങ്ങൾ, തോറ്റങ്ങൾ, ഇവയും, ത
ച്ചോളി ഒതേനൻ മുതലായ പരാക്രമശാലികളുടെ ചരിത്ര
ങ്ങളെ ഘോഷിക്കുന്ന പാട്ടുകളും, കൃഷിപ്പാട്ടുകൾ, കോലടി
പ്പാട്ടുകൾ ഈ വക വിനോദകരങ്ങളായ ഗാനങ്ങളും ഉണ്ടാ
ക്കിട്ടുണ്ടായിരിക്കണമെന്നു നിൎവിവാദമാണു്. ഇങ്ങിനെ

കീൎത്തനം, പാന, തുള്ളപ്പാട്ട, കിളിപ്പാട്ട, മണിപ്രവാളം മുതലായ പലവക ശാഖകളായി നാനാവിഷയങ്ങളേയുംപററി പദ്യകാവ്യങ്ങൾ എണ്ണത്തിലും വണ്ണത്തിലും വൎദ്ധിച്ചുവന്നു. ഗദ്യമാകട്ടെ മലയാളത്തിൽ നന്നാ കുറച്ചു മാത്രമേയുള്ളു. എന്നുമാത്രമല്ല, ഉള്ളതു നൂററിൽ തൊണ്ണൂററിഒൻപതും ന്യൂനകൃതികളും ആണ്. ആദ്യകാലംമുതല്ക്കുതന്നെ മലയാളികളുടെ ഇടയിൽ കത്തിടപാടുകൾ ഉണ്ടായിരുന്നതിനാൽ ഒരു വിധം ഗദ്യം നടപ്പുണ്ടായിരുന്നു എന്നു തീൎച്ചയാണെങ്കിലും ചിറയ്ക്കൽ, തലശ്ശേരി, കോഴിക്കോട്, കൊച്ചി, തിരുവിതാംകൂർ ഇവിടങ്ങളിലെ ഗ്രന്ഥവരികൾ എഴുതുവാൻ തുടങ്ങിയതുവരെ ഗദ്യപ്രബന്ധങ്ങൾ യാതൊന്നും ഉണ്ടായതായി കാണുന്നില്ല. ഇതിൽ പിന്നെ തച്ചുശാസ്ത്രം, വ്യവഹാരം, വൈദ്യം, കാണം, ജന്മമൎയ്യാദ ഇങ്ങിനെ പലവക വിഷയങ്ങളെപ്പററിയും ഗദ്യഗ്രന്ഥങ്ങൾ ഉണ്ടായിത്തുടങ്ങി. എന്നാൽ ഇവയൊന്നും കാവ്യം എന്നു പറഞ്ഞുകൂടത്തക്കവയല്ലല്ലോ. ഗദ്യരീതിയിൽ ഉത്തമകവനം മലയാളത്തിലുണ്ടായതു് ശക്തൻ സാമൂതിരിപ്പാട്ടു തമ്പുരാന്റെ കാലത്തു മാത്രമാണ്. അക്കാലത്തുണ്ടായ മഴമങ്ങലം നമ്പൂരിയുടെ 'ഭാഷാനൈഷധം' 'പുനംനമ്പൂരിയുടെ പാഞ്ചാലീസ്വയംവരം' ഈ രണ്ടു ചമ്പുക്കളിലുള്ള ഗദ്യത്തിൽ സംസ്കൃതപദങ്ങൾ കുറെ അധികമാണെന്നാണെങ്കിലും ഇതു രണ്ടും ചമല്ക്കാരസാഗരങ്ങളാണെന്നു സഹൃദയന്മാരെല്ലാവരും ഐകകണ്ഠ്യേന സമ്മതിക്കുന്നതാകുന്നു. ശുദ്ധമേ ഗദ്യരീതിയിൽ കാവ്യങ്ങൾ 'കുന്ദലത' വരുന്നതിനു മുമ്പു ഉണ്ടായിട്ടില്ലെന്നു തന്നെ പറയണം. അതിനിപ്പുറമാകട്ടെ ഗദ്യകാവ്യങ്ങൾ നമ്മുടെ ഭാഷയിൽ അസാധാരണമായ പുഷ്ടിയെ പ്രാപിച്ചിട്ടുണ്ട്. എന്നാൽ ഇവയെല്ലാം ഇംഗ്ലീഷ് ഗദ്യസാഹിത്യത്തിന്റെ പ്രധാന അംഗമായ 'നോവൽ' എന്ന കാവ്യ

രീതിയെ അനുകരിച്ചുള്ളതാകയാൽ മലയാളഭാഷ ഗദ്യത്തിന്റെ സംബന്ധിച്ചേടത്തോളം ഇംഗ്ലീഷ് സാഹിത്യത്തിന്നു് മുഖ്യമായി കടപ്പെട്ടിരിക്കുന്നു എന്നു് പറയേണ്ടിയിരിക്കുന്നു.

മലയാളത്തിലുള്ള പദ്യങ്ങൾ കാകളി, അന്നനട, മുതലായ ചില വൃത്തങ്ങളിൽ എഴുതിയ കിളിപ്പാട്ടു്, തുള്ളൽപ്പാട്ടു് ഇവ വകകളെ സംബന്ധിച്ചേടത്തോളം തമിഴ്മട്ടിനെ അനുസരിച്ചും സ്രഗ്ദ്ധരാ, ഗീതി ഈ വക വൃത്തങ്ങളിലുള്ള ശ്ലോകങ്ങളെ സംബന്ധിച്ചേടത്തോളം സംസ്കൃതരീതിയെ അനുസരിച്ചും ആകുന്നു. ഭാഷയുടെ ഉത്ഭവത്തെപ്പറ്റി ആലോചിക്കുമ്പോൾ വൃത്തങ്ങൾ തമിഴിൽ നിന്നു കടം വാങ്ങുവാനാകുന്നു അധികം അവകാശമുള്ളതെന്നു് വരികിലും തുഞ്ചത്തെഴുത്തച്ഛനല്ലാതെ ആരുംതന്നെ തമിഴ് സമ്പ്രദായങ്ങളിലുള്ള വൃത്തങ്ങളെ മലയാളത്തിൽ ഏർപ്പെടുത്തിയതായി കാണുന്നില്ല. ഇതുകൊണ്ടാകുന്നു മലയാളത്തിൽ പദ്യരചന മിക്കതും സംസ്കൃതസമ്പ്രദായത്തെ അവലംബിച്ചിരിക്കുന്നതു്. എന്നാൽ സംസ്കൃതവും മലയാളവും തമ്മിൽ ഈ സംഗതിയിൽ ചില സാരമായ വ്യത്യാസങ്ങൾ ഉള്ളതു മറന്നുകളയത്തക്കതല്ല. ഒന്നാമതു് സംസ്കൃതത്തിൽ ശബ്ദാലങ്കാരം ഉത്തമകവനങ്ങൾക്കു് അപരിത്യാജ്യമായ ഒരു ലക്ഷണമാണെന്നു വച്ചിട്ടില്ല. എന്നാൽ മലയാളത്തിൽ പ്രാസം (ചുരുങ്ങിയ പക്ഷം ദ്വിതീയാക്ഷരപ്രാസമെങ്കിലും) കൂടാത്തതു ശ്ലോകമാണോ എന്നുതന്നെ ചിലർ സംശയിച്ചേക്കും. ഈ വക നിഷ്കർഷകൾ ഒരേ അർത്ഥത്തെ കുറിക്കുന്ന അനവധി പര്യായശബ്ദങ്ങൾ അടങ്ങിയ സംസ്കൃതത്തിലും കൂടി കവിയുടെ ഭാവനാശക്തിയുടെ അപ്രതിബന്ധമായ പാച്ചലിന്നും തന്മൂലം അർത്ഥകല്പനയ്ക്കും വളരെ ബാധകമായി വരുന്നു എന്നിരിക്കെ മല

യാളത്തിലുള്ള പദദൌർലഭ്യത്തിന്റെ അവസ്ഥയും ഇതു കൊണ്ടുള്ള തരക്കേടു എത്ര അധികമുണ്ടാകണമെന്നു ഏവ നും ആലോചിച്ചാലറിയാം. അറിയാത്തവരുണ്ടെങ്കിൽ അവർ ഉണ്ണായിവാരരുടെ 'നളചരിതം' ആട്ടക്കഥ ഒന്നു വാ യിച്ചു് നോക്കട്ടെ. ഇങ്ങിനെയെല്ലാമിരിക്കെ ഈ നിഷ്ക ർഷ ഉണ്ടാവാൻ സംഗതി എന്തായിരിക്കണമെന്നു ആലോ ചിച്ചു നോക്കുമ്പോൾ ഇതു് ഗീർവാണഭാഷയിൽ അധികമാ യ താല്പര്യത്തോടും പച്ചമലയാളത്തിൽ കേവലം നിന്ദയോ ടുംകൂടിയ ചില പ്രാചീനവിദ്വാന്മാർ വെച്ച വഴ്യാണെന്നാ ണു് തോന്നുന്നതു്. മലയാളത്തിൽ കവിഞ്ഞപക്ഷം ശ ബ്ദഭംഗിയല്ലാതെ എന്താണുള്ളതു്? അർത്ഥഗാംഭീര്യം ഉ ണ്ടോ? ഉണ്ടാവാൻ പാടുണ്ടോ? എന്ന അഭിപ്രായം മുറുക്കെ പിടിച്ചും ഉദ്ദണ്ഡശാസ്ത്രികളുടെ

'ഭാഷാകവിനിവഹോയം
ദോഷാകരവദ്വിഭാതിഭുവനതലേ
പ്രായേണവൃത്തഹീനഃ
സ്വൈരീലോകേനിരസ്തഗോപ്രസരഃ'

എന്ന ശ്ലോകത്തെ ഉരുവിട്ടു കൊണ്ടും ഇരിക്കുന്ന സംസ്കൃത പണ്ഡിതന്മാർ ഇന്നും നമ്മുടെ കൂട്ടത്തിൽ അനേകം പേർ ഉണ്ടു്. മലയാളപദ്യരചനയിൽ അഭിവൃദ്ധി വരണമെ ങ്കിൽ മേല്പറഞ്ഞ നിഷ്കൎഷയെ ഒന്നാമതു് തള്ളിക്കളയണം. എന്നാൽ പ്രാസം ദീക്ഷിക്കാതെ തല്ക്കാലം മലയാളത്തിൽ ശ്ലോകം ഉണ്ടാക്കുവാൻ തുടങ്ങിയാൽ അതു പൊതുജനങ്ങൾ ക്കു അത്ര രുചിക്കയില്ല എന്നതു വാസ്തവംതന്നെ. എങ്കിലും അർത്ഥത്തിന്നു ബാധകമാകുംവണ്ണമുള്ള പ്രാസാപേക്ഷ ഒരു ദൂഷ്യമാണെന്നും അതു കാലക്രമേണ വിട്ടുകളയേണ്ടതാണെ ന്നും കവികളുടെ മനസ്സിൽ ഒരു ഓർമ്മയുണ്ടായിരിക്കട്ടെ.

‘പച്ച’ മലയാളത്തിൽ ഉള്ള പരിഹാസം ഹേതുവായി പ്രാചീനവിദ്വാന്മാർ ഉണ്ടാക്കീട്ടുള്ള നിശ്ചയത്തെ ആസ്പദമാക്കി അൎത്ഥത്തെ കൊന്നു ശബ്ദത്തിന്നു് വളമിടുന്ന സമ്പ്രദായം ഒരു ദൂഷ്യമാണെന്നു് ആധുനികഭാഷാകവികൾക്കു് മാത്രം ബോദ്ധ്യം വന്നാൽ തന്നെ വലിയ കാൎയ്യമായി.

രണ്ടാമത്തുള്ള വലിയൊരു വ്യത്യാസം, സംസ്കൃതപദ്യത്തിൽ പദങ്ങൾ യാതൊരു ക്രമവും കൂടാതെ എവിടെ എങ്കിലും ചേൎക്കുന്നതിന്നു വിരോധമില്ല. മലയാളത്തിലോ അങ്ങിനെ ചെയ്യുന്നതു് അഭംഗിയായിത്തീരുമെന്നു തന്നെയല്ല, അതുകൊണ്ടു് ക്ലിഷ്ടത, സന്നിഗ്ദ്ധത മുതലായ കാവ്യദോഷങ്ങൾക്കിടയാകുന്നതുമാണു്. സംസ്കൃതത്തിൽ ‘ഒന്നായ് ചേൎക്കയുമാം പദങ്ങളിടവിട്ടെങ്ങെങ്കിലും ചേൎത്തിടാം’ എങ്കിലും കേരളഭാഷയിങ്കലതുപോലല്ല എന്നു ഘോഷിക്കുന്ന കവി തന്നെ,

‘എന്നല്ലല്ലുണ്ടാസ്വരുമത്രരാമൻ
തന്നേതദ്ഭവകൌതുകമെത്രയുണ്ടോ’

‘ഇന്നിസ്വൈരമയേകളിക്കുകചിരിച്ചന്നോതുമാളീജനം’

എന്നും മററും പ്രയോഗിച്ചതു കാണുമ്പോൾ ആധുനികകവികൾ ഈ വിഷയത്തിൽ എത്ര അപരാധികളാണെന്നു് ദൃഷ്ടാന്തപ്പെടുന്നതാണല്ലോ. സംസ്കൃതത്തിലുള്ളതുപോലെ മലയാളത്തിൽ വിശേഷണവിശേഷ്യങ്ങൾ തമ്മിലും ആഖ്യാഖ്യാതങ്ങൾ തമ്മിലും പൊരുത്തം ഇല്ലാത്ത അവസ്ഥ അറിയുന്ന ഏവനും മലയാളത്തിൽ ദുരാന്വയം തരക്കേടാകുന്നു എന്നു അറിയാം.

പിന്നെ മൂന്നാമത്തു ഒരു വ്യത്യാസം, പ്രയോഗിക്കുന്ന പദങ്ങളെപ്പററിയെടത്തോളമാകുന്നു. സംസ്കൃതശ്ലോകങ്ങ

ളിൽ ഉപയോഗിക്കുന്ന പദങ്ങളുടെ ശുദ്ധി, സന്ധി ഈ സംഗതികളെപ്പററി വലിയ നിഷ്കർഷയുണ്ടെന്നു പറയേണ്ടതില്ലല്ലോ. എന്നാൽ മലയാളത്തിലാകട്ടെ സന്ധി ചേൎക്കുന്നതിനെപ്പററിയും, മണിപ്രവാളശുദ്ധിയെപ്പററിയും വളരെ തെററായ ഒരു ധാരണ പരക്കെയുണ്ട്. പദങ്ങൾ (ഭാഷയാകട്ടെ സംസ്കൃതത്തിൽ നിന്നു എടുത്തവയാകട്ടെ) കൂട്ടിച്ചേൎക്കുന്നതിൽ എങ്ങിനെയെങ്കിലും തരംപോലെ ചെത്തിക്കളയുകയോ തള്ളിവിടുകയോ ചെയ്യാനും ഗുരു ലഘുവാക്കുകയും ലഘു ഗുരുവാക്കുകയും ചെയ്യാനും തങ്ങൾക്കു പൂൎണ്ണാധികാരം ഉണ്ടെന്നാകുന്നു ഇപ്പോഴുള്ള പല കവികളുടേയും ധാരണ. ഈ വക പ്രയോഗങ്ങളാൽ അശ്രാവ്യത വരുന്നുണ്ടോ എന്നുള്ള ആലോചന അവൎക്കു ലേശംപോലും ഇല്ല. 'വരിഷ്ഠമമസോദരി' എന്നതിനാൽ 'വരിഷ്ഠ' എന്നതിനു പകരം അകാരാന്തം ലോപിച്ചു പ്രയോഗിച്ചതും 'ഉദയഗിരിചുകന്നു' എന്നതിലെ അന്ത്യസ്വരം ദീൎഘിച്ചതും ഭാഷാരീതിക്ക് അനുസരിച്ചാണെന്നു മാത്രമല്ലാ അതുകൊണ്ടു അശ്രാവ്യതവരുന്നതും ഇല്ല. എന്നാൽ 'പൊന്നോലാ പലവിധഭൂഷണങ്ങളാലും' എന്നതിൽ 'ഓലാ' എന്ന അന്ത്യസ്വരം ദീൎഘിച്ചതും "പാരിന്നധീശതവനന്ദനനല്ലേരാമൻ" എന്നു പ്രയോഗിച്ചതിൽ അല്ലേ, എന്ന പദത്തിലടങ്ങിയ എ, അവ്യയത്തെ വാൎന്മുറിച്ചതും ചുരുങ്ങിയ കുററമല്ലെന്നു തന്നെയല്ല, അതു വായിക്കുമ്പോൾ കൎണ്ണകഠോരമായി തോന്നുന്നു എന്നും സഹൃദയന്മാർ പറയാതിരിക്കയില്ല. 'പോയാദിനം' (=പോയൽ+ഇദം) മുതലായ പുതിയ സന്ധികളും ഉണ്ണായിവാൎയ്യരുടെ 'ചാമിവ' (=ചാകു+ഇവ) മുതലായ പ്രയോഗങ്ങളും അനുകരിക്കത്തക്കവയല്ല. മണിപ്രവാളശുദ്ധിയുടെ കാൎയ്യത്തിൽ വേണ്ടത്തക്ക നിഷ്കൎഷ ചെയ്യുന്നവരായ് ആധുനിക ഭാഷാകവികളിൽ ചി

ലരുണ്ടെന്നു വരികിലും അനേകം ആളുകൾ അപൂൎവ്വങ്ങളായ സംസ്കൃതപദങ്ങളും അരനാഴിക നീളമുള്ള സമാസങ്ങളും ഒന്നോ, അരയോ മലയാളവാക്കുകളോടൊന്നിച്ചു തിലതണ്ഡുലന്യായേന കൂട്ടിക്കലൎത്തി മണിപ്രവാളമെന്ന പേരുമിട്ടു ചില ശ്ലോകങ്ങളുണ്ടാക്കുന്നവരാണു്. അപ്രസിദ്ധങ്ങളായ സംസ്കൃതപദങ്ങളും, സ്വൈര പ്രത്യയങ്ങളും, തിങന്തക്രിയകളും, സംസ്കൃതാവ്യയങ്ങളും മററും മലയാളത്തിൽ ഉപയോഗിച്ചുപോകുന്നതിന്നു ഇൻഡ്യൻ ശിക്ഷാനിയമത്തിൽ ഒരു വകുപ്പു ചേൎത്താൽ വേണ്ടില്ലെന്നു തോന്നുന്നു. കഴിഞ്ഞ എഫ്. ഏ. പരീക്ഷയ്ക്കു പഠിപ്പാൻ വച്ചിരുന്ന 'രുഗ്മിണീപരിണയം' എന്ന മണിപ്രവാള കാവ്യത്തിൽ പകുതിയോളം ശ്ലോകങ്ങൾ ശുദ്ധ സംസ്കൃതം തന്നെയാണു്. ഈ വക ശുദ്ധ സംസ്കൃതശ്ലോകങ്ങൾ അടങ്ങിയ പുസ്തകങ്ങൾക്കു 'മണിപ്രവാളം' എന്നു പേരിടുന്നതു കാണുമ്പോൾ ഇതു അറുപത്തഞ്ചാമത്തെ ഒരു അനാചാരമോ എന്നു ശങ്കിക്കേണ്ടി വരുന്നു.

൪. സൂൎയ്യൻ.

'അസൌ ആദിത്യോബ്രഹ്മ'

'ഈ ആദിത്യൻ ബ്രഹ്മമാകുന്നു' എന്നാകുന്നു മേലെഴുതിയിരിക്കുന്ന തലവാചകത്തിന്റെ അൎത്ഥം. 'ഈ ആദിത്യൻ' എന്നു പറഞ്ഞതുകൊണ്ടു പ്രത്യക്ഷമായി നാം കാണുന്ന സൂൎയ്യമണ്ഡലമെന്നൎത്ഥമെടുക്കരുതു്. 'ഒരം ആദിത്യൻ' എന്നതിന്നു ഈ ആദിത്യനിൽ അധിവസിക്കുന്ന വിരാ

ഡ് പുരുഷൻ—ജഗദാത്മാ, ജഗദീശ്വരൻ എന്നർത്ഥം ധരിയ്ക്കേണ്ടതാകുന്നു. 'ജഗദാത്മാവായി ഈ ആദിത്യനിൽ അധിവസിയ്ക്കുന്ന പരമപുരുഷൻ തന്നെയാണ് ബ്രഹ്മം' എന്നാണ് മേലെഴുതിയിരിക്കുന്ന മന്ത്രത്തിന്റെ സാരം. നമ്മുടെ ദൃഷ്ടിയ്ക്കു ഗോചരമായിരിക്കുന്ന ആദിത്യൻ അദ്ദേഹത്തിന്റെ പ്രതിനിധിയെന്നപോലെയാണ് കല്പിക്കപ്പെട്ടിരിക്കുന്നതു. അതുകൊണ്ടാണ് 'ഈ ആദിത്യൻ ബ്രഹ്മം' എന്ന് പറഞ്ഞിരിക്കുന്നതു്. 'സയശ്ചായം പുരുഷേ, യശ്ചാസാവാദിത്യേസഏകഃ=മനുഷ്യന്റെ ഹൃദയത്തിൽ വാസം ചെയ്യുന്നവനും, ആദിത്യനിൽ അധിവസിയ്ക്കുന്നവനും ഒരാൾ തന്നെയാകുന്നു' (തൈത്തിരീയോപനിഷത്ത്) എന്ന ശ്രുതിവാക്യവും മേൽപറഞ്ഞ അർത്ഥത്തെത്തന്നെ സൂചിപ്പിയ്ക്കുന്നു. 'പുരുഷശ്ചാധിദൈവതം' (ഭ- ഗീ-അ-൮-ശ്ലോ ൪) ഭഗവദ്വാക്യവുമുണ്ടു്. ഇവിടെ * പുരുഷൻ എന്നപദത്തെ 'ആദിത്യാന്തർഗ്ഗതനായിരിക്കുന്ന ഹിരണ്യഗർഭൻ, സർവ്വപ്രാണികളുടെ ഇന്ദ്രിയങ്ങൾക്ക അനുഗ്രാഹകൻ' എന്നാണ് ശങ്കരാചാര്യസ്വാമികൾ വ്യാഖ്യാനിച്ചിരിക്കുന്നതു്. മേൽകാണിച്ച ഒരു മന്ത്രംകൊണ്ടു് അതിനെ ഉച്ചരിച്ചു ത്രിസന്ധ്യയിലുമനുഷ്ഠിയ്ക്കപ്പെടേണ്ട സന്ധ്യാവന്ദനം എത്രത്തോളം മാഹാത്മ്യമുള്ളതാണെന്നൂഹിക്കാവുന്നതാണ്. സന്ധ്യാവന്ദനാനുഷ്ഠാനം ഒരുവന്ന് ബാഹ്യാഭ്യന്തര ശുദ്ധിയെവരുത്തുന്നു. തന്നിമിത്തം ബ്രഹ്മജ്ഞാനത്തിന്ന് അവനെ യോഗ്യനാക്കിത്തീർക്കുന്നു. തദ്ദ്വാരാ അവന്ന് മോക്ഷസിദ്ധിയുമുണ്ടാകുന്നു. മഹാപ്രസിദ്ധമായ ഗായത്രീമന്ത്രവും മുൻവിവരിച്ച മന്ത്രാർത്ഥത്തെത്തന്നെയാണ് പ്രകാശിപ്പിക്കുന്നതു്. അതും വളരെ മാഹാത്മ്യത്തോടുകൂടിയതും മഹാഫലത്തെ ഉണ്ടാക്കുന്ന

* യാതൊന്നിനാൽ സർവ്വം പൂർണ്ണമായിരിയ്ക്കുന്നുവോ അത് പുരുഷൻ, അല്ലെങ്കിൽ ദേഹത്തിൽ സ്ഥിതിചെയ്യുന്നവൻ പുരുഷൻ.

ത്തുമാകുന്നു. പരമാത്മാവിന്ന് ഒരു പ്രതിനിധിയെന്നപോലെ കല്പിക്കപ്പെട്ടിരിക്കുന്നതിനാൽ ആദിത്യൻശ്രുതിസ്മൃതികളിൽ പലവിധത്തിലും വൎണ്ണിക്കപ്പെട്ടിട്ടുണ്ട്. പലവിധത്തിലും സ്തുതിക്കപ്പെട്ടിട്ടുമുണ്ട്. ഇങ്ങനെ, ആദിത്യൻ ഹിന്തുക്കളുടെ ഇടയിൽ ഇത്രയും പൂജാൎഹനാണെങ്കിലും നമ്മുടെ സ്ഥൂലദൃഷ്ടിയ്ക്കു ഗോചരമായ അദ്ദേഹത്തിന്റെ സ്ഥൂലദേഹത്തെ—രശ്മികളോടുകൂടി കാണപ്പെടുന്ന സൂൎയ്യമണ്ഡലത്തെ—പററി വിസ്താരമായ ഒരു വൎണ്ണന ഒരു ദിക്കിലുംകാണപ്പെടുന്നില്ല. ഇതിനെപ്പററി പാശ്ചാത്യജ്യോതിശ്ശാസ്ത്രജ്ഞന്മാർ പ്രതിപാദിയ്ക്കുന്ന തത്വങ്ങളിൽ ചിലതിനെ നമുക്കു ഗ്രഹിയ്ക്കുവാൻ ശ്രമിയ്ക്കുക.

പ്രഭാതസമയത്ത് നാം പുറത്തിറങ്ങി കിഴക്കോട്ടു നോക്കുമ്പോൾ കാണുന്ന അതിതേജസ്സോടുകൂടി ഉദിച്ചുപൊങ്ങിവരുന്ന സൂൎയ്യൻ, കാഴ്ചയിൽ ഒരു വലിയ പാപ്പടത്തോളം മാത്രമേ ഉള്ളുവെങ്കിലും, പരമാൎത്ഥത്തിൽ മഹത്തായിരിക്കുന്ന ഒരുഗോളമാകുന്നു. സൂൎയ്യബിംബത്തെ ഉദയത്തിലുംഅസ്തമനത്തിലും മാത്രമെ നമുക്കു നോക്കുവാൻ കഴികയുള്ളു. പിന്നെയുള്ള സമയങ്ങളിൽ സൂൎയ്യൻ അതിപ്രകാശത്തോടുകൂടിയിരിയ്ക്കുന്നതിനാൽ നമുക്ക് അതിന്റെ നേരെ നോക്കുവാൻതന്നെ വയ്യ. കരിപിടിപ്പിച്ച ഒരു ചില്ലിൽകൂടി നോക്കിയാൽ തപ്തമായ അയഃപിണ്ഡംപോലെ ജ്വലിച്ചുകൊണ്ടിരിക്കുന്ന ഒരു ഗോളത്തെ കാണാം. ഉദയസമയം സൂൎയ്യബിംബം ദൃശ്യമാകുന്നതിനു മുമ്പു അതി ദീൎഘങ്ങളായ അതിന്റെ കിരണങ്ങളാണ് ആദ്യം കാണപ്പെടുന്നതു്.

സദാ ജ്വലിച്ചുകൊണ്ടിരിക്കുന്ന ഈ ഗോളം എന്തൊരു സ്വഭാവത്തോടുകൂടിയതാകുന്നു; അതെത്രത്തോളം വലിയതാകുന്നു; നാമധിവസിക്കുന്ന ഭൂമിക്കും അതിന്നുമായി വ

ള്ള സംബന്ധമുണ്ടോ? ഉണ്ടെങ്കിൽ അതെന്താകുന്നു? നമ്മളിൽനിന്നു് എത്ര ദൂരെയാണ്, സൂൎയ്യൻ; സൂൎയ്യൻ എന്നു പറയുന്നതുതന്നെ എന്തൊരു പദാൎത്ഥമാണു്. എന്നിങ്ങിനെയുള്ള സംഗതികളെ സാമാന്യമായി വിവരിപ്പാനാരംഭിക്കുന്നു.

സൂൎയ്യൻ എത്ര വലിയതാണെന്നുള്ളതു് ചില ഉദാഹരണങ്ങളെക്കൊണ്ടു മാത്രമേ നമ്മുടെ ബുദ്ധിക്കു വിഷയമാവുകയുള്ളൂ. നാമധിവസിക്കുന്ന ഭൂമിയുടെ ചുറ്റും ഒരു കയറിട്ടു പിടിപ്പാൻ സാധിക്കുമെങ്കിൽ ആ കയറു് ഇരുപത്തിനാലായിരം നാഴികയിൽ കുറയാതെ നീളമുള്ളതായി കാണാറുന്നതാണു്. അല്ലെങ്കിൽ, ഒരുവൻ ഇരുപതു നാഴികവീതം ഒരുദിവസം നടന്നു ഭൂമിയെ പ്രദക്ഷിണം വെയ്ക്കുവാനൊരുങ്ങുന്നുവെങ്കിൽ മൂന്നിൽ ചില്വാനം സംവത്സരംകൊണ്ടു അവന്റെ ശ്രമം സഫലമാവുകയുള്ളൂ. ഇതിൽനിന്നു ഭൂമിയുടെ വലിപ്പത്തിന്റെ ഏകദേശജ്ഞാനമുണ്ടാകുന്നതാണു്. അങ്ങിനെയിരിക്കുന്ന ഭൂമികൾ പന്ത്രണ്ടു ലക്ഷത്തോളംകൊണ്ടുവന്നു കൂട്ടിച്ചേൎത്തുവെച്ചാൽ എത്ര വലിപ്പമുണ്ടാകുമോ അത്രയും വലിപ്പമാണു നമ്മുടെ സൂൎയ്യനുള്ളതെന്നു ശാസ്ത്രജ്ഞന്മാർ കണക്കെടുത്തിരിക്കുന്നു. അഗ്നിഭഗവാൻതന്നെ ഒരു തീവണ്ടി സൃഷ്ടിച്ചു് സൂൎയ്യഗോളത്തിനു് ചുറ്റും റെയിലിട്ടു വണ്ടിയോടിപ്പാൻ ശ്രമിക്കുന്നുവെങ്കിൽ മണിക്കൂറിൽ ൫൦-നാഴികവീതം രാവും പകലും യാത്രചെയ്താൽ അഞ്ചുകൊല്ലംകൊണ്ടു സൂൎയ്യബിംബത്തിന്മേൽ ഒന്നു ചുറ്റിവരുവാൻ സാധിക്കുന്നതാണു്. ഇതു കേവലം ബിംബത്തിന്റെ വലിപ്പമാണു്; അതിന്റെ രശ്മികൾതന്നെ അനേകായിരം യോജന നീളമുള്ളവയാകുന്നു. സൂൎയ്യനും ഭൂമിയുമായി ഒരു മുഴുത്ത ചെറുനാരങ്ങയും ഒരു കടുകുമണിയുമായിട്ടുള്ള അന്തരമുണ്ടു്. ഇതു വലിപ്പംകൊണ്ടുള്ള താരതമ്യമാകുന്നു. ഇനി ഘനം

കൊണ്ടുള്ള അന്തരമെത്രയുണ്ടെന്നു നോക്കുക. ഒരു തുലാസ്സിന്റെ ഒരു തട്ടിൽ സൂൎയ്യനേയും മറേറതിൽ മൂന്നുലക്ഷം ഭൂമികളെയുമിട്ടു തൂക്കി നോക്കിയാൽ സൂൎയ്യനിരിക്കുന്ന തട്ടു കുറച്ചു മുൻതൂക്കമായി കാണാവുന്നതാണു്.

സൂൎയ്യന്റെ ഉഷ്ണത്തെപ്പററി ഇനി കുറഞ്ഞൊന്നു പറയാം. പക്ഷെ അതിനുമുമ്പായി പ്രകൃതി സംബന്ധമായ ചില തത്വങ്ങളെ പറയുന്നു. എന്തെന്നാൽ ഈ തത്വങ്ങളുടെ പരിജ്ഞാനംകൊണ്ടു മാത്രമെ സൂൎയ്യന്റെ ഉഷ്ണത്തിന്റെ ഏകദേശജ്ഞാനമെങ്കിലുമുണ്ടാവുകയുള്ളൂ.

ഭൂമിയിൽ കാണപ്പെടുന്ന സകല പദാൎത്ഥങ്ങളും ഉഷ്ണത്തിന്റെ ഗുരുലഘുത്വത്തെ അനുസരിച്ചു കട്ടിയായിരിക്കുന്ന അവസ്ഥ, ദ്രവാവസ്ഥ, വാസ്പാകാരമായ അവസ്ഥ എന്നിങ്ങിനെ മൂന്നു വിധത്തിൽ പരിണമിക്കുന്നു. ഒരു വസ്തുവിൽ അത്യുഷ്ണമുണ്ടെങ്കിൽ അതു വാസ്പാകാരമായ അവസ്ഥയെ പ്രാപിക്കുന്നു. ഉഷ്ണം അതിലും കുറച്ചു കുറഞ്ഞാൽ ആ വസ്തു ദ്രവാവസ്ഥയെ പ്രാപിക്കുന്നു. ചൂടു കുറേക്കൂടി കുറഞ്ഞാൽ അതു കട്ടിയായ അവസ്ഥയേയും പ്രാപിക്കുന്നു. എന്നാൽ, ഓരോ വസ്തുക്കളുടെ കാഠിന്യത്തിന്റെ അവസ്ഥയ്ക്കുതക്കശക്തിയോടുകൂടിയ ഉഷ്ണത്തിന്റെ ഏറ്റക്കുറച്ചൽകൊണ്ടുമാത്രമെ അതാതവസ്ഥയെ പ്രാപിക്കുകയുള്ളൂ. ഈ സംഗതിയെ ചില ദൃഷ്ടാന്തങ്ങളെക്കൊണ്ടു വ്യക്തമാക്കാം. രസം എന്ന പദാൎത്ഥം ദ്രവാവസ്ഥയിലാണു സാധാരണ കാണപ്പെടുന്നതു്. വളരെ കുറച്ചുമാത്രം ചൂടുകൊണ്ടു അതു വാസ്പാകാരത്തെ പ്രാപിക്കുന്നു. വെള്ളവും ദ്രവാവസ്ഥയിലാണു സാധാരണ കാണപ്പെടുന്നതു്. അതിനെ തിളപ്പിയ്ക്കുവാൻ ഉപയോഗിക്കുന്ന ചൂടു രസത്തെ വാസ്പാകാരമാക്കുന്നതിന്നു വേണ്ടുന്ന ഉഷ്ണത്തേക്കാൾ വളരെവളരെ അധികമായിരിക്കേണ്ടതാകുന്നു,

അതിലും വളരെ അധികം ഉഷ്ണമുണ്ടായാൽ മാത്രമേ അതു വാഷ്പാകാരമായി തീരുകയുമുള്ളൂ. അപ്പോൾ അതു നാം ശ്വസിക്കുന്ന വായുവിനെപ്പോലെ, അദൃശ്യമായി ഭവിക്കുന്നു. വാഷ്പാകാരത്തെ പ്രാപിച്ചിരിക്കുന്ന ജലം, അല്ലെങ്കിൽ നീരാവി, വളരെ ശക്തിയുള്ളതാകുന്നു. തീവണ്ടിയുടെ യന്ത്രം നെയിത്തുയന്ത്രം, ചക്ക്യന്ത്രം, അച്ചടിയന്ത്രം, എന്നിങ്ങനെയുള്ള നാനാവിധ ആധുനികയന്ത്രപ്പണികൾ ആവിഷ്കൃതിയാൽ പ്രേരിതങ്ങളായിട്ടാണു പല പ്രകാരത്തിലുള്ള വ്യാപാരങ്ങളെ ചെയ്യുന്നതു്. ജലത്തെ ദ്രവാവസ്ഥയിൽ നിന്നു കട്ടിയാക്കണമെങ്കിൽ അതിൽ നിന്നു വളരെ ഉഷ്ണത്തെ എടുത്തുകളയേണ്ടതാകുന്നു. അപ്പോൾ ആ കട്ടിയായ വെള്ളം അല്ലെങ്കിൽ മഞ്ഞുകട്ട, നമ്മുടെ സ്പർശത്തിന്നു വളരെ തണുപ്പുള്ളതായിത്തീരുന്നു.

കേരള സാഹിത്യ അക്കാദമി

ലോഹങ്ങൾ സാധാരണയായി കട്ടിയായ അവസ്ഥയിലാണു കാണപ്പെടുന്നതു്. അവതന്നെ ഓരോന്നു ഓരോവിധശക്തിയോടുകൂടിയ ഉഷ്ണംകൊണ്ടു് ഉരുകി ദ്രവാവസ്ഥയെ പ്രാപിക്കുന്നു. അവ വാഷ്പാകാരമായി നമുക്കു കണ്ടനുഭവമില്ല. എങ്കിലും അതിശക്തിയോടുകൂടിയ അഗ്നിയെ ഉണ്ടാക്കാമെങ്കിൽ എല്ലാലോഹങ്ങളും ഉരുകുന്നതിന്നു പുറമേ വാഷ്പാകാരത്തെത്തന്നെ പ്രാപിക്കുമെന്നതിന്നു സംശയമില്ല. കൊല്ലന്റെ ഉലത്തീയ്യു് സാധാരണ അഗ്നിയേക്കാൾ വളരെ അധികം ശക്തിയുള്ളതാകുന്നു. എങ്കിലും അതിൽ ഇരുമ്പ് ഉരുകി ദ്രവാവസ്ഥയെ മാത്രമേ പ്രാപിക്കുന്നുള്ളൂ. അതിലും വളരെ അധികം ശക്തിയുള്ള തീയുണ്ടാക്കിയാലേ ഇരുമ്പു വാഷ്പാകാരത്തെ പ്രാപിക്കുകയുള്ളൂ. പ്ലാററിനം എന്നൊരുജാതി ലോഹമുണ്ടു്. അതിനെ ഉലയിൽവെച്ചു എത്ര തന്നെ ഊതിയാലും ചുട്ടുപഴുക്കുന്നതല്ലാതെ ലേശംപോലും ഉരുകുകയില്ല. അങ്ങനെയുള്ള ലോഹം സൂൎയ്യസന്നിധി

യിൽ ഉരുകുമെന്നു മാത്രമല്ലാ അതു വാഷ്പാകാരമായിത്തീരു ന്നു എന്നുമാണു ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം. ഇങ്ങ നെ ചില സംഗതികളെക്കൊണ്ടല്ലാതെ സൂൎയ്യന്റെ ഉഷ്ണ ത്തിന്റെ ഒരു സ്വരൂപജ്ഞാനമുണ്ടാക്കുവാൻ വളരെ പ്ര യാസമാകുന്നു. സൂൎയ്യന്റെ ഉഷ്ണം ഇത്ര ഡിഗ്രിയുണ്ടെന്ന് അളന്നു നോക്കണമെങ്കിൽ നമ്മുടെ ഇടയിൽ ഇപ്പോഴുള്ള 'തെൎമ്മോമിററർ' കൊണ്ടു അളക്കുവാൻ സാധിക്കുന്നതല്ലാ. അസംഖ്യം ആയിരം ഡിഗ്രി അളക്കത്തക്ക ഒരു യന്ത്രത്തെ പുതിയതായി സൃഷ്ടിച്ചാൽ എങ്ങിനെയാണെന്ന് അറി ഞ്ഞില്ല.

ഭൂമിയിൽ നിന്നു സൂൎയ്യനിലേയ്ക്കു തൊള്ളായിരത്തിരു പത്തേഴലക്ഷം നാഴിക ദൂരമുണ്ട്. ഈ ദൂരത്തിന്റെ സ്വ രൂപജ്ഞാനലേശംപോലും നമുക്കുണ്ടാകുന്നതല്ല. എന്തെ ന്നാൽ, ഒരാൾ രാവും പകലും ഇടവിടാതെ ഒന്നു, രണ്ടു, മൂ ന്നു എന്നിങ്ങനെ വേഗമെണ്ണുന്നുവെന്നു വിചാരിക്കുക. എ ന്നാൽ പത്തുലക്ഷം എണ്ണിക്കഴിയണമെങ്കിൽ മൂന്നുദിവസം വേണ്ടിവരും. അപ്പോൾ സൂൎയ്യനിലേയ്ക്കുള്ള ദൂരം ഇത്ര മൈൽസ് എന്ന സംഖ്യയെ എണ്ണിത്തീരുന്നതിന്നുതന്നെ (ഒരുവൻ ഊണും ഉറക്കവുമൊഴിച്ച് മെനക്കെട്ടിരുന്ന് രാ വും പകലും എണ്ണുന്നതായാൽ) ഒമ്പതുമാസത്തോളം വേ ണ്ടിവരും. എണ്ണി എത്തിച്ചാൽ തന്നെ ഒമ്പതുമാസംവേ ണ്ടിവരുന്നതായ ഒരു സംഖ്യയോളം നാഴികദൂരത്തെ എങ്ങി നെയാണു നാം വിചാരിക്കുന്നത്.

ഗോളാകാരമായി കാണപ്പെടുന്ന അതിതേജസ്സോടു കൂ ടിയ ഈ സൂൎയ്യബിംബം എന്തെല്ലാം പദാൎത്ഥങ്ങളെക്കൊ ണ്ടാണു നിൎമ്മിക്കപ്പെട്ടിട്ടുള്ളതെന്നറിവാനായ് ഇയ്യിടയിൽ ഒരു യന്ത്രം കണ്ടുപിടിച്ചിട്ടുണ്ട്. ആ യന്ത്രത്തിൽ

(Spectroscope=സ്പെക്ട്രാസ്കോപ്പ്) സൂൎയ്യരശ്മികൾ പതിച്ചാൽ നാനാവിധ വൎണ്ണഭേദങ്ങൾ (അതിൽ കാണപ്പെടുന്നു. ഇന്നിന്ന പദാൎത്ഥങ്ങൾ ഉരുകി ജ്വലിച്ചു്, അതാതിൽ നിന്നു പുറപ്പെടുന്ന രശ്മികൾ ആ യന്ത്രത്തിൽ പതിച്ചുവെങ്കിൽ, അതാതിന്നനുരൂപമായ പ്രത്യേക വൎണ്ണഭേദങ്ങൾ അതിൽ കാണപ്പെടുന്നുവെന്നു ശാസ്ത്രജ്ഞന്മാർ പരീക്ഷാമൂലം അറിഞ്ഞുവച്ചിട്ടുണ്ടു്. അതിനെ അനുസരിച്ചു സൂൎയ്യരശ്മികളെ പരിശോധിച്ചപ്പോൾ ഭൂമിയിൽ കാണപ്പെടുന്ന മിക്ക ധാതുക്കളും സൂൎയ്യനിൽ ഉണ്ടെന്നും, അവയിൽ അത്യുഷ്ണംനിമിത്തം ചിലതു ദ്രവാവസ്ഥയെയും, ചിലതു വാഷ്പാകാരത്തെയും, പ്രാപിച്ചു ജ്വലിച്ചു വിളങ്ങിക്കൊണ്ടിരിക്കുന്നുവെന്നും, ജ്യോതിശ്ശാസ്ത്രജ്ഞന്മാർ കണ്ടുപിടിച്ചിരിക്കുന്നു. അതിന്നും പുറമെ, ഭൂമിയിൽ കാണപ്പെടുന്ന മിക്ക ധാതുക്കളും, ഇവിടെയില്ലാത്തതായ വേറെ അനേകം ധാതുക്കളും, കൂടിച്ചേൎന്ന ഒരു മഹത്തായ ഗോളാകാരമായി അതിതീക്ഷ്ണമായ പ്രഭയോടുകൂടി ജ്വലിച്ചുകൊണ്ടിരിക്കുന്ന ഒരവസ്ഥയാണു് നമ്മുടെദൃഷ്ടിയ്ക്കു ഗോചരമായിരിയ്ക്കുന്ന ഈ സൂൎയ്യബിംബമെന്നും അവർ കണ്ടുപിടിച്ചിരിക്കുന്നു. നാമിക്കാണുന്നതു മുഴുവൻ സൂൎയ്യബിംബത്തിൽ ചേൎന്നതല്ല. അതിപ്രകാശത്തോടു കൂടിയ ബിംബത്തിനു പുറമേ ചില വായുക്കളുണ്ടു്. അവയെ സ്പഷ്ടമായി കാണണമെങ്കിൽ ബിംബം മുഴുവൻ മൂടുന്നതായ ഒരു സൂൎയ്യഗ്രഹണം വരണം; അപ്പോൾ മാത്രമേ ആ വായുക്കളെ നല്ലവണ്ണം വേർതിരിച്ചു കാണ്മാൻ സാധിയ്ക്കുകയുള്ളു. ഗ്രഹണകാലത്തു ബിംബം മുഴുവൻ മൂടിക്കഴിഞ്ഞാൽ അതിന്നു പുറമേ പലവിധ വൎണ്ണങ്ങളോടുകൂടി ഒരു തേജസ്സിനെ കാണുന്നതു് ആ വായുക്കൾ നിമിത്തമാകുന്നു.

നമുക്കു നിത്യപരിചയമുള്ള അഹോരാത്രം, പക്ഷം, മാസം, ഋതുക്കൾ എന്നിവയെല്ലാം പാമരദൃഷ്ടിയിൽ സൂൎയ്യ

ന്റെ ഗതിവിശേഷം കൊണ്ടാണ് ഉണ്ടാകുന്നതെന്നു തോന്നുമെങ്കിലും പരമാൎത്ഥത്തിൽ അവ ഭൂമിയുടെ ഗതി കൊണ്ടാണെന്നുള്ള ജ്യോതിശ്ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായത്തെ ഇപ്പോൾ കുറച്ചു പഠിപ്പുള്ള എല്ലാവരും സ്വീകരിച്ചിരിക്കുന്നു. അങ്ങിനെയാണെങ്കിലും സൂൎയ്യൻ യാതൊരു ചലനവും കൂടാതെ ആകാശത്തിൽ സ്ഥിതിചെയ്യുന്നുവെന്നു ശാസ്ത്രജ്ഞന്മാരഭിപ്രായപ്പെടുന്നില്ല. എന്നാൽ ഭൂമി സൂൎയ്യന്റെ ആകൎഷണശക്തിയിൽ അകപ്പെട്ടിരിക്കുന്നതിനാലും അതിന്റെ ശക്തി സൂൎയ്യനെ അപേക്ഷിച്ചു കുറവാകയാലും സൂൎയ്യന്റെ ഗതി ഇന്നപ്രകാരമാണെന്നു ശാസ്ത്രീയമായ ചില യുക്തികളെക്കൊണ്ട് അനുമാനിപ്പാൻ മാത്രമേ പാടുള്ളൂ.

നമുക്ക് ഏറ്റവുമടുത്തുള്ള സപ്രകാശത്തോടു കൂടിയ വസ്തു സൂൎയ്യനാകുന്നു. ബുധൻ, വ്യാഴം, ശുക്രൻ എന്നിങ്ങനെയുള്ള ഗ്രഹങ്ങളിൽ കാണപ്പെടുന്ന പ്രകാശം സൂൎയ്യനിൽനിന്നാകുന്നു. സൂൎയ്യരശ്മികൾ ഭൂമിയിലെന്നപോലെ, അവയിലും പതിച്ച് പിന്നെ അവയിൽനിന്നു പ്രതിഫലിക്കുമ്പോൾ അവ പ്രകാശവസ്തുക്കളാകുന്നെന്നു നമുക്കു തോന്നുന്നു. ആവക ഗ്രഹങ്ങളിൽ ഒന്നിൽ ഇരുന്നുകൊണ്ട് ഒരുവൻ ഭൂമിയെ നോക്കുന്നതായാൽ ഭൂമിയും പ്രകാശത്തോടു കൂടിയതാണെന്നു അവന്നു തോന്നുന്നതാണ്. അതിന്നുള്ള കാരണവും മേല്പറഞ്ഞതുതന്നെയാണ്. വ്യാഴം മുതലായ ഗ്രഹങ്ങളും സൂൎയ്യന്റെ ആകൎഷണശക്തിയിൽ പെട്ടിരിക്കുന്നു. അതിനാൽ അവയുടെ ശക്തിയും സൂൎയ്യനെ അപേക്ഷിച്ചുതന്നെയിരിക്കുന്നു.

സൂൎയ്യരശ്മികൾ ഭൂമിയിൽ പതിച്ചു ഭൂമിയുടെ ശീതോഷ്ണങ്ങളെ ഏതദവസ്ഥയിലാക്കിത്തീൎത്തിട്ടില്ലായിരുന്നുവെങ്കിൽ ഭൂമിയിൽ കാണപ്പെടുന്ന ചരാചരാത്മകമായ ചേതനവസ്തു

കൾ യാതൊന്നും ഉണ്ടാവാനായിട്ടും തരമില്ല. സൂൎയ്യരശ്മികൾ ജലത്തെ ഭൂമിയിൽ നിന്നാകൎഷിച്ചു വൎഷക്കാലത്തിൽ നമുക്കു വൃഷ്ടിയെ തരുന്നു. സൂൎയ്യരശ്മികൾ ഔഷധിവൎഗ്ഗങ്ങളിൽ പ്രവേശിച്ചു അവയെക്കൊണ്ടു ഭൂമിയിലുള്ള ജലത്തേയും ധാതുക്കളേയും ആകൎഷിപ്പിച്ച് അവയെ പുഷ്ടിയായി വളൎത്തുന്നു. തരുലതാദികളും ശ്വാസോഛ്വാസത്തെ ചെയ്യുന്നുണ്ട്. സൂൎയ്യരശ്മിയില്ലെങ്കിൽ അവയ്ക്കതു സാധിക്കുന്നതല്ല. സൂൎയ്യരശ്മികൾ പ്രാണികളുടെ ജഠരാഗ്നിയായി പരിണമിച്ച് അവർ ഭക്ഷിക്കുന്ന അന്നത്തെ വേണ്ടുംവണ്ണം ദഹിപ്പിച്ച് അവയുടെ ദേഹത്തെ പോഷിപ്പിക്കുന്നു. പ്രാണനായി പരിണമിച്ചു ജീവികളെ പലവിധത്തിൽ ചേഷ്ടിപ്പിക്കുകയും ചെയ്യുന്നു. നാം കുടിക്കുന്നവെള്ളം ഈ അവസ്ഥയിലിരിക്കുന്നതു സൂൎയ്യരശ്മി നിമിത്തമാകുന്നു. നാം ശ്വസിക്കുന്ന വായു ഈ അവസ്ഥയിലിരിക്കുന്നതു സൂൎയ്യരശ്മിയുടെ സഹായം കൊണ്ടാകുന്നു. നാം ഭക്ഷിക്കുന്ന അന്നം ഈ അവസ്ഥയിലാകുന്നതു സൂൎയ്യരശ്മികൊണ്ടാകുന്നു. നാം കത്തിക്കുന്ന വിറകു സൂൎയ്യരശ്മികൾ സംഗ്രഹിക്കപ്പെട്ടതാകുന്നു. നമ്മുടെ ദേഹംതന്നെ സൂൎയ്യരശ്മികൾ സംഗ്രഹിക്കപ്പെട്ടതാകുന്നുവെന്നു മുൻപറഞ്ഞ സംഗതികളിൽനിന്നു സിദ്ധമാകുന്നുണ്ട്. എന്തിനധികം പറയുന്നു, സൂൎയ്യരശ്മികളില്ലെങ്കിൽ ലോകത്തിൽ ജീവൻ എന്ന വ്യവഹാരംതന്നെ ഉണ്ടാകുന്നതല്ല. ഇതാണ് പാശ്ചാത്യപണ്ഡിതന്മാരുടെ അഭിപ്രായം. നമ്മുടെ ശ്രുതിസ്മൃതികളിലും ഈ അഭിപ്രായംതന്നെ പ്രതിപാദിക്കപ്പെടുന്നു. 'ആദിത്യനിൽനിന്നു വൃഷ്ടി, വൃഷ്ടിയിൽനിന്ന് അന്നം, അന്നത്തിൽ നിന്നു പ്രജ' എന്ന സ്മൃതിവാക്യംതന്നെ ഒരു ഉദാഹരണമാകുന്നു.

ഇങ്ങിനെ സകല പ്രാണികൾക്കുമാധാരം സൂൎയ്യനാണെന്നു സിദ്ധമായതിനാൽ സൂക്ഷ്മദർശികളായിരിക്കുന്ന നമ്മുടെ പുരാതനന്മാർ സൂൎയ്യനെ ജഗദാത്മാവും, ജഗദീശ്വരനുമായിരിക്കുന്ന ആ പരമപുരുഷന്റെ പ്രതിനിധിയായി കല്പിച്ച് അദ്ദേഹത്തെ ഗായത്ര്യാദി മന്ത്രങ്ങളെക്കൊണ്ട് ആരാധനചെയ്യുന്നതു യുക്തംതന്നെ.

---

൭. സമസൃഷ്ടികൾ.

ജനങ്ങളുടെ ബുദ്ധിയുടെ അപകടത്തം നോക്കുക. ലോകത്തിൽ എത്രയോ ജാതിസൃഷ്ടികളുണ്ട്; പക്ഷി, മൃഗം, വൃക്ഷം, ലതാ, നദിനീരദം, നാട്ടുകാട്ട്, മല മരുഭൂമി, കായല്, കടല് എന്നുവേണ്ടാ, 'സൃഷ്ടിക്കൂട്ടങ്ങളിച്ചെന്നവയുമിതിലണയാത്തുള്ളതും' വേണ്ടുവോളം വാരി വിതറിയിട്ടുള്ളപ്പോൾ അസ്മദാദികളായ മനുഷ്യർ മാത്രം എന്താണാവോ വിശേഷം? ബ്രഹ്മാവു പടച്ചുവിടുന്നതൊക്കെ തങ്ങൾക്കുവേണ്ടിയാണെന്നു മാനുഷകീടങ്ങൾ സംശയിച്ചിട്ടേ ഇല്ല. മനുഷ്യർക്കുവേണ്ടി അവരുടെ ദുഃഖത്തിനുമാത്രം, എന്താണിതിൽ ശങ്കിക്കാനുള്ളത്? ദുരക്കൃഷിയ്ക്കു മോഹമുള്ളവർ കാടുവെട്ടി തെളിച്ചോ പൊഴനിക്കത്തിക്കേളു. പാൽ വേണോ? പശുവിനെ കറക്കുവാൻ വിരോധമില്ല. പക്ഷേ കുട്ടിയെ തോല്പിച്ചിട്ടുവേണം. നടക്കാൻ വയ്യെങ്കിൽ കഴുത വേണോ കഴുത, കുതിരവേണോ കുതിര, കരിവലിയ്ക്കാൻ കന്നിക്കേണ്ട; കന്നാലിയുണ്ട്. തീററികൊടുക്കണെ [illegible]മില്ല. എല്ലു പുറത്തേയ്ക്കു പൊട്ടിപ്പുറപ്പെടാതെ തോലു സൂക്ഷിച്ചുകൊ

ള്ളും. പ്രാണനെമാത്രം അടച്ചുപിടിച്ചാൽമതി. വെറുതെ
യാണൊ വായ് അടച്ചുകെട്ടുന്നതു് ? ഏഴുനിലമാളികയ്ക്കു
മരത്തിനുവേണ്ടി ബുദ്ധിമുട്ടരുതു്. കാടുവെട്ടിത്തെളിയ്ക്കാമ
ല്ലോ. പക്ഷികളോ മൃഗങ്ങളോ വല്ലതുമുണ്ടെങ്കിൽ എവിടെ
യെങ്കിലുംപോയി പാർക്കട്ടെ. ആരുമറിയാതെ കാട്ടിൽ ഒളിച്ചി
രിക്കാനെന്തോ ? മാംസത്തിനു രുചിയുള്ളവരൊക്കെ കാട്ടി
ലേയ്ക്കു കടക്കാം. സങ്കടത്തിനും അവിടെ തെല്ലൊരുണ്ടു്. മെ
ന്നു വരാം. വെടിപൊട്ടിച്ചുറിവുകൊടുത്താൽ വേണ്ടതൊ
ക്കെ പാടിയോടിവന്നു കാല്ക്കൽ വീണുകൊള്ളും. മാൻപേ
ടയാണെങ്കിൽ വിട്ടയയ്ക്കരുതേ. കണ്ടാലും നന്നു്, തിന്നാനും
കൊള്ളാം. ഉപദ്രവമൊട്ടില്ലതാനും. ആനയാണെങ്കിൽ പേ
നയുടെ മാതിരി വേണം, കുഴികുത്തിമൂടണം. കൊള്ളരുതേ
പണി. കാട്ടുമനുഷ്യരുടെ തോട്ടമോ കളമായോ എന്നു മ
നസ്സിലാവുന്നില്ല. കാട്ടുകേറാൻ പേടിയുള്ളവരോ തോക്കെടു
ത്തുശീലിച്ചിട്ടില്ലാത്തവരോ ഉണ്ടെങ്കിൽ അത്യാവശ്യമൊക്കെ
നാട്ടിലും ശേഖരിച്ചിട്ടുണ്ടു്. പൂവൻകോഴിയുടെപൂവു് പൂജയ്ക്കു
കൊള്ളില്ലെങ്കിൽ തൊപ്പിയ്ക്കായിക്കോട്ടെ. വെളുപ്പിനെഴുന്നേ
റ്റു 'കൊക്കരക്കോക്' എന്നു പ്രാർത്ഥിച്ചതുകൊണ്ടായില്ല.
അരക്കൊൽഗീതമെങ്കിലും കൊക്കിനാണെങ്കിൽ ഒന്നുപൊരു
തിക്കളയാമെന്നായിരിയ്ക്കാം. അതൊന്നും പാറില്ല. താറാ
വിന്റെ കൊക്കിനു നീളംപോരാഞ്ഞിട്ടാണോ ? ചിറകുഭം
ഗിയ്ക്കു മാത്രം ആയാൽ പോര, പറക്കാൻ ശീലം വേണം.
ആടുകൾ തൊണ്ട ഇടറിക്കൊണ്ടു 'ഇമ്പേ' എന്നു നിലവി
ളിക്കുന്നതിന്റെ അർത്ഥം ആരെങ്കിലും ഓർക്കുന്നുണ്ടോ ? സ
മസൃഷ്ടികളിൽ 'ഇഷ്ടം' വേണേ എന്നു പറകയാണു്. അതു
'ഇമ്പേ ഏ ഏ' 'ഇളമ്പേ' എന്നു പേടിച്ചു വിറച്ചുകൊണ്ടു
പഴേ ഭാഷ സംസാരിയ്ക്കാതെ ധൈര്യത്തോടുകൂടി 'ഇഷ്ടേ'
എന്നുപറഞ്ഞാൽ ഭേദമുണ്ടായിരുന്നു. പക്ഷേ ഇഷ്ടം ഭ

ക്ഷിയ്ക്കാനാകുമോ എന്നേ സംശയമുള്ളു. ചെമ്മരിയാടിനു പുറത്തു കമ്പിളിരോമംകൊണ്ടു പുതപ്പുണ്ടല്ലോ എന്നൊരു ധൈര്യമാണ്. ആ അഭിമാനം വേണ്ട. മേൽ ക്ഷൌരംകഴിച്ചല്ലാതെ കഴുത്തിൽ കത്തിവെയ്ക്കില്ല. പ്ലേഗ്ദീനത്തിനു പ്രത്യേകിച്ചൊരു പ്രത്യൌഷധം കണ്ടുപിടിച്ചിരിയ്ക്കുന്നു: എലിവധം പറവട്ടമെയ്ക്കിട്ടു കഴിച്ചാൽമതി. ഇതുകൊണ്ടായിരിയ്ക്കാം കൊളുക്കോരികൾക്കു റ്റ്വലിച്ചുറിത്ര പരിചയമായതു്. 'അഹിംസാപരമോധർമ്മഃ' എന്നതു മൂക്കറ്റം ചെലുത്തിക്കഴിഞ്ഞാൽ, കൂടാതെ നിവൃത്തിയില്ലെങ്കിൽ കുറച്ചുനേരം ജപിയ്ക്കാം. അമ്പ! മനുഷ്യരുടെ സ്വാതന്ത്ര്യം! അവർക്കെല്ലാരഹംഭാവം. ഈ വർത്തമാനമെങ്ങാനം ബ്രഹ്മാവു കേട്ടാൽ അന്നു കഴിഞ്ഞു നിങ്ങളുടെ കഥ. കുറെ കൂർത്ത മുഖവും വാലും ബ്രഹ്മലോകത്തിൽനിന്നു വരുന്നതു കാണാം. മുഖം മാറി വാലുംവെച്ചു നാലുകാലിന്മേൽ നടക്കുകയേ പിന്നത്തരമുള്ളു. കുരങ്ങന്മാരിൽനിന്നാണു മനുഷ്യരുണ്ടായതെന്നു പറയുന്നവർക്കു മനുഷ്യർ കുരങ്ങന്മാരാവുന്നതു കാണാറാവും. കുറ്റമാണോ മനുഷ്യർ ശ്വാസം വലിയ്ക്കുമ്പോൾകൂടി കാലക്കോഴി വന്നിരുന്നു കുത്തിച്ചുട്ടു കുത്തിച്ചുട്ടു എന്നരുവിടുന്നതു്. എങ്ങിനെയാണു ഇങ്ങനെയുള്ളവരുടെ നേരെ വെറുക്കാതിരിയ്ക്കുക.

മനുഷ്യരെപ്പോലെ സുഖവും ദുഃഖവും കോപവും സ്നേഹവും മറ്റുമുള്ള ജീവികൾക്കുമുണ്ടു്. ഇവറ്റയ്ക്കു പഠിപ്പുണ്ടോ? ഓ, അതുമുണ്ടു്. ആന ഭാഷ പഠിയ്ക്കുന്നതും തൃപ്തിക്കാള സമ്മാനം തൃപ്തിയായാൽ തല കുലുക്കുന്നതും കാക്കാലന്മാർ പാമ്പിനെ ആടിക്കുന്നതും തല്ലിപ്പഠിപ്പിച്ചിട്ടായിരിയ്ക്കാം. കാക്ക പിണ്ഡംകൊത്താൻവരുന്നതു തല്ലിശ്ശീലിപ്പിച്ചിട്ടോ കൈകൊട്ടുന്ന രീതികേട്ടു പഠിച്ചിട്ടോ?

* ൮ *

എട്ടുകാലൻ വലവീശി ഭക്ഷണം സമ്പാദിയ്ക്കുന്നതു ആരെങ്കിലും മനസ്സിരുത്തി നോക്കിയിട്ടുണ്ടോ? ആദ്യംതന്നെ ഈച്ച, കൊതു മുതലായ ചെറുപ്രാണികൾ ധാരാളം സഞ്ചാരമുള്ള ദിക്കുനോക്കി തിരഞ്ഞെടുക്കും. അവിടെ വട്ടത്തിലോ നീളത്തിലോ ഏങ്കോണിച്ചോ സൌകര്യംപോലെ വല തുപ്പി വീശിത്തുടങ്ങും. ആളുകൾ വല്ലവരും നോക്കിനില്ക്കുന്നുണ്ടെന്നു സംശയം തോന്നിയാൽമതി. പണി നിറുത്തി ഒളിച്ചുകഴിഞ്ഞു. അവകാശം രജിസ്റ്റർചെയ്യുവാൻ നിവൃത്തിയില്ലാഞ്ഞിട്ടായിരിക്കണം ഇത്ര സൂക്ഷിക്കുന്നതു്. പക്ഷേ സൂക്ഷ്മദൃഷ്ടിക്കാരനായതുകൊണ്ടു എല്ലായ്പോഴും കണ്ടുവെന്നു വരില്ല. ആ തരംനോക്കിയാണു മനുഷ്യർ നെയ്ത്തിന്റെ സൂത്രം കൈക്കലാക്കിയതു്. എന്നാൽ അവർക്കു നല്ലബുദ്ധിതോന്നി പറന്നുനടക്കുന്ന ക്രൂരരിൽ ഈച്ചതൊട്ടുള്ള കീഴ്ജാതികളെ മനുഷ്യർ ഭക്ഷിയ്ക്കയില്ലെന്നു ഖരാറുചെയ്തു. കൊതുക്കളെ ഖരാറിൽനിന്നു ഒഴിവാക്കാമായിരുന്നുവെന്നു ഇപ്പോൾ തോന്നിത്തുടങ്ങിയിട്ടുണ്ടു്. ഇനി വിചാരിച്ചിട്ടു ഫലമില്ലല്ലോ.

ഓ! പറഞ്ഞു പറഞ്ഞു വഴിതെററിപ്പോയി. ഒരുദിവസം ഞാൻ തോട്ടത്തിൽ ഇറങ്ങിനടക്കുമ്പോൾ എന്തോഒന്നു മൂക്കിന്മേൽ തടഞ്ഞു. നോക്കിയപ്പോൾ എട്ടുകാലന്റെ വലയാണു്. അവന്റെ പണി മുഴുവനായിട്ടില്ല. രണ്ടാമതു ഒരു വലയുംകൂടി അടുത്ത മുകളിൽതന്നെ വീശുകയാണു്. പണിയുടെ തിരക്കുകൊണ്ടു എന്നെക്കണ്ടതേ ഇല്ല. തുപ്പിത്തുപ്പി ഇറങ്ങിവന്നു നൂലു് ഒരു കൊമ്പിന്മേൽ ഉറപ്പിക്കും. ഏതുമാർഗ്ഗത്തിൽകൂടിയാണു തുപ്പുന്നതെന്നു ഞാൻ കണ്ടിട്ടില്ലേ. അതിന്മേൽകൂടിത്തന്നെ മേലോട്ടു കയറും. എന്നിട്ടു ഓവർസീയർമാരെപ്പോലെ അങ്ങോട്ടോടും ഇങ്ങോട്ടോടും, നൂലുകെട്ടും, അളവെടുക്കും, ഒന്നുവട്ടത്തിലോടും, എന്തിനു

പറയുന്നു, പറഞ്ഞനിമിഷംകൊണ്ടു പണി തീൎത്തു. ഈ അംശംകൊണ്ടു ഓവർസീയർമാരെപ്പോലെയല്ല. ഇങ്ങിനെ വേല വേഗത്തിൽ ഒതുക്കി വട്ടംവീശിയിട്ടുള്ള വലയുടെ നടുക്കു വന്നിരിപ്പായി. അവിടെമാത്രം ഇടതൂൎത്തു നെയ്തിട്ടുണ്ടു്. അങ്ങിനെ ഇരിക്കുമ്പോൾ ഒരു പൊന്നീച്ച സാമാന്യം വലുതാണു്. 'എന്നെപ്പോലെ ആരാണുള്ളതു' എന്ന നാട്യത്തിൽ 'ഹും' എന്നു മൂളിക്കൊണ്ടു ഒരു ചില്ലിക്കൊമ്പിന്മേൽ വന്നിരുന്നു. മുഖം മിനുക്കി ചിറകുകളിലെ പൊടി തട്ടി ഹുങ്കാരത്തോടുകൂടി അവിടെനിന്നുയൎന്നപ്പോൾ രോമംപോലെയുള്ള കാലുകൾ വലയിൽ ഒട്ടിപ്പിടിച്ചുകിടന്നു പിടച്ചുതുടങ്ങി. ഹുങ്കാരമൊന്നു നിലച്ചു. അപ്പോൾ നടുവിലിരിക്കുന്നവൻ വിന്നമിട്ടുന്നതുപോലെ എട്ടുകാലുകളെക്കൊണ്ടും നാലുപുറവും മീട്ടിത്തുടങ്ങി. അന്നാണു അവന്നു സൂക്ഷ്മദൃഷ്ടിയുണ്ടെന്നു ഞാൻ തീൎച്ചയാക്കിയതു്. അങ്ങിനെ നോക്കി നോക്കി ഒരു നൂലിന്മേൽ അധികം കനം തൂങ്ങുന്നുണ്ടെന്നു തോന്നി ആ നേരെ വച്ചടിച്ചു. അടുത്തുചെന്നപ്പോൾ കുറെ അധികം വലുതാണെന്നു കണ്ടു പിന്നാക്കം മാറി എങ്കിലും ഉപേക്ഷിച്ചില്ല. കിടന്നു പിടയുന്ന പൊന്നീച്ചയെ വളരെ അടുത്തുചെല്ലാതെ തന്നെ നൂലുകൊണ്ടു വരിഞ്ഞുകെട്ടി അനങ്ങുവാൻ വയ്യാതെയാക്കി. 'പൊന്നായാലും വെള്ളിയായാലും ഞാൻ ക്രസ്ഥമോ?' എന്നു കണ്ണുരുട്ടി മിഴിച്ചുകൊണ്ടു പണ്ടത്തെ സ്ഥാനത്തുതന്നെ വന്നിരുന്നു. ഇതു വാസനയോ വിശേഷബുദ്ധിയോ എന്തെങ്കിലുമാവട്ടെ. മനുഷ്യരുടെ വാസനയേക്കാൾ ഭേദമാണു്. നിശ്ചയം തന്നെ.

ഈ കൂട്ടരിൽ 'മണ്ണാൻ' തുടങ്ങി ഏഴു ജാതിക്കാരുണ്ടു്. ഇതിൽ ഒരു ജാതി ക്ഷേത്രഗണിതത്തിൽ വിരുതന്മാരാണു്. ശാസ്ത്രപ്രകാരം കോണും കള്ളിയുമൊപ്പിച്ചല്ലാതെ വലവീശില്ല. പിന്നെയൊന്നിനു അയഞ്ഞു ക്രമമില്ലാത്ത വല

വിശ്രവാഃനാ വശമുള്ളു. മൂന്നാമതൊന്നു പട്ടന്മാരോടിച്ചിട്ടുള്ള പഴുത്തുക്കളിലെ താമസിയ്ക്കുള്ളു. അവനൊരു സൂചിയനാണ്. നാലാംപരിഷയ്ക്കു കിളിവാതലുകളിലെ വലവിശിക്കട്ടെ. പഞ്ചമൻ മരങ്ങളിൽ പാറിയിരുന്നു പാറകളെ തെക്കിക്കൊണ്ടു കാലക്ഷേപം കഴിയ്ക്കുന്നു. അവനു വലവീശുവാൻ അധികാരമില്ല. ആറാമൻ നായാട്ടുകാരനാണ്. പുല്ലിലും പുള്ളിക്കാട്ടുകളിലും നടന്നു ഉപജീവനം കഴിച്ചുകൂട്ടും. ഏഴാമന്റെ പാട്ടും വിശേഷമാണ്. കണ്ണുതെററിയാൽ കാണില്ല–ഇവനാണ് മണ്ണാൻ.

സപ്തവർണ്ണങ്ങളിൽ ത്രിവർണ്ണങ്ങളുടെ സങ്കരമാണ് ഊറാമ്പിലി എന്നു പ്രസിദ്ധമായിട്ടുള്ളവൻ. പിതൃപിതാമഹപ്രപിതാമഹന്മാരുടെ നടപ്പുദോഷംകൊണ്ടു വരുന്ന 'ജാതിസങ്കര'മല്ലേ. പുരപ്പുതൊട്ടേഴുനിറങ്ങളുള്ളതിൽ മൂന്നു നിറങ്ങളുടെ കലച്ചു മാത്രമാണ്. (പെറുക്കൂടാതെ രണ്ടു കാലിന്മേൽ നടക്കുന്ന വകയേപ്പററി പറയുമ്പോൾ വർണ്ണസങ്കരത്തിനു മററ അർത്ഥം ധരിച്ചാലും വിരോധമില്ല.) പുവന്നം പച്ചച്ചുമുള്ള രോമകപ്പായത്തിൽ ഇറങ്ങീട്ടല്ലാതെ ഞാൻ ഇവനെ കണ്ടിട്ടില്ല. ഹൈക്കോടതിവിധികൂടാതെ തന്നെ ഇവനു സജാതികളെ തൂക്കിക്കൊല്ലുവാൻ അധികാരമുണ്ടത്രേ. വലിയ പപ്പടത്തോളം വലിപ്പത്തിലുള്ളതിനെ ഞാൻ കണ്ടിട്ടുണ്ടു്. കൊടയോളം പൊന്നതു കൂടിയുണ്ടെന്നാണ് അപ്പൻ നമ്പൂരിയുടെ പക്ഷം. വിഷത്തിന്റെ കാൎയ്യം തീച്ചതന്നെ. ആളെ കൊല്ലുവാൻ ഒക്കെ മതി.

ഉഷ്ണതകൊണ്ടുവരട്ടിച്ചമച്ചുള്ള
ഗ്രീഷ്മമായുള്ളോരുകാലംവന്നു.

താപംകൊണ്ടെല്ലാരുംവേവുററുകാവിലും
വാപികാതീരത്തുമായ്ത്തുടങ്ങി.

ആളുകളുടെ ബഹളത്തിൽനിന്നൊഴിഞ്ഞ് ഒരു പേരാലിന്റെ തണലിൽ ചെന്നു ഞാനും കാലുനീട്ടി. ആ സ്ഥലം ഒന്നു വർണ്ണിക്കാൻ നോക്കട്ടെ. രണ്ടുമൂന്നാൾ [illegible] ആല്. ചോട്ടിലൊക്കെ ആനയുടെ മുതുകെല്ലുപോലെ പൊന്തി നില്ക്കുന്ന വേർ. വേരുകൊണ്ടുതന്നെ കൊമ്പുകൾക്കൊക്കെ ഊന്ന്. പ്രായം ചെന്ന കൊമ്പുകളിലൊക്കെ മീശ. വെയിലടച്ചു തണല്. അടുത്തൊരു പൊട്ടക്കുളം. അല്പം ദൂരെ ഇടിഞ്ഞുപൊളിഞ്ഞ മതിൽ. അതിന്റെ ഉള്ളിൽ ജീർണ്ണംവന്നു പോയൊരമ്പലം. കുററമാണോ തപസ്വികൾ ആലിൻചുവട്ടിൽ ചെന്നിരിയ്ക്കുന്നതു്. അരയാലിനെക്കാൾ പേരാലിന്നു പ്രാധാന്യം കിട്ടുവാൻകാരണം എന്താണാവോ. ഞാൻ അന്നു വടപത്രശയനൻ മാത്രമല്ലേ ആയുള്ളൂ. വേരുകൊണ്ടൊരു തലോണയും സമ്പാദിച്ചു. ഞാൻ അവിടെ ചെന്നു കൂടിയതു ഒരു വിദ്വാനു പിടിച്ചില്ല. അടുത്തുവന്നു എഴുത്താണിവാൽ വളച്ചു തല പൊന്തിച്ചുനോക്കി. എന്നെക്കണ്ടപ്പോൾ മുഖമൊക്കെത്തുടുത്തു. അതൊരു പച്ചിലയോന്തായിരുന്നു. ഇനിയ്ക്കു കല്ലു വലിച്ചെറിയുവാനല്ല അപ്പോൾ തോന്നിയതു്, അനങ്ങാതെ കിടക്കുവാനാണു്? അവനതും രസിച്ചില്ല. മുഖം വീർപ്പിച്ചുകൊണ്ടുപോയി. മുഖം വീർപ്പിയ്ക്കാത്ത സമയം ചുരുങ്ങും. വല്ല ദിക്കിലും ഒളിച്ചുനിന്നു ശകാരിക്കുന്നുണ്ടായിരിയ്ക്കാം. ആയിക്കോട്ടെ. ഞാൻ കാണേണ്ടതുകണ്ടു. അങ്ങിനെയിരിയ്ക്കുമ്പോൾ ഒരണ്ണാറക്കണ്ണൻ കൂട്ടുകാരനെ പററിച്ചു ഏതാണ്ടു തട്ടിക്കൊണ്ടുപോന്നു. വ്യവഹാരമായി. രണ്ടുപേരും കൂടി മരത്തടിയുടെ ചുററും ഓടിത്തുടങ്ങി. കള്ളൻ ഉപായത്തിൽ ഒളിച്ചു മാറി ഒരു

വേരിന്റെ മറവിലിരുന്നു എന്തോ രണ്ടു കയ്യുകൊണ്ടും മുറു
കെ പിടിച്ചു തെരുതെരെ തിന്നുന്നതു ഞാൻ കണ്ടു. മറ്റേ
വൻ ഇളിഭ്യനായിട്ടിരുന്നു 'ഛേ, ഛേ' എന്നുപറഞ്ഞു വാ
ലിട്ടു തല്ലിത്തുടങ്ങി. അതുകൊണ്ടു കാൎയ്യമായോ? കള്ളൻ കി
ട്ടിയതു വയററിലാക്കിക്കഴിഞ്ഞു.

ചില അദ്ധ്യാത്മികൾ ആലിന്റെ ഇലകൊണ്ടു പിടി
ച്ചു നടക്കുന്നതു കാണാറുണ്ടു്. ഇപ്പഴത്തെ കാൎയ്യം മനസ്സിലാ
യുള്ളൂ. ഇലയുടെ നടുഞരമ്പിന്നടുത്തു് ഒരുമാതിരി പാലു
കിട്ടും. അതു അവൎക്കമൃതാണു്. അവൎക്കു പശുവിൻപാ
ലാവശ്യമേയില്ല. മഞ്ഞക്കിളി, തത്ത, കാക്ക, കുയിൽ മുത
ലായ പല കൂട്ടരും എന്റെ തലയ്ക്കുമീതേ തന്നെയിരുന്നു
തമ്മിൽ തല്ലുന്നുണ്ടു്, തിന്നുന്നുണ്ടു്, പാടുന്നുണ്ടു്, പരമാന
ന്ദംതന്നെ. ചിലരുടെ പ്രണയകലഹം കാണ്മാനാണു് ബ
ഹുരസം. കാക്കയും കുയിലും തമ്മിൽ കണ്ടാൽ കണ്ടാമണ്ടി
യായി. കാക്കയ്ക്കു കുറച്ചുനേരം തണലത്തിരുന്നാൽ കൊ
ള്ളാമെന്നുണ്ടു്. കുയിലിന്റെ ശേട്ടുകൊണ്ടിട്ടു ഒരു സ്വൈ
ൎയ്യവുമില്ല. ഇതുകണ്ടു മറ്റെല്ലാവരും കൂടി ആൎത്തുതുടങ്ങി.
കാക്ക മുഷിഞ്ഞു 'കാ കാ' എന്നു കാൎപ്പിച്ചു തുപ്പിക്കൊണ്ടു
പറന്നുപോയി. ഓട്ടക്കണ്ണിട്ടു ചെരിഞ്ഞു ചാടിച്ചാടി വന്നു
എന്റെ പപ്പടം കബളിച്ചു കൊണ്ടുപോകുമ്പോൾ ഇനിയ്ക്കു
ശുണ്ഠിവരാറുണ്ടു്. എങ്കിലും ആ സാധുവിന്റെ പേരിൽ
അന്നിനിയ്ക്കു ദയയാണു് തോന്നിയതു്.

അന്തിനേരത്തു 'മന്ദസമീരണൻ ഉന്മേഷംപൂണ്ടൊരു
നെന്മേനിപ്പൂവിലെ നന്മണമെങ്ങും പരത്തി' മന്ദിരംതോ
റും സഞ്ചരിച്ചു തുടങ്ങിയപ്പോൾ ആലിന്റെ കൊമ്പുകളിൽ
ഒക്കെ വാവലുകൾ വന്നു തൂങ്ങിക്കിടന്നു വൃദ്ധന്മാരെപ്പോലെ
കല പില എന്നുപറഞ്ഞു ചവച്ചുതുപ്പുവാൻ തുടങ്ങി. എ

ന്റെ തലയും വായയും അവരുടെ കോളാമ്പിയാക്കുവാൻ മടിച്ചിട്ടു ഞാനും പോന്നു.

'ജീവനദാതാനീയിതി
ഭാവാലോകത്തിലുള്ളവൎക്കൊക്കും
ജീവനഹന്താവായി-
ട്ടേവം ചമയുന്നതെന്തിനയ്യോ! നീ?

മനുഷ്യൎക്കു മാത്രമേ ഈ വിചാരമുള്ളൂ. എത്ര ജീവികൾ ഒത്തുകൂടി മേഘത്തിനോടു നന്ദിപറയുന്നുണ്ട്?

കേതകപ്പൂവിലെനന്മണം കൊണ്ടെങ്ങും
കേഴിച്ചു പാന്ഥരെ വെല്ലുംകാലം
കാർമുകിലായൊരു നീലപ്പട്ടംകൊണ്ടു
ഭൂമകലൻവിതാനിച്ചെങ്ങും
ആക്രമിയന്നവലാഹകളാകിന
പൂക്കലമേളത്തിൽ തൂക്കിച്ചുമ്മെ
ശോഭകലൎന്നൊരു തൂമിന്നലായുള്ള
ദീപങ്ങളെങ്ങും കൊളുത്തിമേന്മേൽ
പാഴിടിയായൊരു ഭേരിയുമെങ്ങുമേ
പാരംമുഴങ്ങിച്ചുവന്നുപിന്നെ.

ഇയ്യാംപാറ്റ, ഞാഞ്ഞൂള്, തവള മുതലായ ജന്തുക്കളെ ഇളക്കിപ്പുറപ്പെടുവിക്കുന്ന വൎഷകാലത്തെ ആരാണു ആദരിക്കാത്തതു? എന്തെല്ലാം നേരമ്പോക്കുകൾക്കു അപ്പോൾ വകയുണ്ടു. ഇതൊന്നും കണ്ടുരസിക്കാതെ മനുഷ്യർ അഹംഭാവംകൊണ്ടും സ്വാൎത്ഥംകൊണ്ടും കാലംകഴിക്കുന്നുവല്ലോ കഷ്ടം തന്നെ.

൯. ആകാശഗമനം.

ആകാശത്തിൽ ഇഷ്ടംപോലെ സഞ്ചരിപ്പാനുള്ള ശക്തി അഷ്ടസിദ്ധികളിൽപ്പെട്ട ഒന്നാണെന്നും അത്ര അനേക കാലം തീവ്രമായ യോഗാഭ്യാസവും മററുംചെയ്തു നമ്മുടെ സ്ഥൂലശരീരത്തെ ലഘുവാക്കിത്തീൎത്തു. ആ 'ലഘിമ'യുടെ ഫലമായി സാധിയ്ക്കാവുന്നതാണെന്നും ആകുന്നുവല്ലോ നമ്മുടെ ശാസ്ത്രങ്ങളിൽ പറയുന്നതു്. അതുകൊണ്ടു മേൽപ്രകാ ഈ ശക്തി സമ്പാദിപ്പാൻ എല്ലാവരാലും സാധിക്കുന്നതല്ലെന്നു പറയേണ്ട ആവശ്യമില്ല. നമ്മുടെ പുരാണങ്ങളിൽ ഘോഷിക്കുന്നപ്രകാരം ദേവകൾ, ഗന്ധൎവ്വന്മാർ മുതലായവരുടെ ആകാശയാത്രകളും പുഷ്പകവിമാനത്തിന്റെ സഞ്ചാരങ്ങളും മററും പ്രകൃത്യതീതങ്ങളായ എന്തോ ചില ഗൂഢശക്തികളുടെ പ്രഭാവത്താൽ സംഭവിച്ചിട്ടുള്ളതോ സംഭവിക്കാവുന്നതോ ആണെന്നു് ആ വക സംഭവങ്ങളിൽ വിശ്വാസമുള്ളവർ വിശ്വസിക്കുന്നു, എന്നല്ലാതെ അറിഞ്ഞേടത്തോളം ഉള്ള പ്രകൃതിനിയമങ്ങളെ അടിസ്ഥാനമാക്കി കാൎയ്യകാരണവ്യവഹാരം ചെയ്യുവാൻ തരമുള്ളതല്ല.

മനുഷ്യന്നു് ആകാശത്തിൽ സഞ്ചരിപ്പാനുള്ള മോഹവും അതിന്നു വേണ്ടുന്ന ഉപകരണം ഇന്നതാണെന്നുള്ള ഒരു ഊഹവും ആദികാലങ്ങളിൽ ഉണ്ടായതു പക്ഷികൾ മുതലായ സത്വങ്ങൾ പറക്കുന്നതു കണ്ടിട്ടായിരിക്കണം. അതിനാൽ വളരെ പുരാതനകാലങ്ങളിൽ തന്നെ ഓരോരുത്തർ കൃത്രിമപക്ഷങ്ങൾ കൈകളിൽവെച്ചുകെട്ടി പറന്നതായും മററും പ്രസ്താവിക്കുന്ന അനേകകഥകൾ ലോകത്തിലുള്ള എല്ലാ ജാതിക്കാരുടെ ഇടയിലും നടപ്പുണ്ടു്. ഈ

വക കഥകളെല്ലാം വിശ്വാസയോഗ്യങ്ങൾ എന്നു പറയുവാൻ പ്രയാസംതന്നെ; എങ്കിലും ക്രിസ്ത്വാബ്ദത്തിന്ന് ഏകദേശം ഇരുനൂറു സംവത്സരങ്ങൾക്കമുമ്പു യവനരാജ്യത്തിൽ ആ കാലത്തു് ഒരു വലിയ മാന്ത്രികനാണെന്നു വിശ്വസിക്കപ്പെട്ടു വന്നിരുന്ന ഒരാൾ കൃത്രിമപക്ഷങ്ങൾ വെച്ചു കെട്ടി ഒരു വലിയ തടാകം പറന്നു കടന്നതായും ഇംഗ്ലണ്ടിൽ പതിനാറാംനൂറ്റാണ്ടിന്റെ ആദികാലത്തു് ഇംഗ്ലീഷുകാരനായ ഒരു പാതിരിയും ഇറ്റലിരാജ്യക്കാരനായ വേറൊരുത്തനും ചിറകുകൾ വെച്ചുകെട്ടി കുറെക്കാലം അവിടവിടെ പറന്നു നടക്കുകയും ഒടുക്കം വീണു കാലും കയ്യും ഒടിയുകയും ചെയ്തതായും വിശ്വാസയോഗ്യന്മാരായ ആ കാലത്തെ ചില ഗ്രന്ഥകർത്താക്കന്മാർ എഴുതിവെച്ചിട്ടുള്ള റിക്കാർട്ടുകൾകൊണ്ടു കാണുന്നുണ്ടു്. അതു് എങ്ങിനെയെങ്കിലും ആകട്ടെ; തക്കതായ വലിപ്പമുള്ള കൃത്രിമപക്ഷങ്ങൾ ശരീരത്തിൽവെച്ചുകെട്ടി കയ്യുകൾകൊണ്ടു പ്രവൃത്തിച്ചു് അധികനേരം ആകാശത്തിൽ പറന്നു നില്ക്കത്തക്കവണ്ണം നമ്മുടെ ശരീരത്തിന്നു ലാഘവവും മാംസപേശികൾക്കു ശക്തിയും ഇല്ലെന്നു തജ്ഞന്മാർ അഭിപ്രായപ്പെടുന്നതിന്നു പുറമെ നമുക്കുതന്നെ ഊഹിച്ചറിയാവുന്നതും ആകുന്നു. വിശേഷിച്ചു കൃത്രിമപക്ഷങ്ങളെ ആവി, വിദ്യുത്ത് ഈ ശക്തികൾകൊണ്ടു പ്രവൃത്തിപ്പിച്ചു നടത്താവുന്നതായി പല സമ്പ്രദായത്തിലുള്ള വിമാനയന്ത്രങ്ങൾ യൂറോപ്പു, അമേരിക്ക മുതലായ പ്രദേശങ്ങളിൽ പദാർത്ഥവിജ്ഞന്മാരായ ചില പണ്ഡിതന്മാർ അടുത്ത കാലങ്ങളിൽ ഉണ്ടാക്കീട്ടുണ്ടു്. അവയിൽ പ്രാധാന്യം സിദ്ധിച്ചിട്ടുള്ളതു് അമേരിക്കക്കാരനായ സർ ഹൈറംമാക്സിം എന്ന എഞ്ചിനീയർ ഉണ്ടാക്കിയ പത്രിയന്ത്രത്തിന്നാണ്. എന്നാൽ ഈ പത്രിയന്ത്രം മതിയായ വലിപ്പമുള്ള ഒരു ആവിയന്ത്രത്തെ താങ്ങേണ്ടതായ ശക്തിക്കനുസരിച്ചുള്ള വലിപ്പ

ത്തോടുകൂടിയും ആ വലിപ്പം നിമിത്തമുള്ള ഘനത്തെ താങ്ങി പറക്കത്തക്കവണ്ണം പരപ്പുള്ള ചിറകുകളോടു കൂടിയും പണിചെയ്യേണ്ടതായി വന്നതുകൊണ്ടു ചിറകുകൾക്കു കേടു പററാതിരിക്കുന്ന പക്ഷം ഏകദേശം മൂപ്പതു് ആളുകളോടുകൂടി കുറെ അധികനേരം ആകാശത്തിൽ നടത്തിക്കാണിയ്ക്കാവുന്നതായിരുന്നു എങ്കിലും മേല്പോട്ടു പൊങ്ങിക്കുവാനും സാവധാനത്തിൽ കീഴ്പോട്ടിറക്കുവാനും പ്രയാസമായതുകൊണ്ടു ഫൊറംമൊസ്സിലിന്നു തന്നെ ഇച്ഛാഭംഗമാണു് ഉണ്ടായതു്. കേവലം പക്ഷങ്ങളുടെ സഹായംകൊണ്ടു മാത്രം മററു യാതൊരവലംബവുമില്ലാത്ത ആകാശത്തിൽ ഒരു ഘനമുള്ള യന്ത്രത്തിലിരുന്നു സഞ്ചരിക്കുന്നതു് ആവക യന്ത്രങ്ങൾ എത്രതന്നെ പരിഷ്കരിയ്ക്കപ്പെട്ടതായിരുന്നാലും, അനേകംവിധമായ അപകടങ്ങൾക്കു കാരണമായി തീരാവുന്നതുകൊണ്ടു് ആ വക വിമാനങ്ങളും അധികം ഉപയോഗത്തിൽവരുവാൻ എളുപ്പമുള്ളതായി കാണുന്നില്ല. എത്രതന്നെ പരിഷ്കരിക്കപ്പെട്ടാലും അധികനേരം ആകാശത്തിൽ പറന്നു, സഞ്ചരിയ്ക്കാൻ തക്കവിധം മേൽപ്രകാരമുള്ള ഒരു പത്രിയന്ത്രം ഉണ്ടാക്കുന്നതുതന്നെ പ്രയാസമെന്നാണു് നവീനപണ്ഡിതന്മാരുടെ അഭിപ്രായവും.

എന്നാൽ പക്ഷങ്ങൾക്കു പുറമെ നാം വിശ്വസിയ്ക്കുന്ന വായുവിനെക്കാൾ ലഘുത്വമുള്ള മററു ചില വാതകങ്ങളുടെ സഹായത്തെക്കൂടി അപേക്ഷിച്ചു് ആവിയന്ത്രമോ വിദ്യുദ്യന്ത്രമോ കൊണ്ടു പക്ഷങ്ങളെ പ്രവൎത്തിപ്പിച്ചും അമരം പിടിച്ചും ആകാശത്തിൽ അധികനേരവും ഇഷ്ടംപോലെയും നടത്താവുന്ന ചില വിമാനങ്ങൾ ഈയിടയായി ഉണ്ടാക്കപ്പെട്ടിട്ടുണ്ടു്. ഇവയിൽ തെക്കെ അമേരിയ്ക്കയിലെ ബ്രസ്സിൽ (Brazil) എന്ന രാജ്യക്കാരനായ സാണ്ടാസ്സ് ഡ്യൂമാ

ണ്ട് എന്ന വിദ്വാൻ ഉണ്ടാക്കി ൧൯൦൦-ത്തിലെ പാരിസ്സ് പ്രദൎശനത്തിൽ വെച്ച് 'ഈഫൽടവ്വർ' എന്ന കെട്ടിടത്തെ മൂന്നുതവണ പ്രദക്ഷിണം വെപ്പിച്ചതും, കഴിഞ്ഞകൊല്ലം അമേരിക്കയിലെ സെൻറ് ലൂയി പ്രദൎശനത്തിൽ നിശ്ചയിക്കപ്പെട്ട പല വഴിയ്ക്കും നടത്തിക്കാണിച്ചതും ആയ 'ആകാശകപ്പൽ' എന്നു പേർപറയുന്ന ഒരു വിമാനത്തെക്കുറിച്ചു പ്രത്യേകിച്ചു പറവാനുള്ളതാകുന്നു. ഈ ആകാശകപ്പലിനെപ്പററി വിസ്തരിക്കുന്നതിന്നു മുമ്പായി ആകാശഗമനത്തിന്റെ ചരിത്രം ചുരുക്കത്തിൽ പ്രസ്താവിക്കുന്നത് ആവശ്യമായിരിക്കുന്നു. വെള്ളത്തിന്റെ ആവി മേല്പോട്ട് ഉയരുന്നതും മേഘങ്ങൾ വായുവിന്റെ ഉപരിഭാഗങ്ങളിൽ തങ്ങിനില്ക്കുന്നതും കണ്ടിട്ട പതിനെട്ടാം നൂററാണ്ടിൽ—അതായതു ക്രൈസ്തവവൎഷം ൧൭൮൩-ാമതിൽ ജോസേഫ് മൺഗോഫർ എന്നുപേരായ ഒരു പരന്ത്രീസ്സുകാരന്ന് ആവി ഘനം കുറഞ്ഞ ഒരു സഞ്ചിയിലാക്കിവിട്ടാൽ അതു സ്വതേ മേല്പോട്ടു ഉയൎന്നു പോകുവാൻ സംഗതിയുണ്ടെന്ന് ഒരു ഊഹം തോന്നി. ആദ്യം അയാൾ കടലാസ്സുകൊണ്ടു സാമാന്യം വലുതായി കുടംപോലെ ഒരു കൂടുണ്ടാക്കി ആ കൂട്ടിന്നുള്ളിൽ തീകത്തിച്ച് ആവിയുണ്ടാക്കിയപ്പോൾ അത് ആകാശത്തേയ്ക്ക് ഉയരുന്നതായി കണ്ടു. ഇതുതന്നെയാണ് ചില ഉത്സവങ്ങൾക്കും മററുമുള്ള വെടിക്കെട്ടുകളുടെ കൂട്ടത്തിൽ ആകാശത്തിലേയ്ക്കു കത്തിച്ചുവിടുന്നതായി നാം കാണാറുള്ള 'തീക്കൂട്' എന്ന സാധനം. മൺഗോഫർ കണ്ടുപിടിച്ച ഈ തീക്കൂടിന്റെ ശ്രുതി അതിവേഗത്തിൽ നാടൊക്കെപ്പരന്നു. ആ കാലത്തു പരന്ത്രീസ്സുരാജ്യം വാണിരുന്ന ൧൭൭൪-ാമത്തെ ലൂയിമഹാരാജാവു് ആ വൎത്തമാനം അറിഞ്ഞു് തനിക്കും തന്റെ മന്ത്രിമാൎക്കും പ്രഭുക്കന്മാൎക്കും മൺഗോഫരുടെ വിദ്യ കാണുവാൻ വേണ്ടി ആയാളെ വരുത്തി അനേകം തീക്കൂട്ട

കളുണ്ടാക്കിച്ചു വിട്ടുവിച്ചു. ഇതിനെ ആഗ്നേയവിമാനം എന്നു് ആ കാലത്തു വിളിച്ചുവന്നു. ഒരിയ്ക്കൽ ലൂയിയുടെ കല്പനപ്രകാരം വളരെ വലുതായ ഒരു ആഗ്നേയവിമാനം മൺഗോൾഫർ ഉണ്ടാക്കി. അതിൻെറ കുടം കടലാസ്സുകൊണ്ടുണ്ടാക്കുന്നതിന്നു പകരം ഘനംകുറഞ്ഞ മരംകൊണ്ടു ബലമായി ഒരു ചട്ടംകൂട്ടി കപ്പായകൊണ്ടു പൊതിഞ്ഞു കപ്പായയുടെ സുഷിരങ്ങളിൽകൂടി ആവി പുറത്തേയ്ക്കു പോകാതിരിക്കത്തക്കവണ്ണം കട്ടിയായി വാൎന്നിഷ് ഇട്ടും, ആ കുടത്തിനെ ബലമുള്ള ഒരു വലകൊണ്ടു മൂടിക്കെട്ടി വലയുടെ തുമ്പുകളെല്ലാം ഒരു മോതിരക്കണ്ണിയുടെ ഉള്ളിൽകൂടി വലിച്ചെടുത്തു ചൂരൽകൊണ്ടുണ്ടാക്കിയ ഒരു തൊട്ടി അതിൻെറ ചോടെ കെട്ടിത്തൂക്കിയും ആണു് ആ വിമാനം പണിചെയ്തതു.

ഈ സമ്പ്രദായത്തിൽ ഉണ്ടാക്കുന്ന വിമാനത്തിന്നാണു് ബലൂൺ എന്നു പേർ പറയുന്നതു്. മേൽപ്രകാരം പണിചെയ്ത ബലൂണിൻെറ തൊട്ടിയിൽ ലൂയിയുടെ കല്പനപ്രകാരം ഒരു കോഴിയേയും, ഒരു താറാവിനേയും, ഒരു ആടിനേയും പിടിച്ചു വിട്ടു് ആവികൂട്ടി അതിനെ ആകാശത്തിലേക്കു വിട്ടു. ബലൂൺ മേല്പോട്ടു പൊങ്ങി കാററടിച്ചു രണ്ടുനാഴിക വഴി അകലെ പോയശേഷം ആവി തണുത്തു് ഒരു കാട്ടിൽ വീണു. നമ്മുടെ പ്രഥമവിമാനയാത്രക്കാരായ കോഴിയ്ക്കും, താറാവിന്നും, ആടിന്നും യതൊരു കേടും പററിയില്ല. ഇതു കണ്ടപ്പോൾ ലൂയി മഹാരാജാവിന്നു വേറൊരു ആലോചനയുണ്ടായി. മേൽപ്രകാരം തന്നെ കുറേക്കൂടി വലിപ്പത്തിൽ വേറൊരു ആഗ്നേയവിമാനം ഉണ്ടാക്കിച്ചു് അന്നു പരീസ്സിലെ ഹൈക്കോട്ടിൽ നിന്നു കൊലക്കുററത്തിന്നു മരണശിക്ഷ വിധിയ്ക്കപ്പെട്ടു. വിധി നടത്താതെ ഇരുന്നരുന്ന മൂന്നു പുള്ളികളെ അതിൽ കയററി അയയ്ക്കുവാൻ

ലൂയി കല്പിച്ചു. ൧൭൮൩-ഒക്ടോബർ മാസം ൧൯-ാം- ഈ
അപൂൎവ്വകാഴ്ച കാണുവാൻ പാരീസ്സ്പട്ടണത്തിലെ ഒരു വലി
യ മൈതാനത്തിൽ അനേകായിരം ജനങ്ങൾ നിറഞ്ഞു നി
ല്ക്കുന്നു. അവിടെ ഒരു ഭാഗത്തു ലൂയി മഹാരാജാവും പരി
വാരങ്ങളും, മന്ത്രിമാരും, പ്രഭുക്കന്മാരും അവരവൎക്കുള്ള സ്ഥ
നങ്ങളിൽ ആസനാരൂഢന്മാരായിരിക്കുന്നു. മൈതാന
ത്തിന്റെ മദ്ധ്യത്തിൽ ജനങ്ങൾ കടന്നുവരാതിരിപ്പാൻ വൃത്താ
കാരമായി വളച്ചു കെട്ടിയ ഒരു സ്ഥലത്തു മൊൺഗോൾഫിയറും
തന്റെ ഭാൎയ്യയും, തന്റെ അനുജനും കൂടി അത്യുത്സാഹ
ത്തോടുകൂടി ഒരു വലിയ ബലൂണിനെ തൊട്ടും പിടിച്ചും സൂ
ക്ഷിച്ചു നോക്കിയും അതിൽ എന്തൊക്കെയോ പ്രവൃത്തിച്ചും
കൊണ്ട് അതിന്റെ നാലുപുറവും നടക്കുകയും ആ ബലൂ
ണിന്റെ കടത്തിന്നുള്ളിലുള്ള തീയിനെ കൂടക്കൂടെ ജ്വലി
പ്പിക്കുകയും ചെയ്യുന്നു. കുടത്തിലെ വായുവിന്നു ചൂടുപിടി
ച്ചു ലാഘവം കൂടിക്കൂടി വരുന്തോറും നിലത്തു നാലുഭാഗ
ത്തും കുററിതറച്ചും നാലുകയറുകൊണ്ടു ബലമായി ബന്ധി
ക്കപ്പെട്ടിട്ടുള്ള ആ ബലൂൺ തന്റെ സ്വൎഗ്ഗാരോഹണത്തി
ന്നു തടസ്ഥം ചെയ്യുന്ന ആ കയറുകളെ പൊട്ടിക്കുവാനോ
എന്നു തോന്നുമാറു കാററടിക്കുമ്പോഴൊക്കെയും കുടഞ്ഞുപി
ടഞ്ഞുകൊണ്ടു മേല്പോട്ടു വലിയുന്നു. തന്നെ അപ്രകാ
രം ബന്ധിച്ചവരുടെ നേരെ കോപിക്കുകയോ എന്നു തോ
ന്നുംവണ്ണം അതു കൂടക്കൂടെ ചീറുകയും ചെയ്യുന്നു. നി
ശ്ചയിക്കപ്പെട്ട സമയത്തു നിൎഭാഗ്യം മൂൎത്തിമത്തായിജനിച്ച
വരായ മൂന്നു കൊലപാതകികളായ മനുഷ്യാധമന്മാരെ രാ
ജഭടന്മാർ ആ ജനമദ്ധ്യത്തിൽ കൊണ്ടുവന്ന് ആ ബലൂണി
ന്റെ ചുവട്ടിൽ ആടിത്തൂങ്ങി നിൽക്കുന്ന ചൂരൽ തൊട്ടി
യിൽ പിടിച്ചിടുന്നു. ശിവ, ശിവ! ആ സമയത്ത് ജനങ്ങ
ളുടെ മദ്ധ്യത്തിൽ എന്തൊരു കോലാഹലമാണ്. സമുദ്രം

പോലെ പരന്നുനില്ക്കുന്ന ആ ജന സമൂഹത്തിന്റെ ഇടയിൽ കൂടി ആളുകളെ തിക്കിത്തിരക്കി തള്ളിയിട്ടുംകൊണ്ടു ബലൂൺ നില്ക്കുന്ന ആ ഒഴിഞ്ഞ സ്ഥലത്തു ചെറുപ്പക്കാരനായ ഒരു പരന്ത്രിസ്സുകാരൻ കിതച്ചു ചാടി വീഴുന്നു. സകല ജനങ്ങളും സ്തംഭിച്ചുനില്ക്കെ ലൂയിയുടെ നേരെ നോക്കി ഇപ്രകാരം ഒരു പ്രസംഗം: 'മഹാരാജാവേ! ഈ പ്രവൃത്തി ഒട്ടും ഉചിതമല്ല. ചിറകില്ലാത്തവൎക്കു അസാദ്ധ്യമായ ആകാശസഞ്ചാരം ഇതാ മനുഷ്യൎക്കു സുസാദ്ധ്യമായി തീൎന്നിരിക്കുന്നു. അഭൂതപൂൎവ്വമായ ഒരു മഹാകാൎയ്യമാണ് ഇപ്പോൾ ഇവിടെ ഉണ്ടാവാൻ പോകുന്നതു്. ഈ കാൎയ്യത്തിൽ പ്രഥമപ്രവൎത്തകന്മാൎക്കുള്ള ശ്രേയസ്സിന്നു് ഈ കൊലപാതകികളായ മനുഷ്യാധമന്മാരെയാണോ പാത്രമാക്കുവാൻ മഹാരാജാവു ഉദ്ദേശിക്കുന്നതു്? എന്നാൽ ഇതു മനുഷ്യവൎഗ്ഗത്തെ മുഴുവൻ അവമാനിക്കുന്ന ഒരു പ്രവൃത്തിയായിത്തീരും. അതുകൊണ്ടു ഈ വിമാനത്തിൽ കേറി സഞ്ചരിച്ചു വരുവാൻ എന്നെ കല്പിച്ചയപ്പാനപേക്ഷ'. ഈ പ്രസംഗം കഴിയുമ്പോഴേക്കു ജനങ്ങൾ എല്ലാവരുംകൂടി ആൎത്തുവിളിച്ചു. ലൂയിമഹാരാജാവു സന്തോഷാശ്ചൎയ്യബഹുമാനാകുലനായി പ്രാങ്കായിപൈലററർ ഡേറോസിയെ എന്നു പേരായ ആ യുവാവിന്റെ അപേക്ഷ അനുവദിയ്ക്കുകയും ചെയ്തു. ഡേറോസിയെ ധൈൎയ്യസമേതം വിമാനത്തിന്റെ രഥത്തിൽ കയറി ഇരുന്നു് കയറുകൾ മുറിച്ചുവിടുവാൻ പറഞ്ഞു. കയറുകൾ മുറിച്ചു വിട്ടപ്പോൾ ഒരു തോക്കിന്റെ ഉണ്ട പായുന്ന വേഗത്തിൽ മേല്പോട്ടു പൊങ്ങി നീലച്ഛായമായ ആകാശത്തിൽ ഒരു ചെറിയ പുള്ളിയായി തോന്നത്തക്കവണ്ണം ആ വിമാനം അത്ര പൊക്കത്തിൽ പോകയും കാററടിച്ചു പാരിസ്സുപട്ടണത്തിൽ നിന്നു മൂന്നു നാഴിക പുറത്ത് ഒരു പറമ്പിൽ വീഴുകയും ചെയ്തു. ജനങ്ങളുടെ സന്തോഷം ഇ

കേരള സാഹിത്യ അക്കാദമി

നപ്രകാരം ആയിരുന്നു എന്നു പറവാൻ പ്രയാസം. ബലൂൺ പോയ വഴിയ്ക്കു ജനങ്ങളൊക്കെ ആൎത്തുവിളിച്ചു പോകയും യാതൊരപകടവും കൂടാതെ ഭൂമിയിൽ പതിച്ച ആ യുവാവിനെ അവർ വാദ്യഘോഷങ്ങളോടുകൂടി ആൎപ്പുവിളിച്ചു പട്ടണത്തിലേയ്ക്കു കൂട്ടിക്കൊണ്ടു വരികയും ചെയ്തു. പിന്നീട് ഡീറോസിയെ താൻ തനിച്ചും, മൺഗോൾഫർ, മൺഗോൾഫരുടെ ഭാൎയ്യ, അസാജൻ ഇവരോടുകൂടിയും അനേക ബലൂൺയാത്രകൾ ചെയ്തു. ഒരിക്കൽ പതിനാറാളുകൾക്കിരിക്കത്തക്കവണ്ണം വലിയ ഒരു ബലൂൺ പണിയിച്ചു ലൂയിമഹാരാജാവും ചില പ്രഭുക്കന്മാരും കൂടി പുറപ്പെട്ട് ആകാശത്തിൽ വെച്ചു ഭക്ഷണംകഴിച്ചു ഭൂമിയിൽ ഇറങ്ങി. ഈ മാതിരി വിനോദം മനുഷ്യരുടെ മനസ്സിനെ ബലമായി ആകൎഷിച്ചു. അതുനിമിത്തം അതു കഴിഞ്ഞു രണ്ടുമൂന്നു കൊല്ലങ്ങളിലകത്തു യൂറോപ്പ്, ഇംഗ്ലണ്ട്, അമേരിക്ക ഈ പ്രദേശങ്ങളിൽ കൂടി രണ്ടായിരത്തിലധികം ബലൂൺ യാത്രകൾ ഉണ്ടായിട്ടുണ്ടത്രെ. ഈ കാലത്തിനു കുറച്ചു മുമ്പുതന്നെ അതായതു (1766)-ൽ ജലത്തിന്റെ ഒരു ബീജപദാൎത്ഥമായ അബ്ജനകം (Hydrogen) എന്ന വാതകം കണ്ടുപിടിക്കപ്പെട്ടിട്ടുണ്ടായിരുന്നതിനാൽ മേൽ പ്രസ്താവിക്കപ്പെട്ട വിമാനങ്ങളിൽ ചിലതിൽ ആ വാതകത്തേയും ഓരോരുത്തർ ആവിയ്ക്കു പകരം ഉപയോഗിച്ചു തുടങ്ങി. അബ്ജനകം നാം ശ്വസിയ്ക്കുന്ന വായുവിനേക്കാൾ പതിന്നാലര ഇരട്ടി ഘനം കുറഞ്ഞതും ആവിയെപ്പോലെ തണുത്തു പൊങ്ങുവാനുള്ള ശക്തിയ്ക്കു ഹാനിവരുന്നതല്ലാത്തതും ആകകൊണ്ട് അത് ആകാശഗമനവിഷയത്തിൽ അനേക സൌകൎയ്യങ്ങൾ ഉണ്ടാക്കുകയും ആഗ്നേയവിമാനത്തിന്നു പകരം വാതകവിമാനം നടപ്പായി വരികയും ചെയ്തു. പ്രൊഫസർ ചാറൽസ്സ് എന്ന ഒരു ഇംഗ്ലീഷുകാരനാണ് അ

ബ്ജനകം ആദ്യം ഉപയോഗിച്ച ഒരു വാതകവിമാനം ഉ
ണ്ടാക്കിയതു്. അയാൾ വിമാനത്തെ ഒന്നുകൂടി പരിഷ്ക്ക
രിച്ച് ഇഷ്ടംപോലെ വേണ്ടടത്തോളം പൊക്കുവാനും താ
ഴ്ത്തുവാനും ഒരു വിദ്യകൂടി അതിൽ ചെയ്തു. വായുവിനെ
ക്കാൾ ഘനം കുറഞ്ഞ ഒരു വാതകം സ്വതേതന്നെ മേല്പോ
ട്ടേയ്ക്കു പൊങ്ങുന്നതിനാൽ അതിനെ ഒരു പാത്രത്തിൽ നി
റയ്ക്കേണമെങ്കിൽ പാത്രത്തിന്റെ വായ് കീഴ്പോട്ടാക്കിനി
ൎത്തീട്ടു വേണമെന്നു പറയേണ്ട ആവശ്യമില്ലല്ലോ. ചാറൽ
സ് ഉണ്ടാക്കിയ വിമാനത്തിന്റെ കുടത്തിന്റെ മൂട്ടിൽ മര
ച്ചട്ടത്തോടു സംബന്ധിച്ച ഒരു ചെറിയ ദ്വാരം ഉണ്ടാക്കി.
ആ ദ്വാരം സ്വതേതന്നെ എപ്പോഴും ഭദ്രമായി അടഞ്ഞി
രിയ്ക്കത്തക്കവണ്ണവും. എന്നാൽ ആവശ്യമുള്ളപ്പോൾ ആ
കുടത്തിന്റെ ഉള്ളിൽ നിന്ന് അതിന്റെ വായിൽകൂടി കട
ത്തി ആളുകൾ ഇരിക്കുന്ന ഭാഗത്തിലേയ്ക്കു് ഇറക്കി വിട്ടിട്ടുള്ള ഒ
രു കയറു പിടിച്ചു വലിച്ചാൽ തുറക്കത്തക്കവണ്ണവും ആയി
ഒരു വില്ലുവെച്ചു വാതിൽ പണിചെയ്തു. മേല്പടി വിമാന
ത്തിൽ മണൽ നിറച്ച കുറെ സഞ്ചികളും കൂടി ശേഖരിച്ചു
വെച്ചു് ഉന്നതം പൊക്കത്തിൽ പോകുമ്പോൾ കയറുപിടി
ച്ചുവലിച്ചു വേണ്ടടത്തോളം വാതകം കളഞ്ഞു കീഴ്പോട്ടി
റക്കുകയും വേണ്ടടത്തോളം മണൽസഞ്ചികൾ അഴിഞ്ഞു
പൊഴിഞ്ഞു വിമാനത്തിന്റെ ഘനം കുറയ്ക്കുന്നതിന്റെ
അവസ്ഥപോലെ മേല്പോട്ടു കയറുകയും ചെയ്യാമെന്നു കണ്ടു
പിടിച്ചു മേല്പോട്ടു പോകയും കീഴ്പോട്ടയ്ക്കുവരികയും ചെയ്യു
ന്നതു് മേൽപ്രകാരം ഒരുവിധം നിയമിതപ്പെട്ടതാമെങ്കി
ലും മററു ദിക്കുകളിലേയ്ക്കു പോകുന്നതിനു കാററിന്റെ ഇ
ഷ്ടംപോലെ അല്ലാതെ സാദ്ധ്യമല്ലായിരുന്നു. മേൽപ്രകാരം പ
രിഷ്ക്കരിയ്ക്കപ്പെട്ട ബലൂണാണ് പിന്നീട് എല്ലാവരും ഉപ
യോഗിച്ചു തുടങ്ങിയതു്. മേൽ പ്രസ്താവിച്ച രണ്ടായിര

ത്തിൽ ഷില്പാനം വിമാനയാത്രകളിൽ കൂടി വളരെ പേർ വീണു മരിയ്ക്കുകയും ഉണ്ടായിട്ടുണ്ടു്. ഈ മരിച്ചവരുടെ കൂട്ടത്തിൽ നമ്മുടെ പ്രഥമവിമാന യാത്രക്കാരനായ ഡേറോസിയേയും മരിച്ചു എന്നു വ്യസനപൂർവ്വം പറയേണ്ടിയിരിക്കുന്നു. വെറും വിനോദാൎത്ഥമായിട്ടാണു് ഈ വിമാനയാത്രകളിൽ അധികം പേരും ഉണ്ടായിട്ടുള്ളതു്. 1784-ലാണു് പ്രൊഫ്സർ ചാറത്സ് ആദ്യമായി അബ്ജനകംനിറച്ച വിമാനത്തിൽ യാത്ര ചെയ്തതു. ആ വിമാനത്തിൽ കയറി രണ്ടു നാഴിക പൊക്കത്തിൽ 72 നാഴിക വഴിയകലം സഞ്ചരിച്ച ചാറത്സ് കീഴ്പ്പോട്ടേക്കു വന്നു.

വിനോദാൎത്ഥമായി ഏതദ്കാലപര്യന്തം വിമാനയാത്രകൾ ചെയ്തിട്ടുള്ള കൂട്ടത്തിൽ ചാറത്സ് ഗ്രീൻ എന്ന വേറൊരു ഇംഗ്ലീഷുകാരനെപ്പറ്റിയും പ്രത്യേകിച്ചു പറയേണ്ടിയിരിക്കുന്നു. ഇയ്യാൾ 1821-ൽ തുടങ്ങി താൻ മരിച്ചകൊല്ലമായ 1870-വരെ 529 വിമാനയാത്രകൾ ചെയ്തു. ഇതിൽ ഒമ്പതു യാത്രകളിൽ ഇംഗ്ലണ്ടിൻേറയും യൂറോപ്പിൻേറയും മദ്ധ്യേയുള്ള ഇംഗ്ലീഷു ചാനൽ എന്ന കടൽ അങ്ങോട്ടും ഇങ്ങോട്ടും പറന്നു കടക്കുകയും നാലു പ്രാവശ്യം വിമാനം പൊളിഞ്ഞു കടലിൽവീഴുകയും ചെയ്തിട്ടുണ്ടു്. 1839-ൽ ഗ്രീൻസായ്പു് തൻെറ രണ്ടു സ്നേഹിതന്മാരോടുകൂടി ലണ്ടനിൽനിന്നു പുറപ്പെട്ടു പതിനെട്ടുമണിക്കൂറുകൊണ്ടു് അഞ്ഞൂറുനാഴിക വഴിയകലത്തുള്ള ജൎമ്മനിയിലെ വിൻബർഗ്ഗ് എന്ന പട്ടണത്തിൽ ചെന്നിറങ്ങി. 1859-ൽ അമേരിയ്ക്കയിൽ വൈസ് എന്ന ഒരു സായ്പു് ഇരുപതുമണിക്കൂറിൽ 1150-നാഴിക വഴി ആകാശഗമനം ചെയ്തു. ഉപരിഭാഗങ്ങളിലുള്ള വായുവിൻെറ തത്വങ്ങളെക്കുറിച്ചു് അറിയുന്നതിന്നും ഓരോരുത്തർ അനേകവിമാനയാത്രകൾ ചെയ്തിട്ടുണ്ടു്. ഇതിൽ ഗ്ലെ

യിഷർ എന്ന ഒരു ഇംഗ്ലീഷുകാരനെ കുറിച്ചാണ് പ്രത്യേകിച്ചും പറവാനുള്ളതു്. ഗ്ലെയിഷർ ഇരുപത്തെട്ടു യാത്രകൾ ചെയ്കയും വായുവിന്റെ അനേകതത്വങ്ങൾ കണ്ടുപിടിച്ചു വെളിപ്പെടുത്തുകയും ചെയ്തിട്ടുണ്ടു്. ഇയ്യാൾ ഇംഗ്ലണ്ടിൽ വെച്ചു ചെയ്ത ഒരു വിമാനയാത്രയിൽ (1862-സെപ്തമ്പർ 5-ാനു-) ഏഴു നാഴിക പൊക്കത്തിൽ മേല്പോട്ടു പൊങ്ങിയത്രെ. ഇതിന്നു മുമ്പും പിമ്പും ഈ പൊക്കത്തിൽ ആരും തന്നെ എത്തീട്ടില്ല. ഏകദേശം ആറുനാഴിക പൊക്കത്തിലെത്തുമ്പൊഴേയ്ക്കു ഗ്ലെയിഷർ ശ്വാസോച്ഛ്വാസത്തിന്നു വായു മതിയാകാതെ ബോധംകെട്ടു വീണു. തന്റെ സഹായിയായ കാക്സ്വെൽ എന്ന സായ്പിന്റെ ധൈര്യം നിമിത്തം ഒരുവിധം രണ്ടുപേരും ചാകാതെ തിരിയെപ്പോന്നു. കാക്സ്വെൽ തനിയ്ക്കും ബോധക്ഷയം വരുന്നു എന്നു മനസ്സിലായിത്തുടങ്ങിയപ്പോൾ ബലൂണിന്റെ ദ്വാരം തുറന്നു കുറെ വാതകം കളവാൻവേണ്ടി കയറു പിടിച്ചു വലിപ്പാൻ ശ്രമിച്ചപ്പോൾ തണുപ്പുകൊണ്ടു കയ്യു വിറങ്ങലിച്ചു പൊക്കുവാൻ ശക്തിയില്ലാതെ കണ്ടു. ബലൂൺ പിന്നെയും മേല്പോട്ടേയ്ക്കുതന്നെ; വായുവിന്റെ പൊക്കം അറിവാനുള്ള ഭാരമാത്രായന്ത്രത്തെ (Barometer) കാക്സ്വെൽ നോക്കിയപ്പോൾ ഏകദേശം ഏഴുനാഴിക പൊക്കം ചെന്നു കഴിഞ്ഞിരിക്കുന്നു. കാക്സ്വെൽ പല്ലുകൊണ്ടു ആ കയറു കടിച്ചുതൂങ്ങി കാൎയ്യം നിവൎത്തിച്ചു. പെട്ടെന്നു ബലൂൺ രണ്ടു മൂന്നു നാഴിക ഒന്നായി കീഴ്പോട്ടിറങ്ങി. ഗ്ലെയിഷൎക്കു ക്രമേണ ബോധം വരികയും അപകടം കൂടാതെ രണ്ടുപേരും ഭൂമിയിലേക്കിറങ്ങുകയും ചെയ്തു. 1897-ജൂലായിമാസം 11-ാനു- ഉത്തരധ്രുവം കണ്ടുപിടിച്ചു വരേണമെന്നുള്ള ഉദ്ദേശത്തോടുകൂടി ആൻഡ്രി എന്ന ഒരു നോർവെ രാജ്യക്കാരനും രണ്ടു സ്നേഹിതന്മാരും കൂടി പുറപ്പെട്ടു പോയിട്ടുണ്ടു്. ഇതു

വരെ അവരുടെ വർത്തമാനമൊന്നുമില്ല. അവർ എന്തോ അപകടം പററി മരിച്ചിരിക്കണം എന്നു ഇപ്പോൾ തീച്ചപ്പെട്ടുത്താം. രസകരങ്ങളായി വേറെയും അനേക വിമാനയാത്രകൾ ഓരോരുത്തർ ചെയ്തിട്ടുള്ളതു മുഴുവനും പ്രസ്താവിക്കുവാൻ സ്ഥലം മതിയാകുന്നതല്ല.

ഇനി മുൻ പ്രസ്താവിച്ച സാണ്ടാസ്സ് ഡ്യൂമാണ്ടിൻെറ 'ആകാശക്കപ്പൽ' എന്ന വിമാനത്തെപ്പററി ചുരുക്കത്തിൽ വിവരിച്ച് ഈ ലേഖനം അവസാനിപ്പിക്കാം. ഈ വിമാനം ആകാശത്തിൽ സ്വതേ നില്ക്കുവാനുള്ള തങ്ങലിന്നു അബ്ജനകവാതവും സഞ്ചരിക്കുവാനും ആവശ്യംപോലെ തിരിയുവാനും വേണ്ടി ചിറകുകളും അമരവും യോജിപ്പിച്ചു പണിചെയ്തിട്ടുള്ളതാണെന്നു മുമ്പുതന്നെ പ്രസ്താവിച്ചിട്ടുണ്ടല്ലോ. മദ്ധ്യത്തിൽ വലിയ വയറോടുകൂടി, രണ്ടു തലയും കൂത്തു, നൂററിൽ ചില്വാനം അടി നീളമുള്ളതാകുന്നു അതിൻെറ വാതകാശമായ കുടം. ഈ കുടത്തോടു സംബന്ധിപ്പിച്ച് ഇരിമ്പുകമ്പികളിൽ മുളയും ചൂരലും കൊണ്ടുണ്ടാക്കി കെട്ടിത്തൂക്കിയിട്ടുള്ളതാണ് അതിൻെറ രഥം.

ഈ രഥത്തിൽ മണ്ണെണ്ണ കത്തിയ്ക്കുന്ന ഒരു എഞ്ചിൻ വെച്ചാണ് അതിൻെറ ചിറകുകളും അമരവും പ്രവത്തിയ്ക്കുന്നതു്. ഈ വിമാനം കാററിന്ന് അഭിമുഖമായിക്കൂടി സാണ്ടാസ് ഡ്യൂമാണ്ടു് പാരീസ്സു പ്രദേശത്തിൽ നടത്തിക്കാണിച്ചു. എത്രദിവസമെങ്കിലും ഭൂമിയിലിറങ്ങാതെതന്നെ ഇരുന്നു സഞ്ചരിയ്ക്കുവാൻ തക്കവണ്ണം ഇനിയും ചില പരിഷ്കാരങ്ങൾ അയാൾ അതിൽ ചെയ്തുവരുന്നുണ്ടു്. ഈ വിമാനത്തിൽ ഇരുന്ന് ഈ കൊല്ലത്തെ വേനല്ക്കു (ജൂൺ, ജൂലായി, ആഗസ്റ്റ് ഈ മാസങ്ങൾ) സാണ്ടസ് ഡ്യൂമാണ്ടു യൂറോപ്പു മുഴുവൻ ഒരു മാസകാലം ഭൂമിയിൽ ഇറങ്ങാതെ

ന്നെ ആകാശത്തിൽ കൂടി സഞ്ചരിച്ചു കാണുവാൻ തീൎച്ചയാക്കിട്ടുണ്ടത്രേ. ഈ യാത്രയ്ക്കുവേണ്ടി താൻ ഇപ്പോൾ ഒരുക്കം ചെയ്തുവരുന്ന വിമാനത്തെപ്പററി കഴിഞ്ഞ ഫെബ്രുവരിമാസത്തെ "ഫോട്ട്നൈററ്ലിറവ്യൂ" എന്ന ഇംഗ്ലീഷുമാസികയിൽ സാണ്ടാസ് ഡ്യൂമാണ്ടുതന്നെ എഴുതിയിരിക്കുന്ന ഒരു ലേഖനത്തിൽ താൻ ചെയ്വാൻ പോകുന്ന സഞ്ചാരത്തെ സങ്കല്പം ചെയ്തു ഇപ്രകാരം വൎണ്ണിച്ചിരിക്കുന്നു.

എന്റെ വിമാനത്തിൽ വാതകാശയം പൊതിയുവാനുള്ള ശീല തുന്നിവരുന്നു. ഇതിന്റെ ഢം പണിതു കഴിഞ്ഞു. അതിന്റെ ആവിക്കററി പണി തുടങ്ങിയിരിക്കുന്നു. ബാക്കി യന്ത്രങ്ങളെല്ലാം തയ്യാറായിക്കഴിഞ്ഞു. ഢം ഒരു ചെറിയ ബങ്കളാവുപോലെതോന്നും. അതിൽ നാലുപുറവും ഗ്രാന്തയും എഞ്ചിൻ നടത്തുവാനും, കാഴ്ച കാണ്മാനും, കിടന്നുറങ്ങുവാനും വിശാലമായ ജനയല്ലുകൾ വെച്ചു ഓരോ മുറികളും ഉണ്ട്. ഞാനും എന്റെ സ്നേഹിതന്മാരും ഇഷ്ടമുള്ള പൊക്കത്തിൽ യൂറോപ്പു മുഴുവനും പറന്നു സഞ്ചരിച്ചു കാണും. അതിലിരുന്നു ഞങ്ങൾ സാപ്പാടു കഴിക്കും. സുഖമായി കിടന്നുറങ്ങും. ഞങ്ങൾ സൂൎയ്യചന്ദ്രന്മാരുടേയും നക്ഷത്രങ്ങളുടേയും ഉദയാസ്തമനങ്ങൾ കാണും. ഒരു ദിവസം ഇങ്ങനെ കഴിഞ്ഞാൽ പിറേറദ്ദിവസവും അങ്ങിനെ തന്നെ. ഇതാ ഞങ്ങൾ റഷ്യാരാജ്യത്തിന്റെ മുകളിലാണു. ആസ്ത്രിയാഹംഗറി ഈ രാജ്യങ്ങളുടെ മുകളിൽ കൂടി പോകട്ടെ എന്നു പറഞ്ഞു വിമാനം തിരിച്ചുവിടുന്നു. ഇതാ ഞങ്ങളുടെ കാലിൻചുവട്ടിൽ വിയന്നാപട്ടണം കാണുന്നു. ശരി! ഏവി ഒന്നുകൂടെ മുറുക്കി വേഗതകൂട്ടട്ടേ. ഞങ്ങൾ ഇതാ ഒരു കാററിന്റെ മാൎഗ്ഗത്തിൽ ചെന്നു കൂടുന്നു. കാററിന്റെ സഹായമുള്ളതുകൊണ്ടു ആവി ചുരുക്കുന്നു. ആ ക

ററിന്റെ വഴിക്കു ഞങ്ങൾ ബെൽഗ്രേഡു പട്ടണത്തിലേക്കു പോകുന്നു. പിന്നെയും നേരം പുലരുന്നു. അതാ മററൊരു കാററിന്റെ വഴിയിൽ ഞങ്ങൾ കൂടുന്നു. ആ കാററിൻപുറത്തു സവാരിചെയ്തുകൊണ്ടു ഇതാ കൺസ്റ്റാണ്ടിനോപ്പിൾനഗരത്തിൽ എത്തുന്നു. ഇങ്ങിനെ അനേകദിക്കുകളിൽ സഞ്ചരിച്ചു തിരിയെ പാരിസ്സ് പട്ടണത്തിൽ എത്തി ഭൂസ്പർശം ചെയ്യുന്നു. ഒരു മാസകാലം ഭൂമിയെ തൊടില്ല തീർച്ചതന്നെ. എന്റെ പ്രിയവായനക്കാരെ! ഈ അവസ്ഥയ്ക്കു നമുക്കല്ലെങ്കിൽ നമ്മുടെ അനന്തിരവന്മാരിൽ ആക്കെങ്കിലും ഒരു കാലത്തു—പക്ഷേ ആ കാലം ദൂരപ്പെട്ടതായിരിക്കാം—കൊച്ചി തിരുവിതാംകൂർ വിമാനക്കമ്പെനിക്കാരുടേ എറണാകുളം വിമാനാപ്പീസിൽ നിന്നു ഒരു ടിക്കററും വാങ്ങി തിരുവനന്തപുരത്തേയ്ക്കും മററും ആകാശത്തുകൂടി പോകുവാൻ സംഗതി വരുന്നതാണെന്നു പറഞ്ഞാൽ അതു തെററായി വരുവാൻ ന്യായം കാണുന്നില്ല.

൭. ബൃഹസ്പതി.

കുജപഥത്തിക്കു പുറമെ, ഭൂമിയുടെ അണ്ഡാകാരപഥത്തിയിൽ നിന്നു വളരെവളരെ ദൂരത്തായി, സൂൎയ്യവ്യൂഹത്തിന്റെ അതിർത്തിക്കകത്തു്, അതിസൂക്ഷ്മങ്ങളായ അസംഖ്യം ഉപഗ്രഹങ്ങളുടെ സമ്മിശ്രമായ വക്രഗതികൾക്കു യാതൊരു തടസ്ഥവും തട്ടാത്തവിധം ദിഗന്തരത്തിൽ അത്യന്തം പ്രതാപോല്ക്കർഷത്തോടുകൂടി ഭീമവിഗ്രഹനായ ബൃഹസ്പതി സദാ സൂൎയ്യമണ്ഡലത്തെ ചുററിസ്സഞ്ചരിയ്ക്കുന്നു. സൂൎയ്യതേജസ്സുകൊ

ണ്ടു പ്രകാശിയ്ക്കുന്നവയും വലിയ ഗോളങ്ങളും ആയി 'ശനി' മുതലായ വേറെ ചിലഗ്രഹങ്ങൾ ഇതിലും അകലെയായി ചരിയ്ക്കുന്നുണ്ടു്. എന്നാൽ ബൃഹസ്പതിയോളം വലിയതായിട്ടു് ഈ സൌരജഗത്തിൽ മററു് ഒരു ഗ്രഹവും ഇല്ലെന്നു മാത്രമല്ല, ആ ഗ്രഹങ്ങളെല്ലാം ഒന്നിച്ചുകൂടി ഒരു ഗോളമായിത്തീരുന്നതാണെങ്കിൽ തന്നെ അതിനു ഇത്ര വലിപ്പം ഉണ്ടാകുന്നതും അല്ല. 'ശുക്രൻ', 'കുജൻ' എന്നീഗ്രഹങ്ങളെപ്പോലെതന്നെ ബൃഹസ്പതിയേയും നമുക്കു എല്ലാക്കാലത്തും ഇത്ര പ്രഭയോടെ കാണ്മാൻ സാധിയ്ക്കുന്നില്ലെങ്കിലും സൂൎയ്യ ചന്ദ്രശുക്രന്മാർ കഴിഞ്ഞാൽ പിന്നെ അധികം പ്രകാശമുള്ള ഗോളം ബൃഹസ്പതിയാണ്. ഭൂമിയും ബൃഹസ്പതിയും സൂൎയ്യന്റെ ഒരേഭാഗത്തായി വന്നു തമ്മിൽ ഏററവും സമീപിയ്ക്കുന്നതു പന്ത്രണ്ടു കൊല്ലങ്ങളിൽ ഒരിയ്ക്കൽ മാത്രമാണെന്നും, ആ സമയം ബൃഹസ്പതി കാഴ്ചയ്ക്കു അതിമനോഹരമായിരിക്കുന്നു എന്നും കണ്ടറിഞ്ഞിരിക്കുന്നു. എന്നാൽ ഈ ഭാസുരഗ്രഹത്തിലേയ്ക്കു് ഇവിടെ നിന്നു എത്ര ദൂരമുണ്ടെന്നു ഇനി അല്പം ആലോചിക്കുക.

ശുക്രൻ രണ്ടുകോടി അറുപതുലക്ഷം നാഴികയും കുജൻ മൂന്നുകോടി അമ്പതുലക്ഷം നാഴികയും അടുത്ത ചില സമയങ്ങളിൽ, വരുമെന്നു് അതുകളേപ്പററിയുള്ള ലേഖനങ്ങളിൽ നിന്നു നമുക്കറിയാറായിട്ടുണ്ടല്ലോ. ഭൂമിയും സൂൎയ്യനമായിട്ടുള്ള അകലം ഒമ്പതുകോടി മുപ്പതുലക്ഷം നാഴിക മാത്രമേയുള്ളു എന്നാണു് ജ്യോതിശ്ശാസ്ത്രജ്ഞന്മാർ പറയുന്നതു. ഇതു ഒരു ചുരുങ്ങിയ ദൂരമല്ല നിശ്ചയം. എന്നാൽ ബൃഹസ്പതി സ്ഥിതിചെയ്യുന്നതു ഇനിയും നാലിരട്ടിഅകലെയാണത്രെ. എന്നിട്ടും അതിന് എത്ര ശോഭതോന്നുന്നുണ്ടു്! ഇതിനുള്ള മുഖ്യകാരണം അതിന്റെ മഹാവലിപ്പംതന്നെയാണു്.

ശുക്രൻെറയും നാം വസിയ്ക്കുന്ന ഭൂമിയുടേയും മദ്ധ്യേ ഉള്ളവ് ഏകദേശം എണ്ണായിരം നാഴികയാണെന്നു ശുക്രനെപ്പററിയുള്ള ഉപന്യാസത്തിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. എന്നാൽ ബൃഹസ്പതിയ്ക്കു സുമാറ് 85,000 നാഴിക മദ്ധ്യേ ഉളവുണ്ട്. ഭൂമിയോട് ഒത്തുനോക്കുമ്പോൾ ഈ വലിപ്പം അതിവിപുലമായി തോന്നുമെങ്കിലും സൂൎയ്യൻെറ കഥ ആലോചിയ്ക്കുമ്പോൾ അതു എത്രയൊ നിസ്സാരമായിത്തീരുന്നു. ബൃഹസ്പതിയുടെ പരിമാണനിൎണ്ണയത്തിന്നു ഒരു കണക്കു പറയാം. ഈ ഗ്രഹത്തിൻെറ മദ്ധ്യരേഖയോളം നീളമുള്ള ഒരു ചരടിന്മേൽ ഭൂമിയോളംവലിപ്പമുള്ള ഒമ്പതു ഗോളങ്ങളെ കോൎത്തു കെട്ടാവുന്നതും ഇങ്ങിനെയുള്ള എട്ടു ബൃഹസ്പതിഗോളങ്ങളെ സൂൎയ്യബിംബത്തിൽ ഇപ്രകാരം തന്നെ അടയ്ക്കാവുന്നതും ആകുന്നു. ആയിരത്തിരുന്നൂറു ഭൂമികൾ കൂടിയാൽ മാത്രമേ ബൃഹസ്പതിയുടെ വലിപ്പം ഉണ്ടാകയുള്ളൂ. ബൃഹസ്പതിയോളം വലിപ്പമുള്ള ഒഴിഞ്ഞ ഒരു ഗോളത്തിന്നുള്ളിൽ ആയിരത്തോളം ഭൂമികളെ കൊള്ളിയ്ക്കാമെന്നും അത്രതന്നെ ബൃഹസ്പതിമാരെ സൂൎയ്യഗോളത്തിന്നുള്ളിൽ ഒതുക്കാമെന്നും ശാസ്ത്രജ്ഞന്മാർ കണക്കാക്കി പറയുന്നുണ്ട്.

എന്നാൽ ബൃഹസ്പതിയ്ക്ക് ഈ വലിപ്പത്തിനടുത്ത ഘനമുണ്ടൊ എന്നു നോക്കുക. ഗ്രഹങ്ങളെ തൂക്കിനോക്കുവാൻ നമുക്ക് സാധിക്കാത്ത സ്ഥിതിയ്ക്ക് അവയ്ക്കുള്ള ഘനം ക്ലിപ്തപ്പെടുത്തി പറയുവാൻ ഉത്സാഹിയ്ക്കുന്നതു ശുദ്ധമെ വിഡ്ഢിത്തമാണെന്നു ചിലൎക്ക് തോന്നുവാൻ ഇടയുണ്ട്. എന്നാൽ ഗോളങ്ങളുടെ ഘനം നിശ്ചയിയ്ക്കുന്നതിന്നു തട്ടും തുലാസും ആവശ്യമില്ല. ഗണിതശാസ്ത്രം വേറെ വഴി വെച്ചിട്ടുണ്ട്. അതിനെ സംക്ഷേപിച്ചു പറയാം. പരസ്പരം ആകൎഷിക്കുന്നതിന്നു എല്ലാ ഗോളങ്ങൾക്കും സാ

ധാരണയായി ഒരു ശക്തിയുണ്ടു്. ഈ ശക്തി അവയുടെ വലിപ്പത്തെ അനുസരിച്ചിരിക്കുന്നു. അതിനാൽ ചെറിയ ഗോളങ്ങൾ വലിയ ഗോളങ്ങളുടെ ആകർഷണശക്തിയ്ക്കു് അധീനപ്പെട്ടു വശാവുന്നു ബൃഹസ്പതി, ഗ്രഹങ്ങളിൽവെച്ച് ഏറ്റവും വലിയതാകയാൽ അടുത്തുള്ള ഗോളങ്ങളെയെല്ലാം അതിലേക്കാകർഷിയ്ക്കുന്നു. ഈ ശക്തിയുടെ ഏറ്റക്കുറച്ചിൽ അനുസരിച്ചു് ആ ചെറിയ ഗോളങ്ങൾക്കെല്ലാം പലവിധമുള്ള ചലനങ്ങളുമുണ്ടാകുന്നുണ്ടു്. ഒരു ദൂരദർശിനിയിൽക്കൂടി നോക്കിയാൽ ഈ ചലനങ്ങളുടെ സമ്പ്രദായം നല്ലവണ്ണം കാണ്മാനും അവയുടെ ശക്തി എത്രത്തോളമുണ്ടെന്നു നമുക്കു സൂക്ഷ്മമായി ഗ്രഹിപ്പാനും കഴിയും. പിന്നെ ഗണിതശാസ്ത്രസഹായംകൊണ്ടു് ഈ ചലനങ്ങൾക്കു കാരണഭൂതമായ വലിയ ഗോളത്തിൻെറ ആകർഷണശക്തി എത്രയുണ്ടെന്നും, അതിൽനിന്നു ഗോളത്തിന്നു് എന്തു ഘനമുണ്ടെന്നും കണക്കാക്കാവുന്നതാകുന്നു. 1200-ഭൂമികളോളം വലിപ്പമുള്ള ബൃഹസ്പതിയ്ക്കു് ഇങ്ങനെ കണക്കാക്കി നോക്കുമ്പോൾ ഭൂമിയേക്കാൾ 310-ഇരട്ടി ഘനം മാത്രമെ കാണുന്നുള്ളു.

ഈ ഗോളത്തിൻെറ പരിമാണത്തിന്നു് അനുഗുണമായ ഘനം ഉണ്ടാവാത്തതെന്താണു്? വസ്തുക്കളിൽ പരമാണുക്കൾ എത്രത്തോളം ഇടതൂർന്നു യോജിച്ചിരിക്കുന്നുവോ അത്രതന്നെ അവയ്ക്കു ഘനവും കൂടിയിരിക്കും. ഇതിനാലാണു് ഒരേ വലിപ്പത്തിലുള്ള ഒരു ഘനവസ്തുവിനു ദ്രവവസ്തുവിലും, ദ്രവവസ്തുവിനു വായവ്യവസ്തുവിലും ഘനം കൂടിക്കാണുന്നതു്. നമ്മുടെ ഭൂമി തണുത്ത ഒരു ഘനവസ്തുവാണു്. എന്നാൽ ബൃഹസ്പതി ഇത്ര തണുത്തതല്ലെന്നും, ഈ ഗ്രഹത്തിൻെറ അന്തർഭാഗം എങ്ങനെ ഇരിക്കുന്നുവെന്നു തിട്ടമായി പറവാൻ സാധിക്കയില്ലെങ്കിലും ബഹിർഭാഗം

ഘനവസ്തുവാകട്ടെ ദ്രവവസ്തുവാകട്ടെ അല്ലെന്നും ജ്യോതിശാസ്ത്രജ്ഞന്മാർ മനസ്സിലാക്കിപ്പറയുന്നുണ്ടു്. അതിനാൽ ബൃഹസ്പതിക്കു വലിപ്പം അധികമുണ്ടെങ്കിലും അതിലെ പരമാണുക്കൾ വളരെ സംയോജിച്ചിട്ടുള്ളതായി കാണുന്നില്ലാത്തതുകൊണ്ടു വലിപ്പത്തിനടുത്ത ഘനം ആ ഗോളത്തിനുണ്ടാവാൻ തരമില്ല. ഈ ഗ്രഹത്തിന്റെ താപശക്തി നശിക്കുംതോറും വലിപ്പം കുറയുകയും പരമാണുക്കൾ യോജിച്ചു തിങ്ങി വശാവുകയുംചെയ്യും.

സൂര്യനിൽനിന്നു അകലെഅകലെയായി സ്ഥിതി ചെയ്യുന്ന ഗ്രഹങ്ങൾക്കു ഗമനവേഗം കുറഞ്ഞുകുറഞ്ഞു കാണുന്നുണ്ടു്. ഭൂമി ഒരു നിമിഷത്തിൽ 18 നാഴിക സഞ്ചരിക്കുന്നുണ്ടെങ്കിലും ബൃഹസ്പതി ആസമയംകൊണ്ടു 8 നാഴിക മാത്രമെ പോകുന്നുള്ളു. ഇതിനാൽ ബൃഹസ്പതിക്കു സൂര്യനെ ഒന്നു ചുററിവരുവാൻ 4332 ദിവസം (ഏകദേശം 12 കൊല്ലം) വേണ്ടിവരുന്നു. ബൃഹസ്പതിയിൽ ഒരു കൊല്ലം നമ്മുടെ 1 കൊല്ലത്തോടു ശരിയായിരിക്കും. അതുകൊണ്ടു ബൃഹസ്പതിയിങ്കൽ ഋതുഭേദങ്ങൾ ഭൂമിയിലെപ്പോലെ വേഗത്തിൽ ഉണ്ടാവാൻ തരമില്ല.

ശുക്രൻ, ഭൂമി, കുജൻ എന്നുള്ള ഗ്രഹങ്ങളെപ്പോലെതന്നെ ബൃഹസ്പതിയും, അതിന്റെ അച്ചുതണ്ടിന്മേൽ സദാ തിരിഞ്ഞുകൊണ്ടിരിയ്ക്കുന്നു. ഈ തിരിച്ചൽ അതിവേഗത്തിലാകയാൽ 9-മണിക്കൂറ് 55½മിനിട്ടുകൊണ്ടു് ഒരു പരിഭ്രമണം ഉണ്ടാകുന്നു. ബൃഹസ്പതി ഭൂമിയെക്കാൾ എത്രയോ വലിയതാണെങ്കിലും അതിന്റെ ഒരു പരിഭ്രമണത്തിനു ഭൂമിക്കു വേണ്ടിവരുന്നതിൽ പകുതി സമയംകൂടി ആവശ്യപ്പെടുന്നില്ലെന്നുള്ള സംഗതി ആലോചിക്കുമ്പോൾ ആ ചലന

ത്തിന് എന്തുവേഗമുണ്ടായിരിക്കണമെന്നു വായനക്കാൎക്കു ഊഹിക്കാവുന്നതാണു്.

ബൃഹസ്പതി ഒരു സൂൎയ്യനല്ല. അതു സ്വപ്രകാശംകൊണ്ടു ശോഭിക്കുന്നില്ല. അതിനാൽ ഒരു നക്ഷത്രത്തിലെപ്പോലെ അത്യുഷ്ണവായുക്കൾ കത്തിജ്വലിക്കുന്നതുമില്ല. അതിനെ ഒരു ദീപ്തിമത്തായ ഗ്രഹം എന്നു മാത്രമേ പറവാൻ പാടുള്ളു. പക്ഷേ ഈ ഗ്രഹം ഇനിയും ഭൂമിയെപ്പോലെ തണുത്തു് ശാന്തസ്ഥിതിയെ പ്രാപിച്ചു കഴിഞ്ഞിട്ടില്ല. 'കുജൻ' എത്രയോ കാലം മുമ്പുതന്നെ ഭൂമിയുടെ ഇപ്പോഴത്തെ സ്ഥിതിയെ പ്രാപിച്ചു കഴിഞ്ഞിരിക്കണമെന്നു് നാം മനസ്സിലാക്കീട്ടുണ്ടല്ലോ. എന്നാൽ ബൃഹസ്പതി ഈ സ്ഥിതിയെ പ്രാപിക്കുന്നതിന് ഇനിയും അനേകംകാലം വേണ്ടിവരുന്നതാണു്.

ഒരു ചെറിയ ഗോളം വലിയ ഒരു ഗോളത്തിലും വേഗത്തിൽ തണുക്കുന്നതാണു്. ഒരു ഗോലി (ഗമങ്കായ)യുടേയും, ചെറുനാരങ്ങയുടേയും, പന്തിൻെറയും വലിപ്പത്തിലുള്ള മൂന്നു് ഇരുമ്പുണ്ടകളെ ഒരുപോലെ ചുട്ടുപഴുപ്പിച്ചു് അവയെ തണുപ്പിക്കുവാനായി വിലത്തിടുന്നതായാൽ ഗോലിയുടെ വലിപ്പത്തിലുള്ള ഉണ്ട ഒന്നാമതായി തണുക്കുന്നതാണു്. കുറെ സമയം കഴിഞ്ഞാൽ നാരങ്ങായുടെ വലിപ്പത്തിൽ ഉള്ള ഉണ്ടയും തണുക്കും. പന്തോളമുള്ള ഉണ്ടയുടെ ചൂടാറുന്നത് ഇതിനു ശേഷമായിരിക്കും. ഈ സംഗതി നമുക്ക് എളുപ്പത്തിൽ പരീക്ഷിച്ചറിയാവുന്നതാണു്. ഗ്രഹങ്ങളുടെ താപശക്തി നശിക്കുന്നതും ഈ ക്രമം അനുസരിച്ചുതന്നെയാകുന്നു.

ബൃഹസ്പതി ലാഘവമുള്ള ദ്രവ്യങ്ങളാൽ നിൎമ്മിക്കപ്പെട്ടതാണെന്നു തോന്നുന്നുവെങ്കിലും ആകെയുള്ള വലിപ്പം കൊണ്ടു് അതിൻെറ ആകൎഷണശക്തി ഭൂമിയുടേതിലും വ

ളരെ വളരെ അധികമായിരിയ്ക്കണമെന്നു നിസ്സംശയം പറയാം. ഏററവും ഉഷ്ണിച്ചുകിടക്കുന്ന ഒരു ഗോളത്തിനു മീതേയോ, സന്തപ്തമായ മേഘപടത്തിന്മേലോ ചവിട്ടി നില്ക്കുക എന്നതു് അസംഭാവ്യമാണെങ്കിലും, ഒരുവനു ബൃഹസ്പതിയിലേയ്ക്കു പോയി അതിന്റെ ഉപരിഭാഗത്തു സ്ഥിതി ചെയ്യുവാൻ സാധിക്കുന്നുവെന്നു വിചാരിക്കുന്നപക്ഷം ഭൂമിയിൽ ഉണ്ടായിരുന്നതിലും വളരെ അധികം ഘനം അയാൾക്കു അവിടെ ഉണ്ടാവുന്നതാണത്രെ. ഇവിടെ 84-റാത്തൽ ഘനമുള്ള ഒരു കുട്ടിക്കു ബൃഹസ്പതിയിങ്കൽ 210 റാത്തൽ ഉണ്ടായിരിക്കും. അതുപോലെ തന്നെ 168-റാത്തൽ ഘനമുള്ള ഒരാൾക്കു ആ ഗ്രഹത്തിൽ 420-റാത്തൽ തൂക്കവും ഉണ്ടാവും.

ബൃഹസ്പതിയുടെ ബഹിർഭാഗത്തിങ്കൽ കണ്ടുപിടിയ്ക്കപ്പെട്ടിരിക്കുന്ന അടയാളങ്ങൾക്കു ശുക്രനിലും കുജനിലും കാണുന്നവയിലും അധികം ഭംഗിതോന്നുന്നുണ്ടു്. അതിശുഭ്രമായും കറുത്തിരുണ്ടതായുമുള്ള ചിഹ്നങ്ങളാൽ ശോഭിച്ചും, നാനാവിധധൂമ്രമാനിലവർണ്ണച്ഛായകളാൽ പരിശിളിതമായുമുള്ള പീതരക്തമൃദുലാഭയോടുകൂടിയ, മേഖലകളാണു ദൂരദർശിനിയിൽ കൂടെ നോക്കുമ്പോൾ സദാ നയനങ്ങൾക്കു ഗോചരമായിത്തീരുന്നതു്. ആ മേഖലകൾക്കു സ്വല്പമായ ചില ഭേദഗതികൾ ഉണ്ടാകുന്നുണ്ടെങ്കിലും അതുകൾ ഒരുമാതിരി സ്ഥിരമായിട്ടുള്ളവയാണെന്നുതന്നെ വിചാരിയ്ക്കേണ്ടതാകുന്നു. എങ്കിലും കുജഗ്രഹത്തിലെ പാർത്ഥിവാംശങ്ങളും സമുദ്രങ്ങളും ആണെന്നു വിചാരിച്ചുവരുന്നവയായ കളങ്കങ്ങളെപ്പോലെ നിത്യമായിട്ടുള്ളവയെന്നു പറവാൻ തരമില്ല. എന്തെന്നാൽ ബൃഹസ്പതിയുടെ ബഹിർഭാഗത്തിങ്കൽ ഘനവസ്തു ഉണ്ടോ ഇല്ലയോ എന്നുതന്നെ സംശയമായിരിയ്ക്കുന്ന സ്ഥിതിയ്ക്കു് അതിൽ കാണുന്ന കളങ്കങ്ങൾ ആ ഗ്രഹത്തിനു ചു

ററമുള്ള മേഘമൂടലിൽ കാണുന്നവയും കൂടെക്കൂടെ സ്ഥാനഭ്രംശം ഉണ്ടാകുന്നവയും ആയിരിയ്ക്കണം. മേഘസമൂഹങ്ങളെ ആ ഗ്രഹത്തിന്നു ചുററും അതിവേഗത്തിൽ സഞ്ചരിപ്പിക്കുന്നത് അവിടത്തെ പ്രചണ്ഡവായുപ്രവാഹമാണു്. ഇങ്ങനെയുള്ള മേഖലകളുള്ളതുകൊണ്ടു ബൃഹസ്പതിയെ ‘മേഖലാവേഷ്ടിതശ്രീമദ്വിഗ്രഹം’ എന്നു വിളിച്ചുവരുന്നു! പേർ വളരെ യോജിപ്പുതന്നെ.

ബൃഹസ്പതിയിലും ഒരു പ്രധാനകളങ്കം ഉണ്ടു്. അതു കുജന്റെ ‘കണ്ണു’പോലെ സ്ഥിരമായിട്ടുള്ളതല്ല. എങ്കിലും ക്ഷണഭംഗുരമെന്നും പറവാൻ തരമില്ല. ക്രിസ്ത്വാബ്ദം 1878 മുതൽക്കുതന്നെ ആയതു കണ്ടുതുടങ്ങിയിരിയ്ക്കുന്നു. ഈ ചെമന്ന വലിയ അടയാളത്തിന്നു പുറമെ മററും അനേകം അടയാളം കണ്ടുപിടിക്കപ്പെട്ടിട്ടുണ്ടു്.

ഇങ്ങിനെയുള്ള ചിഹ്നങ്ങളെക്കൊണ്ടു ജ്യോതിശ്ശാസ്ത്രജ്ഞന്മാർ ആ മേഘമൂടലിന്നകത്തുള്ള വിഗ്രഹത്തെപ്പററി കുറച്ചൊന്നു മനസ്സിലാക്കുവാൻ പക്ഷെ തരമുണ്ടായേക്കാമെന്നു് ഊഹിച്ചുവരുന്നു. ബൃഹസ്പതിയിങ്കൽ ഒരു കാലത്തു അധികമായ തണുപ്പു തട്ടുന്നതായാൽ അതിവിസ്തീർണ്ണമായ സമുദ്രങ്ങളായിത്തീരത്തക്കവണ്ണമുള്ള ജലാംശങ്ങൾ ഇപ്പോഴും ആ ഗ്രഹത്തിന്മീതെ ആവിരൂപമായി തങ്ങിനില്ക്കുന്നു എന്ന സംഗതി ഓർക്കുമ്പോൾ അവിടത്തെ മേഘമൂടലിന്റെ വിശാലത എത്രത്തോളമുണ്ടായിരിയ്ക്കുമെന്നു് എല്ലാവർക്കും ആലോചിക്കാവുന്നതാണു്. ബൃഹസ്പതിയ്ക്കു് ആദിത്യനെപ്പോലെ അതിതീക്ഷ്ണമായ പ്രഭയും ചൂടും ഇല്ലെങ്കിലും അതു് ഇപ്പോഴും ജ്വലിച്ചുകൊണ്ടുതന്നെയിരിയ്ക്കുന്നു. ഈ സ്ഥിതിയ്ക്കു് ആ ഗ്രഹത്തിൽ ജലാംശങ്ങൾ നീരാവിയായോ മററോ അല്ലാതെ വെള്ളമായിരിപ്പാൻ തരമില്ല

ല്ലോ. വല്ലപ്രകാരേണയും വെള്ളം അവിടെ വീഴുന്നതാണെങ്കിൽ തന്നെ അത് ഉടനെ തിളച്ച് ആവിരൂപമായി പരിണമിക്കയും ചെയ്യും.

ബൃഹസ്പതിയുടെ അവസ്ഥ ഇപ്രകാരമായിരിക്കെ ആ ഗ്രഹം ജീവികളുടെ അധിവാസത്തിനു യോഗ്യമോ എന്ന ചോദ്യത്തിന് അവകാശംതന്നെയില്ല. സന്തപ്തമായ മേഘസമൂഹത്താൽ ചുറ്റും മൂടപ്പെട്ടു ചുട്ടുപഴുത്തുകിടക്കുന്ന ഒരു ഗോളത്തിൽ ഭൂമിയിൽ കാണുന്നതുപോലെയുള്ള ജന്തുക്കൾ ജീവിപ്പാൻ ഒരിക്കലും സാധിക്കുന്നതല്ല. എത്ര കാലംകൊണ്ട് ആ ഗ്രഹം നിവാസയോഗ്യമായിത്തീരുമെന്നു ചോദിക്കുന്ന പക്ഷം ഒരു തീർച്ചയായ മറുപടി പറവാനും കഴിയുന്നതല്ല. നമ്മുടെ ഭൂമിതന്നെ ഇപ്രകാരം നിവാസത്തിനു യോഗ്യമായിത്തീർന്നിട്ടുള്ളതു എത്ര അസംഖ്യസംവത്സരങ്ങൾ കൊണ്ടാണെന്ന് ഓർക്കുമ്പോൾ അതിനേക്കാൾ അത്യന്തം വലിപ്പമുള്ള ബൃഹസ്പതിക്ക് എത്രകാലം വേണമെന്നു വായനക്കാർ തന്നെ ഊഹിച്ചുകൊള്ളട്ടെ.

ബൃഹസ്പതിയെ ആശ്രയിച്ചു നാലു ചന്ദ്രന്മാർ ചരിക്കുന്നതായി കണ്ടുപിടിച്ചിരിക്കുന്നു. അതുകളെ അധികം ശക്തിയില്ലാത്ത ദൂരദർശിനിയിൽകൂടി നോക്കിയാലും കാണാവുന്നതാണ്. ഇയ്യിടെ അഞ്ചാമതു ഒരു ഉപഗ്രഹവുംകൂടി ഉള്ളതായി കണ്ടിരിക്കുന്നു. നമ്മുടെ ചന്ദ്രൻ ഭൂമിയോടുകൂടി സൂര്യനെ പ്രദക്ഷിണം ചെയ്യുന്നപോലെതന്നെ ആ നാലു ചന്ദ്രന്മാരും രമണീയമേഖലകളോടുകൂടിയ ബൃഹസ്പതിയും ചുറ്റും ചരിച്ചുകൊണ്ടു സൂര്യമണ്ഡലത്തെ വട്ടം ചുറ്റുന്നത് എത്ര മനോഹരമായ കാഴ്ചയാണ്!

൯. ചീനരാജ്യവും ജനങ്ങളും.

1864-ൽ ചീനയും ജാപ്പനും തമ്മിൽ ഉണ്ടായ യുദ്ധത്തിൽ ചീനർ തോററുപോയതിന്റെ ശേഷം, ജപ്പാൻകാരുടെ അത്ഭുതകരമായ സാമൎത്ഥ്യത്തിന്റേയും ജയത്തിന്റേയും ശരിയായ കാരണങ്ങളെ ക്രമേണ ചീനർ അറിഞ്ഞുവരുന്നുണ്ടെന്ന് പല സംഗതികളാലും തെളിയുന്നു. ഈയിടെ പതിനായിരത്തോളം ചീനബാലകന്മാർ ജപ്പാനിൽ പോയി നാനാവിദ്യകൾ പഠിച്ചു തുടങ്ങിയിരിക്കുന്നു. ചീനരും ജപ്പാൻകാരും തമ്മിലുള്ള സംബന്ധം അവരിൽ ഓരോരുത്തരും മറേറതുജാതിക്കാരും തമ്മിലുള്ളതിനേക്കാൾ അടുത്തതാകുന്നു. ചീനമഹാരാജ്യത്തിൽ നാലായിരം ലക്ഷം ജനങ്ങൾ ഉണ്ട്. ജനസംഖ്യകൊണ്ട് അതു ലോകത്തിൽ പ്രഥമസ്ഥാനം വഹിക്കുന്നു. അതിനാൽ ചീനയും ജപ്പാനും യോജിച്ചുനിന്ന് മറേറതെങ്കിലും ജാതിക്കാരോട്ട് പോർ ചെയ്യുന്ന പക്ഷം അവർ ജയശാലികളായിത്തീരുവാൻ വഴിയുണ്ടെന്നു യൂറോപ്യരും മററും ദീൎഘദൎശനം ചെയ്യുന്നതായി നാം അറിയുന്നു. ജപ്പാൻദേശീയരെ സകല പ്രകാരേണയും അനുകരിക്കുവാൻ ചീനർ ഒരുങ്ങി പുറപ്പെടുന്നതായാൽ ഈ ഇരുജാതിക്കാരും ലോകത്തിലെ ജാതികളിൽവെച്ച് ഏററവും ബലവാന്മാരായിത്തീരുമെന്നുള്ളതിനു സംശയമില്ല. ഈ സന്ദൎഭത്തിൽ ചീനയേയും അതിലെ ജനങ്ങളേയും കുറിച്ചുള്ള വിവരങ്ങൾ അറിയുവാൻ ഒരു താല്പൎയ്യം ലോകരിൽ ജനിക്കുന്നതു് സ്വാഭാവികമാണല്ലോ.

റഷ്യയും ബ്രിട്ടീഷുരാജ്യവും കഴിഞ്ഞാൽ ഭൂവിസ്താരംകൊണ്ട് രാജ്യങ്ങളിൽവെച്ചു ചീന മുമ്പിട്ടുനില്ക്കുന്നു. അ

തിന്നു ഏകദേശം നാല്പത്തയ്യായിരം ചതുരശ്രനാഴിക വിസ്താരമുണ്ടു്. ചീനർ തങ്ങളുടെ രാജ്യം ഭൂമിയുടെ നടുവിലാണെന്നു വിശ്വസിച്ചു അതിനെ മദ്ധ്യരാജ്യമെന്നു വിളിക്കുന്നു. അതിന്നു ഇന്ത്യാ ഏകദേശം മൂന്നു കൂടിയ വലിപ്പം ഉണ്ടു്. അവിടെ സാധാരണ ലോഹങ്ങളെല്ലാം ഉണ്ടെങ്കിലും ഒരു വെളുത്തതരം കളിമണ്ണുകൊണ്ടാണു് ആ രാജ്യം കേൾവിപ്പെട്ടിരിക്കുന്നതു്. കല്ക്കരി കുഴിച്ചെടുത്തു തുടങ്ങീട്ടു് അധികകാലമായിട്ടില്ല. ഭൂമിയിൽ കുഴികൾ ഈ ആവശ്യത്തിന്നു താഴ്ത്തുക നിമിത്തം പണ്ടു് മരിച്ചുപോയ ഒരു ചക്രവൎത്തിനിയെ അസഹ്യപ്പെടുത്തി എന്നുള്ള കാരണത്തിന്മേൽ ഈ തുരങ്കങ്ങളെ കുറേക്കാലത്തേക്കു നിൎത്തൽചെയ്കയുണ്ടായി പോലും. മുഖ്യധാന്യം അരിയത്രേ. കോതമ്പും തെനയും തെങ്ങും പലേടത്തും ഉണ്ടു്. പട്ടു് പുഴുവിന്നു തീററുന്ന മൾബെറി വൃക്ഷം ധാരാളമായി വളൎത്തുന്നുണ്ടു്. ജനബാഹുല്യം നിമിത്തം ദുഷ്ടമൃഗങ്ങൾ ഇല്ലെന്നുതന്നെ പറയാം.

ചീനർ കാസ്പ്യൻസമുദ്രത്തിന്റെ ദക്ഷിണപ്രദേശങ്ങളിൽനിന്നും ഏകദേശം ൪൪൦൦-സംവത്സരങ്ങൾക്കു മുമ്പിൽ വന്നവരാണെന്നു പറയുന്നു. ആൎയ്യന്മാർ ഇന്ത്യയിലെ പൂൎവ്വനിവാസികളെ ചെയ്തപോലെ ഇവർ ചീനയിലെ പൂൎവ്വനിവാസികളെ ഓടിച്ചു കാട്ടിലേക്കു അയച്ചു.

ചീനർ തവിട്ടുനിറവും ഉയൎന്ന കവിളെല്ലുകളും ഉള്ളവരാകുന്നു. നിറുകയിൽ അല്പം ദിക്കിൽ ഒഴികെ തലയുടെ ശേഷമുള്ള ഭാഗം മുഴുവനും ക്ഷൌരം ചെയ്യുന്നു. നിറുകയിലുള്ള കുടുമ വളരെ നീണ്ടിരിക്കും. അതിനെ സാധാരണയായി 'പന്നിവാൽ' എന്നു അവർ വിളിക്കുന്നു. വികൃതികളായ കുട്ടികൾ ചിലപ്പോൾ തങ്ങളുടെ ചങ്ങാതികളിൽ രണ്ടാളുടെ വാലുകൾ അറിയാതെ ചെന്നു കൂട്ടിക്കെട്ടും. ഈ വാലിന്റെ അറ്റം മുറിക്ക എ

ന്നതു് അവൎക്കു പരമസങ്കടമായ ഒരുകാൎയ്യമാകുന്നു. പെൺകുട്ടികൾക്കു ഏകദേശം അഞ്ചു വയസ്സായാൽ അവരുടെ കാലുകൾ പിന്നെ വളരാതിരിക്കത്തക്കവണ്ണം കെട്ടി മുറുക്കുന്നു. ഇതു് അവൎക്കു് വളരെ വേദനയ്ക്കു കാരണമാകുന്നുണ്ടെങ്കിലും ചെറിയ പാദങ്ങൾ സ്ത്രീകൾക്കു് ഏററവും വലിയ ഭംഗിയാണെന്നു ചീനർ വിചാരിച്ചുവരുന്നതിനാൽ ചിലപ്പോൾ ഒരു പെൺകുട്ടിയുടെ ഒന്നോ രണ്ടോ കാൽവിരലുകൾ പോയാലും അതു സാരമില്ലെന്നാണു് അവരുടെ പക്ഷം. പതിവിൽ ചെറിയ പാദങ്ങളുള്ള ഒരു ബാലികയെ കണ്ടാൽ 'അവളുടെ അമ്മ എത്ര നല്ലവളായിരിക്കണം' എന്നു കാഴ്ചക്കാർ പറഞ്ഞു വിസ്മയിക്കുമത്രെ. ഭംഗിയായി മുടികെട്ടിവെക്കുന്നതിൽ ചീനസ്ത്രീകൾക്കു വളരെ ഭ്രമമുണ്ടു്. തലയും മുടിയും മററൊന്നിന്മേലും തൊടാതിരിപ്പാൻ മുള കൊണ്ടു ഒരു മാതിരി തലയിണ ഉണ്ടാക്കി കഴുത്തിൽ വച്ചു കെട്ടി നടക്കുമത്രെ. അവസ്ഥയുള്ള ചീനസ്ത്രീകൾ ഇതു കൂടാതെ തങ്ങളുടെ മുഖത്തു വെള്ളയോ ചുവപ്പോ ചായം തേക്കാറുണ്ടു്. സൌന്ദൎയ്യം വരുത്തേണമെന്നു കരുതി ഇന്ത്യയിലെ ചില ജാതിക്കാർ സ്ത്രീകൾ ദേഹത്തിൽ മഞ്ഞൾ പൂശി മഞ്ഞപ്പിത്തം പിടിച്ചവരെപ്പോലെ കാണപ്പെടുന്നുണ്ടല്ലോ. ചീനയിലെ ചായപ്രയോഗമാണു് അതിലും ഭേദം.

ചീനർ ഉണ്ണുന്നതു് ഒരു അസാധാരണ സമ്പ്രദായത്തിലാണു്. ചോറു ഒരു പാത്രത്തിലിട്ടു് ഒരു കൈകൊണ്ടു് അതിനെ താടിയുടെ കീഴെ പിടിക്കയും മററെ കയ്യിലുള്ള രണ്ടു കോലുകൾകൊണ്ടു ചോറു തട്ടി വായിലാക്കുകയും ചെയ്യുന്നു. തേയിലയോ തിളപ്പിച്ചാറിയ വെള്ളമോ അല്ലാതെ പച്ചവെള്ളം അവർ കുടിക്കയില്ല. അസാധാരണമായി കോഴി, താറാവു്, പന്നി ഇവയുടേയും ചിലപ്പോൾ

പൂച്ച, പട്ടി, തവള ഇവയുടേയും മാംസമോ ഭക്ഷിക്കുന്നു. മത്സ്യം ധാരാളമായി ഉപയോഗിക്കും. വെട്ടുകിളികളേയും പുള്ളിച്ചാടികളേയും ചില പ്രദേശങ്ങളിൽ ചുട്ടുതിന്നാറുണ്ടു്. പശുവിൻപാൽ കുടിക്കുന്നതു് ദുർല്ലഭം. എന്നാൽ ഏററവും വിശേഷമായ ഭക്ഷണമെന്നു് അവർ വിചാരിക്കുന്നതു് ഒരു മാതിരി മീനാൽ പക്ഷിയുടെ കൂടുകൾകൊണ്ടു് ഉണ്ടാക്കുന്ന സൂപ്പാകുന്നു. ഓരോ കൂടിനു ഏകദേശം അതിന്റെ തൂക്കത്തോളം വിലകൊടുക്കണം. കറപ്പുതീറ്റം കറപ്പു് പുകവലിയും വളരെ സാധാരണമാകുന്നു.

ലാന്തർ വിളക്കുകൾ ഉണ്ടാക്കുന്നതിൽ ചീനക്കു വളരെ സാമർത്ഥ്യം ഉണ്ടു്. അവ കടലാസു്, പട്ടു, ചില്ലു്, കൊമ്പു് മുതലായവകൊണ്ടു് അനേകവിധത്തിൽ ഉണ്ടാക്കപ്പെടുന്നു. അവയ്ക്കു് ഒരണ മുതൽ ൩൦൦-ഉറുപ്പിക വരെ വിലയുണ്ടു്.

ചീനയിലെ ദക്ഷിണനഗരങ്ങളിലെ തെരുവുകൾ സാധാരണയായി വീതികുറഞ്ഞതും ഇഷ്ടികയോ കല്ലോ പതിച്ചിട്ടുള്ളതും ആകുന്നു. ചില തെരുവുകളുടെ നടുവിൽ ഒരാൾനിന്നു കൈ രണ്ടും നീട്ടിയാൽ ഇരുവശവും ഉള്ള കെട്ടിടങ്ങളെ ഏകദേശം തൊടാം. വണ്ടികൾ ദുർല്ലഭമാകയാൽ വിസ്താരമുള്ള തെരുവുകൾക്കു് ആവശ്യമില്ല. വീഥികളുടെ ഇടുക്കം നിമിത്തം വെയിൽ അവയിൽ അധികമായി കൊള്ളുകയില്ല. എങ്കിലും വടക്കൻ പ്രദേശങ്ങളിലുള്ള തെരുവുകൾ വിസ്താരമുള്ളതും കൽതളമിടപ്പെടാത്തതും ആകുന്നു. എല്ലാ ചീനനഗരങ്ങളും ചുററും കോട്ട കെട്ടപ്പെട്ടിട്ടുള്ളതാണു്.

വിവാഹാചാരങ്ങൾ പല സംഗതികളിലും ഇന്ത്യയിലെപ്പോലെ തന്നെ ആകുന്നു. ൨൦ വയസ്സു കഴിയുന്നതി

ന്ന മുമ്പിൽ വിവാഹം ചെയ്യാത്ത പുരുഷന്മാർ ചുരുക്കം.
സ്ത്രീയുടേയും പുരുഷൻേറയും ജാതകങ്ങൾ യോജിക്കുന്നു
ണ്ടൊ എന്നു നോക്കും. വിവാഹം നിശ്ചയിച്ചിട്ടു മൂന്നുദി
വസത്തിനകം ഇരുഭാഗക്കാരുടേയും വീട്ടിൽ വിലപിടിച്ച
എന്തെങ്കിലും സാമാനം ഉടയുകയൊ കളവു പോകയൊ
ചെയ്താൽ അതു ദുശ്ശകുനമായി വിചാരിക്കപ്പെടുകയും ആ
വിവാഹനിശ്ചയം ഉടനെ ദുർബ്ബലപ്പെടുത്തുകയും ചെയ്യും.
വിവാഹകർമ്മത്തിനുള്ള ദിവസം നിർണ്ണയിക്കുന്നതു ജ്യോതി
ഷക്കാരാണു്. വിരുന്നുകാർ പുരുഷൻെറ ഭവനത്തിൽ കൂ
ടി അവിടെ നിന്നും സ്ത്രീയുടെ വീട്ടിലേക്കു യാത്ര പുറപ്പെ
ടുന്നു. വഴിയിൽ ദുർഭൂതങ്ങൾ ഒളിച്ചിരുന്നു വല്ല ദോഷവും
വരുത്താതിരിപ്പാൻ വേണ്ടി ഒരു വലിയ കഷണം പന്നി
മാംസം മുമ്പു കൊണ്ടുപോകും. സ്ത്രീ അവളുടെ ഏററവും
നല്ല വസ്ത്രങ്ങളും ആഭരണങ്ങളും ധരിച്ചു് പൊൻ പൂശിയ
ഒരു കസേരയിന്മേൽ കയറിയിരുന്നു തന്നത്താൻ സർവ്വാംഗം
മൂടുന്നു. അനന്തരം ആ കസേര നാലുപേർ എടുത്തു് എ
ല്ലാവരും ഘോഷയാത്രയായി പുരുഷൻെറ ഭവനത്തിലേക്കു
തിരികെ പുറപ്പെടുന്നു. അവിടെ എത്തിയാൽ ജ്വലിക്കു
ന്ന തീക്കണൽ നിറച്ചിട്ടുള്ള ഒരു പാത്രത്തിൻെറ മീതെ കൂ
ടി സ്ത്രീയെ പൊക്കി എടുത്തു വീണ്ടും നിലത്തു വെക്കുന്നു.
ഇതിൻെറ ശേഷം അവൾ ഭർത്തൃഗൃഹപ്രവേശം ചെയ്കയും
അവൻെറ സന്നിധിയിൽ സാഷ്ടാംഗമായി വീഴുകയും ചെ
യ്യുന്നു. അനന്തരം വധൂവരന്മാർ ഭവനത്തിലുള്ള ബലിപീ
ഠത്തിൻ മുമ്പാകെ ആകാശം, ഭൂമി, ഇവയേയും മരിച്ചുപോ
യ പൂർവ്വന്മാരെയും നമസ്കരിക്കുന്നു. മാതാപിതാക്കന്മാരെ
അനുസരിക്കായ്ക, പ്രസവിക്കായ്ക, വ്യഭിചാരം, അസൂയ, ക
ഷ്ഠരോഗം, അതിയായി സംസാരിക്കുക, മോഷ്ടിക്കുക ഈ
കാരണങ്ങളിൽ ഏതെങ്കിലും ഒന്നുണ്ടായാൽ ഒരു ഭർത്താവി

ന്ന തന്റെ ഭാൎയ്യയെ പരിത്യജിക്കാം. വിധവാവിവാഹം വിലക്കപ്പെട്ടിരിക്കുന്നു. ശിശുക്കൾക്കു ധരിക്കുവാൻ ആദ്യം കൊടുക്കുന്ന വസ്ത്രങ്ങൾ എഴുപതോ എമ്പതോ വയസ്സുള്ള വല്ല വൃദ്ധന്മാരുടേയും ഉടുപ്പുകൾ കൊണ്ടു ഉണ്ടാക്കീട്ടുള്ളതായിരിക്കണം. ഇങ്ങനെ ചെയ്യുന്നതു് ആ ശിശുക്കൾക്കു ദീൎഘായുസ്സുണ്ടാകുവാനാണത്രെ. കുട്ടികളെ വില്ക്കുന്നതു സംധാരണമാണ്. പെൺകുട്ടികളെ വളൎത്തിക്കൊണ്ടുവന്നു വിവാഹം ചെയ്തു കൊടുക്കുവാനുള്ള ബുദ്ധിമുട്ടും ചെലവും ഓൎത്തു ചില മാതാപിതാക്കന്മാർ അവരെ വെള്ളത്തിൽ മുക്കി കൊന്നുകളയുമത്രെ.

പടം പറപ്പിക്കുന്നതു ചീനരിൽ ബാലന്മാൎക്കും വൃദ്ധന്മാൎക്കും ഒരു ഇഷ്ടവിനോദമാകുന്നു. അവ പക്ഷികളുടെയും വണ്ടുകളുടെയും പഴുതാരകളുടെയും ചിലപ്പോൾ മനുഷ്യരുടെയും മൃഗങ്ങളുടെയും ആകൃതിയിലായിരിക്കും.

ആറു വയസ്സായാൽ കുട്ടികളെ വിദ്യാഭ്യാസത്തിനു് അയയ്ക്കും. ചീനഭാഷയ്ക്കു് അക്ഷരമാല ഇല്ല. ഏകദേശം ൨൦൦-ധാതുക്കൾകൊണ്ടാണ് ആ ഭാഷ ഉണ്ടായിരിക്കുന്നതു്. വാക്കുകൾ അവ ഏതു വസ്തുക്കളെ കുറിക്കുന്നുവോ ആ വസ്തുക്കളുടെ ഏകദേശമായ ആകൃതിയോടു കൂടിയവയാകുന്നു. വാക്കുകളുടെ സാഹചൎയ്യത്താൽ അവയുടെ അൎത്ഥത്തെ നിൎണ്ണയിക്കുന്നു. ഒരേ ശബ്ദത്തിനു ചിലപ്പോൾ അനവധി അൎത്ഥമുണ്ടാകും. ചീനയിൽ എല്ലായിടത്തും ഒരേതരം പുസ്തകങ്ങൾ തന്നെയാണ് പഠിപ്പിക്കുന്നത്. ചീനഭാഷയിൽ ഏകദേശം നാല്പതിനായിരം വാക്കുകൾ ഉണ്ടെങ്കിലും സാധാരണയായി ആറായിരം മാത്രമേ ഉപയോഗിക്കാറുള്ളൂ. പരീക്ഷകളിൽ ജയിച്ചിട്ടുള്ളവൎക്കേ സൎക്കാർ ഉദ്യോഗം ലഭിക്കയുള്ളൂ. പരീക്ഷ ഒമ്പതു ദിവസമുണ്ടു്. ഗ്രാമ

നാവിതം പേർമാത്രമേ ജയിക്കുന്നുള്ളു. ഏററവും ഉന്നതമായ പരീക്ഷയിൽ ജയിച്ചു പ്രാവീണ്യം സിദ്ധിച്ചാൽ അധിരാജകലാസമാജത്തിന്റെ ഒരു അംഗമായിത്തീരാം. ഈ സമാജത്തിനു 'പെൻസിലുകളുടെ വനം' എന്നാണത്രെ പേർ.

ചീനയിൽ കൃഷിപ്പണി വളരെ ബഹുമാനമുള്ള തൊഴിലായി വിചാരിക്കപ്പെടുന്നു. പെക്കിങ്ങ് എന്ന രാജധാനിയിൽ ആണ്ടുതോറും ഒരു ഉത്സവം ഉണ്ട്. അന്നു ചക്രവർത്തി തന്നെ ഒരു അതിവിശേഷമായ കരിപിടിച്ച് ഒരു വിശുദ്ധവയലിൽ മൂന്നു ചാൽ ഉഴുന്നു. രാജകുമാരന്മാർ അഞ്ചുചാലും പ്രധാനമന്ത്രികൾ ഒമ്പതുചാലും ഉഴുന്നു. പിന്നെ അവർ കളിമണ്ണുകൊണ്ട് പശുവിന്റെ ഒരു വലിയ വിഗ്രഹം ഉണ്ടാക്കി അതിനെ തട്ടി ഉടയ്ക്കുന്നു. ജനങ്ങൾ അതിന്റെ കഷണങ്ങൾ പെറുക്കിക്കൊണ്ടുപോയി അവരുടെ വയലുകളിൽ പൊടിച്ചിടുന്നു. ഇങ്ങനെ ചെയ്താൽ നല്ല വിളവുണ്ടാകുമെന്നാണ് അവരുടെ വിശ്വാസം. കൃഷിപ്പണിക്കുള്ള ആയുധങ്ങൾ മിക്കവാറും ഇന്ത്യയിലെ ആയുധങ്ങളെപ്പോലെതന്നെയാകുന്നു. വളം ശേഖരിക്കുന്നതിൽ ചീനർ ഉത്സാഹികളും സൂക്ഷ്മമുള്ളവരും ആകുന്നു. പക്ഷികളുടെ തൂവൽ ക്ഷുരകന്മാരുടെ പണിസ്ഥലങ്ങളിൽ വീഴുന്ന രോമങ്ങൾ, പൊട്ടിച്ച പടക്കങ്ങളുടെ ശിഷ്ടങ്ങൾ മുതലായവ പോലും അവർ ശേഖരിച്ചു വളമായി ഉപയോഗിക്കുന്നു.

ചീനയിൽ തേയിലകൃഷി വളരെ പ്രധാനമാകുന്നു. അവർ അതിനെ 'ചാ' എന്നു വിളിക്കുന്നു. ഈ വാക്കുതന്നെ അല്പം ഭേദപ്പെടുത്തി മററനേകഭാഷകളിൽ സ്വീകരിച്ചിട്ടുണ്ട്. തേയില ആദ്യം ഇംഗ്ലണ്ടിൽ കൊണ്ടുവന്നത്

ഏകദേശം ൧൮൮൫-ാമാണ്ടിലാകുന്നു. കുറെക്കാലത്തേക്കു അതിനു റാത്തലിന് അഞ്ചു പവൻ വരെ വിലയായിരുന്നു.

പട്ടുനൂൽക്കുന്നതു ചീനയിൽ തേയിലകൃഷിപോലെ തന്നെ ഒരു മുഖ്യതൊഴിലാകുന്നു. ആദ്യം പട്ടുനൂൽ ഉണ്ടാക്കി തുണിനെയ്തത് ഒരു ചക്രവർത്തിയുടെ പത്നിയാണു പോലും. അതിനു അവളെ ആണ്ടുതോറും ഒമ്പതാംമാസത്തിന്റെ ഒരു ദിവസത്തിൽ എല്ലാവരും ആരാധിക്കും.

മത്സ്യം പിടിക്കുന്ന തൊഴിലും മേൽപ്രകാരം തന്നെ മുഖ്യമാകുന്നു. ചീനരുടെ ഭക്ഷണസാധനത്തിന്റെ പത്തിലൊരംശം വെള്ളത്തിൽ നിന്നു ലഭിക്കുന്നു എന്നു കണക്കെടുത്തിരിക്കുന്നു.

കരവാഹനങ്ങൾ കസേര, പല്ലക്ക്, ഒരാൾ വലിക്കുന്ന വണ്ടി എന്നിവകളാകുന്നു. ഈ ഒടുവിൽ പറഞ്ഞതിന് 'ജിൻറിക്ഷ' എന്നാണ് പേർ. ജിൻ എന്നതിനു മനുഷ്യനെന്നും, റിക്ക് എന്നു വെച്ചാൽ ബലമെന്നും, ഷാ ശബ്ദത്തിനു വണ്ടി എന്നു അർത്ഥമാകുന്നു. ചീനൎക്ക് ആദ്യം തീവണ്ടിയോടു വിരോധമായിരുന്നു. പരദേശികൾ കണ്ടു പിടിച്ചതാണത്രെ ഈ വിരോധത്തിന്റെ കാരണം. എങ്കിലും ക്രമേണ ഈ വൈമുഖ്യം നീങ്ങി ഇപ്പോൾ തീവണ്ടി പല സ്ഥലങ്ങളിലും നടപ്പായിട്ടുണ്ട്. വഞ്ചിമാൎഗ്ഗമാണ് അധികം ജനങ്ങൾ ഇപ്പോഴും ചീനയിൽ യാത്ര ചെയ്യുന്നത്. അനേകലക്ഷം ജനങ്ങൾ ആണ്ടോടാണ്ട് വഞ്ചികളിൽ താമസിക്കുന്നു.

ചീനൎക്ക് അച്ചടിച്ചതോ, എഴുതിയതോ ആയ എന്തിനേയും കുറിച്ചു വളരെ ഭക്തിയുണ്ട്. അച്ചടിച്ച കടലാസ്സുകളെ ബഹുമാനിക്കണം എന്നുള്ള കല്പന ചുമരുകളു

ന്മേൽ ചിലപ്പോൾ പതിക്കാറുണ്ടു്. അവയിൽ താഴെ കാണിക്കുന്ന സമ്മാനങ്ങളും ശിക്ഷകളും വിവരിക്കാറുണ്ടു്:— ആരെങ്കിലും അച്ചടിച്ച കടലാസ്സ് ശേഖരിച്ചു അവയെ കഴുകി കത്തിക്കുന്നു എങ്കിൽ, അവന് പന്ത്രണ്ടു സംവത്സരത്തെ ആയുസ്സ് കൂടി കിട്ടും. അവനു ബഹുമാനവും ധനവും ഉണ്ടാകുന്നതിനു പുറമെ അവന്റെ പുത്രപൌത്രന്മാർ സുകൃതികളും പിതൃഭക്തിയുള്ളവരും ആയിത്തീരും. അവനു ൫,൦൦൦-പുണ്യങ്ങൾ ലഭിക്കും. അക്ഷരങ്ങൾ ഉള്ള കടലാസ്, അഴുക്കു വെള്ളത്തിൽ ഇടുകയോ വെടിപ്പില്ലാത്ത സ്ഥലത്തു ചവിട്ടിക്കുകയോ ചെയ്താൽ, അവനു ൫൦-പാപങ്ങൾ ഉണ്ടാകും. എന്നു തന്നെയല്ല നേത്രരോഗവും അന്ധതയും ബാധിക്കും.

കേരള സാഹിത്യ അക്കാദമി

ചീനച്ചക്രവൎത്തിയെ പ്രജകൾ 'ആകാശത്തിന്റെ മകൻ' എന്നു വിളിക്കുന്നു. അദ്ദേഹത്തിന്റെ പിതാവ് ആകാശവും മാതാവ് അമ്മയും ആണുപോലും! ചിലപ്പോൾ 'പതിനായിരം സംവത്സരങ്ങളുടെ പിതാവ്' എന്നും വിളിക്കും. രാജധാനി മുൻപറഞ്ഞ പ്രകാരം, പെക്കിങ്ങ് പട്ടണമാകുന്നു. അതിന്റെ തെരുവുകൾ ഉഷ്ണകാലത്തു വളരെ പൊടിയും മഴക്കാലത്തു ചളിയും ദുൎഗ്ഗന്ധവും ഉള്ളവയാകുന്നു. ചില തെരുവുകളുടെ പേരുകൾ മനോഹരമെന്നു പറഞ്ഞുകൂടാ. നാറുന്ന കാൽ തെരുവ്, നായുടെപല്ലുതെരുവ്, നായുടെ വാൽ തെരുവ്, മുട്ടാളന്മാരുടെ തെരുവ് ഇങ്ങനെയാണു ചില പേരുകൾ.

ചക്രവൎത്തിക്ക് അഞ്ചു സമാജികന്മാരുള്ള ഒരു ആലോചനാസഭ ഉണ്ടു്. സൎക്കാർ ഉദ്യോഗങ്ങളിൽ മൂന്നാണ്ടുകളിലധികം ആൎക്കും ഇരുന്നുകൂട. ശമ്പളം വളരെ സ്വല്പമാകുന്നു.

ശിക്ഷകൾ അത്യന്തം കഠിനം. കുററം സമ്മതിക്കാതെ ആരേയും ശിക്ഷിക്കുവാൻ പാടില്ലാത്തതിനാൽ കുററക്കാരെ ഞെരുക്കി കുററം സമ്മതിപ്പിക്കുന്നതു് സാധാരണമാകുന്നു. ചിലപ്പോൾ സാക്ഷികളേയും ഞെരുക്കും. താടിയെല്ലിന്മേൽ കട്ടിയുള്ള തുവൽവാറുകൊണ്ടും കാലിന്റെ കണ്ണിയിന്മേൽ മുളവടികൊണ്ടും തല്ലുന്നതു മേൽപറഞ്ഞ ഞെരുക്കങ്ങളുടെ ആരംഭകാൎയ്യങ്ങളാണു്. വലിയപാതകന്മാരുടെ നേരെ കാണിക്കുന്ന ക്രൂരതയുടെ കഠുപ്പം കാരണം മരണം സംഭവിക്കുന്നതും അസാധാരണമല്ല. ചെയ്ത കുററം എഴുതിയ ഒരു വലിയ മരപ്പലക കഴുത്തിൽ ഇറുകി പൂട്ടിയിടുകയും ഒരു മരക്കൂട്ടിൽ കുററക്കാരനെ ഇട്ടടയ്ക്കുകയും ചെയ്യുന്നതു മററുതരം ശിക്ഷകളാണു്. ശിരച്ഛേദം ഏററവും വലിയ ശിക്ഷയാകുന്നു. എന്നാൽ കുററക്കാരൻ കുറെ പ്രാബല്യമുള്ളവനായാൽ ആ ശിക്ഷ തൂക്കിക്കൊല്ലുക എന്നതായി ഭേദപ്പെടുത്തുന്നു. മാതാപിതാക്കന്മാരേയോ, മററനേകം പേരെയോ, വധിച്ചിട്ടുള്ള കുററക്കാരനെ കൊല്ലുന്നതു മഹാഘോരമായ വിധത്തിലാകുന്നു. അവനെ ഒരു കുരിശിന്മേൽവെച്ചു കെട്ടി മുഖത്തും ശരീരത്തിന്റെ മാംസമുള്ള ഭാഗങ്ങളിലും ൮-മുതൽ ൧൨൦-വരെ മുറിവുകൾ ഏല്പിച്ചതിന്റെ ശേഷം അവന്റെ ഹൃദയം കുത്തിത്തുളയ്ക്കുന്നു. മരിച്ചു ഉടനെ അവന്റെ അംഗങ്ങൾ വെട്ടി ശരീരത്തിൽനിന്നു വേർപെടുത്തുന്നു.

ചീനയിൽ കൊൺഫ്യൂസിയസ്, താവു, ബുദ്ധൻ എന്നിവരുടെ മതങ്ങൾക്കാണു് പ്രാധാന്യം. ഇവരിൽ ആദ്യൻ ക്രൈസ്തവകാലത്തിനു ൫൫൧-വൎഷങ്ങൾക്കു മുമ്പെ ജനിച്ചു. പത്തൊമ്പതു വയസ്സിൽ വിവാഹം ചെയ്തു. എങ്കിലും പഠിപ്പിനും പൊതുജനങ്ങളെ സംബന്ധിക്കുന്ന കൃ

ത്യങ്ങൾ ചെയ്യുന്നതിനും വേണ്ടി അധികം സമയം കിട്ടുവാൻ അദ്ദേഹം നിജപത്നിയെ നാലു തവണ പരിത്യജിച്ചു. അദ്ദേഹത്തിന്റെ മതത്തിൽ സാരമായ അംശം മരിച്ചു പൂൎവ്വന്മാരെ ശ്മശാനത്തിലോ ഭവനത്തിൽ അതിനായി നിശ്ചയിച്ചിട്ടുള്ള ഒരു ഭാഗത്തിലോ വെച്ചു് വന്ദിക്കുക എന്നതാകുന്നു. പരമേശ്വരനെ നിഷേധിച്ചില്ലെങ്കിലും കൊൺഫ്യൂസിയസ് ആ സംഗതി തീരെ വിസ്മരിക്കയും, മനുഷ്യൻ സമുദായത്തിന്റെ ഒരു അംഗമാകയാൽ തനിക്കും അന്യൎക്കും ഏറ്റവും ക്ഷേമദങ്ങളായ കാൎയ്യങ്ങൾ ചെയ്യുന്നതാണു് ഓരോരുത്തന്റെ മുഖ്യധൎമ്മമെന്നു ഉപദേശിക്കയും ചെയ്തു.

കേരള സാഹിത്യ അക്കാദമി

താവുമതത്തിന്റെ കൎത്താവായ ലൌട്ഡി ക്രൈസ്തവകാലത്തിനു ൬൦൦-സംവത്സരങ്ങൾക്കു മുമ്പിൽ ഒരു വൃദ്ധനായി ജനിച്ചു എന്നാണു് ചീനരുടെ ഇടയിലുള്ള ഐതിഹ്യം. ഈ മതത്തിനു ഹിന്ദുമതത്തോടു പല കാൎയ്യങ്ങളിലും യോജിപ്പുണ്ടു്. മനുഷ്യർ ആത്മദമനത്താൽ സായൂജ്യം പ്രാപിക്കേണമെന്നാണു് അദ്ദേഹത്തിന്റെ സിദ്ധാന്തം. ഇതിനുള്ള മാൎഗ്ഗമാണു് താവുമതം. ആ ശബ്ദത്തിന്റെ അൎത്ഥവും വഴി എന്നതന്നെ. അമരത്വത്തിന്റെ രസായനം പാനം ചെയ്തിട്ടുണ്ടായിരുന്നതിനാൽ, ലൌട്സി മരണത്തിൽനിന്നു സ്വാതന്ത്ര്യം ലഭിച്ചവനായിരുന്നു എന്നു ചീനർ വിചാരിച്ചു് ഈ രസായനം കണ്ടുപിടിപ്പാനുള്ള ശ്രമം, അനേകതരം സസ്യങ്ങളെയും മററും പരീക്ഷണം ചെയ്വാൻ ലൌട്സിയുടെ അനുഗാമികളെ ഉത്സാഹിപ്പിക്കയും ഒടുക്കം താവുമതം ഇന്ദ്രജാലത്തിന്റെ ഒരു പദ്ധതിയായിത്തീരുകയും ചെയ്തു.

ബുദ്ധൻ ഇന്ത്യയിൽ കാശീനഗരത്തിനു ഏകദേശം നൂറു മയിൽസ് വടക്കുള്ള ഒരു പട്ടണത്തിൽ ജനിച്ചു. ക്രൈ

സ്തുവകാലത്തിനു ൪൯൦-വൎഷങ്ങൾക്കു മുമ്പിൽ മരിക്കയുംചെയ്തു. ബുദ്ധമതത്തിന്റെ സാരാംശം താഴെ പറയുംപ്രകാരമാകുന്നു:—ജീവിച്ചിരിക്കുന്നതു ദുഃഖമാകുന്നു. ജീവിച്ചിരിപ്പാനുള്ള ഇച്ഛ ദുഃഖത്തിന്റെ ഉത്ഭവമാണു്. ഈ ഇച്ഛയെ നശിപ്പിച്ചാൽ ദുഃഖവും നശിക്കുന്നു. ഇതു സാധിക്കുവാൻ എട്ടു മാൎഗ്ഗങ്ങൾ ഉണ്ടു്. ദുഃഖത്തിൽനിന്നും മോചനം ലഭിച്ച അവസ്ഥയ്ക്കു നിൎവ്വാണമെന്നു പേർ.

ചീനർ തങ്ങളുടെ മരിച്ചുപോയ പൂൎവ്വന്മാൎക്കു പാകം ചെയ്ത പന്നിമാംസം, കോഴി, താറാവു്, തേയില എന്നിവ കാഴ്ചവച്ചു് ഉടനെ ഈ സാധനങ്ങൾ തങ്ങൾതന്നെ ഭുജിക്കയോ ദരിദ്രന്മാൎക്കു കൊടുക്കയോ ചെയ്യുന്നു. വസ്ത്രങ്ങൾ, കസേരകൾ, മേശകൾ, നാണ്യങ്ങൾ ഇത്യാദി സാമാനങ്ങളെ കടലാസുകൊണ്ടു വെട്ടിയുണ്ടാക്കി ചീനർ കത്തിക്കുന്നു. ചിലപ്പോൾ ദാസന്മാരുടേയും ദാസികളുടേയും കടലാസു പ്രതിമകൾ ഉണ്ടാക്കി ദഹിപ്പിക്കും. ഇങ്ങനെ ചെയ്താൽ അവ തങ്ങളുടെ പൂൎവ്വന്മാൎക്കു കിട്ടുമെന്നും അവർ പ്രസാദിക്കുമെന്നും ചീനർ വിശ്വസിക്കുന്നു.

ഇതുകൂടാതെ ധനത്തിന്റേയും അടുക്കളയുടേയും വാതലിന്റേയും എന്നു വിളിക്കപ്പെടുന്ന ദേവന്മാർ ഉണ്ടു്. അടുക്കളദൈവത്തെ മാസത്തിൽ രണ്ടുതവണ ആരാധിക്കും. ആ ദൈവം പന്ത്രണ്ടാം മാസത്തിന്റെ ഇരുപത്തിനാലാം ദിവസം സ്വൎഗ്ഗത്തിൽപോയി അതാതു വീട്ടിലെ തലേവൎഷത്തെ നടവടികളുടെ ഒരു വിവരണം കൊടുക്കുമെന്നാണു് ചീനരുടെ വിശ്വാസം. ഈ ദൈവത്തെ സന്തോഷിപ്പിച്ചുയക്കുവാൻ പഴങ്ങൾ, മാംസം, ദ്രാക്ഷാരസം മുതലായ സാമാനങ്ങൾ കാഴ്ചവെയ്ക്കയും ആ ദൈവത്തിന്റെ ചുണ്ടുകളിന്മേൽ, തങ്ങളെപ്പററി മധുരവചനങ്ങൾ മാത്രം പറയുവാൻ

വേണ്ടി, പഞ്ചസാര തേയ്ക്കയും അയാളുടെ യാത്രയ്ക്കു് ഉപയോഗപ്പെട്ടുവാൻ കടലാസ്സു കുതിരയേയും മററു സാമാനങ്ങളേയും ഉണ്ടാക്കി കത്തിക്കയും ചെയ്യുന്നു.

ചീനക്കു മന്ത്രങ്ങളിൽ വളരെ വിശ്വാസം ഉണ്ടു്. ഇവ എഴുതിയ കടലാസുകൾ വാങ്ങി വീട്ടുകളുടെ ഉത്തരങ്ങളിന്മേൽ പതിച്ചാൽ ദുർഭൂതങ്ങളുടെ ഉപദ്രവം തട്ടാതിരിക്കുമത്രെ. തപാൽ സ്റ്റാമ്പിനും ഇങ്ങനെ മന്ത്രശക്തിയുള്ളതിനാൽ ഒരു കുട്ടിക്കു ദീനം പിടിച്ചാൽ ഒരു സ്റ്റാമ്പു എടുത്തു കുട്ടിയുടെ പന്നിവാലിന്റെ അഗ്രത്തിൽ കെട്ടിയിടുന്നു. ഭാഗ്യം പറയുക എന്ന സമ്പ്രദായവും ചീനരുടെ മൂഢവിശ്വാസങ്ങളിൽ ഒന്നാണു്. ഇങ്ങനെ ഭാഗ്യം നിർണ്ണയിക്കുന്നതു പലവിധത്തിലാണെങ്കിലും, ഏററവും പഴയതും സമ്മതവും ആയ വിധം, ഒരു ആമയെ നിവത്തുവച്ചു അതു ഏതുവശത്തേയ്ക്കു നോക്കുന്നുവെന്നും കഴുത്തു് എത്രമാത്രം നീട്ടുന്നു എന്നും പാദങ്ങൾ എങ്ങനെ വെയ്ക്കുന്നു എന്നും സൂക്ഷിക്കുക എന്നതാണു്.

സൂര്യചന്ദ്രഗ്രഹണങ്ങൾ ഉണ്ടാകുന്നതു വലിയ സർപ്പങ്ങൾ ആ മൂർത്തികളെ ഗ്രസിക്കുന്നതിനാലാണെന്നു വിചാരിച്ചു് ആ സർപ്പങ്ങളെ ഭയപ്പെടുത്തി ഓടിച്ചു കളയുവാൻ ചീനർ നിലവിളിക്കയും കാഹളങ്ങൾ ഊതുകയും മണികൾ അടിക്കയും, ഗ്രഹണം കഴിഞ്ഞാൽ തങ്ങളുടെ ശ്രമങ്ങളുടെ സാഫല്യത്തെക്കുറിച്ചു സ്വയമേവ അനുമോദിക്കയും ചെയ്യുന്നു.

ചക്രവർത്തി പ്രജകളുടെ രാജാവു മാത്രമല്ല, ചില സംഗതികളിൽ ദേവന്മാരുടേയും രാജാവാകുന്നു. മഴ ഇല്ലാഞ്ഞാൽ ചീനർ അവരുടെ ദേവന്മാരെ. എന്നുവെച്ചാൽ ദേവന്മാരുടെ പ്രതിമകളെ നല്ല വെയിലത്തു വയ്ക്കുന്നു; ദേവന്മാക്കു

വെയിൽ സഹിക്കുവാൻ പാടില്ലാതാകുമ്പോൾ തണുപ്പിനു വേണ്ടി അവർ മഴ പെയ്യിക്കാതെ ഇരിക്കയില്ലപോലും. ഇതിന്നു മുമ്പിലത്തെ ചക്രവൎത്തിക്കു മസൂരി ദീനം പിടിച്ചപ്പോൾ ആ ദീനത്തിന്റെ അധികാരിയായ ദേവനെ വലിയ കോലാഹലമായി പെക്കിങ്ങ് പട്ടണത്തിന്റെ വീഥികളിൽ കൂടി എഴുന്നള്ളിച്ചു രോഗിയുടെ മുറിയിൽ കൊണ്ടുവന്നു. പക്ഷെ ചക്രവൎത്തി മരിച്ചു എന്നു കണ്ടപ്പോൾ മേല്പറഞ്ഞ ദേവന്റെ വിഗ്രഹത്തെ അവമാനിക്കയും ആട്ടി തകൎത്തുകളകയും ചെയ്തു. കുറെ കാലത്തിനു മുമ്പ് ചീനയിലെ ഫൂച്ചൌ പട്ടണത്തിലുള്ള ചില വിഗ്രഹങ്ങൾ ജനങ്ങളുടെ മരണത്തിനു ഹേതുകന്മാരാകുന്നു എന്നു ഒരു സംസാരം പുറപ്പെടുകയും ആ ദിക്കിലുള്ള ടാറ്റർ സേനാധിപൻ അതിനടുക്കെ പെട്ടെന്നു മരിക്കയും ചെയ്തു. ഈ കുലപാതകം ചെയ്തതു മേൽ പറഞ്ഞ വിഗ്രഹങ്ങൾതന്നെ എന്ന് അവിടത്തെ ഉപരാജാവു തീൎച്ചപ്പെടുത്തി, അവയെ പിടിച്ചു ശിക്ഷിക്കുവാൻ കല്പനകൾ അയച്ചു. ഈ കല്പനകൾ അനുസരിച്ച് അധികാരികൾ ക്ഷേത്രത്തിൽ പോയി പതിനഞ്ചു ബിംബങ്ങളെ പിടിച്ചു. ഈ 'പുള്ളികൾ' മരംകൊണ്ടുണ്ടാക്കപ്പെട്ടതും ഓരോന്ന് അഞ്ചടി പൊക്കമുള്ളതും ആയിരുന്നു. ജഡ്ജിയുടെ സന്നിധിയിൽ കൊണ്ടുവരുന്നതിനു മുമ്പിൽ, ജഡ്ജി കാണരിഞ്ഞു മേലിൽ അദ്ദേഹത്തെ ഉപദ്രവിക്കാതിരിപ്പാൻ വേണ്ടി, അവയുടെ കണ്ണുകൾ ചൂന്നുകളഞ്ഞു. സമ്പൂൎണ്ണമായ ഒരു വിസ്താരം കഴിച്ചതിന്റെ ശേഷം അവയുടെ തല വെട്ടിക്കളഞ്ഞ്, ശരീരങ്ങൾ ഒരു കുളത്തിൽ ഇടേണമെന്ന് ഉപരാജാവു വിധി കല്പിച്ചു. ആ പട്ടണത്തിൽ മേലിൽ സമാധാനഭംഗം ഈ ദേവന്മാർ ചെയ്യാതിരിപ്പാൻ വേണ്ടി അവരുടെ ക്ഷേത്രത്തെ പിന്നെ ഒരിക്കലും തുറക്കാതിരിക്കത്തക്കവണ്ണം മുദ്രവെച്ചുകളഞ്ഞു.

ചീനരുടെ ആചാരങ്ങൾക്കു ചില വിശേഷതകൾ ഉണ്ട്. തങ്ങളിൽ ഉയൎന്നവരെ ബഹുമാനിക്കുന്ന ക്രമം എട്ടുതരങ്ങളായിട്ടാണ് കല്പിച്ചിരിക്കുന്നതു്. ൧. കൈകൾ രണ്ടും കൂട്ടി നെഞ്ചിനു നേരെ പിടിച്ച് അല്പം പൊക്കുക. ൨. ഇങ്ങനെ കൈകൾ പിടിച്ചു കുറെ കുനിയുക. ൩. മുട്ടുകുത്തുവാൻ ഭാവിക്കുന്നതുപോലെ മുട്ടു താഴ്ത്തുക. ൪. മുട്ടുകുത്തുക. ൫. മുട്ടുകുത്തി തല നിലത്തു അടിക്കുക. ൬. മൂന്നു തവണ മുട്ടുകുത്തുകയും തല നിലത്ത് അടിക്കയും ചെയ്യുക. ൭. മുട്ടുകുത്തി തല നിലത്തു മൂന്നു തവണ മുട്ടിയതിന്റെ ശേഷം എഴുന്നേററു വീണ്ടും മുട്ടുകുത്തി തല മൂന്നുതവണ കൂടി മുട്ടുക. ൮. മൂന്നുതവണ മുട്ടുകുത്തുകയും തല ഒമ്പതു തവണ മുട്ടുകയും ചെയ്യുക. ചില ദേവന്മാൎക്ക് ആറാംപദവിയിലെ വന്ദനവും മററു ചിലൎക്കു ഏഴാമത്തേതും കൊടുക്കണം. ചക്രവൎത്തിക്ക് എട്ടാം പദവിയും വേണം. ചില ചക്രവൎത്തികൾ തങ്ങളെ ഈ വിധം വന്ദിക്കേണമെന്ന് അക്കാലത്തുവന്ന ഇംഗ്ലീഷുരാജദൂതന്മാരോട് ആവശ്യപ്പെട്ടു. പക്ഷെ അവർ അപ്രകാരം ചെയ്യാതെ സ്വരാജ്യത്തേക്കു മടങ്ങിപ്പോയി.

മററൊരാളെ കാണ്മാൻ ചെല്ലുമ്പോൾ കൊടുത്തയക്കുന്ന കാൎഡിൽ പേരിനു പുറമെ ഇപ്രകാരം എഴുതിയിരിക്കും:—'നിങ്ങളുടെ വിഡ്ഢിയായ അനുജൻ പിചപാൻ എന്നവൻ നിങ്ങൾക്കു വന്ദനം പറഞ്ഞു തലചായ്ക്കുന്നു'. അപ്പോൾ വീട്ടുടമസ്ഥൻ പുറത്തുവന്ന് ഇപ്രകാരം കുശലപ്രശ്നം ചെയ്യുന്നു. 'നിങ്ങളുടെ ബഹുമാനപ്പെട്ട കാലടികളുടെ ബുദ്ധിമുട്ടിനെ സ്വീകരിക്കുവാൻ ഞാൻ എങ്ങനെയാണ് തുനിയുന്നതു; രഥത്തിലിരിക്കുന്ന ആൾക്കു സുഖം തന്നെയോ?' അപ്പോൾ കാണ്മാൻ ചെന്ന ആൾ 'ബഹുമാന്യനായ വലിയ മനുഷ്യൻ സുഖം അനുഭവിക്കുന്നുവൊ?' എന്നു ചോദിക്കു

ന്നു. നിങ്ങളുടെ പിതാവിനു സുഖമല്ലേ എന്നാണ് ഇതിന്റെ അൎത്ഥം. പിതാവിനു എത്ര വയസ്സായി എന്നു ചോദിക്കുന്നതിനു പകരം 'വിശ്രുതനും വയോധികനും ആയ ആൾക്കു ബഹുമാനമുള്ള എത്ര വയസ്സ്?' എന്നു പറയും. 'നിങ്ങൾക്കു യോഗ്യരായ എത്ര യുവാക്കൾ (അൎത്ഥം-മക്കൾ) ഉണ്ട്?' എന്നു ചോദിച്ചാൽ, വീട്ടുകാരൻ ചിലപ്പോൾ ഇങ്ങനെ മറുപടി പറയും:—'എന്റെ ഭാഗ്യം വളരെ പിശകുള്ളതാണ്. എനിക്ക് ഒരു ചെറിയ മൂട്ട മാത്രമേ ഉള്ളു.'

ചീനരുടെ സ്വഭാവത്തിൽ സ്തുതിക്കപ്പെടേണ്ടുന്ന അംശങ്ങൾ അവരുടെ പിതൃഭക്തിയും, അധികാരികളുടെ നേരെ കാണിക്കുന്ന ബഹുമാനവും, സമാധാനതല്പരതയും, മൎയ്യാദയും, ഉത്സാഹശീലവും ബാഹ്യമായ സദാചാരനിഷ്ഠയും ആകുന്നു. ദോഷങ്ങളായി പറയപ്പെടാവുന്നതു കറുപ്പിന്റെ ഉപയോഗവും, മൂഢവിശ്വാസങ്ങളും, സ്ത്രീകൾക്കു പഠിപ്പില്ലാത്തതും, ഗൎവ്വവും ആകുന്നു. എങ്കിലും ജപ്പാൻ ജാതിക്കാരോടുള്ള സഹവാസം ചീനരെ പലവിധത്തിലും പരിഷ്ക്കരിച്ച് ശ്രേയസ്കരമായ ഒരു അവസ്ഥയിൽ കൊണ്ടുവരുവാൻ ഇടയുണ്ട്.

൯. കാലപരിമാണങ്ങൾ.

കാലം എന്നതു ലോകത്തിലുള്ള സകല സമുദായങ്ങളാലും അംഗീകരിക്കപ്പെട്ടിരിക്കുന്ന ഒരു പദാൎത്ഥമാകുന്നു. അതു നമ്മുടെ ചക്ഷുരാദീന്ദ്രിയങ്ങൾക്കു വിഷയമല്ലാത്തതും ആദ്യന്തഹീനമായിട്ടുള്ളതും ആണെങ്കിലും അതിനെ നമ്മുടെ

സകല വ്യവഹാരങ്ങളിലും ഒഴിച്ചുകൂടാത്തതായ ഒരു സംബന്ധമുള്ളതുകൊണ്ടാകുന്ന അതിനെ ഒരു പദാൎത്ഥമായി ഗണിയ്ക്കുന്നതു്. ഇതുപോലെ 'ദിക്ക്' മുതലായ അതീന്ദ്രങ്ങളായ വേറെ ചില പദാൎത്ഥങ്ങളേയും വ്യവഹാരസൌകൎയ്യത്തിന്ന വേണ്ടി നാം സ്വീകരിച്ചുവരാറുണ്ടല്ലോ. ഇങ്ങനെ ഇന്ദ്രിയഗോചരങ്ങളായ യാതൊരു ലക്ഷണങ്ങളും ഇല്ലാത്ത പദാൎത്ഥങ്ങളെ 'അമൂൎത്തദ്രവ്യങ്ങ'ളെന്ന പറഞ്ഞുവരുന്നു. ലോകവ്യവഹാരത്തിൽ സൌകൎയ്യത്തിന്നുവേണ്ടി ഈ വക അമൂൎത്തദ്രവ്യങ്ങളെ കല്പനാഭേദംകൊണ്ടു സാവയവങ്ങളാക്കി പരിണമിപ്പിയ്ക്കുന്നു. പ്രകൃതവിഷയമായ കാലത്തിന്ന 'ഭൂതം, വൎത്തമാനം, ഭവിഷ്യത്ത്' ഇങ്ങനെ മൂന്ന പ്രധാനാവയവയങ്ങളേയും, ആ ഓരോ അവയവങ്ങൾക്കും 'ക്ഷണാദി' കല്പാന്തപൎയ്യന്തങ്ങളായി അനേകം അവാന്തരവിഭാഗങ്ങളേയും കല്പിച്ച് അവയെ ആശ്രയിച്ചു നാം വ്യവഹരിച്ചു വരുന്നു.

എന്നാൽ ക്ഷണാദികളായ അവയവങ്ങളുടെ കല്പനത്തിങ്കൽ ലോകത്തിലുള്ള ഓരോ ജനസമുദായവും തമ്മിൽ തമ്മിൽ ഈഷൽ ഭേദത്തോടുകൂടിയ പല മതങ്ങളേയും അവലംബിക്കുന്നുണ്ടെങ്കിലും, മേല്പറഞ്ഞ ഭൂതാദിപ്രധാനാവയവങ്ങളെ സംബന്ധിച്ചേടത്തോളം യാതൊരു സമുദായത്തിന്നും ഭിന്നാഭിപ്രായമുള്ളതായിക്കാണുന്നില്ല. എന്തെന്നാൽ:—നമ്മുടെ മനസ്സിലുള്ള വിചാരങ്ങളെപ്പററി നാം മറെറാരാളോടെങ്കിലും പറയുന്നതായാൽ ആ വിചാരത്തിന്ന വിഷയമായ കാൎയ്യം കഴിഞ്ഞതോ അല്ലെങ്കിൽ ഇപ്പോൾ നടക്കുന്നതോ അഥവാ മേലിൽ സംഭവിപ്പാൻ പോകുന്നതോ ആയിരിയ്ക്കുന്നമല്ലോ. അതുകൊണ്ടു സൎവ്വവ്യവഹാരങ്ങളിലും കഴിഞ്ഞത്, ഇപ്പോൾ നടക്കുന്നത്, വരാൻ ഭാവിക്കുന്നത് എന്നിങ്ങനെയുള്ള മൂന്നിൽ ഏതെങ്കി

ലും ഒരു കാലഭേദത്തെ കാണിക്കാതെ യാതൊന്നും ആൎക്കും പറവാൻ കഴിയുന്നതല്ല. അതിനാൽ നമ്മുടെ സകല വ്യവഹാരങ്ങളിലും കാലത്തിന്നു നിത്യസംബന്ധമുണ്ടെന്നുള്ളതു് ആൎക്കും നിൎവ്വിവാദമാകുന്നു.

ഇങ്ങനെ ലോകവ്യവഹാരങ്ങളിലെല്ലാം നിത്യസംബന്ധമുള്ളതായും അനാദ്യന്തമായും ഇരിയ്ക്കുന്ന കാലത്തിന്നു ഭൂതാദികളായ മൂന്നു പ്രധാനാവയവങ്ങളെ കല്പിച്ചതുകൊണ്ടു മാത്രം വ്യവഹാരസൌകൎയ്യം മതിയാകാത്തതിനാൽ ഓരോ ജനസമുദായങ്ങളും കാലദേശാദിഭേദത്തേയും, സമുദായനിയമത്തേയും അനുസരിച്ച ഗതാനുഗതികന്യായേന കാലത്തിന്നു് അനേകം അവാന്തരവിഭാഗങ്ങളെ കല്പിയ്ക്കുകയും അവയെ അനുസരിച്ചു് അതാതു സമുദായങ്ങൾ പരമ്പരയാ വ്യവഹരിച്ചു വരുകയും ചെയ്യുന്നതു് അനുഭവവേദ്യമാകുന്നു. ഈ ഘട്ടത്തിൽ, ലോകോല്പത്തിമുതൽ ഏതൽകാലപൎയ്യന്തം ലൌകികങ്ങളായ ഓരോ വിഷയങ്ങളെ തത്തൽപൂൎവ്വജന്മിരിൽനിന്നു് അനന്തരജാതന്മാർ പരമ്പരയാ അല്പാല്പമായറിഞ്ഞിട്ടാണു് മനുഷ്യസമുദായം ഇപ്പോഴത്തെ സ്ഥിതിയിൽ എത്തിയിരിയ്ക്കുന്നതെന്നുള്ള ലോകചരിത്രസാരം നമുക്കു വളരെ സഹായിയ്ക്കുന്നതാകുന്നു.

ഇനി മേൽ പ്രസ്താവിച്ചപ്രകാരം മനുഷ്യരിൽ ഓരോ സമുദായവും കല്പിച്ചുവരുന്ന കാലപരിമാണങ്ങളുടെ സ്വഭാവങ്ങളെപ്പററി ആലോചിയ്ക്കാം. ഭാരതഖണ്ഡവാസികളായ ഹിന്തുക്കൾ, അവരുടെ സൎവ്വജ്ഞാനത്തിന്നും ആദിഭൂതമായ പ്രധാനപ്രമാണം എന്നു കല്പിച്ചുവരുന്ന വേദത്തിന്റേയും, ആ വേദത്തിൽ പറയുന്ന വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തി അവയെ വിസ്തരിച്ചു പ്രതിപാദിക്കുന്നതായ ശാസ്ത്രപുരാണാദി പ്രമാണങ്ങളുടേയും സൂക്ഷ്മപരിശോധനയിൽ,

അനാദ്യന്തവും സൎവ്വവ്യാപ്തവുമായ കാലം ഈശ്വരനാണെന്നും, ഭൂതലവാസികളായ നമുക്കു് ആന്തരമായ ഏതോ ഒരു ക്ഷേത്രസംബന്ധത്തോടു കൂടി കാണപ്പെടുന്ന സൂൎയ്യൻ കാലസ്വരൂപനായ പ്രത്യക്ഷേശ്വരനാണെന്നും, അവയിൽ പലരും ഘോഷിച്ചിട്ടുള്ളതായി കാണാം. എന്നു മാത്രമല്ല, ഋഷികളും സൂൎയ്യനെത്തന്നെ കാലപരിമാണത്തിങ്കൽ ഒരു പ്രധാനമായ മാനസാധനമാക്കി കല്പിയ്ക്കയും, പിന്നെ പല വിധത്തിലുള്ള സൌരമാനങ്ങളെക്കൊണ്ടു് ഓരോ പ്രകാരത്തിൽ കാലനിൎണ്ണയം ചെയ്യുന്നതിന്നുള്ള അസംഖ്യം കൌശലങ്ങളെ കണ്ടുപിടിയ്ക്കയും അങ്ങനെ അനവധികാലംകൊണ്ടും അനേകം വിദ്വാന്മാരുടെ പരിശ്രമംകൊണ്ടും ഈ വിഷയത്തിൽത്തന്നെ ഒരു പ്രത്യേക ശാസ്ത്രം നിൎമ്മിയ്ക്കുകയും ചെയ്തിരിയ്ക്കുന്നു.

കേരള സാഹിത്യ അക്കാദമി

ഇങ്ങനെ വ്യവഹാരസൌകൎയ്യത്തിന്നുവേണ്ടി കാലാവയവനിൎണ്ണയം ചെയ്യേണ്ടതിലേയ്ക്കായി ഓരോ മാൎഗ്ഗങ്ങളെ കണ്ടുപിടിപ്പാനുത്സാഹിച്ചു ലോകതത്വാന്വേഷണം ചെയ്‌വാനിടവന്നതായ ആ ഘട്ടത്തിൽ, അസാമാന്യബുദ്ധിമാന്മാരായ ചില പൂൎവ്വാചാൎയ്യന്മാൎക്കു് അവരുടെ പരിമിതമായ ആയുസ്സിനെക്കുറിച്ചു് എത്രത്തോളം പശ്ചാത്തപിപ്പാൻ സംഗതിവന്നിട്ടുണ്ടെന്നു് ആൎക്കറിയാം?

ഈ വിഷയത്തിൽ കേവലം യുക്തിയ്ക്കും അനുഭവത്തിന്നും അനുസരിച്ചു കാൎയ്യകാരണങ്ങളെ കണ്ടുപിടിച്ചു നിയമിയ്ക്കുന്ന ശാസ്ത്രകാരന്മാരും, മതവിഷയങ്ങളായ ഓരോരോ വിശ്വാസങ്ങളെ മാത്രം ആധാരമാക്കി ജനങ്ങൾക്കു ദുഷ്കൎമ്മനിവൃത്തിയേയും സൽകൎമ്മപ്രവൃത്തിയേയും ഉപദേശിയ്ക്കുന്ന പൌരാണികന്മാരും തമ്മിൽ ചില കാൎയ്യങ്ങളിൽ അല്പാല്പമായി ചില അഭിപ്രായഭേദങ്ങളുണ്ടെന്നുള്ളതു വാസ്തവം

തന്നെ. എന്നാൽ ഈ ഏകസംഗതിയെ മാത്രം അടിസ്ഥാനമാക്കി ചില മതക്കാർ അന്യമതക്കാരെ പരിഹസിക്കുന്നതു കേവലം അജ്ഞതയാലോ മൌഢ്യത്താലോ മാത്രമാണെന്നു വിചാരിക്കേണ്ടതുള്ളു. എന്തെന്നാൽ ഏതൊരു ജനസമുദായത്തിലും മതതത്വവും ശാസ്ത്രതത്വവും തമ്മിൽ സർവ്വത്ര യോജിക്കുന്നതായി യാതൊരു മതവും ഉണ്ടാവാനിടയില്ലെന്നുള്ളത് എല്ലാവരും സമ്മതിക്കുന്നതാണല്ലോ. അതുകൊണ്ടു ഈ അപ്രകൃതം പോകട്ടെ.

മേൽ പ്രസ്താവിച്ചപ്രകാരം കാലനിർണ്ണയത്തിന്റെ ആവശ്യത്തിനുവേണ്ടി വ്യവസ്ഥിതങ്ങളായ ഏതെങ്കിലും ചില പ്രമാണങ്ങളെ കണ്ടു പിടിച്ചുറപ്പിയ്ക്കേണ്ടതിലേയ്ക്കായിട്ടുള്ള ഈ മഹാപ്രയത്നംകൊണ്ട് ഒന്നാമതായി ഭൂമിയും സൂര്യനും തമ്മിലുള്ള നിയതസംബന്ധത്തെ കണ്ടുപിടിയ്ക്കുകയും, പിന്നെയും ആ വഴിയിൽതന്നെ പരിശ്രമിച്ചതിൽ സൂര്യനെപ്പോലെതന്നെയല്ലെങ്കിലും ചന്ദ്രാദിഗോളങ്ങൾക്കും ഭൂമിയോടു സംബന്ധമുള്ളതായി കാണുകയും, പിന്നീട് അവയിൽ ഓരോന്നിന്റെയും ഗതിഭേദാദികളെ പലപ്രകാരത്തിലും പരീക്ഷിച്ചറികയും, ആ വക പരീക്ഷകളിൽനിന്ന് വളരെക്കാലത്തെ അനുഭവംകൊണ്ടു തെററില്ലെന്നു സൂക്ഷ്മമായി വിശ്വസിയ്ക്കപ്പെട്ടിരിക്കുന്ന കാര്യങ്ങളെ പ്രമാണമാക്കിക്കല്പിയ്ക്കുകയും ചെയ്തിരിയ്ക്കുന്നു. ഈ പര്യാലോചനത്തിന്റെ പ്രഥമഭാഗം, വളരെക്കാലത്തോളം ഭൂമിയും സൂര്യനും തമ്മിലുള്ള സംബന്ധത്തേയും അവയുടെ സ്വാഭാവികഗുണങ്ങളെക്കൊണ്ടു പരസ്പരം സംഭവിയ്ക്കുന്ന ഓരോ സ്ഥിതിഭേദത്തേയും അറിയുന്നതുകൊണ്ടുതന്നെ പര്യവസാനിച്ചിരുന്നു. അതാവിത്: ഒരു നിയതമായ കാലത്തിനിടയിൽ നമുക്കു ദൃഷ്ടിഗോചരമായി ഭവിയ്ക്കുകയും, അതുപോലെതന്നെ ഏകദേശം അത്രയും സമയം കഴിയുമ്പോൾ അദൃശ്യമായിത്തീരുക

യും, വീണ്ടും ക്ലിപ്തസമയത്തിൽ പ്രത്യക്ഷമാവുകയും, പിന്നെയും അസ്തമിക്കയെയും ചെയ്യുന്ന സ്ഥിതിയിൽ പതിവായി നാം കണ്ടുവരുന്നതായ ഈ വസ്തുവും (സൂൎയ്യൻ) നമുക്കാശ്രയമായിരിക്കുന്ന ഈ സ്ഥലവും (ഭൂമി) എല്ലായ്പോഴും അന്യോന്യാഭിമുഖമായും ഒരേടത്തു സ്ഥിരമായും ഇരിക്കുന്നവയല്ലെന്നും നമ്മുടെ ആവാസഭൂതമായ വസ്തു (ഭൂമി) സ്വതേ പ്രകാശശൂന്യമായിട്ടുള്ളതാണെന്നും, മറേറതു് എല്ലായ്പോഴും കത്തിജ്വലിച്ചുകൊണ്ടിരിക്കുന്ന ഒരു തേജഃപുഞ്ജമാണെന്നും, അതിന്റെ ആഭിമുഖ്യത്താലാകുന്നു നമുക്കു പ്രകാശവും ചൂടും അനുഭവിപ്പാനിടവരുന്നതെന്നും അറിയുകതന്നെ. (സൂൎയ്യന്റെ ഭാസ്കരാദിനാമങ്ങൾ ഇവിടെ സാക്ഷികളാകുന്നു.)

അതിനാൽ നമ്മുടെ ദൃഷ്ടിയിൽ സൂൎയ്യപ്രകാശം തട്ടുന്ന സമയം മുതൽ അതില്ലാതെയാകുന്നതുവരെയുള്ള ഒരു സമയത്തിനു ദിവസം (ശോഭയുള്ള സമയം) എന്നു പേരു കല്പിക്കയും മററുള്ള സമയം മനുഷ്യർ പ്രായേണ നിർവ്യാപാരന്മാരായിരിക്കയാൽ ആ സമയത്തിനു പ്രത്യേകിച്ചു യാതൊരുനാമവും കല്പിക്കുന്നത്യാവശ്യമില്ലാതിരുന്നതുകൊണ്ടു് അതിനു യാതൊരു പേരും കൂടാതെ തന്നെ കഴിഞ്ഞുപോകയൊ അല്ലെങ്കിൽ പ്രായേണ അന്ധകാരമായിരുന്ന ആ സമയത്തിനു തദർത്ഥകങ്ങളായ വല്ല പേരുകളേയും വിളിക്കുകയോ ചെയ്തതായി വിചാരിക്കാം. ഈ വിധം വസ്തുതയാ പ്രകാശമാനമാകയാൽ വ്യാപാരയോഗ്യമായിരുന്ന പകൽ സമയത്തെ മാത്രം കുറിക്കുന്ന ദിവസം എന്ന സംജ്ഞയിൽ നിർവ്യാപാരമായിക്കഴിഞ്ഞുവരുന്ന മററുള്ള സമയത്തേക്കൂടി അന്തർഭവിപ്പിച്ചിട്ടാകുന്നു ക്രമേണ വ്യവഹാരസൌകൎയ്യത്തിനു വേണ്ടി 'ഒരു ദിവസം' എന്നാൽ രാവും പകലും കൂടിയ സമയം എന്നുള്ള ബോധം നടപ്പായി വന്നിരിക്കുന്നതു്.

സൂൎയ്യനെ കൂടാതെ തേജോമയങ്ങളായ വേറെ ചില ഗോളങ്ങളേയും അവയുടെ ഗതിസ്ഥിതിഭേദങ്ങളേയും പരീക്ഷിച്ചറിഞ്ഞിട്ടുണ്ടായിരുന്നു എന്നു മുൻപറഞ്ഞിട്ടുണ്ടല്ലോ. ആ വക ഗോളങ്ങളുടെ കൂട്ടത്തിൽ വെച്ചു സൂൎയ്യനെപ്പോലെ അത്യുജ്ജ്വലമായ തേജസ്സില്ലെങ്കിലും മററുള്ളവയെ അപേക്ഷിച്ചു പ്രകാശമേറിയതും സാമാന്യദൃഷ്ടിയിൽ വലിപ്പം തോന്നുന്നതും ആയ ഒരു ഗോളത്തിന്നു സ്വഭാവസമ്പൂൎണ്ണമായിട്ടുതന്നെ 'ചന്ദ്രൻ' എന്നു പേരു കല്പിയ്ക്കുകയും അതിന്റെ പ്രകാശത്തിന്നു ചിലപ്പോൾ ഉണ്ടാകുന്ന വ്യത്യാസങ്ങളുടെ കാരണത്തെയും അവ സംഭവിയ്ക്കുന്നതായ കാലനിയമത്തെയും പരിക്ഷിച്ചറിവാൻ ഇടവന്നതിൽവെച്ചു ചന്ദ്രാദിഗോളങ്ങൾ സ്വതേ പ്രകാശശൂന്യങ്ങളാണെന്നും അവയ്ക്കു പ്രകാശമുണ്ടാകുന്നതു സൂൎയ്യരശ്മി അവയിൽ പ്രതിഫലിച്ചിട്ടാണെന്നും, ഭൂമിയും ചന്ദ്രനും തമ്മിൽ അധികം അടുത്തിരിക്കുന്നതുകൊണ്ടു സൂൎയ്യരശ്മി ചന്ദ്രഗോളത്തിൽ തട്ടുന്നതിലേയ്ക്കു ചിലപ്പോൾ ഭൂഗോളത്തിന്റെ തടസ്ഥം (മറവു) സംഭവിയ്ക്കുന്നതിനാലാകുന്നു ചന്ദ്രന്നു എല്ലായ്പോഴും ഒരുപോലെ പ്രകാശമുണ്ടാകാത്തതെന്നും, മററുള്ള ഗോളങ്ങൾ ഭൂമിയിൽനിന്നു ചന്ദ്രനേക്കാൾ വളരെ അകന്നിട്ടാകകൊണ്ടും മററും ഈ തടസ്ഥം അവയ്ക്കു അധികം സംഭവിയ്ക്കുന്നില്ലെന്നും, സൂൎയ്യരശ്മി ചന്ദ്രനിൽ തട്ടുന്നതിലേയ്ക്കുണ്ടാകുന്ന ഭൂമിയുടെ തടസ്ഥം ചന്ദ്രന്റെ ഗതിഭേദംകൊണ്ടു വ്യത്യാസപ്പെടുന്നുണ്ടെന്നും അറിഞ്ഞതിനാൽ മുൻപറഞ്ഞ ഒരു സൌരദിനത്തിൽ ചന്ദ്രന്റെ ഗതി എത്രയെന്നുള്ള കണക്കുറപ്പെടുത്തേണ്ടിവരികയും അതോടുകൂടി ചന്ദ്രന്റെ തേജോവൃദ്ധിക്ഷയങ്ങളുടെ കാരണം ഇന്നതെന്നും അതു സംഭവിക്കുന്നതിനുള്ള കാലനിയമം ഇന്നതെന്നും സിദ്ധിച്ചതിനാൽ ഒരു സൌരദിവസത്തിൽ ചന്ദ്രന്നു ഭൂപ്രദക്ഷിണം ചെയ്വാൻ വേ

ണ്ടിവരുന്ന ഒരു ക്ലിപ്തസമയം ഇത്രയെന്നു കണക്കാക്കുകയും, ആ സമയത്തെ ഒരു 'ചാന്ദ്രമാന ദിനം' എന്നു കല്പിക്കയും, അപ്രകാരം സ്വതേ തേജോഹീനനായ ചന്ദ്രന്റെ തേജസ്സു വർദ്ധിച്ചു വന്നു പൂർണ്ണപ്രകാശം ഉണ്ടാവുന്നതിലേയ്ക്കു വേണ്ടതായ പതിനഞ്ചു ചാന്ദ്രമാനദിനങ്ങളെ ഒരു ശുക്ലപക്ഷമെന്നും അതുപോലെ തേജക്ഷയം വന്നു ചന്ദ്രൻ കേവലം പൂർവസ്ഥിതിയെ പ്രാപിക്കുന്നതിലേയ്ക്കു വേണ്ടതായ അത്രയും ദിനങ്ങളെ കൃഷ്ണപക്ഷമെന്നും നിർദ്ദേശിയ്ക്കുകയും ഓരോ പക്ഷത്തിലും ഒന്നാമത്തേതു മുതൽ പതിനഞ്ചാമത്തേതുവരെ ഉള്ള ദിവസങ്ങൾ പ്രഥമ (പ്രതിപദം മുതലായ പേരുകളെ കല്പിയ്ക്കുകയും ചെയ്തിരിയ്ക്കുന്നു.

ഇപ്രകാരം ഭൂഗോളവാസികൾക്കു, കാഴ്ചയിൽ ചന്ദ്രനേക്കാൾ പ്രകാശവും വലിപ്പവും കുറഞ്ഞതായി കാണപ്പെടുന്ന എങ്കിലും നിയതഗതികളാകകൊണ്ടു വെവ്വേറെ കണ്ടറിഞ്ഞിരിയ്ക്കുന്നതും, വ്യവഹാരസൌകര്യത്തിനു വേണ്ടി ചൊവ്വ, ബുധൻ, വ്യാഴം, ശുക്രൻ, ശനി എന്നിങ്ങനെ പേരു കൊടുക്കപ്പെട്ടിരിയ്ക്കുന്നതും ആയ വേറെയുള്ള അഞ്ചു ഗോളങ്ങൾക്കും ആകാശമണ്ഡലത്തിൽ ചില പ്രത്യേക ചലനങ്ങൾ ഉള്ളതായും, ആ ചലനത്തിൽ അവയും നമുക്കു ചിലപ്പോൾ പ്രത്യക്ഷങ്ങളായും, അപ്രത്യക്ഷങ്ങളായും. കാണപ്പെട്ടതിനാൽ ആ വഴിയ്ക്കു് അവയുടെ ചലനകാലത്തിന്റെ സൂക്ഷ്മമായ കണക്കു തിട്ടപ്പെടുത്തുകയും അങ്ങനെ ആ അഞ്ചു ഗോളങ്ങളെപ്പററി അറിയുവാനിടവരികയും ചെയ്തു. അതിന്റെശേഷം മേൽപ്പറയപ്പെട്ട ഓരോ സൌരദിനങ്ങൾക്കും—ഈ ഏഴു ഗോളങ്ങളിൽ ഓരോന്നിനെ അധിഷ്ഠാനദേവതകളാക്കി കല്പിച്ച ഓരോ ദിവസങ്ങൾക്കും—ഞായർ, തിങ്കൾ എന്നിങ്ങനെ അതാതു ഗോളങ്ങളുടെ പേരുകളെ സങ്കല്പിയ്ക്കുകയും ചെയ്തു. ഇങ്ങനെയാകുന്നു ഇപ്പോൾ നാം

കേരള സാഹിത്യ അക്കാദമി

വ്യവഹരിച്ചുവരുന്ന ആഴ്ചകൾ അല്ലെങ്കിൽ വാരങ്ങൾ എന്ന സങ്കല്പമുണ്ടായിട്ടുള്ളതു്.

മുൻവിവരിച്ചിരിയ്ക്കുന്ന പ്രകാരം ചന്ദ്രന്റെ ഒരു ഭൂപ്രദക്ഷിണകാലത്തിൽ ദിവസംപ്രതി ചന്ദ്രനോടടുത്തു ചില തേജഃകണങ്ങളെ നിയമേന കണ്ടുവരികയാൽ അവയുടെ സ്ഥിതി എങ്ങനെയെന്നറിവാനായിട്ടുണ്ടായ പ്രയത്നത്തിന്റെ ഫലമായി അവയിൽ ഓരോന്നും ചന്ദ്രാദികളെപ്പോലെ പ്രത്യേകഗതിഭേദത്തോടുകൂടിയവയല്ലെന്നും, ഒരു ചക്രത്തിന്റെ അരങ്ങൾ (അല്ലെങ്കിൽ പല്ലുകൾ) പോലെ ഒരു ക്ളിപ്തമായ ദൂരത്തിൽ സ്ഥിതിചെയ്യുന്നവയാണെന്നും കണ്ടുപിടിയ്ക്കുകയും ചെയ്തു. ആ തേജഃകണങ്ങൾക്കു (ഭാനിയ്ക്കുന്നവ=ശോഭിയ്ക്കുന്നവ എന്നർത്ഥമായി) ഭങ്ങൾ എന്നും അവയുടെ സമുദായത്തിന്നു 'ഭഗണം' അല്ലെങ്കിൽ ജ്യോതിശ്ചക്രം എന്നും പേരുകൊടുക്കുകയും ആ ജ്യോതിശ്ചക്രത്തിന്നു് ഒന്നായിട്ടൊരു ഗതി (ചലനം ഉണ്ടെന്നും ആ ചലത്തിന്നു വേണ്ടുന്ന സമയം ഏകദേശം ചന്ദ്രന്റെ ഒരു ഭൂപ്രദിക്ഷിണകാലത്തെക്കാൾ അല്പം കുറവാണെന്നും മനസ്സിലാക്കുകയും ചെയ്തു.

അതിനാൽ എല്ലായ്പോഴും ഭൂപ്രദക്ഷിണം ശീലിക്കുന്നതായ ചന്ദ്രൻ തന്റെ ഒരു പ്രദക്ഷിണം കഴിച്ചു പുറപ്പെട്ട സ്ഥലത്തെത്തുംപോഴേയ്ക്കു ജ്യോതിശ്ചക്രം അതിന്റെ ഒരു പ്രദക്ഷിണം കഴിച്ചു കുറച്ചുകൂടി കടന്നുപോന്നതിനാൽ ഓരോ ദിവസത്തിലും ചന്ദ്രനോടടുത്തു കാണുന്ന നക്ഷത്രം അല്ലെങ്കിൽ 'ഭം' മററൊന്നായി കാണപ്പെടുന്നു എങ്കിലും ഈ മാററത്തിന്നു് ഒരു പ്രത്യേകനിയമവും കണക്കും ഉള്ളതുകൊണ്ടു ചന്ദ്രന്റെ ഓരോ പ്രദക്ഷിണത്തിലും പതിവായി ഇന്നിന്ന നക്ഷത്രങ്ങൾ ചന്ദ്രനോടടുത്തുണ്ടായിരിക്കുന്നതാണെ

ന്നൊരു നിയമം സിദ്ധിപ്പാനിടവന്നു എന്നുമാത്രമല്ല; ജ്യോതിശ്ചക്രത്തിന്റെ അരങ്ങൾ അല്ലെങ്കിൽ പല്ലുകൾപോലെയിരിക്കുന്ന മേല്പറഞ്ഞ ഭങ്ങൾ (അല്ലെങ്കിൽ നക്ഷത്രങ്ങൾ) ഇരുപത്തേഴാണെന്നു തിട്ടപ്പെടുത്തുകയും, അതോടുകൂടിത്തന്നെ ചന്ദ്രന്റെ ഒരു ഭൂപ്രദക്ഷിണസമയത്തിൽ നിന്നു ജ്യോതിശ്ചക്രത്തിന്ന് ഒരു തിരിച്ചിൽ തിരിവാൻ ഇത്ര സമയം വേണമെന്നു സിദ്ധിക്കുകയും, ആ സമയത്തെ ഒരു 'നക്ഷത്രമാനദിന'മെന്നു കല്പിക്കുകയും, ചെയ്തിരിക്കുന്നു. ഇങ്ങനെ ഓരോദിവസത്തിലും ചന്ദ്രനോടൊത്തു കാണുന്ന നക്ഷത്രങ്ങളെ അടിസ്ഥാനമാക്കി കല്പിച്ചിരിക്കുന്ന ഓരോ നക്ഷത്രമാനദിനത്തിന്നും അശ്വിനീദേവന്മാർ മുതലായ ചിലദേവതമാരെ കല്പിച്ചു ആ ദേവതമാരുടെ നാമധേയത്തെത്തന്നെ ആ വക നക്ഷത്രങ്ങൾക്കും നിർദ്ദേശിക്കുകയും ചെയ്തിട്ടാണ് അശ്വിനി അല്ലെങ്കിൽ അശ്വതി മുതലായ നാക്ഷത്രദിനങ്ങളുടെ സങ്കല്പം ഉണ്ടായിത്തീൎന്നിട്ടുള്ളതു്.

ഇതുവരെ പറഞ്ഞിട്ടുള്ളതിൽ നിന്നു സൌരം, ചാന്ദ്രം, നാക്ഷത്രം, ഇങ്ങനെ മൂന്നു ദിനമാനങ്ങൾ ഉണ്ടെന്നും അവയിൽവെച്ചു സമയദൈൎഘ്യം ഏറ്റവും കൂടുന്നതു സൌരദിനത്തിന്നും ഏറ്റവും കുറയുന്നതു നാക്ഷത്രദിനത്തിന്നുമാണെന്നും സിദ്ധിച്ചുവല്ലൊ. ഈ മൂന്നുവിധദിനമാനങ്ങളെക്കൊണ്ടും മാസസംവത്സരാദി കല്പനം ചെയ്തുവരാറുണ്ടെങ്കിലും 'ചാന്ദ്രനക്ഷത്ര'ങ്ങളെ ഹിന്തുക്കൾ അവരുടെ ശ്രൌതസ്മാൎത്താദികളായ ചില കൎമ്മങ്ങളിൽ സ്വീകരിക്കാറുള്ളതല്ലാതെ മററു ലോഹവ്യാപാരങ്ങളിൽ മിക്കതും സൌരമാനത്തെത്തന്നെയാകുന്നു അധികം ഉപയോഗിച്ചുവരുന്നതു്. എന്നാൽ മഹമ്മദീയർ ചാന്ദ്രമാനത്തെ അവരുടെ കൎമ്മാനുഷ്ഠാനങ്ങളിലും ലോകകാൎയ്യങ്ങളിലും പ്രത്യേകം

സ്വീകരിച്ചുവരുന്നുണ്ടെന്ന് അഭിമാനിയ്ക്കാറുണ്ടെങ്കിലും സകല ജനങ്ങളും ഒരുപോലെ പ്രത്യക്ഷാനുഭവംകൊണ്ടു സമ്മതിച്ചു വരുന്നതായ സൌരമാനത്തെ ആശ്രയിച്ചിട്ടാകുന്നു അവരുടേയും കാൎയ്യവശാലുള്ള നില എന്നാരും സമ്മതിയ്ക്കുന്നതാണ്.

ഇനി മാസം, ഋതു, സംവത്സരം മുതലായവയുടെ കല്പനത്തിനുള്ള അവലംബം എന്താണെന്നാലോചിയ്ക്കാം. ഭൂതലവാസികളായ നമുക്കും നമ്മുടെ പുറമുള്ള ഇതരസൃഷ്ടികൾക്കും ഓരോരിക്കൽ സംഭവിച്ചുവരുന്ന പ്രധാനമായിട്ടുള്ള ചില ബാഹ്യാവസ്ഥാഭേദങ്ങൾ ഇന്നിന്നവയാണെന്നും അവ ഇത്ര ഇത്ര സമയം കൂടുമ്പോൾ ഉണ്ടാകുന്നു എന്നും ഉള്ള കാൎയ്യത്തിന്റെ സൂക്ഷ്മതപരിശോധനയിൽ നിന്നാകുന്നു ഋതുക്കൾ എന്നുള്ള ചില കാലാവയവങ്ങളെ കല്പിയ്ക്കാനിടവന്നിട്ടുള്ളതു്. എങ്ങനെയെന്നാൽ—ചിലപ്പോൾ കുറച്ചുകാലത്തേയ്ക്കു നമുക്കു അത്യുഷ്ണവും അതിന്റെ ശേഷം കുറച്ചുകാലത്തേയ്ക്കു അതിവൎഷംകൊണ്ടു് ശൈത്യവും അതിനുശേഷം ഒരു ക്ലിപ്തകാലത്തോളം ശീതോഷ്ണങ്ങളുടെ സമാവസ്ഥയും തദനന്തരം കുറച്ചുകാലത്തേയ്ക്കു (വൎഷമില്ലെങ്കിലും) കുറേശ്ശ ശൈത്യവും പിന്നീടു് അതിശൈത്യപ്രദമായ മഞ്ഞുകാലവും അതു കഴിഞ്ഞാൽ വീണ്ടും ഒരു ശീതോഷ്ണസമസ്ഥിതിയും പതിവായി സംഭവിച്ചുവരുന്നുണ്ടെന്നുള്ള സംഗതി വളരെക്കാലത്തെ അനുഭവംകൊണ്ടു ദൃഢമായിത്തീൎന്നതിനാൽ ആ വക അവസ്ഥാഭേദങ്ങൾ സംഭവിയ്ക്കുന്ന കാലനിയമത്തെ ക്ലിപ്തപ്പെടുത്തുകയും, ആ കാലത്തിന്നു് 'ഋതുക്കൾ' എന്നു പേരു കല്പിക്കയും, അതിന്നു ശേഷം പിന്നെയും ആ വക അവസ്ഥാഭേദങ്ങളുടെ പരിശോധനയിൽ നിന്നു് അവയുടെ സൂക്ഷ്മമായ താരതമ്യജ്ഞാനം സിദ്ധിയ്ക്കുകയും, അതോടുകൂടി സാ

മാന്യമായി മേല്പറഞ്ഞ ആറുവിധമുള്ള അവസ്ഥാഭേദങ്ങൾക്കു വേണ്ടിവരുന്ന കാലത്തെ ഈരണ്ടാക്കി ഭാഗിപ്പാനിടവരികയും ചെയ്തതിനാൽ ആ ഓരോഭാഗങ്ങൾക്കും 'മാസം' എന്നുള്ള ഒരു പേരു കല്പിക്കുകയും അതിന്നു ശേഷം വ്യവഹാരസൌകൎയ്യത്തിന്നുവേണ്ടി ആ വക മാസങ്ങൾക്കും ഋതുക്കൾക്കും ഓരോ പ്രത്യേക നാമധേയങ്ങളെ കല്പിക്കുകയും ചെയ്തതായി വിചാരിപ്പാൻ ന്യായമുണ്ടു്. ഇങ്ങനെ പന്ത്രണ്ടുമാസങ്ങൾ, അല്ലെങ്കിൽ ആറു് ഋതുക്കൾ കഴിയുമ്പോൾ ലോകാവസ്ഥ വീണ്ടും പൂൎവ്വസ്ഥിതിയെ പ്രാപിക്കുന്നതിനാൽ അങ്ങനെയുള്ള ഒരവസ്ഥാപരിവൎത്തനകാലത്തിന്നു സംവത്സരമെന്നു പേരു കല്പിക്കുകയും ചെയ്തു. ഇത്രയും കഴിഞ്ഞപ്പോൾ അനാദ്യന്തമായും അപരിച്ഛിന്നമായും ഇരിക്കുന്ന കാലത്തെക്കുറിച്ചുള്ള വ്യവഹാരത്തിന്നു നമുക്കത്യാവശ്യമുള്ളതായ മാനസാധനങ്ങളുടെ ദാരിദ്ര്യം മിക്കതും തീൎന്നു എന്നുകണ്ടിട്ടായിരിക്കാം. ഇതിന്നുമേലുള്ള കാലപരിമാണങ്ങളെയെല്ലാം ഈ സംവത്സരങ്ങളുടെ ആവൎത്തനംകൊണ്ടുതന്നെ കഴിച്ചുകൂട്ടിയാൽ മതിയെന്നു കല്പിച്ചതുപോലെ തോന്നത്തക്കവണ്ണം പൂൎവ്വാചാൎയ്യന്മാർ അവരുടെ കാലപരിമാണവിഷയത്തിലുള്ള പ്രയത്നത്തിന്നു് ഇവിടെ വെച്ചു ഏറ്റവും വലുതായ ഒരു വിച്ഛിത്തി വരുത്തിയിരിക്കുന്നതായി കാണപ്പെടുന്നു.

ഇപ്പോൾ ഒരു ദിവസം മുതൽ ഒരു സംവത്സരം വരെയുള്ള കാലാവയവത്തെക്കുറിച്ചു നാം വ്യവഹരിച്ചുവരുന്ന മാനസാധനങ്ങളെ മിക്കതിനേയും പറഞ്ഞുവല്ലോ. ഇനി ദിവസത്തേക്കാൾ ചെറുതായിട്ടുള്ള ഓരോ കാലവിഭാഗങ്ങളെക്കുറിച്ചും ഇതുപോലെ തന്നെ ഓരോ അളവുകളേയും അവയുടെ സംജ്ഞകളേയും കല്പിച്ചിട്ടുണ്ടു്. ഇക്കാൎയ്യ

ത്തിൽ ഓരോ ദേശത്തും ഓരോ കാലത്തും ഓരോ ജനസമുദായത്തിലും പലവിധത്തിലുള്ള അഭിപ്രായഭേദങ്ങൾ ഉണ്ടായിട്ടുണ്ടെന്നു പറയാതിരിപ്പാൻ നിവൃത്തിയില്ല; എന്തെന്നാൽ ഹിന്തുക്കൾ ഒരു രാവും പകലും കൂടിയതായ ഒരു ദിവസത്തെ അറുപതാക്കി ഭാഗിച്ചു അതിൽ ഒരു ഭാഗത്തിന്നു നാഴിക (ഘടികാ) എന്നും ആ ഓരോ നാഴികയുടേയും അറുപതിൽ ഒരംശത്തിന്നു വിനാഴിക (വിഘടികാ) എന്നും പേരു കല്പിച്ചിരിക്കുന്നതുകൂടാതെ പിന്നേയും അസംഖ്യം ചെറിയ ചെറിയ കാലാവയവങ്ങളെ കല്പിച്ചു അവയ്ക്കും ഓരോ പേരുകൾ കൊടുക്കുകയും, ആ വക സമയങ്ങളെ ക്ലിപ്തപ്പെടുത്തുന്നതിന്നു മുൻപറഞ്ഞ സൂര്യചന്ദ്രാദിഗോളങ്ങളുടെ ചലനാദിഭേദത്തെ അടിസ്ഥാനമാക്കി ചില കണക്കുകളെ നിശ്ചയിച്ചു വ്യവസ്ഥപ്പെടുത്തുകയും ചെയ്തിരിക്കുന്നു. എന്നാൽ വേറെ ചിലർ മറെറാരു പ്രകാരത്തിൽ ഒരു ദിവസത്തെ ഇരുപത്തിനാലാക്കി ഭാഗിച്ചു് ഒരു ഭാഗത്തിന്നു മണിക്കൂറെന്നും മണിക്കൂറിൻെറ അറുപതിൽ ഒരു ഭാഗത്തിന്നു ഒരു മിനിട്ടെന്നും മിനിട്ടിൻെറ അറുപതിൽ ഒരു ഭാഗത്തിന്നു സെക്കൻഡ് എന്നും പേരുകൊടുക്കയും അവയെ അനുസരിച്ചു വ്യവഹരിച്ചു വരികയും ചെയ്യുന്നു. ഇങ്ങനെ ഒരു സംവത്സരം മുതൽ കീഴ്പോട്ടു ചെറുത്തു ചെറുതായി ഒരു ക്ഷണം വരെയുള്ള കാലപരിമാണത്തെ സൂചിപ്പിക്കുന്നതിലേയ്ക്കു മേൽ പറഞ്ഞ സൂര്യാദിഗോളങ്ങളുടെ ചലനത്തെ ആശ്രയിക്കുന്നതു ചില ദേശത്തിലും ചില കാലത്തിലും അസാദ്ധ്യമായിത്തീരുവാൻ സംഗതിയുള്ളതുകൊണ്ടു അതിലേയ്ക്കായി പലവിധത്തിലും അനേകം യന്ത്രങ്ങളേയും കണ്ടുപിടിച്ചിട്ടുണ്ടു്.

൧൦. അനുമാനം.

എല്ലാവിധം ജ്ഞാനവും ബുദ്ധിയെ ആശ്രയിച്ചിരിയ്ക്കുന്നതിനാൽ ആന്തരമെന്നുതന്നെ പറയാമെങ്കിലും അവയുടെ ഉല്പത്തിസ്ഥാനത്തെ അപേക്ഷിച്ചു് ആന്തരമെന്നും ബാഹ്യമെന്നും വിഭജിയ്ക്കപ്പെട്ടിരിയ്ക്കുന്നു. പഞ്ചേന്ദ്രിയങ്ങൾ വഴിയായി ഉണ്ടാകുന്ന ജ്ഞാനം ബാഹ്യമെന്നും, ആലോചനകൊണ്ടു ബുദ്ധിയിൽ തന്നെ ഉണ്ടാകുന്ന ജ്ഞാനം ആന്തരമെന്നും വ്യവഹരിയ്ക്കപ്പെടുന്നു. ഇവയ്ക്കു് അന്യോന്യാശ്രയം വളരെ ഉണ്ടെങ്കിലും ഈ വിഭാഗം പ്രസ്തുതവിഷയത്തിന് അത്യന്തം ആവശ്യമാണ്. ശരീരത്തിനുള്ളിൽ ഉണ്ടാകുന്ന വികാരങ്ങളെക്കുറിച്ചുള്ള അറിവു ബാഹ്യമായിത്തന്നെ ഗണിയ്ക്കപ്പെടുന്നു.

2. ആന്തരമായ ജ്ഞാനത്തിന്നു് ഒക്കെയും അടിസ്ഥാനമായി, വസ്തുക്കൾ തമ്മിൽ ഉള്ള സാമ്യത്തിന്റേയും ഭിന്നത്വത്തിന്റേയും ബോധവും, ധാരണാശക്തിയും ആണെന്നു് ഇദാനീന്തനന്മാരായ പാശ്ചാത്യപണ്ഡിതന്മാർ വ്യവഹരിയ്ക്കുന്നു. ഇവയുടെ സഹായംകൊണ്ടു നാം പലവിധമായി ബുദ്ധിയെ വ്യാപരിപ്പിയ്ക്കുന്നു. ഇങ്ങനെയുള്ള വ്യാപാരങ്ങളിൽ അനുമാനവും ഉപമാനവും ആണ് പ്രധാനമായിട്ടുള്ളതു്. ഈ ഉപന്യാസത്തിൽ അനുമാനത്തെക്കുറിച്ചാണ് ഞാൻ ചുരുക്കമായി വിവരിയ്ക്കാൻ ഉദ്ദേശിയ്ക്കുന്നതു്.

3. സ്ഥൂലമായി പറയുന്നതായാൽ ഒരു സംഗതിയിൽ നിന്നും മറ്റൊന്നിന്റേയോ ചിലതിന്റേയോ സഹാ

യംകൊണ്ടു വേറെഒരു സംഗതിയെ ഗ്രഹിയ്ക്കുന്നതാണ് അനുമാനം. 'രാമൻകറുത്താണ്' കൃഷ്ണൻ 'കുരുടനാണ്' 'പക്ഷിപറക്കുന്നു' ഇങ്ങനെയുള്ള പ്രീതികൾ അനുമാനമല്ലെന്നു സ്പഷ്ടമാകുന്നു. ഇതെല്ലാം ബാഹ്യമായ പ്രത്യക്ഷജ്ഞാനത്തിൽ ഉൾപ്പെടുന്നു. അതുപോലെ തന്നെ.

(1) 'എല്ലാമനുഷ്യൎക്കും മരണമുണ്ടു്.
അതുകൊണ്ടു് ഒരു മനുഷ്യനു മരണമുണ്ടു്.'

(2) 'രാമൻകറുത്താണ്, അതുകൊണ്ടു രാമന്റെ പുത്രനോ, പൃകനോ, മറുകരപ്പുത്രനോ അല്ല.'

ഈ വിധമായ ജ്ഞാനവും അനുമാനമാകുന്നില്ല. ഇവയെ അനുമാനാഭാസമെന്നേ പറവാൻ പാടുള്ളൂ.

4. അനുമാനംരണ്ടുവിധത്തിലാകാം.

(1) വിശേഷങ്ങളിൽ നിന്നും സാമാന്യത്തെ ഗ്രഹിയ്ക്കുക.

(2) സാമാന്യത്തിൽ നിന്നും, മറ്റൊരുസാമാന്യത്തിന്റെയോവിശേഷത്തിന്റെയോ സഹായംകൊണ്ടു്, ഒരുസാമാന്യത്തെയോ വിശേഷത്തെയോഗ്രഹിക്കുക. മുൻപറഞ്ഞതിനെ ഇൻഡക്ഷൻ (Induction) എന്നും രണ്ടാമത്തതിനെഡിഡക്ഷൻ (Deduction) എന്നും പാശ്ചാത്യന്മാർവ്യവഹരിയ്ക്കുന്നു. ഓരോരോ മനുഷ്യർ മരിയ്ക്കുന്നതിനെ കണ്ടു്, എല്ലാമനുഷ്യരും മരിയ്ക്കുമെന്നു നമുക്കുണ്ടാകുന്ന ജ്ഞാനം വിശേഷങ്ങളിൽ നിന്നും സാമാന്യത്തിന്റെ അനുമാനത്തിന് ഉദാഹരണമാകുന്നു. ധൂമം കാണുന്ന ഓരോ സ്ഥലത്തും അഗ്നി ഉള്ളതായി പ്രത്യക്ഷമായി കണ്ടറിഞ്ഞു. ധൂമമുള്ളേടത്തെല്ലാം അഗ്നിയും നിശ്ചയമായി ഉണ്ടായിരിയ്ക്കുമെന്നു പ്രത്യക്ഷമായി കാണാതെതന്നെ ഉണ്ടാകുന്ന ജ്ഞാനവും, ഇതിന്ന് ഉദാഹരണമാകുന്നു.

5. രണ്ടാമത്തെ വിധം അനുമാനത്തിന് ഉദാഹരണം:—

(1) എല്ലാമനുഷ്യരും പ്രാണികളാണ്.
എല്ലാ ഹിന്ദുക്കളുംമനുഷ്യരാണ്.
അതുകൊണ്ട്, എല്ലാ ഹിന്ദുക്കളും പ്രാണികളാണ്.

(2) എല്ലാ മനുഷ്യൎക്കും മരണമുണ്ട്.
രാമൻ മനുഷ്യനാണ്.
അതുകൊണ്ടു രാമനു മരണമുണ്ട്.

ഇതുപോലെ തന്നെ നിഷേധരൂപമായും അനുമാനമുണ്ടാകും. സാമാന്യങ്ങളുടേയും, വിശേഷങ്ങളുടേയും, വിധിയുടേയും, നിഷേധത്തിന്റേയും, സങ്കലനംകൊണ്ടു 16-രൂപമായി ഈ വിധം അനുമാനങ്ങൾ ഉണ്ടാകാം. എന്നാൽ രണ്ടു നിഷേധങ്ങളിൽ നിന്നോ, രണ്ടു വിശേഷങ്ങളിൽ നിന്നോ യാതൊരു അനുമാനവും ഉണ്ടാകുന്നതല്ല.

6. മേൽപറഞ്ഞതിൽ നിന്ന്, ഒന്നാമത്തെ വിധം അനുമാനംകൊണ്ട് ഒരു സാമാന്യം സിദ്ധിച്ചതിനു മേൽ അല്ലാതെ രണ്ടാമത്തെ വിധം അനുമാനത്തിനു പ്രസക്തി ഇല്ലെന്നു സ്പഷ്ടമാകുന്നു. വാസ്തവത്തിൽ ഒന്നാമത്തേതാണു വളരെ കഠിനം. അതിനെ അപേക്ഷിച്ചു; രണ്ടാമത്തേതു വളരെ ലഘുവാണ്. അതുകൊണ്ട് ഒന്നാമത്തേതിനെ കുറിച്ചു മാത്രം കുറേക്കൂടി താഴെ വിവരിക്കുന്നു.

7. ഈവിധം അനുമാനത്തിനൊക്കെയും അടിസ്ഥാനമായ ഒരു ഭൂമികയുണ്ട്. സ്ഥൂലമായി ആ ഭൂമികയെ ഇങ്ങനെപറയാം. ഇതിനു മുമ്പു നടന്നിട്ടുള്ളതുപോലെ തന്നെ ലോകം ഇനിമേലും നടക്കും. മനുഷ്യരുടെ സകല പ്രവൃത്തിയിലും ഠരം ഭൂമികയിലുള്ള വിശ്വാസം അന്തൎഭവിച്ചി

രിക്കുന്നു. വളരെ സാധാരണയായതുകൊണ്ടു ജനങ്ങൾ അതിന്റെ ഗൌരവത്തിനെ അറിയുന്നില്ല. കുറെ ദ്രവ്യം ഒരു സഞ്ചിയിൽ കെട്ടി പെട്ടിയിൽ വച്ചു പൂട്ടിയാൽ നാളെ പെട്ടിതുറക്കുമ്പോൾ അതു വേറെ ഒരു സാധനമായി പരിണമിച്ചെങ്കിലോ എന്നുള്ള ശങ്കം ആരുടെ ഉറക്കത്തിനും വിഘ്നമായിത്തീരുന്നില്ല. ദ്രവ്യം ആകസ്മികമായി സൃഷ്ടിച്ചെന്ന്, ഒരു സൃഷ്ടാവിൽനിന്നാകാമെന്നുള്ള സംശയത്തിന് ഇടയുണ്ടെങ്കിൽ, ഒരു ദ്രവ്യത്തിന്റെ ഗുണം ഏതായിരിക്കുമെന്നു വിചാരിക്കുവാൻ കൂടി പാടില്ല. ഒരു നാളികേരം നട്ടാൽ അതുക്രമേണ തെങ്ങായി നാളികേരംതന്നെ പിന്നേയും ഫലമായി ഉണ്ടാകുമെന്നു നമുക്കു നല്ല വിശ്വാസമുണ്ടു്. വൈക്കത്തു് ഒരു സംവത്സരകാലം കഴിച്ചാൽപവൻ തന്നെ വിളഞ്ഞേയ്ക്കുമെന്നു എത്രതന്നെ ധർമ്മോന്മുഖമുള്ള ആളുകളും ആശിയ്ക്കാറില്ല. വെടിമരുന്നു വെള്ളത്തിൽ മുക്കിയാൽ മൂകാംബിയിൽ 41 ദിവസം ഭജിച്ചാലും വെടിപൊട്ടുന്നതല്ലെന്നു ജനങ്ങൾക്കു നല്ല നിശ്ചയമുണ്ടു്. നിയതമായി ചില സംഗതികളിൽനിന്നും മറ്റു ചില സംഗതികൾ ഉണ്ടായിട്ടുണ്ടെന്നുള്ള ബോധവും, ഇനിയും ഈ നിയതത്വത്തിനു യാതൊരു കുറവും വരുന്നതല്ലെന്നുള്ള വിശ്വാസവും, ഈ ലോകത്തിൽ സർവ്വത്ര വ്യാപിച്ചിട്ടുണ്ടു്. മിക്കവാറും ഇതിനെത്തന്നെയാണു് കാര്യകാരണസംബന്ധം എന്ന ശബ്ദത്താൽ നാം ഗ്രഹിയ്ക്കുന്നതു്. ഈ തത്വത്തിന്റെ ബോധത്തെ ചിലപ്പോൾ കാമക്രോധാദി മനോവികാരങ്ങൾ മൂടുന്നതുകൊണ്ടു് അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ഉത്ഭവിയ്ക്കുന്നു.

൮. ഒരു സംഗതിയിൽ നിന്നും മറ്റൊരു സംഗതി നിയതമായി ഉണ്ടാകുമെന്നു് അറിഞ്ഞാൽ, മുൻപറഞ്ഞതു കാരണവും രണ്ടാമത്തതു കാര്യവും ആണെന്നു ജനങ്ങൾ വ്യ

വഹരിയ്ക്കുന്നു. എന്നാൽ രണ്ടു സംഭവങ്ങൾ തമ്മിൽ ഈ നിയതത്വം, അല്ലെങ്കിൽ കാൎയ്യകാരണസംബന്ധം, ഉണ്ടോ ഇല്ലയോ എന്നു അറിയുന്നതു വളരെ പ്രയാസമാണു്. പല തവണയും ഇവയെ ഒന്നിച്ചു കണ്ടാൽ നിയതത്വം ഊഹിയ്ക്കാമെന്നാണു് പൊതുവായി പറയാറുള്ളതു്. സൂക്ഷ്മമായി ആലോചിയ്ക്കുന്നതായാൽ ഇതു കേവലം അബദ്ധമാണെന്നു സ്പഷ്ടമാകും. ഒന്നാമതു, പലതവണ എന്നു് പറയുന്നതു് എത്ര തവണയാണു്? പത്തോ നൂറോ, ആയിരമോ? ഈ ചോദ്യത്തിന്നു ഖണ്ഡിച്ചു് ഉത്തരം പറയാൻ ആരും ഉണ്ടാവില്ല. ഒരു പുരുഷായുസ്സിൽ ഉണ്ടാകാവുന്ന അനുഭവങ്ങളിൽ നിന്നു നിയതത്വത്തിനെ ഊഹിയ്ക്കാമെന്നോ, അല്ലെങ്കിൽ വളരെ പുരുഷായുസ്സുകളിൽനിന്നു ഊഹിയ്ക്കാമെന്നോ പറയുന്നതായാൽ അതും ശരിയാകുന്നതല്ല. എന്റെ പുരയിടത്തിൽ ഒരു നാളികേരം താഴെ വീഴുമ്പോഴൊക്കെയും, ലോകത്തിൽ എവിടെയെങ്കിലും ഒരു മനുഷ്യൻ മരിയ്ക്കുമെന്നു ഞാൻ ദൃഷ്ടാന്തപ്പെടുത്താം. എന്റെ പൂൎവ്വികന്മാരുടെ കാലത്തിലും നാളികേരം വീഴുമ്പോഴൊക്കെയും ആരെങ്കിലും മരിച്ചിട്ടുണ്ടെന്നും ദൃഷ്ടാന്തപ്പെടുത്താം. അതുകൊണ്ടു മരണത്തിനു് അനേകം കാരണങ്ങൾ ഉള്ളതിൽ എന്റെ പുരയിടത്തിൽ നാളികേരം വീഴുന്നതും ഒന്നാണെന്നു ആരും സമ്മതിയ്ക്കുമെന്നു തോന്നുന്നില്ല. പലതവണ രണ്ടു സംഭവങ്ങളെ ഒന്നിച്ചു കാണുന്നതുകൊണ്ടു മാത്രം നിയതത്വം ഊഹിയ്ക്കാൻ പാടില്ലെന്നു ഇതുകൊണ്ടു സ്പഷ്ടമാകുന്നു. ഇതിന്നു പുറമെ, ഒരേ തവണ കാണുന്നതിൽനിന്നു നിയതത്വം ഉണ്ടെന്നു നാം പലപ്പോഴും ദൃഢമായി അറിയാറുണ്ടു്. ഫലവൃക്ഷങ്ങൾ യാതൊന്നുമില്ലാത്ത ദിക്കിൽ വളൎന്നിട്ടുള്ള ഒരാൾ ആദ്യമായി ഒരു ഊരാളി, നാളികേരം വെട്ടുന്നതു കണ്ടാൽ അവന്റെ കത്തികൊണ്ടുള്ള വെട്ടാണു് നാളികേരം താഴെ

വീഴുന്നതിനുള്ള കാരണമെന്നു ക്ഷണത്തിൽ, തീർച്ചപ്പെടുത്തുന്നു. വെടിമരുന്നിനു തീവെച്ചാൽ, അതു പൊട്ടുന്നതു് ഒരിക്കൽ കണ്ടാൽ, ഇനിയും മരുന്നും തീയും സമീപത്തിൽ വന്നാൽ അതുപോലെ ജ്വാലയും ശബ്ദവും ഉണ്ടാകുമെന്നു നാം നിശ്ചയിക്കുന്നു. ഈ ദൃഷ്ടാന്തങ്ങൾകൊണ്ടും, കേവലം ഭൂയോദർശനംകൊണ്ടു മാത്രം നിയതത്വത്തിന്റെ ബോധമുണ്ടാകുന്നതല്ലെന്നുള്ളതിനു പുറമേ ഭൂയോദർശനം കൂടാതെ തന്നെ ഈവിധം ബോധം ഉണ്ടാകുന്നുവെന്നും സ്പഷ്ടമാകുന്നു.

9. ഈ യുക്തികൾക്കു ചില ആക്ഷേപങ്ങളും സമാധാനങ്ങളും താർക്കികന്മാർ പറയും. എന്നാൽ ആ ഭാഗങ്ങൾ ഒന്നും ഞാൻ വിവരിക്കണമെന്നു വിചാരിക്കുന്നില്ല. അവ ഒക്കെയും വാക്കുകളെക്കൊണ്ടുള്ള വഴക്കാണു്; അവസാനത്തിൽ വാക്കുകളെക്കുറിച്ചുള്ള അറിവു വർദ്ധിപ്പിക്കുന്നതിനല്ലാതെ, അവയെക്കൊണ്ടു യാതൊരു പ്രയോജനവുമില്ല. കാര്യകാരണസംബന്ധത്തെക്കുറിച്ചുള്ള വാദപ്രതിവാദങ്ങളൊക്കെയും വളരെ കാലത്തേക്കു കേവലം വാഗ്വാദങ്ങൾതന്നെ ആയിരുന്നു. ഇദാനീന്തനന്മാരായ ഇംഗ്ലീഷ് പണ്ഡിതന്മാർ പഴയ പദ്ധതിവിട്ടു നവീനമായി ഒരു വിവരണം ചെയ്തിട്ടുണ്ടു്.

10. ഒന്നാമതായി, കാരണം കാര്യത്തിന്റെ മുമ്പു വർത്തിക്കുന്നതായിരിക്കണം. രണ്ടും ഒരേ സമയത്തു വർത്തിക്കുന്നുവെങ്കിൽ നിയതമായി രണ്ടും ചേർന്നു കാണപ്പെടുന്നെങ്കിലും കാര്യകാരണസംബന്ധമില്ലെന്നുതന്നെ ഊഹിക്കാം. സ്വർണ്ണത്തിന്റെ നിറം മറ്റു പദാർത്ഥങ്ങൾക്കു ഒന്നിനും ഇല്ലെന്നു പ്രസിദ്ധമാണല്ലോ. വെള്ളംകൊണ്ടു തൂക്കിനോക്കിയാൽ സ്വർണ്ണത്തിനുള്ള ഘനം (Specific Cravity) മറ്റു

യാതൊരു പദാൎത്ഥത്തിനും ഇല്ല. എന്നാൽ നിറത്തിന്നും ഘനത്തിന്നും തമ്മിൽ കാൎയ്യകാരണസംബന്ധമുണ്ടെന്നു ഊഹിക്കാൻ പാടില്ല. പുരാണപണ്ഡിതന്മാരും ഈ തത്വത്തെ വിചാരിയ്ക്കുന്നുണ്ടെങ്കിലും, അതിൽനിന്നും മുമ്പോട്ടു ഒരടിപോലും അവർ ആശയം വച്ചിട്ടുള്ളതായി ഞാൻ അറിഞ്ഞിട്ടില്ല.

11. പ്രപഞ്ചം മുഴുവനും പരമാണുകളെക്കൊണ്ടും, അവയിൽ അന്തൎഭൂതമായിട്ടുള്ള ശക്തിയെക്കൊണ്ടും നിൎമ്മിക്കപ്പെട്ടിരിയ്ക്കുന്നു. പരമാണുക്കൾക്കാകട്ടെ, ശക്തിയ്ക്കാകട്ടെ, ഒരുകാലത്തും വൎദ്ധനവും ലയവുമില്ല. ഇപ്പോൾ എത്ര പരമാണുക്കൾ ഉണ്ടോ, അത്രയും എന്നുമുണ്ടായിരുന്നു എന്നും, ഇനിയും എന്നും ഉണ്ടായിരിയ്ക്കുമെന്നും ശാസ്ത്രജ്ഞന്മാർ തീൎച്ചപ്പെടുത്തിയിരിയ്ക്കുന്നു. അതുപോലെ തന്നെ, പലവിധത്തിലായി എത്രത്തോളം ശക്തി പ്രപഞ്ചത്തിലുണ്ടോ അത്രയും എന്നും ഉണ്ടായിരുന്നു. ഇനിയും എന്നും ഉണ്ടായിരിയ്ക്കുകയും ചെയ്യും. എന്നാൽ പരമാണുക്കളുടെ സംഘടനം പല പ്രകാരത്തിൽ ഉണ്ടാകയും പിന്നീടു മാറിമാറി വേറെ അനേകം വിധങ്ങളായി പരിണമിക്കയും ചെയ്യുന്നതുപോലെ ശക്തിയും അനേകം രൂപത്തിൽ മാറിമാറിക്കാണപ്പെടുന്നു. അഗ്നി, ശബ്ദം, തേജസ്സ്, വിദ്യുത്ത് മുതലായി പല ശക്തികൾ ഉള്ളവ ഒക്കെയും വാസ്തവത്തിൽ ഒന്നു തന്നെയാണ്. ഇച്ഛപോലെ ഒന്നിനെ മറ്റൊന്നാക്കാമെന്നു പ്രകൃതിശാസ്ത്രപണ്ഡിതന്മാർ ദൃഷ്ടാന്തങ്ങളെക്കൊണ്ടു കാണിയ്ക്കുന്നു. ഇങ്ങനെ വേഷം മാറുന്നതിൽ ഒട്ടുക്കുനോക്കിയാൽ ശക്തിയ്ക്കു കൂടുതലും കുറവും വരുന്നതല്ലെന്നും അളന്നും തൂക്കിയും എണ്ണിയും തീൎച്ചപ്പെടുത്തീട്ടുണ്ടു്. പ്രകൃതിശാസ്ത്രത്തിൽനിന്നും ലഭിച്ചിട്ടുള്ള ഈ തത്വത്തെ പാ

ശ്ലാഘ്യന്മാരായ താൎക്കികന്മാർ അനുമാനത്തിൻെറ സ്വഭാവം വിവരിയ്ക്കുന്നതിൽ ഉപയോഗപ്പെടുത്തിയിരിയ്ക്കുന്നു.

12. ഏതെങ്കിലും ഒരുവിധം ശക്തി മറെറാരുവിധമായി പരിണമിയ്ക്കുന്നെങ്കിൽ അവിടെ കാൎയ്യകാരണസംബന്ധം തീൎച്ചയായി ഉണ്ടെന്നും ഇല്ലെങ്കിൽ അത്ര സംശയമാണെന്നും, അവർ വിചാരിയ്ക്കുന്നു. സ്വൎണ്ണത്തിൻെറ നിറത്തിനും ഘനത്തിനും തമ്മിൽ ഇങ്ങനെ ശക്തിയുടെ പരിണാമം യാതൊന്നും കാണുന്നില്ല. നാളികേരം ഒരുദിക്കിൽ വീഴുന്നതിനും മറെറാരു ദിക്കിൽ ഒരു മനുഷ്യൻ മരിയ്ക്കുന്നതിനും തമ്മിൽ സംബന്ധമില്ലെന്ന് ഈ കാരണംകൊണ്ടു തന്നെ തീൎച്ചയായി അറിയാം. ഒരു മനുഷ്യൻെറ തലയിൽ തന്നെ നാളികേരം വീഴുന്നെങ്കിൽ, ഭൂമിയുടെ ആകൎഷണശക്തി ശബ്ദവും ചൂടും ഉണ്ടാക്കുന്നതിനു പുറമെ അവൻെറ തലയിലുള്ള പരമാണുക്കളുടെ സംഘടനശക്തിയെ ഭേദപ്പെടുത്തും. അതിൽ നിന്നു മരണം ഉണ്ടാകാം. ഒരു വിറകുകത്തി ഭസ്മം ആകുമ്പോളും, വെടിമരുന്നു തീപിടിച്ചു പൊട്ടുമ്പോളും, എന്നുവേണ്ട, കാൎയ്യകാരണസംബന്ധമുണ്ടെന്നു നിസ്സംശയമായി പ്രതീതി ഉണ്ടാകുന്ന സന്ദൎഭങ്ങളിലൊക്കെയും, ശക്തിയുടെ പരിണാമത്തെ, ശതാംശംപോലും തെററിപ്പോകാതെ പ്രകൃതിശാസ്ത്രജ്ഞന്മാൎക്കു ദൃഷ്ടാന്തപ്പെടുത്താൻ കഴിയും.

13. ഇതാണ് കാൎയ്യകാരണസംബന്ധത്തെ വിവരിയ്ക്കുന്നതിൽ നവീനമായ സമ്പ്രദായം. വിഷയഗൌരവം കൊണ്ടും, പ്രകൃതിശാസ്ത്രത്തിൻെറ അറിവ് ആവശ്യമുള്ളതുകൊണ്ടും, എൻെറ ചെറിയ വിവരണം വളരെ സ്പഷ്ടമല്ലായിരിക്കാം. ഈ അവ്യക്തത ഒഴിയ്ക്കാവുന്നതല്ലെന്നാണ് എൻെറ സമാധാനം. എന്നാൽ ഒരു സംഗതി സ്പഷ്ടമാ

യിരിക്കാമെന്നു ഞാൻ വിചാരിയ്ക്കുന്നു. അന്ധവിശ്വാസങ്ങളെപ്പററി ഒരു വാക്കു പ്രസംഗവശാൽ ഞാൻ പറഞ്ഞല്ലോ. രണ്ടു സംഗതികൾ തമ്മിൽ യാതൊരു സംബന്ധവുമില്ലാതെയിരിയ്ക്കുമ്പോൾ, ബുദ്ധിക്കുറവുകൊണ്ടു വല്ല സംബന്ധവുമുണ്ടായിരിക്കാമെന്നു വിശ്വസിയ്ക്കുന്നതിനേയാണ് അന്ധവിശ്വാസമെന്നു പറയേണ്ടത്. ഈ വിധം വിശ്വാസങ്ങളെ ഇല്ലാതെ ആക്കുന്നതിൽ കാൎയ്യകാരണവിവേചനം വളരെ ഉപയോഗപ്പെടുമെന്ന് എന്റെ ഉപന്യാസം കൊണ്ടു സ്പഷ്ടമായിട്ടുണ്ടെങ്കിൽ മമശ്രമം 'നിഷ്ഫലമല്ലകേവലം.'

---

൧൨. ജപ്പാൻകാരും ചക്രവൎത്തിയും.

കേരള സാഹിത്യ അക്കാദമി

കഴിഞ്ഞ മുപ്പതിൽ ചില്വാനം സംവത്സരങ്ങളായ ചുരുങ്ങിയ ഒരു കാലത്തിനകത്തു രാജ്യതന്ത്രവിഷയങ്ങളിലാകട്ടെ, വിദ്യാഭ്യാസവിഷയങ്ങളിലാകട്ടെ, വ്യവസായവിഷയങ്ങളിലാകട്ടെ, വേറെ ഏതെങ്കിലും വിഷയങ്ങളിലാകട്ടെ, സകല ജനങ്ങളേയും വിസ്മയബഹുമാനാകുലചിത്തന്മാരാക്കത്തക്കവണ്ണമായി ലോകത്തിലെ മററു യാതൊരു ജാതിക്കാരുടേതിലും താണു നില്ക്കാത്തതായ ഒരു മഹോൽകൎഷം സമ്പാദിയ്ക്കുകയും, വിശേഷിച്ചു യുദ്ധവിഷയത്തിൽ ലോകത്തിലെ സാമാന്യരാജാക്കന്മാരെയെല്ലാം കീഴൊതുക്കി നികുതിയും കപ്പവും വാങ്ങി അവക്കെല്ലാം മേൽകോയ്മകളായി വൎത്തിച്ചു പോരുന്ന പരമബലികളായ യൂറോപ്യൻമഹാകോയ്മകളുടെ കൂട്ടത്തിൽ അമിതബലിയാണെന്നു പേർകേട്ടു തങ്ങളോടുകൂടി ഇടയുന്ന കാൎയ്യത്തിൽ മററുള്ള കോയ്മകളെ ഏ

തൽക്കാലപൎയ്യന്തം ഭയാക്രാന്തന്മാരാക്കിത്തീൎത്തു ദൂരെ നിൎത്തിവെച്ചിരുന്ന ആ റഷ്യൻകോയ്മയെ ക്രൂസൽക്രൂടാതെ കടന്നു പിടിച്ചു യുദ്ധത്തിൽ വലിച്ചിറക്കി ഈ കഴിഞ്ഞ പതിനെട്ടുമാസമായി നടത്തിക്കൊണ്ടുവരുന്നതും, ഇപ്പോഴും അവസാനിച്ചിട്ടില്ലാത്തതുമായ ഭയങ്കരസമരത്തിൽ കഴിഞ്ഞേടത്തോളം കൊണ്ടു നോക്കിയാൽ, ഒരു രണാങ്കണത്തിലെങ്കിലും പരാജിതന്മാരാകാതെതന്നെ ശത്രുക്കളുടെ കരപ്പട പകുതിയിലധികവും നാവികസൈന്യം മുഴുവനും പൊടിഭസ്മമാക്കി ആ ശത്രുകോയ്മയെ 'മുക്രകുത്തിയ്ക്കു'ന്നതാക്കിവെച്ചു മായി സകല ജാതിക്കാരെയും അതിശയിക്കുന്നതായ ആ അത്യത്ഭുതബലവീൎയ്യപരാക്രമങ്ങളുടെ ഒരു മഹിമയെ പ്രദൎശിപ്പിയ്ക്കുകയും ചെയ്തുകൊണ്ടു ലോകം മുഴുവനും ഹറാൽക്കാരേണ വശീകരിച്ചു സകല ജനങ്ങളേയും അപഹൃതചിത്തവൃത്തികളാക്കി ചെയ്തിരിയ്ക്കുന്നവരും, പൂൎവ്വാബ്ധിയുടെ വടക്കഭാഗത്തു കിടക്കുന്ന ആ ദ്വീപാന്തരനിവാസികളും, വിഷ്ണുവിന്റെ ഒരു അവതാരമാണെന്നു നമ്മുടെ പുരാണങ്ങൾ ഘോഷിയ്ക്കുന്ന ശ്രീബുദ്ധമഹൎഷിയുടെ മതാനുയായികളും ആയ ആ ചെറിയ ജാതിക്കാരെയും അവരുടെ കൂട്ടത്തിലുള്ള ടോഗൊ, ഒയാമ, കുറോകി, ഓക്കു, നോഗി, നോസു മുതലായ ആ മഹാരഥന്മാരേയും പുത്രന്മാരിലെന്നപോലെ തന്റെ പ്രജകളിൽ തനിക്കുള്ള നിഷ്കളങ്കമായ വാത്സല്യത്താലും പിതാവിലെന്നപോലെ തന്നിൽ തന്റെ പ്രജകൾ നിൎവ്യാജഭക്തിസ്നേഹബഹുമാനങ്ങളാലും സൎവ്വദാ ശോഭിച്ചുകൊണ്ടു സൎവ്വഥാ 'മഹാബലി' എന്ന പേരിന്നു മതിയായ യോഗ്യത സമ്പാദിച്ച മഹാപുരുഷനായ ആ 'മികാഡോ' ചക്രവൎത്തിയേയും ഇക്കാലത്തു ദിവസേന ഒരു പ്രാവശ്യമെങ്കിലും ഓൎക്കാത്തവർ ആരാകുന്നു?

എന്നാൽ പ്രത്യേകിച്ച് ആ ജാതിക്കാരുടെ വാസ്ഥ്യജനകങ്ങളായ അനേകഗുണങ്ങളിൽവെച്ച് ആ അവസരത്തിൽ ജനങ്ങളുടെ അത്ഭുതപൂർവ്വമായ പ്രശംസയ്ക്കു അവരെ പാത്രമാക്കിത്തീർക്കുവാൻ തക്കവണ്ണം പുറത്തേയ്ക്കു പ്രകാശിച്ച ഒരു വിശേഷഗുണം അവരുടെ സദാചാരതൽപരതയാകുന്നു. ഈ ഗുണമാണ് അവരെക്കുറിച്ച യൂറോപ്യന്മാർക്ക് തോന്നുന്ന ഒരു ബഹുമാനത്തോടുകൂടികലെന്ന അസൂയയ്ക്കു അല്പം ശക്തികൂട്ടുവാൻ ഇടയാക്കിത്തീർത്തിട്ടുള്ളത്. യുദ്ധത്തിൽ തങ്ങളുടെ ന്യായമായ കാര്യസാദ്ധ്യത്തിനുവേണ്ടി ഏല്പിയ്ക്കാതിരിപ്പാൻ നിവൃത്തിയില്ലാത്ത കഷ്ടനഷ്ടങ്ങളും അസൌകര്യങ്ങളും അല്ലാതെ മററു യാതൊരു ദോഷവും യുദ്ധം നടക്കുന്ന പ്രദേശങ്ങളിലെ നിവാസികൾക്കെന്നുവേണ്ടാ, ശത്രുക്കൾക്കുകൂടി ചെയ്യാതെ ആർദ്രമനസ്സോടുകൂടി അവർ ഈ ഘോരയുദ്ധം നടത്തിവരുന്ന സമ്പ്രദായവും, എന്നാൽ ശത്രുക്കളുടെ അമർച്ച ചെയ്യുന്ന വിഷയത്തിൽ അവരെ ക്രൂരക്രൂരമായി യുദ്ധക്കളത്തിൽ വെച്ചു നശിപ്പിയ്ക്കുവാൻ വേണ്ടി അതിന്നു മാത്രം പ്രദർശിപ്പിയ്ക്കുന്നതും സർവോൽകൃഷ്ടമായ കർത്തവ്യകർമ്മജ്ഞാനത്തിൽ നിന്നു ജനിക്കുന്നതും ആയ ആ നിർദ്ദാക്ഷിണ്യവും അതിനോടു സർവ്വഥാ യോഗ്യമായ വിധത്തിൽ മേൽപ്രകാരമുള്ള കർത്തവ്യകർമ്മജ്ഞാനത്തിൽ നിന്നുതന്നെ ജനിയ്ക്കുന്ന വേറൊരു ഗുണമായ അമാനുഷധൈര്യത്തിന്റെ ഒരു വകഭേദമായി പറയേണ്ടതായ ആത്മനാശത്തിങ്കലുള്ള ആ അനാദരവും, നാഗരികത്വത്തിന്റെയും പരിഷ്കൃത സമ്പ്രദായങ്ങളുടേയും പരമകാഷ്ഠയെ പ്രാപിച്ചുനില്ക്കുന്നവരാണെന്നു മിഥ്യാ ഗർവുനടിയ്ക്കുന്നവരായ യൂറോപ്യന്മാരെ എത്രത്തോളം ലജ്ജിപ്പിച്ചിട്ടുണ്ടെന്നു പറവാൻ പ്രയാസം. രാജ്യപ്പരപ്പുകൊണ്ടും ജനബാഹുല്യം കൊണ്ടും മുതലെടുപ്പുകൊണ്ടും തങ്ങളെക്കാൾ എത്രയോ ഇരട്ടി വലിപ്പമുള്ള ഒരു

കോയ്മയോടു യുദ്ധം നടത്തി സകല രണാങ്കണങ്ങളിലും പ്രശംസാൎഹമായ വിജയപരമ്പരകൾ നേടിക്കൊണ്ടുപോന്ന ഇവർ കഴിഞ്ഞ മേയ് മാസാവസാനത്തിൽ കൊറിയൻ ഇടക്കടലിൽ വെച്ചു റൊഷ്യൻകോയ്മയുടെ നാവികബലം മുഴുവനും അഡ്മിറൽ ടോഗോ ഒലിച്ച് നാശാവശേഷമാക്കിയ വൎത്തമാനത്തോടുകൂടി വിജയത്താലുണ്ടാകുന്ന ചാപല്യസ്വഭാവമോ വല്ല ഗൎവ്വമോ പുറമേ കാണിക്കയാകട്ടെ ഇവർ വല്ല വാക്കു പറയുകയാകട്ടെ ഉണ്ടായിട്ടില്ലെന്നു കാണുമ്പോൾ അവരുടെ ബുദ്ധിയുടെ വിശാലതയും സ്വഭാവത്തിന്റെ ഉദാത്തതയും, മനസ്സിന്റെ ഗാംഭീൎയ്യവും ഏതുവിധത്തിലെത്തിയിരിക്കുന്നു എന്നു ബുദ്ധിശക്തിയുള്ളവർ ഊഹിച്ചുകൊള്ളട്ടെ.

ഒരു രാജ്യത്തിലുള്ള ജനങ്ങളെ ആകപ്പാടെ മേൽപ്രകാരം ഏതുവിധത്തിലും അഭിനന്ദിക്കത്തക്കതായ ഒരു ഉത്തമനിലയിൽ കൊണ്ടുവരുന്നതു പ്രയാസമാണെന്നുള്ളതിന്നു സംശയമില്ല. എന്നാൽ ഭരണകൎത്താക്കന്മാർ മിക്കാഡോ ചക്രവൎത്തിയെപ്പോലെയും റഷ്യാ ചക്രവൎത്തിയെപ്പോലെയല്ലാതെയും ബുദ്ധിപൂൎവ്വകമായും പ്രജകളിൽ സ്നേഹവാത്സല്യത്തോടുകൂടിയും രാജ്യപരിപാലനം ചെയ്യുന്നതായാൽ അതു അത്ര പ്രയാസമുള്ളതാണെന്നും തോന്നുന്നില്ല.

തന്റെ പ്രജകളിൽ വേണ്ടത്ര വിശിഷ്ടഗുണങ്ങളെ പരിപാലിച്ചു നിലനിൎത്തേണ്ടുന്നതിനു വേണ്ടി മിക്കാഡോ ചക്രവൎത്തി അവരുടെ വിദ്യാഭ്യാസവിഷയത്തിൽ കാൎയ്യമായി മനസ്സു വെയ്ക്കുന്നുണ്ട്. താനും തന്റെ പ്രജകളും ഒന്നാണെന്നു നിൎവ്യാജഭാവനയോടുകൂടി താൻ ചെയ്യുന്ന സകല ഏൎപ്പാടിലും നീതിന്യായമെന്നു അനുവൎത്തിച്ചു നടക്കുന്നുണ്ട്. ജനപ്രതിനിധികളുടെ അഭിപ്രായങ്ങളെ ആലോചിച്ചു നി

ഷ്കളങ്കമായ ഉപദേശം ചെയ്യാൻ യോഗ്യതയുള്ള മന്ത്രിമാരുടെ സഹായത്തോടുകൂടി ബുദ്ധിപൂർവ്വകമായ പ്രവൃത്തികൾ മാത്രമേ അദ്ദേഹം ചെയ്യുകയുള്ളൂ. അഭിപ്രായഭേദങ്ങൾ ഉണ്ടാകാവുന്ന കാര്യങ്ങളിൽ അഭിപ്രായഭേദങ്ങൾ ഉള്ളവരെ ന്യായങ്ങൾ സ്നേഹബുദ്ധ്യാ പറഞ്ഞു മനസ്സിലാക്കി അവൎക്കു ദോഷമുള്ള കാര്യങ്ങളിൽക്കൂടിയും അവർ ഒത്താശ ചെയ്യത്തക്കവണ്ണം അവരുടെ ആനുകൂല്യം സമ്പാദിയ്ക്കും. സ്വാൎത്ഥപരതയും ദുരഭിമാനവും മിഥ്യാഗർവ്വും ഇല്ലാത്ത എല്ലാ ഭരണകൎത്താക്കന്മാൎക്കും മേൽപ്രകാരം ന്യായമായ കാര്യങ്ങൾ സാധിയ്ക്കാവുന്നതാണെന്നു സൂക്ഷ്മം ആലോചിച്ചാൽ എല്ലാവൎക്കും അറിയാവുന്നതും ആകുന്നു. രാജാവു മേൽപ്രകാരമുള്ള ഒരു നീതിന്യായവിത്തും ധൎമ്മതല്പരനും ആയിരിക്കുമ്പോൾ 'യഥാരാജാ തഥാ പ്രജഃ' എന്ന ആപ്തവാക്യത്തിൽ അടങ്ങിയ തത്വത്തിന്റെ മാഹാത്മ്യം മികാഡോചക്രവൎത്തിയുടെ പ്രജകളിൽനിന്നും അന്യരാജ്യക്കാർ നല്ലവണ്ണം മനസ്സിലാക്കുവാൻ ഇടയായിട്ടുള്ളതിൽ എന്താണ് അത്ഭുതം? തന്റെ പ്രജകളിൽ സകല വൎഗ്ഗക്കാരും പരിശീലനം ചെയ്യുന്ന സദാചാരങ്ങളെല്ലാം ചക്രവൎത്തിയുടെ തിട്ടൂരങ്ങൾ മൂലം ഓരോ വൎഗ്ഗക്കാരും അനുസരിക്കേണ്ടതാണെന്നു ആജ്ഞാപിക്കപ്പെട്ടിട്ടുള്ളവയാണ്. ജനനംമുതൽ മരണംവരെ ഓരോരുത്തൎക്കും അവരവരുടെ കൎത്തവ്യകൎമ്മങ്ങൾ ഇന്നിന്നവയാണെന്നു ഓരോ തിട്ടൂരങ്ങൾ മൂലം ചക്രവൎത്തി ചെയ്തിട്ടുള്ളതും ചെയ്യുന്നതും ആയ ആജ്ഞാപനങ്ങളുടെ ധ്വനി ഏതു കാലത്തും എവിടേയും അവരുടെ ചെവിയിൽ പതിയത്തക്കവണ്ണം എല്ലാത്തരം വിദ്യാഭ്യാസവിഷയങ്ങളിലും തദനുരൂപങ്ങളായ ഏൎപ്പാടുകൾ ചെയ്തിട്ടുണ്ടു്. പ്രാഥമികവിദ്യാഭ്യാസം ചെയ്യുന്ന കുട്ടികൾക്കും ഉയൎന്നതരം വിദ്യാഭ്യാസം ചെയ്യുന്ന യുവാക്കൾക്കും, വ്യവസായകന്മാൎക്കും രാജ്യത്തിലുള്ള എല്ലാത്ത

രം ഉദ്യോഗസ്ഥന്മാൎക്കും, പടയാളികൾക്കും, പിതൃമാതൃഭ്രാതൃപുത്രകളത്രാദികൾക്കും എന്നുവേണ്ട പ്രജകളിൽ ഉള്ള എല്ലാത്തരം ആളുകൾക്കും അവരവർ ഏൎപ്പെടുന്ന വിഷയങ്ങളിൽ ഉത്തമസ്ഥാനം സമ്പാദിച്ച് ഓരോരുത്തൎക്ക് അനുയോജ്യങ്ങളായ പൌരുഷഗുണങ്ങൾ പ്രകാശിക്കുവാൻ തക്കവണ്ണം മേല്പറഞ്ഞ രാജശാസനങ്ങളെ അടിസ്ഥാനമാക്കി സദാചാരോപദേശങ്ങൾ ചെയ്യുന്ന പുസ്തകങ്ങളും പത്രികകളും പ്രസംഗങ്ങളും ജപ്പാൻരാജ്യത്തു ഏതു പ്രദേശത്തു പോയാലും കാണുകയും കേൾക്കുകയും ചെയ്യാവുന്നതാണത്രെ. കൂടക്കൂടെ പ്രസിദ്ധപ്പെടുത്തുന്ന ഈ വക ആജ്ഞാപനങ്ങളുടെ സ്വഭാവം അറിവാൻ വേണ്ടി അനേക തിട്ടൂരങ്ങളുള്ളതിൽ പൊതുജനങ്ങളെ ഉദ്ദേശിച്ചും തന്റെ സൈന്യങ്ങളെ ഉദ്ദേശിച്ചും ചക്രവൎത്തി പ്രസിദ്ധപ്പെടുത്തീട്ടുള്ള രണ്ടു തിട്ടൂരങ്ങളുടെ തൎജ്ജമ താഴെ ചേൎക്കുന്നു.

(1) *

നമ്മുടെ പ്രജകൾക്ക്.

നമ്മുടെ പ്രജകൾ എല്ലാവരും അവരുടെ മാതാപിതാക്കന്മാരോട് അനുസരണശീലമുള്ളവരായും അവരുടെ സഹോദരസഹോദരിമാരോടു സ്നേഹമുള്ളവരായും ഇരിക്കേണമെന്നാകുന്നു നമ്മുടെ ആഗ്രഹം. ഭാൎയ്യാഭൎത്താക്കന്മാർ അന്യോന്യം പ്രണയമുള്ളവരായിരിക്കേണം. സ്നേഹിതന്മാർ പരസ്പരവിശ്വാസത്തോടുകൂടിയിരിക്കേണം. എല്ലാ

* Nineteenth Century and after എന്ന ഇംഗ്ലീഷ് മാസികയിൽ ജപ്പാനിലെ ഒരു പ്രഭുവായ Baron Suyematsu എന്ന വിദ്വാൻ ജപ്പാൻ ചക്രവൎത്തിയെപ്പറ്റി എഴുതീട്ടുള്ള ഒരു ലേഖനത്തിൽ നിന്നാണ് ഈ തിട്ടൂരങ്ങൾ എടുത്തിരിക്കുന്നതു്.

വരും ആത്മസംയമനവും സത്യസന്ധതയും പരിശീലിക്കേണം. ബഹുജനക്ഷേമതല്പരത എല്ലാവക്കും വേണം. എല്ലാവരും ജ്ഞാനം വദ്ധിപ്പിച്ചും, വൃത്തികളെ ക്രമപ്പെടുത്തിയും, ബുദ്ധിശക്തികളെ പോഷിപ്പിച്ചും, മനുഷ്യന്നു സത്തായും ഉപകാരപ്രദങ്ങളായും ഉള്ള ഗുണങ്ങളെ ഉൽകഷപ്പെടുത്തിയും വത്തിക്കേണം. ബഹുജനക്ഷേമം വദ്ധിപ്പിപ്പാനും ജനസമുദായത്തിന്നു ഗുണപ്രദങ്ങളായ പ്രവൃത്തികളെ ചെയ്തു ലോകം മുഴുകെ പ്രകാശമുണ്ടാക്കുവാനും നിങ്ങൾ ശ്രമിക്കേണം. രാജ്യഭരണത്തിന്റെ അടിസ്ഥാനം ഇളകാതെ സ്നേഹപുരസ്സരം സൂക്ഷിക്കയും രാജ്യത്തിലെ നിയമങ്ങളെ ബഹുമാനപുരസ്സരം അനുസരിക്കുകയും വേണം. ഏതവസരത്തിലും പൊതുജനക്ഷേമത്തിന്നായി കഴിയുന്നതെല്ലാം പ്രവത്തിക്കുകയും നീതിന്യായം നിലനിത്തുന്ന കാര്യത്തിൽ സ്വേച്ഛയായി നിങ്ങളുടെ പൌരുഷവും ധൈര്യവും പ്രദശിപ്പിക്കുകയും ആകാശവും ഭൂമിയുംഉള്ള കാലം നിലനിൽക്കുന്ന നിങ്ങളുടെ രാജവംശത്തെ നിലനിത്തി ക്ഷേമാഭിവൃദ്ധിയുണ്ടാക്കുകയും വേണം. മേൽപ്രകാരം ചെയ്താൽ നിങ്ങൾ രാജഭക്തിയുള്ളവരും ഉത്തമഗുണവാന്മാരും ആയ പ്രജകളായിത്തീരുന്നതിന്നു പുറമെ നിങ്ങളുടെ ഗുരുകാരണവന്മാരുടെ അതിപ്രശോഭിതങ്ങളും അത്യുത്തമങ്ങളും ആയ ഗുണങ്ങളുടെ ഇരിപ്പിടങ്ങളായിത്തീരുന്നതുമാകുന്നു.

(2)

നമ്മുടെ സൈന്യങ്ങൾക്കു.

യോദ്ധാക്കളായ നിങ്ങളുടെ പരമാധികാരമുള്ള നായകൻ നാമാകുന്നു എന്നു മനസ്സിലാക്കുക. നമ്മുടെ കൈകളും കാലുകളും നിങ്ങളാകുന്നു എന്നു നാം വിശ്വസിക്കുന്നതു പോലെ നിങ്ങളുടെ കഴുത്തും തലയും നിങ്ങളുടെ ചക്രവ

ത്തിയായ നാം ആകുന്നു എന്നു നിങ്ങൾ വിചാരിക്കണം. എന്നാൽ നമ്മൾക്കു പരസ്പരം ഉള്ള സ്നേഹത്തിന്നു മതിയായ അഗാധത ഉണ്ടാകുന്നതാകുന്നു. പരമോൽകൃഷ്ടമായ ദൈവത്തിന്റെ അനുഗ്രഹം മിത്ഥ്യയാകാതിരിക്കത്തക്കവെണ്ണവും നമ്മുടെ അതിവിശിഷ്ടന്മാരായ ഗുരുകാരണവന്മാർ, നമുക്കു ചെയ്തിട്ടുള്ള അമിതഗുണങ്ങൾക്കു തക്ക പ്രതിഫലം ചെയ്തു നാം സൽപാത്രമായി തിരത്തക്കവെണ്ണവും നമ്മുടെ രാജ്യത്തെ പരിപാലനം ചെയ്വാൻ നാം ശക്തനാകുമോ അല്ലയോ എന്ന സംഗതി യോദ്ധാക്കളായ നിങ്ങൾ നിങ്ങളുടെ കൎത്തവ്യകൎമ്മം ശരിയായി നടത്തുമോ ഇല്ലയോ എന്ന സംഗതിയെ ആശ്രയിച്ചാണ് നില്ക്കുന്നത്. നമ്മുടെ സാമ്രാജ്യത്തിന്റെ ശ്രേയസ്സിനു വല്ല ഹാനിയും സംഭവിക്കുന്ന പക്ഷം അതിനാൽ ഉണ്ടാകുന്ന മനോവേദനയിൽ നമ്മോടുകൂടി നിങ്ങൾ പങ്കുകൊള്ളുവാനുള്ളതും നിങ്ങളുടെ ബലവീൎയ്യപരാക്രമങ്ങൾകൊണ്ട് ലോകം മുഴുവനും ശോഭിക്കുന്ന പക്ഷം അതിനാലുണ്ടാകുന്ന ശ്രേയസ്സിൽ നിങ്ങളോടുകൂടി നാം പങ്കുകൊള്ളുവാനുള്ളതും ആകുന്നു. നിങ്ങൾ നിങ്ങളുടെ കൎത്തവ്യകൎമ്മം ശരിയായി ചെയ്കയും നമ്മോടുകൂടി ഏകമനസ്സായി നിന്നു രാജ്യരക്ഷയ്ക്കു വേണ്ടി നിങ്ങളുടെ ശക്തി ഉപയോഗിക്കുകയും ചെയ്താൽ നമ്മുടെ സാമ്രാജ്യത്തിലെ ജനങ്ങൾ എന്നെന്നേക്കും സമാധാനവും ഭാഗ്യവും ഉള്ളവരായിരിക്കുകയും നമ്മുടെ സാമ്രാജ്യത്തിന്റെ ശോഭ വൎദ്ധിക്കുകയും ആ ശോഭ ലോകത്തിന്നു സന്മാൎഗ്ഗദൎശിനിയായ ഒരു വിളക്കായി പരിണമിക്കുകയും ചെയ്യുന്നതാകുന്നു. നമ്മുടെ പടയാളികളെ! നിങ്ങളെപ്പററി നാം അമിതമായി ആശപ്പെടുന്നതുകൊണ്ട് നിങ്ങളോടു പ്രത്യേകമായി ഇനിയും ചില ആജ്ഞാപനങ്ങൾ ചെയ്വാനുണ്ട്. നിങ്ങൾ താഴെ പറയുന്ന അഞ്ചുവക ഗുണങ്ങൾ പ

രിശീലിയ്ക്കണം. (1) രാജഭക്തിയും സ്വരാജ്യാഭിമാനവും (2) മൎയ്യാദയും ദയയും (3) ധൈൎയ്യവും വീൎയ്യവും (4) വിശ്വാസവും ഉറപ്പും (5) മിതവൃത്തിയും അനഹങ്കാരവും *

* * *

'മേലുദ്യോഗസ്ഥന്മാർ കീഴുദ്യോഗസ്ഥന്മാരുടെ നേരെ ഗർവോട്ടുകൂടി വൎത്തിയ്ക്കരുതു്. എല്ലാ കാൎയ്യങ്ങളും സശ്രദ്ധമായും സദയമായും ആലോചിച്ചു തീൎച്ചപ്പെടുത്തണം. എല്ലാ പ്രവൃത്തികൾക്കും നിസൎഗ്ഗസിദ്ധമായ അടിസ്ഥാനം ദയയാകുന്നു. അതുകൊണ്ടു മേലുദ്യോഗസ്ഥനും കീഴുദ്യോഗസ്ഥനും ഏകമനസ്സായി നിന്നാൽ സാമ്രാജ്യവിഷയകാൎയ്യങ്ങളെ തൃപ്തികരമാകുംവണ്ണം നടത്തുവാൻ കഴിയും.'

മേൽപ്പടി തിട്ടൂരങ്ങളിലെ ആജ്ഞാപനങ്ങളുടെ സമ്പ്രദായവും രീതിയും നോക്കിയാൽ അവ ഒരു പിതാവു തനിക്കു പ്രാണസ്നേഹമുള്ള പുത്രന്മാരോടു വാത്സല്യപൂൎവ്വം ചെയ്യുന്ന ഉപദേശങ്ങളെന്നല്ലാതെ റഷ്യാചക്രവൎത്തിയെപ്പോലുള്ള രാജാക്കന്മാർ തങ്ങളുടെ കാലിന്റെ അടിയിൽ ഇട്ടു ചവിട്ടേണ്ടവരാണെന്നു വിചാരിക്കുന്ന പ്രജകളെപ്പോലുള്ളവൎക്കു ഒരു ചക്രവൎത്തി ആത്മാധികാരപ്രകടനത്തിന്നുവേണ്ടി മാത്രം കൊടുക്കുന്ന കല്പനകളാണെന്നു ആരെങ്കിലും വിചാരിക്കുമോ? രാജാവും പ്രജകളും തമ്മിലുള്ള ഈ ആന്തരമായ ഐകമത്യമാണു ജപ്പാൻരാജ്യത്തെ മററു സകലരാജ്യങ്ങളിൽനിന്നും വേറിട്ടുള്ളതായ ഇപ്പോഴത്തെ ഒരു ഉയൎന്ന നിലയിൽ കൊണ്ടുവന്നിട്ടുള്ളതു് എന്നാണു സൂക്ഷ്മജ്ഞന്മാർ അഭിപ്രായപ്പെടുന്നതു്. രാജാവു പ്രജകളുടേയും രാജ്യത്തി

---

* മേൽപ്രകാരം ജോടിചേൎന്നു പോകുന്ന ഓരോ വക ഗുണങ്ങളുടെ പരിശീലനം കൊണ്ടുണ്ടാകുന്ന നന്മകളെ തിട്ടൂരത്തിൽ സവിസ്തരമായി പ്രസംഗിക്കുന്നു, ആ ഭാഗമാണു് ഇവിടെ വിട്ടിരിക്കുന്നതു്.

ൻേറയും ക്ഷേമത്തിന്നുവേണ്ടി രാജ്യഭാരം ഏറ്റിരിക്കുന്നു. പ്രജകൾ രാജ്യത്തിൻേറയും രാജാവിൻേറയും ശ്രേയസ്സിന്നു വേണ്ടി ജീവിയ്ക്കുന്നു. ഇങ്ങനെയാണ് അവരുടെ ഭാവം. ചുരുക്കിപ്പറയുന്നതായാൽ സ്വാതന്ത്ര്യരാഹിത്യത്തിൽ വേരുറച്ചു കിടക്കുന്ന സ്നേഹബുദ്ധ്യാ ചെയ്യുന്ന പ്രവൃത്തികൾകൊണ്ടല്ലാതെ സ്വാതന്ത്ര്യത്തിൽനിന്നു ജനിയ്ക്കുന്ന ദ്വേഷബുദ്ധ്യാ ചെയ്യുന്ന പ്രവൃത്തികൾകൊണ്ടു രാജാക്കന്മാർ പ്രജകളെ ക്ഷേമകരമാംവണ്ണം പരിപാലിപ്പാനോ, മേലധികാരികൾക്കു കീഴുദ്യോഗസ്ഥന്മാരെ തൃപ്തികരമാംവണ്ണം പണിയെടുപ്പിപ്പാനോ, പടനായകന്മാർക്കു പടയാളികളെ അനുസരണമുള്ള വീരന്മാരാക്കിത്തീർപ്പാനോ, പിതാക്കന്മാർക്കു പുത്രന്മാരെ ഉത്തമഗുണവാന്മാരാക്കിത്തീർപ്പാനോ, എന്നു വേണ്ട ഒരു രാജ്യത്തിലെ രാജാവടക്കമുള്ള സകല ജനങ്ങളും ഏകമനസ്സോടുകൂടി അവരവരുടെ കർത്തവ്യകർമ്മങ്ങൾ ഉത്തമരീത്യാ നടത്തി രാജ്യം പുഷ്ടിയെ പ്രാപിക്കത്തക്കവണ്ണം അതിൽ പരസ്പരം വിരോധങ്ങളായി തോന്നാവുന്ന അനേകമായ ശക്തികളെ എല്ലാം കൂട്ടി ഇണക്കി ആ രാജ്യത്തെ ഉപര്യുപരി ശ്രേയസ്കരമായ മാർഗ്ഗത്തിൽകൂടി നയിപ്പിയ്ക്കുവാനാവശ്യമായ ആ സംയോജ്യതയുണ്ടാക്കുവാനോ സാധിക്കുന്നതല്ലെന്നു ഈ അവസരത്തിൽ കണ്ണും ചെവിയും ഉള്ള സകല ജനങ്ങളും കണ്ടുംകേട്ടും പഠിക്കുവാൻ വേണ്ടി ജപ്പാൻകാർ ലോകം മുഴുവനും പ്രസിദ്ധപ്പെടുത്തുന്ന പത്രികകളാകുന്നു ഇപ്പോൾ നടക്കുന്ന യുദ്ധത്തിൽ അവർ സമ്പാദിക്കുന്ന എല്ലാവിജയങ്ങളും.

൰൨. ഉച്ചാരണം.

എല്ലാ ഭാഷകളിലും ശബ്ദങ്ങളെ വ്യക്തമായി ഉച്ചരിക്കേണ്ടത് അത്യാവശ്യമാകുന്നു. അസ്പഷ്ടമായി ഉച്ചരിക്കപ്പെടുന്ന ശബ്ദം ഒരു മങ്ങിയ ദീപമെന്നപോലെ പദാൎത്ഥങ്ങളെ വേണ്ടുംവണ്ണം പ്രകാശിപ്പിക്കയില്ല. ഓരോ ഭാഷയ്ക്കും ഉച്ചാരണവിഷയത്തിൽ ഓരോ വിധം വൈലക്ഷണ്യമുണ്ട്. എന്നാൽ ഭാഷകളുടെ ബാല്യകാലത്താണ് വൈലക്ഷണ്യങ്ങൾക്കെല്ലാം പ്രാബല്യം. മനുഷ്യന്റെ ശരീരാവയവങ്ങൾക്കെന്നപോലെ ഭാഷയുടെ ഉച്ചാരണങ്ങൾക്കും ഒരന്തവും ചന്തവും വൃത്തിയും വെടിപ്പും തികവും വടിവും എല്ലാം ജനിക്കുന്നതു താരുണ്യാരംഭത്തിലേ ഉള്ളൂ. സംസാരിക്കുന്ന ജനങ്ങളുടെ മുഖങ്ങളിൽ ശബ്ദരൂപേണ നിൽക്കുന്നതിനു പുറമേ ശബ്ദങ്ങളെ വരകളെക്കൊണ്ടു കുറിച്ചു ലിപിരൂപേണ എഴുതിസൂക്ഷിക്കാവുന്ന നിലയിൽ വന്നതിനു മേലെ ഒരു ഭാഷ പ്രൌഢസ്ഥിതിയിൽ പ്രവേശിച്ചതായി പറഞ്ഞുകൂടൂ. ഈ അവസ്ഥയ്ക്കു മുമ്പു ഉച്ചാരണങ്ങളെല്ലാം പ്രതിദിനം പ്രതിഗ്രാമവും ഭേദിച്ചുകൊണ്ടിരിക്കും.

ഉദാഹരണത്തിന് ഏറെ ദൂരെ തേടേണ്ടതില്ല. സംസ്കൃതത്തിന്റെ പുരാതനാവസ്ഥയെ നോക്കുക. വൈദികസംസ്കൃതമെന്നും ലൌകികസംസ്കൃതമെന്നും സംസ്കൃതത്തിനു രണ്ടുവകഭേദമുണ്ട്. വേദങ്ങളിലും ബ്രാഹ്മണങ്ങളിലും കാണുന്ന ഭാഷയാണു വൈദികസംസ്കൃതം; കാളിദാസാദികവികൾ ഉപയോഗിച്ചിരിക്കുന്നതു ലൌകികം. ഓരോ വേദത്തിനും വിലക്ഷണങ്ങളായ ചില ഉച്ചാരണങ്ങളുണ്ട്:—ഋഗ്വേദത്തിൽ ഡകാരത്തെ ളകാരമായും, ഢകാര

ത്തെ ള്‌ഹകാരമായും ഉച്ചരിക്കണം; യജുസ്സിൽ 'തഃ പചതി' എന്നതിനെ 'കഫ്‌പചതി' എന്ന വിസർഗ്ഗത്തിന് ഇംഗ്ലീഷിലെ F എന്ന അക്ഷരത്തിന്റെ ഉച്ചാരണം, വേണം; അതുപോലെ അനുസ്വാരത്തെ 'ഗ്ം' എന്നപോലെ ശബ്ദിക്കണം. 'അഗ്നി' മുതലായ ശബ്ദങ്ങളിൽ ഗകാരത്തിനു മുമ്പേ ഒരു വിശേഷപ്പെട്ട ശബ്ദം കേൾപ്പിക്കണം. ഈ വക വൈലക്ഷണ്യങ്ങളെ എല്ലാം നമ്മുടെ പൂർവികന്മാർ വേദത്തിനുള്ള ശ്രദ്ധാധിക്യത്താൽ ക്ലിപ്തപ്പെടുത്തി പരിശോധിച്ച് ഉച്ചാരണശാസ്ത്രങ്ങളെഴുതീട്ടുണ്ട്. ഇവയ്ക്കു പ്രാതിശാഖ്യങ്ങളെന്നു പേർ പറയുന്നു. പ്രതിശാഖം, (=ശാഖതോറും) ഉള്ളത്, എന്നുള്ള അതിന്റെ വ്യുൽപത്തി ഓരോ ശാഖകളിലും ഉച്ചാരണഭേദങ്ങളുണ്ടായിരുന്നുവെന്നു 'നമ്മോട്' വിളിച്ചു പറയുന്നു. ലൌകികസംസ്കൃതത്തിൽ ഈ വക അവ്യവസ്ഥകൾ യാതൊന്നുംതന്നെ ഇല്ല.

പ്രൌഢാവസ്ഥയെ പ്രാപിച്ച ഭാഷയെ ഉച്ചരിക്കുന്നതിൽ അക്ഷരവ്യക്തിക്കു പുറമേ ദൃഷ്ടിവയ്ക്കേണ്ടുന്ന മറ്റൊരിനം ഇംഗ്ലീഷിൽ അക്സെന്റ് accent എന്നു പറയുന്ന യത്നഭേദമാകുന്നു. ഒരു പദത്തിൽ അനേകം അക്ഷരമുണ്ടായിരുന്നാൽ എല്ലാറ്റിനേയും ഉച്ചരിക്കുന്നത് ഒരേ ബലത്തിലല്ല; പ്രധാനപ്പെട്ട അക്ഷരത്തെമാത്രം ഒരു തീവ്രമായ യത്നത്തോടുകൂടി ശബ്ദിക്കണം. വിഭക്തികളിലും മററും ഒരേ പ്രകൃതിയിൽ പല പ്രത്യയങ്ങൾ ചേരുകയാണ്. അപ്പോൾ ആ വിഭക്ത്യന്തങ്ങളെ ആ പ്രകൃതിയുടെ രൂപഭേദങ്ങളെന്നു പറയുന്നു. ഇതിൽ പ്രകൃതി ഭേദിക്കാത്തതാകയാൽ പ്രധാനമെന്നും പ്രത്യയങ്ങൾ അപ്രധാനങ്ങൾ എന്നും വരുന്നു. ഈ മാതിരി സ്ഥലങ്ങളിൽ പ്രകൃതിയെ അധികം ബലപ്പെടുത്തിയും ശേഷമക്ഷരങ്ങളെബലം

കുറച്ചും ഉച്ചരിയ്ക്കണം. ഇതാണ് യത്നഭേദം. ഇതു മലയാളത്തിലില്ല. ഇംഗ്ലീഷുമുതലായ യൂറോപ്പിലെ ഭാഷകളിൽ ഇതിനു വളരെ പ്രാധാന്യമുണ്ട്. യത്നം ഒരു സ്വരത്തിൽനിന്നു മറെറാരു സ്വരത്തിലേയ്ക്കു മാറുന്നതുകൊണ്ട് ഇംഗ്ലീഷിൽ നാമം ക്രിയയായി മാറുകമാത്രമല്ല, അൎത്ഥംതന്നെ ചിലപ്പോൾ ഭേദിച്ചുപോകുമെന്നു വായനക്കാരിൽ ആംഗലവിദ്യ അഭ്യസിച്ചവൎക്ക് അറിയാമല്ലോ. ഈ യത്നഭേദമെന്നതു് ഇല്ലെങ്കിലും സംസ്കൃതത്തിൽ ഇതിന്റെ സ്ഥാനത്തു വേറെ ഒരു വിശേഷവിധിയുണ്ട്. സംസ്കൃതപദങ്ങളെ ഉച്ചരിയ്ക്കുമ്പോൾ അക്ഷരങ്ങൾക്കെല്ലാം ഒരേ സ്ഥായിപോരാ; പ്രധാനഭാഗത്തെ ഉയൎന്ന സ്ഥായിയിലും അപ്രധാനഭാഗത്തെ താണസ്ഥായിയിലും ഉച്ചരിയ്ക്കണം. ഒരു ശ്രുതിവച്ചുംകൊണ്ടു് പ്രധാനത്തെ മേൽസ്വരത്തിലും അപ്രധാനത്തെ കീഴ്സ്വരത്തിലും ആണുച്ചരിക്കുന്നതു. ഇതിന് ഉദാത്താനുദാത്ത സ്വരിതങ്ങൾ എന്നു മൂന്നു മാതിരിയിലുള്ള 'സ്വരം' എന്നുപേർ പറയുന്നു. സ്വരഭേദംകൊണ്ടു അൎത്ഥഭേദവും വരും. ഇപ്പോൾ 'ലോകനാഥൻ' എന്നുപറഞ്ഞാൽ അതു ലോകത്തിന്റെ നാഥൻ എന്നു തൽപുരുഷനും, ലോകം നാഥനായിട്ടുള്ളവൻ എന്നു ബഹുവ്രീഹിയും ആവാം. ഈ മാതിരി സ്ഥലങ്ങളിൽ സമാസഭേദത്തെ കാണിയ്ക്കുന്നതു സ്വരഭേദമാകുന്നു. ഈ ഭേദമാലോചിയ്ക്കാതെ ഒരാൾ യാഗംചെയ്യുമ്പോൾ 'ഇന്ദ്രശത്രോ വൎദ്ധസ്വ' എന്ന മന്ത്രത്തിലെ ഇന്ദ്രശത്രു' എന്ന സമാസത്തിന്റെ സ്വരം പിഴച്ചുച്ചരിയ്ക്കയാൽ വിപരീതഫലം ലഭിച്ചു എന്നു ഒരു ഉപാഖ്യാനവും പറയാറുണ്ട്. എന്നാൽ പാണിനി ലോകത്തിലും സ്വരംവിധിയ്ക്കുന്നുണ്ടെങ്കിലുംലൌകികസംസ്കൃതത്തിൽ സ്വരം ലുപ്തമായിപ്പോയി. ലോപിയ്ക്കാനുള്ള കാരണം ശ്രമവൈമുഖ്യവും കവികളുടെ ശ്ലേഷഭ്രമവും

ആയിരിയ്ക്കാം. ഇവിടെ ദൃഷ്ടാന്തത്തിന്നു കാണിച്ച 'ലോക നാഥ' ശബ്ദത്തെത്തന്നെ ഒരു കവി ഇപ്രകാരം പ്രയോഗി ച്ചിരിയ്ക്കുന്നു.

'അഹം ചതുശ്ച രാജേന്ദ്ര ലോകനാഥാവുഭാവപി
ബഹുവ്രീഹിരഹം രാജൻ ഷഷ്ഠീതൽ പുരുഷോഭവാൻ.'

ആദികാലത്തിൽ ഇംഗ്ലീഷിലെപ്പോലെ യത്നഭേദ വും സംസ്കൃതത്തിൽ ഉണ്ടായിരുന്നിരിയ്ക്കാം. 'ഭോയച്യുത' എന്നിടത്തെ യകാരത്തെയും മററു ചിലേടത്തെ വകാര ത്തേയും ലഘുപ്രയത്നമായുച്ചരിയ്ക്കണമെന്നു ശാകടായനൻ അഭിപ്രായപ്പെട്ടുന്നുണ്ടെന്നു പാണിനി ഒരു സൂത്രം (വ്യോർ ല്ലഘുപ്രയത്നതരഃ ശാകടായനസ്യ) വിധിച്ചുകാണുന്നു. മ റെറങ്ങും ഈ സംഗതിയെ പാണിനി ഗണിച്ചുകാണാത്ത തിനാൽ പാണിനിയ്ക്കു മുമ്പുതന്നെ യത്നഭേദം എന്നതു സംസ്കൃതത്തിൽ ക്ഷയിച്ചിരിയ്ക്കണം.

ഇനി ഒരു ഭാഗം ആലോചിപ്പാനുള്ളതു് ഉച്ചാരണസ മ്പ്രദായം, ധ്വനി അല്ലെങ്കിൽ ഈണം ആകുന്നു. ഓരോ ഭാഷക്കാൎക്കും ഉച്ചരിയ്ക്കുന്നതിൽ ഓരോ വിശേഷവിധികളു ണ്ടു്. അതിനാലാണു ഒരു തമിഴൻ മലയാളം സംസാരി ക്കുമ്പോൾ അതിൽ 'തമിഴ്ച്ചൊവ' ഉണ്ടെന്നു നാം പറയു ന്നതു്. ഇതുപോലെ നാം സംസാരിക്കുന്ന ഇംഗ്ലീഷിൽ എന്തോ ഒരു ചൈതന്യക്കുറവുണ്ടെന്നു ഇംഗ്ലീഷുകാർ പറ യും. ഒരക്ഷരം രണ്ടുഭാഷകളിൽ തുല്യമായിരിക്കും. എ ങ്കിലും അതിനെ ഉച്ചരിക്കുന്നതു അതാതു ഭാഷയുടെ സമ്പ്ര ദായത്തിനനുരൂപമായിവേണം. ഖരങ്ങൾ എന്നു പറയു ന്ന കചടതപങ്ങൾ തമിഴിലും മലയാളത്തിലുമുണ്ടു്. എ ന്നാൽ തമിഴർ അവയെ മലയാളികളെപ്പോലെ പൂൎണ്ണഖര ങ്ങളായുച്ചരിയ്ക്കാതെ അവയ്ക്കു ഖരങ്ങളുടേയും മൃദുക്കളുടേയും

(ഗജഡദബ) മദ്ധ്യേയുള്ള ഒരു ശബ്ദം കൊടുക്കുന്നു. അതിനാലാണു തമിഴിലെ 'പംകുനി' എന്ന മാസ സംജ്ഞയെ ഇംഗ്ലീഷിൽ എഴുതുമ്പോൾ (Panguny) എന്നു 'ഗു' കാണുന്നതു്.

ഒരു ഭാഷയിലുള്ള അക്ഷരമാലയുടെ സ്വഭാവഭേദവും ആ ഭാഷ സംസാരിക്കുന്നവരുടെ ഉച്ചാരണസൌകര്യത്തിനു നിയാമകമായിത്തീരും. മനുഷ്യന്റെ നാവിൽ നഴയുന്ന അക്ഷരങ്ങളിൽ മിക്കവയും ഉപയോഗിക്കുന്ന ഒരു ഭാഷയെ സംസാരിക്കുന്നവർക്കു ഏതു വിദേശഭാഷയും അഭ്യസിക്കുന്നതിനും ശ്രമം കാണുകയില്ല. ഈ സംഗതിയിൽ മലയാളികൾ ഭാഗ്യവാന്മാരാണു്. ആര്യദ്രാവിഡഭാഷകൾ രണ്ടിലും ഉള്ള അക്ഷരങ്ങൾ മലയാളത്തിൽ ചേർന്നിട്ടുള്ളതിനാൽ കേരളീയാക്ഷരമാല പരിപൂർണ്ണപ്രായമാണെന്നു പറയാം. നാം കേട്ടിട്ടുള്ള ഉച്ചാരണങ്ങളിൽ ഒന്നോ രണ്ടോ മാത്രമേ മലയാളത്തിലില്ലാതെ ഉള്ളൂ. മലയാളികളുടെ ഉച്ചാരണസാമർത്ഥ്യം പാശ്ചാത്യവൈയാകരണന്മാർക്കു് അനുഭവസിദ്ധവുമാണു്.

ഭാഷകളുടെ വൈലക്ഷണ്യങ്ങൾ അതുകളെ ഉപയോഗിക്കുന്ന ജനസമുദായത്തിന്റെ ഉച്ചാരണശക്തിയെത്തന്നെ പ്രായേണ ബാധിക്കുന്നു. ബംഗാളികൾ വകാരമെല്ലാം ബകാരമാക്കും. ഈ സംഗതി ധരിച്ചിരുന്നിട്ടും എനിക്കു ഒരിക്കൽ ഒരുനാഴികനേരത്തെ മനഃക്ലേശത്തിനു ഇടയായി. ഞാൻ ഒരു സംസ്കൃതകാവ്യം വായിക്കുകയായിരുന്നു. അതിലൊരു ശ്ലോകത്തിൽ 'ബധൂ' എന്നൊരുപദം ഏതുവിധമൊക്കെ ശ്രമിച്ചാലും, അന്വയിക്കയില്ലെന്നായി. 'ഞാൻ ചേരുന്നപടി ചേർക്കാൻ' വേണ്ടി വളരെ സാഹസമൊക്കെ ചെയ്തുനോക്കി; ഒന്നുകൊണ്ടും ഫലിച്ചില്ല. അ

പ്പോഴാണ ആ പുസ്തകം കല്ക്കട്ടാവിൽ അച്ചടിച്ചതാണല്ലോ എന്നുള്ള ഓൎമ്മ എൻെറ മനസ്സിലുദിച്ചതു്. ഉടനെ എല്ലാം ശരിയാകയുംചെയ്തു. ശബ്ദം 'ബദ്ധ്വാ=ബന്ധിച്ചിട്ടു്' എന്നല്ല; 'വദ്ധ്വാ=വധുവിനാൽ' എന്ന വധൂശബ്ദത്തിൻെറ തൃതീയയാണു്.

തമിഴനായി ഒരു ശിഷ്യനും ഇതുപോലെ ഒരിക്കൽ എന്നെക്കുറെച്ചുനേരത്തേയ്ക്കു ഭ്രമപ്പെടുത്തുകയുണ്ടായി. ഇത്തവണ 'മുധാ' എന്നുള്ള ശബ്ദമായിരുന്നു ക്ലേശകാരണമായിത്തീൎന്നതു്. ശിഷ്യൻ അതിനെ വായിച്ചപ്പോഴൊക്കെയും 'മുദാ' എന്നു തന്നെ വായിച്ചു. ഒടുവിൽ ശിഷ്യൻെറ കയ്യിൽ നിന്നു പുസ്തകം വാങ്ങി ഞാൻതന്നെ വായിച്ചതിനു മേലേ എനിക്കു വാക്യം അന്വയിച്ചൎത്ഥം പറവാൻ കഴിഞ്ഞുള്ളു. മേലാൽ ഈ മാതിരി വ്യാമോഹത്തിനു ഇട വരാതിരിപ്പാൻ ഞാൻ ഉടൻതന്നെ കരുതൽചെയ്തു. 'ശ്രീമാധവം ഭജതഭോ ഗരുഡാധിരൂഢം' എന്നൊരു ശ്ലോകപാദം നിൎമ്മിച്ചു അതു്രയും ശരിയായിട്ടു ഉച്ചരിക്കാറായതിന്നു മേൽ പഠിച്ചാൽ മതി എന്നു ഞാൻ അയാളോടു പറഞ്ഞു. ആ വിദ്വാൻ പിന്നീടു ഈ പതിന്നാലക്ഷരങ്ങളുടെ ഇടയിൽ എത്ര അബദ്ധങ്ങളുണ്ടാക്കി എന്നു ഞങ്ങൾക്കും ഈശ്വരനും മാത്രമേ അറിയാവൂ. ഈ കഥ ഓൎമ്മിയ്ക്കുമ്പോൾ കൂടിയും എനിക്കു ചിരി അടക്കവെയ്യാതെ വരുന്നു. എന്തിനു, ഒരു വാരം ശ്രമിച്ചതിനു മേലെ അയാൾക്കു ആ പാദം ഒരുതവണ വേണ്ടുംവണ്ണം ഉച്ചരിയ്ക്കാൻ കഴിഞ്ഞുള്ളൂ. ഖരാതിഖരങ്ങളും മൃദുഘോഷങ്ങളും കലൎന്നുവരുന്നിടത്തു ശിഥിലങ്ങൾ ഉച്ചാരണത്തിൽ ദൃഢങ്ങളായിപ്പോകാവുന്നതാണെന്നുള്ളതിലേയ്ക്കു 'മിത്രധ്രുക് മിത്രധ്രുഗ്' മിത്രധ്രുഡൌ മിത്രധ്രുഹഃ' എന്നുള്ള സിദ്ധരൂപവും 'ചയോദ്വി

തിയാഃ ശരിപൌഷ്കരസാദേരിതിവാച്യം' എന്നുള്ള വാൎത്തികവും ലക്ഷ്യങ്ങളാണു്.

മലയാളികൾക്കും ഇതുപോലെ ചില വൈകല്യങ്ങളില്ലെന്നില്ല. അവർ ചന്ദനത്തെ ചന്നനവും, ഗണപതിയെ ഗെണപതിയും ആക്കുന്നു. അവരുടെ ഇടയിൽ 'ഉല്സാഹം' അല്ലാതെ 'ഉത്സാഹം' ആക്കുമില്ല. അവർ ആനേകമുക്'എന്ന പാണിനിസൂത്രത്തെ 'ആനേമുക്ക്' എന്നുച്ചരിയ്ക്കുമ്പോൾ ശാസ്ത്രിമാർ ചിരിച്ചുപോകും. മലയാളത്തിലേ ഉച്ചാരണത്തിൽ വേറെഒരുവൈജാത്യമുള്ളതു ടകാരത്തെ ളകാരമാക്കുകയാണു്. 'സാമ്രാട്' എന്ന സംസ്കൃതം ഭാഷയിൽ 'സമ്രാൾ' (ള്) എന്നായിത്തീരുന്നു. ഇതിന്റെ ആഗമം ഒന്നാലോചിപ്പാനുള്ളതാണു്. വൈദികഭാഷയിൽ ഋഗ്വേദികൾ ഡകാരത്തിനു ളകാരമാണു പറയുന്നതെന്നു് ആരംഭത്തിൽ പ്രസ്താവിച്ചല്ലോ. 'സമ്രാക്ക്' മുതലായ ടകാരാന്ത ശബ്ദമൊക്കെയും വാസ്തവത്തിൽ ഡകാരാന്തമാണെന്നും ടകാരോച്ചാരണം അവസാനത്തിൽ മാത്രമേ ഉള്ളുവെന്നും സംസ്കൃതവ്യാകരണം കൊണ്ടു നമുക്കറിയാം. ഈ സ്ഥിതിക്കു കേരളത്തിലേയ്ക്കു വന്ന ആൎയ്യന്മാർ വൈദികകാലത്തിന്റെ ആരംഭത്തിൽ തന്നെ പിരിഞ്ഞുപോന്നിട്ടുള്ളവരാണെന്നു വരുന്നു. അല്ലെങ്കിൽ ഋഗ്വേദത്തിലുള്ള വിലക്ഷണോച്ചാരണം കേരളത്തിൽമാത്രം, ലൌകികസംസ്കൃതത്തിൽ കൂടി ഇന്നും നിലനില്ക്കുന്നതിനു എന്തു ഉപപത്തി പറയാം? എന്നാൽ ഇതു ഒരു പ്രധാനപ്പെട്ട സംഗതിയാകയാൽ പ്രത്യേകമായി വിചാരണ ചെയ്യേണ്ടതാകുന്നു.

൧൩. കാവ്യോദ്ദേശ്യം.

കാവ്യങ്ങൾ വായിക്കുകയും അതുകളിൽ രസിക്കുകയും ചെയ്യുന്നവർ നമ്മുടെ കൂട്ടത്തിൽ പലരുമുണ്ടെങ്കിലും അതുകളുടെ ഗുണാഗുണങ്ങളെ സൂക്ഷ്മമായി അറിയുന്നവർ വളരെ ഉണ്ടോ എന്ന് സംശയമാണ്. വായിക്കുന്നവരിൽ പലരും ഓരോ കവിതകളെക്കുറിച്ച് അഭിപ്രായങ്ങൾ പറയുന്നത് ഏകദേശം സംഗീതജ്ഞാനമുണ്ടെന്നുള്ള അഭിമാനം മാത്രമുള്ളവർ അകാലത്തിൽ താളംപിടിക്കുകയും തലകുലുക്കുകയും ചെയ്യുന്നതുപോലെ ആയിക്കാണുമ്പോൾ അവർ എത്രത്തോളം സൂക്ഷ്മം അറിയുന്നുണ്ടെന്ന് ഏകദേശം തീർച്ചയാക്കാം. എന്നാൽ ഇതിനെക്കുറിച്ച് അത്ര അത്ഭുതപ്പെടുവാനില്ല. സാധാരണ മലയാളികൾക്ക് കാവ്യങ്ങളുടെ ഗുണാഗുണങ്ങളെ അറിയുന്നതിന് ബ്രഹ്മാവുകൊടുത്ത ബുദ്ധിയല്ലാതെ വേറെ ഒരു സഹായവും ഇല്ല. സംസ്കൃതത്തിൽ കാവ്യപ്രകാശം, സാഹിത്യദർപ്പണം, മുതലായ അനേക ഗ്രന്ഥങ്ങളും ഇംഗ്ലീഷിൽ ഈ വിഷയത്തെപ്പറ്റി അസംഖ്യം പുസ്തകങ്ങളും ഉള്ളതുകൊണ്ട് ആ ഭാഷകളിൽ പാണ്ഡിത്യമുള്ളവർക്ക് കാവ്യങ്ങളുടെ ഗുണദോഷങ്ങളെ സൂക്ഷ്മമായി അറിയുന്നതിന് വേണ്ട സഹായങ്ങളുണ്ട്. മലയാളത്തിൽ ഈ വക ഗ്രന്ഥങ്ങൾ ഇല്ലാത്തതുകൊണ്ടും, ഇപ്പോൾ അച്ചടിച്ചു കാണുന്ന കവിതകളിൽ അധികവും, കാവ്യലക്ഷണം കുറഞ്ഞവയാകകൊണ്ടും, ഈ വക കവിതകളിൽ മാത്രം പരിചയിക്കുകയും, ഇതരഭാഷകൾ പഠിക്കാതിരിക്കയും ചെയ്തിട്ടുള്ള മലയാളികളുടെ രസികതയ്ക്കു കൌടില്യമുണ്ടാകുന്നതു സ്വാഭാവികമാണ്. അതുകൊണ്ട് ഈ വിഷയത്തിൽ ജനങ്ങൾക്ക് നേരായ വഴി കാണിച്ചുകൊടുക്കുന്നതിന് സം

സ്കൃതത്തിലും ഇംഗ്ലീഷിലുമുള്ള ഗ്രന്ഥങ്ങളുടെ രീതിയെ അനുസരിച്ചു സാഹിത്യത്തെക്കുറിച്ചു ഇവിടെ കുറെ പ്രസ്താവിക്കുന്നതിനു് ഞങ്ങൾ തുനിയുന്നു.

കാവ്യം എന്നുവച്ചാൽ സൂക്ഷ്മത്തിൽ എന്താകുന്നു എന്നാണ് നാം ആദ്യമായി അറിയേണ്ടതു്. എന്നാൽ എന്തിന്റെ എങ്കിലും സ്വഭാവത്തേയോ ഗുണദോഷങ്ങളേയോ കുറിച്ചു ആലോചിക്കുന്നതിനു മുമ്പിൽ അതിന്റെ ഉദ്ദേശമെന്താണെന്നു് ആലോചിക്കുന്നതു പ്രത്യേകം ആവശ്യമാണു്. ആ ഉദ്ദേശം എല്ലായ്പ്പോഴും വിശദമായി നമ്മുടെ മനസ്സിൽ ഇല്ലെങ്കിൽ നാം പറയുന്നതു ചിലപ്പോൾ കുറെ അപ്രസ്തുതമായി വന്നേയ്ക്കാം. ഒരു രാജ്യത്തെ രാജ്യഭരണത്തിൽ എന്തെല്ലാം ഗുണദോഷങ്ങളുണ്ടെന്നോ, ഏതു രീതിയിലുള്ള രാജ്യഭരണമാണ് എല്ലാത്തിലും നല്ലതെന്നോ നിരൂപിക്കുന്നതിനു മുമ്പിൽ രാജ്യഭരണത്തിന്റെ ഉദ്ദേശം എന്താണെന്നു് അറിയുന്നതു് ആവശ്യമല്ലേ? അതുപോലെതന്നെ കാവ്യമെന്നു വച്ചാൽ എന്താണെന്നും അതിനു എന്തെല്ലാം ലക്ഷണങ്ങൾ ഉണ്ടായിരിക്കണമെന്നും തീർച്ചയാക്കുവാൻ പുറപ്പെടുന്നതിനു മുമ്പിൽ കാവ്യത്തിന്റെ ഉദ്ദേശം എന്താണെന്നും, അതു് മനുഷ്യർക്കു ഏതുവിധത്തിൽ ഉപകരിക്കുന്നതാണെന്നും നാം മനസ്സിലാക്കേണ്ടതാണു്.

വേദം, ശാസ്ത്രം, കാവ്യം ഇതുകളാകുന്നു നമ്മുടെ അദ്ധ്യയനത്തിന്റെ പ്രധാനവിഷയങ്ങൾ. ഇതിൽ ഓരോന്നിന്റെ മുഖ്യമായ ഉദ്ദേശം ഓരോന്നാണെങ്കിലും എല്ലാത്തിനും സാധാരണമായ ഉദ്ദേശം ഇന്നതു ചെയ്യണമെന്നും ഇന്നതു ചെയ്യരുതെന്നുമുള്ള കൃത്യാകൃത്യോപദേശമാകുന്നു. എന്നാൽ ഇതിൽ ഓരോന്നു് ആ ഉദ്ദേശത്തെ സാധിപ്പിക്കുന്നതു ഓരോ പ്രകാരത്തിലാണു്. വേദം കൃത്യാകൃത്യങ്ങൾ ഇന്നതാണെ

ന്നും, അതുകളെ ലംഘിച്ചാൽ ഇന്നിന്ന ശിക്ഷകൾ അനുഭ വിക്കേണ്ടിവരുമെന്നും രാജശാസനംപോലെ കല്പിക്കയാണു് ചെയ്യുന്നതു്. ശാസ്ത്രം യുക്തിയുക്തമായി അതാതിന്റെ കാരണങ്ങളെ പ്രതിപാദിച്ചു ഒരു സുഹൃത്തിനെപ്പോലെ ന മ്മളെ പറഞ്ഞു സമ്മതിപ്പിച്ചു് നമുക്കു കൃത്യാകൃത്യബോധ മുണ്ടാക്കുന്നു. കാവ്യം ഒരു ഇഷ്ടഭാൎയ്യയെപ്പോലെ സരസവാ ക്കുകളെക്കൊണ്ടു കൎത്തവ്യകൎമ്മങ്ങളിൽ നമുക്കു് അഭിരുചിയും അകൃത്യങ്ങളിൽ വിമുഖതയും ജനിപ്പിക്കുന്നു.

കാവ്യശാസ്ത്രങ്ങൾക്കു ഉഭയസാധാരണമായ ഉദ്ദേശം മേല്പറഞ്ഞതാണെങ്കിലും അതുകൾ പഠിക്കുന്നതുകൊണ്ടു ന മ്മുടെ ബുദ്ധിക്കുണ്ടാകുന്ന പ്രഭാവം രണ്ടുപ്രകാരത്തിലാണു്. ശാസ്ത്രാദ്ധ്യയനംകൊണ്ടു ബുദ്ധിക്കു തീക്ഷ്ണതയും ശക്തിയും കാവ്യാദ്ധ്യയനംകൊണ്ടു ബുദ്ധിക്കു ഗുണവുമാണു ഉണ്ടാകുന്ന തു്. ശാസ്ത്രം മനുഷ്യരെ ബുദ്ധിമാന്മാരും കാവ്യം ഗുണവാ ന്മാരുമാക്കിത്തീൎക്കുന്നു. ശാസ്ത്രത്തിന്നു ഈ ഗുണമുണ്ടെന്നു പ ലൎക്കും സമ്മതമാണെങ്കിലും കാവ്യത്തിന്നു മേല്പറഞ്ഞ ഗുണ മുണ്ടെന്നു ധരിച്ചിട്ടുള്ളവർ വളരെ ഉണ്ടോ എന്നു സംശയമാ ണു്. ഇതിനു കാരണമെന്തെന്നാൽ, കാവ്യം മനോഗുണ ത്തിനു ആസ്പദമായ കൃത്യാകൃത്യബോധത്തെ ഉണ്ടാക്കുന്നതു്. ഇന്നതു ചെയ്യണമെന്നും, ഇന്നതു ചെയ്യരുതെന്നും സ്പഷ്ടമാ യി പറയുന്നതുകൊണ്ടല്ല. കൃത്യാകൃത്യങ്ങളെ നമുക്കു അനു ഭവസിദ്ധങ്ങളാക്കിത്തീൎക്കുന്നതുകൊണ്ടാണു്. സാധാരണ യായി ഉൽകൃഷ്ടങ്ങളായ കാവ്യങ്ങളിൽ ഇന്നതു കൃത്യമെന്നും ഇന്നതു അകൃത്യമെന്നും, പ്രത്യേകം വിചാരിക്കുന്നില്ലെങ്കിലും അതുകളെ വായിക്കുമ്പോൾ കൃത്യാകൃത്യവിചാരമാണു നമു ക്കു മുഖ്യമായുണ്ടാകുന്നതു്. കാവ്യാദ്ധ്യയനംകൊണ്ടു രാവ ണദുൎയ്യോധനാദികളെപ്പോലെയല്ല രാമയുധിഷ്ഠിരാദികളെ

പ്പോലെയാണു നാം പ്രവൎത്തിക്കേണ്ടതു എന്നു നമുക്കു അനുഭവമാകയും, അതുനിമിത്തമായി ശുഭകൎമ്മങ്ങളിലും സൽഗുണങ്ങളിലും അഭിരുചിയും അശുഭകൎമ്മങ്ങളിലും ദുൎഗ്ഗുണങ്ങളിലും വിമുഖതയും ഉണ്ടാകയുംചെയ്യുന്നതാണ്". പലപ്പോഴും പല സൽകവിതകളിൽ പരിചയിച്ചു ഈ അനുഭവമുണ്ടാകുമ്പോൾ ഈ അഭിരുചിയും വിമുഖതയും സ്ഥായിയായിവരികയും അതിനാൽ ബുദ്ധിക്കു ഗുണോൽകൎഷമുണ്ടാകയുംചെയ്യുന്നു. ഏതെങ്കിലും ഒരു മനോവികാരം കൂടക്കൂടെ ഉണ്ടാകുമ്പോൾ ആ വികാരം ക്രമേണ സ്ഥായിയാകുമെന്നുള്ളതിലേയ്ക്കു സജ്ജനസംസൎഗ്ഗംകൊണ്ടു മനുഷ്യർ ശിഷ്ടന്മാരാകുന്നതും ദുൎജ്ജനസംസൎഗ്ഗംകൊണ്ടു ദുഷ്ടന്മാരാകുന്നതും ദൃഷ്ടാന്തമാണ്.

രാജ്യവും വസ്തുക്കളും ദേഹവും ഭാൎയ്യയേയും
പൂജ്യരാം ഭ്രാതൃസുതന്മാരെയുമെന്നല്ലഹോ
ഇക്ഷിതിതന്നിലിനിക്കുള്ളതൊക്കെയും ധൎമ്മ-
രക്ഷാൎത്ഥമുപേക്ഷിപ്പാനുദ്യുക്തനാകുന്നു ഞാൻ.

എന്നു ധൎമ്മപുത്രൻ പറയുന്നതും,

"പട്ടാഭിഷേകത്തിനായ്‌വിളിച്ചപ്പൊഴും
കാട്ടിലേക്കെന്നുപറഞ്ഞയച്ചപ്പൊഴും
ദൃഷ്ടമായീലഹോ ഞങ്ങളാലാരാലു-
മൊട്ടുമേഭാവഭേദം രാമഭദ്രനിൽ"

എന്നു ശ്രീരാമനെക്കുറിച്ചു പറയുന്നതും, അതാതുപ്രകൃതത്തിൽ വായിക്കുമ്പോൾ തല്ക്കാലമെങ്കിലും, കുറെ ധൎമ്മബുദ്ധിയും, ഗാംഭീൎയ്യവും ആൎക്കാണു ഉണ്ടാകാത്തതു്. ഇങ്ങനെ പലപ്പോഴും ഉണ്ടാകുമ്പോൾ ബുദ്ധിക്കു ഗുണവും, ഗാംഭീൎയ്യവും, കുറെയെങ്കിലും സ്ഥായിയാകാതിരിക്കയില്ല.

വേദശാസ്ത്രങ്ങളിൽ കൃത്യാകൃത്യങ്ങളെക്കുറിച്ചു ധാരാളമായി പറഞ്ഞിട്ടുള്ളപ്പോൾ കാവ്യത്തിൽനിന്നു പ്രത്യേകമായി എന്തൊരു ഫലമാണു നമുക്കു സിദ്ധിക്കുന്നതെന്നു ആരെങ്കിലും ആക്ഷേപിച്ചേക്കാം. എന്നാൽ മേല്പറഞ്ഞ ഉദ്ദേശത്തെമാത്രം സംബന്ധിച്ചിടത്തോളം കാവ്യത്തിനു വേദശാസ്ത്രങ്ങളെക്കാൾ അധികം പ്രാബല്യം ഉണ്ടു്. കാവ്യങ്ങളുടെ ചമൽക്കാരംകൊണ്ടും, സ്വാരസ്യംകൊണ്ടും അതുകൾ വായിക്കുന്നതിനു വേദശാസ്ത്രങ്ങളെക്കാൾ വളരെ രസമുള്ളതും, കൃത്യാകൃത്യനിരൂപണത്തിന്റെ സമ്പ്രദായഭേദംകൊണ്ടു അതുകളെക്കുറിച്ചു അനുഭവം അധികം വരുത്തുന്നതും ആകയാൽ കാവ്യങ്ങൾക്കു നമ്മുടെ ബുദ്ധിയെ നയിക്കുന്നതിനുള്ള ശക്തി വേദശാസ്ത്രങ്ങളെക്കാൾ അധികമുണ്ടു്. വേദശാസ്ത്രങ്ങൾ പഠിക്കുന്നതു സന്മാർഗ്ഗോപദേശം കേൾക്കുന്നതുപോലേയും കാവ്യങ്ങൾ വായിക്കുന്നതു സത്തുക്കളോയിട്ടു സംസർഗ്ഗംചെയ്യുന്നതുപോലേയും ആകുന്നു. മനുഷ്യരെസദ്വൃത്തന്മാരാക്കുന്നതിനു ഇതിലേതിന്നാണു പ്രാബല്യമുള്ളതെന്നതിനേപ്പററി അഭിപ്രായഭേദമുണ്ടാവാൻ വഴിയില്ലല്ലോ.

കാവ്യങ്ങളുടെ സൂക്ഷ്മമായ ഉദ്ദേശം കൃത്യാകൃത്യോപദേശമാണെങ്കിലും അതുകളുടെ തൽക്കാലഫലം മനസ്സുഖമാകുന്നു. സഹൃദയന്മാർക്കും ഉൽകൃഷ്ടകാവ്യങ്ങൾ വായിക്കുമ്പോൾ മനസ്സിനു അവാച്യമായ ഒരു ആനന്ദമുണ്ടാകുന്നതാണു്. മിക്കവരും അവരുടെ വിഭാവനകൂടാതെ ഉത്തരകാലഫലം അനുഭവിക്കുന്നുണ്ടെങ്കിലും ഈ തൽക്കാലഫലത്തിനുമാത്രമാണു സാധാരണയായി കവിതകൾ വായിക്കുന്നതു്. എന്നാൽ ഈ തൽക്കാലഫലംതന്നെ ഉത്തരകാലഫലാപേക്ഷകൂടാതെയും മനസ്സിനു ഗുണപ്രദമാകുന്നു. സദഭിഷ

യങ്ങളിൽ പലപ്പോഴും മനസ്സിനു സുഖലയമുണ്ടാകുന്നതുതന്നെ അതിന്നു ശുദ്ധിയും ശാന്തതയും ഉണ്ടാകുന്നതിനു ഒരു വഴിയാണെന്നു പല മഹാന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ടു്. സംഗീതം മുതലായ ചില കലാവിദ്യകളുടേയും ഫലം ഇതുതന്നെയാകുന്നു.

ഇതുകൂടാതെ വേറെ പല ഫലങ്ങളേയും കാവ്യപ്രകാശം മുതലായ സംസ്കൃതഗ്രന്ഥങ്ങളിൽ പറഞ്ഞിട്ടുണ്ടു്. യശസ്സു്, ധനലാഭം, വ്യവഹാരജ്ഞാനം മുതലായതുകളേയും കാവ്യഫലങ്ങളുടെ കൂട്ടത്തിലാണു ഗണിക്കുന്നതു്. എന്നാൽ യശസ്സു്, ധനലാഭം മുതലായതു വേറെ പലതുകൊണ്ടും ഉണ്ടാകാവുന്നതാകയാൽ അതുകൾ വാസ്തവത്തിൽ കാവ്യത്തിന്റെ സഹജഫലങ്ങളല്ല. ഔപാധികഫലങ്ങളുടെ കൂട്ടത്തിലേ വിചാരിപ്പാൻ പാടുള്ളു. അതുകൊണ്ടു അതുകളെക്കുറിച്ചു ഇവിടെ പ്രസ്താവിക്കേണമെന്നില്ല. പ്രതാപരുദ്രീയത്തിൽ ഈ വിഷയത്തെപ്പററി വളരേ സാരമായ ഒരു ശ്ലോകമുള്ളതിനെ താഴെ ചേൎക്കുന്നു:—

യദ്വേദാൽപ്രഭുസമ്മിതാദധിഗതം ശബ്ദപ്രധാനാച്ചിരം
യച്ചാൎത്ഥപ്രവണാൽ പുരാണവചനാദാപ്തം സുഹൃത്സമ്മിതാ(ൽ
കാന്താസമ്മിതയാ യയാ സരസതാമാപാദ്യ കാവ്യശ്രിയാ
കൎത്തവ്യേ കുതുകീ ബുധോ വിരചിതസ്തസ്യൈ സ്പൃഹാം കുൎമ്മ(ഹേ.

൧൪. കാവ്യം.

കാവ്യംഎന്നുവെച്ചാൽ എന്താണ്? കൃത്യാകൃത്യങ്ങളെ നമുക്കു അനുഭവമാക്കി നമ്മുടെ മനസ്സിനു ജ്ഞാനമുണ്ടാക്കുകയാകുന്നു കാവ്യത്തിന്റെ പ്രധാനമായ ഉദ്ദേശമെന്നു ഇതിന്നുമുമ്പിൽ പറഞ്ഞിട്ടുണ്ടല്ലൊ. ആ ഉദ്ദേശത്തെ സാധിപ്പിക്കുന്നതിനു ഒരു കാവ്യത്തിനു പ്രധാനമായി എന്തുഗുണമാണു ഉണ്ടായിരിക്കേണ്ടതു? എന്നാൽ ആ ഗുണംതന്നെയാണു കാവ്യത്തിന്റെ പ്രധാനമായ ലക്ഷണവും. രാവണനേപ്പോലെയല്ലാ രാമനെപ്പോലെയാണു നാം പ്രവൎത്തിക്കേണ്ടതുഎന്നു പറഞ്ഞതുകൊണ്ടുമാത്രം നമുക്കു ഒരനുഭവംതോന്നുന്നതല്ല. അനുഭവംതോന്നണമെങ്കിൽ രാമായണം വായിക്കുമ്പോൾ രാമന്റെ പ്രവൎത്തികൾക്കും വാക്കുകൾക്കും അനുകൂലമായും,രാവണന്റെ പ്രവൃത്തികൾക്കുംവാക്കുകൾക്കും വിരോധമായും ഉള്ള മനോവികാരങ്ങളുണ്ടാകണം. അങ്ങനെയുള്ളമനോവികാരങ്ങളുണ്ടാകണമെങ്കിൽ കവിതയിൽ അതാതുപ്രകൃതത്തിനു അനുരൂപമായ സ്തോഭം നല്ലവണ്ണം പുറപ്പെടണം. സാഹിത്യഗ്രന്ഥങ്ങളിൽ രസമെന്നു പറയുന്നതു് ഇങ്ങനെ സ്തോഭം പുറപ്പെടുന്നതിനാകുന്നു. അതുകൊണ്ടുകാവ്യോദ്ദേശസിദ്ധിയ്ക്കു പ്രധാനമായി വേണ്ടതു രസമാണെന്നു സ്പഷ്ടമാകുന്നു.

"വാക്യം രസാത്മകംകാവ്യം" കാവ്യത്തിന്റെ ജീവനായതു രസമാണ്. ഒരു വാക്യത്തിനു എന്തുഗുണമുണ്ടെങ്കിലും രസശൂന്യമായാൽ അതിനുകാവ്യത്വമില്ലെന്നുതന്നെ പറയാം. ഇതുപോലെതന്നെ മറ്റെന്തുഗുണം കുറവായാലും രസം സമൃദ്ധിയായിട്ടുണ്ടെങ്കിൽ അതിനെ ഉത്തമകാവ്യമെന്നു പറയാവുന്നതാണ്. അലങ്കാരം, ഗുണം, രീതി മുതലായതു് കവിതയ്ക്കു വളരെ ആവശ്യമാണെങ്കിലും അ

പരിത്യാജ്യമല്ല. ഇതെല്ലാം രസത്തിന്നു് ഉൽക്കർഷമുണ്ടാക്കുന്നതിന്നായിട്ടുള്ളതാണു്. കവിതയ്ക്കു് കൂടിയേ കഴിയൂ എന്നു പറയത്തക്കതായിട്ടു രസം മാത്രമേയുള്ളു. സാധാരണയായി ഭാഷാകവിത വായിക്കുന്നവരിൽ മിക്കവരും ശബ്ദാർത്ഥങ്ങളുടെ ഉൽക്കർഷത്തിന്നു മാത്രം കാരണഭൂതങ്ങളായ അലങ്കാരാദികളെയാണു് കാവ്യത്തിന്റെ പ്രധാനലക്ഷണങ്ങളായി ഗണിക്കുന്നതു്. ഈ അഭിപ്രായം തെറ്റായിട്ടുള്ളതാണെന്നു് കാണിക്കുന്നതിന്നു് അവയിൽ ഓരോന്നിന്റെ സ്വഭാവത്തെപ്പററി ഇവിടെ കുറച്ചു് പ്രസ്താവിക്കുന്നതു് ആവശ്യമാകുന്നു.

കാവ്യം രസാത്മകമായ വാക്യമാണെന്നു് പറഞ്ഞതുകൊണ്ടു തന്നെ അതു് പദ്യരൂപമാകണമെന്നു് നിർബന്ധമില്ലെന്നു സാധിക്കുന്നു. ഒരു വാക്യം രസാത്മകമാണെങ്കിൽ ഗദ്യരൂപമായാലും അതിനെ കാവ്യമെന്നു പറയാം. ബാണകവിയാൽ ഉണ്ടാക്കപ്പെട്ട കാദംബരി എന്ന ഗ്രന്ഥം ഗദ്യരൂപമാണെങ്കിലും അതിനെ ഉത്തമകാവ്യങ്ങളുടെ കൂട്ടത്തിലാണു് സഹൃദയന്മാർ ഗണിക്കുന്നതു്. അതുകൊണ്ടു പദ്യരൂപമായിട്ടുള്ളതെല്ലാം കാവ്യമാണെന്നും, അതിന്റെ കർത്താക്കന്മാരെല്ലാം കവികളാണെന്നും, ഗദ്യരൂപമായിട്ടുള്ളതൊന്നും കാവ്യമല്ലെന്നും സാധാരണയിൽ പലരുംവിചാരിച്ചുവരുന്നതു് അബദ്ധമാണെന്നു് പറയേണ്ടതില്ലല്ലോ. രസശൂന്യമായ പദ്യവും കാവ്യമാണെങ്കിൽ അമരകോശം, അഷ്ടാംഗഹൃദയം മുതലായ ഗ്രന്ഥങ്ങളും ശാകുന്തളം, നൈഷധം മുതലായ ഗ്രന്ഥങ്ങളും തമ്മിൽ എന്താണു വ്യത്യാസം. പദ്യവും കാവ്യവും തമ്മിലുള്ള ഭേദം മനസ്സിലായിട്ടുള്ളവൎക്കു ഇപ്പോൾ കവികൾ വളരെ ചുരുക്കമാണെന്നും, കവിതക്കാരെന്നു പറയുന്നവരായി വളരെ ജനങ്ങളുള്ളവരെ പദ്യകൃത്തുക്കളെന്നേ പറവാൻ പാടുള്ളു എന്നും ബോധംവരും. എന്നാൽ പദ്യം ഗ

ദ്യത്തേക്കാളധികം കൎണ്ണസുഖപ്രദമാകകൊണ്ടും, മററു കാരണങ്ങളെക്കൊണ്ടും കാവ്യത്തിന്നു അധികം യോഗ്യമായിട്ടുള്ളതും അധികമായി ഉപയോഗിക്കപ്പെട്ടുവരുന്നതുമാകുന്നു. അതുകൊണ്ടു ഇതു ഉൽക്കൎഷഹേതുക്കളിൽ ഒന്നാണെന്നു വിചാരിക്കേണ്ടതാണു്.

രസോൽക്കൎഷഹേതുക്കളിൽ പ്രധാനമായിട്ടുള്ളതു് അലങ്കാരമാകുന്നു. ഇതു കാവ്യത്തിന്നു വളരെ ആവശ്യമായിട്ടുള്ളതാകുന്നു എന്നുതന്നെയല്ല ചിലരുടെ അഭിപ്രായത്തിൽ കവിതയ്ക്കു അലങ്കാരം കൂടിയേ കഴിയൂ എന്നു് നിർബന്ധം തന്നെയുണ്ടു്. എന്നാൽ ഈ അഭിപ്രായം അത്ര സ്വീകാരയോഗ്യമാണെന്നു് തോന്നുന്നില്ല.

പൂമെത്തേലെഴുന്നേററിരുന്നു ദയിതേ പോകുന്നു ഞാനെന്നുകേ-
ട്ടോമൽക്കണ്ണിണനീരണിഞ്ഞ വദനപ്പൂവോടു ഗാഢംതദാ
പൂമേനിത്തളിരോടു ചേൎത്തഹമിനിക്കൊണ്ടെന്നതെന്നോന്നക-
പ്പൂമാലോടളിവേണി ചൊന്ന മധുരച്ചൊല്ലിന്നു കൊല്ലുന്നു മാം.

(പൂന്തോട്ടത്തു നമ്പൂരി.)

ഈ ശ്ലോകത്തിൽ സ്ഫുടമായ അലങ്കാരമൊന്നുമില്ലെങ്കിലും ഇതിന്നു് ഉത്തമകാവ്യലക്ഷണമില്ലെന്നു് സഹൃദയന്മാർ പറയുന്നതല്ല. സൂക്ഷ്മത്തിൽ കവിതയ്ക്കു് അലങ്കാരം സ്ത്രീകൾക്കു് ആഭരണാദികളെപ്പോലെയാണു്. കടകകുണ്ഡലാദികൾ സ്ത്രീകളുടെ സൌന്ദൎയ്യത്തിന്നു് എങ്ങനെയോ അങ്ങനെതന്നെ കവിതാരസത്തിന്നു് ഉപമാദ്യലങ്കാരങ്ങൾ ഉൽക്കൎഷത്തെ ഉണ്ടാക്കുന്നതാകുന്നു. രസഹീനങ്ങളായ ശ്ലോകങ്ങളിൽ അലങ്കാരം പ്രയോഗിക്കുന്നതു അശേഷം സൌന്ദൎയ്യമില്ലാത്ത സ്ത്രീകൾ ആഭരണങ്ങളണിയുന്നതുപോലെ ആയിരിക്കും. ഇപ്പോൾ നടപ്പുള്ള കവിതകളിൽ

ചിലതു് അലങ്കാരപ്രധാനവും ചിലതു് രസപ്രധാനവുമാണു്. അനുഭവത്തിൽ, ഇതു രണ്ടും തമ്മിലുള്ള വ്യത്യാസമെന്തെന്നുവച്ചാൽ, അലങ്കാരപ്രധാനമായ കവിത വായിക്കുമ്പോൾ കവിയേയും രസപ്രധാനമായിട്ടുള്ളതു് വായിക്കുമ്പോൾ കവിതാവിഷയത്തേയുമാണു് നമുക്കു ഓൎമ്മയുണ്ടാകുന്നതു്. പുനത്തിൽ നമ്പൂരിയുടെ കവിത അലങ്കാരപ്രധാനവും കുഞ്ചൻനമ്പ്യാരുടെ കൃതികൾ രസപ്രധാനവുമാകുന്നു. "കൃഷ്ണഗാഥ" വായിക്കുമ്പോൾ കവി മഹാകേമൻ തന്നെ എന്നുള്ള വിഭാവനയാണു് നമുക്കുണ്ടാകുന്നതു്. 'നളചരിതം' ഓട്ടൻതുള്ളൽ വായിക്കുമ്പോൾ നളന്റേയും ദമയന്തിയുടേയും മററും ഗുണങ്ങളെക്കുറിച്ചും മററുമാണു് നമുക്കു് മനസ്സിൽ തോന്നുന്നതു്. ഇതിൽ കാവ്യത്തിന്റെ പ്രധാനോദ്ദേശത്തെ സാധിക്കുന്നതിനെ സംബന്ധിച്ചിടത്തോളം ഏതിനാണു് പ്രബലത അധികമുള്ളതെന്നു് പറയേണ്ടതില്ലല്ലോ.

ഗുണങ്ങളും രീതികളും കാവ്യത്തിന്റെ ഉല്ക്കൎഷഹേതുക്കളിൽ ക്രിയാവകളാണെന്നു് പറഞ്ഞുവല്ലോ. കാവ്യത്തിന്നു് മാധുൎയ്യാദിഗുണങ്ങൾ മനുഷ്യന്നു് ധൈൎയ്യാദി ഗുണങ്ങളെപ്പോലെയും രീതികൾ അവയവ സംസ്ഥാന വിശേഷങ്ങളെപ്പോലെയുമാകുന്നു. ഇപ്പോഴുള്ള ഭാഷാകവികളിൽ പലരും മറെറല്ലാത്തിലും അധികമായി രീതിയുടെ കാൎയ്യത്തിലാണു് നിഷ്കൎഷചെയ്യുന്നതു്. കാവ്യത്തിന്റെ ആത്മാവു് രീതിയാണെന്നു് വാമനൻ എന്നൊരു വിദ്വാൻ പറഞ്ഞതായി കാണുന്നതുകൊണ്ടു് പണ്ടും ചിലൎക്കു് ഈ അഭിപ്രായം ഉണ്ടായിരുന്നു എന്നു് തോന്നുന്നു. എന്നാൽ രീതി ഒരു രചനാവിശേഷം മാത്രമാകകൊണ്ടു് ശബ്ദാൎത്ഥങ്ങൾക്കു് ഉൽക്കൎഷത്തെ ഉണ്ടാക്കുന്നു എന്നല്ലാതെ കാവ്യ

ത്തിന്റെ ജീവനാണെന്ന് പറയുന്നതു സാധുവായിരിക്കയില്ല.

കാവ്യത്തിന്റെ സ്വഭാവത്തെ വിവരിക്കുന്നതായിട്ട് കുറെ പ്രസിദ്ധിയുള്ള ഒരു ഭാഷാശ്ലോകമുള്ളതിനെ താഴെ ചേർക്കുന്നു. മേല്പറഞ്ഞ സംഗതികളെല്ലാം വായിച്ചവർക്ക് ഈ വിവരണം എത്രത്തോളം ശരിയായിട്ടുള്ളതാണെന്ന് തീർച്ചയാക്കാമല്ലോ.

കോൽത്തേനോലേണമോരോപദമതിനൊന്നും-
  പാലിൽ നീരെന്നപോലെ
ചേർത്തീടേണം വിശേഷിച്ചതിലൊരലം-
  കാരമുണ്ടാസ്സ്വരേണാം
പോർത്താൽ ചിന്തിക്കിലർത്ഥം നിരുപമരുചിതോ-
  ന്നേണമെന്നിത്രവന്നേ
തീർത്തീടാവൂ കിളോകം ശിവശിവ കവിതാ
  രീതിവൈഷമ്യമത്രേ.

൧൩. നാണയം.

നാണയം എന്നുവച്ചാൽ വിശ്വാസ്യതയാകുന്നു. ഒരു കച്ചവടക്കാരനോ മററുവല്ല മുതലാളനോ അശേഷം നാണയക്കുറവില്ലാത്തവനാണെന്ന് പറയുമ്പോൾ നാം മനസ്സിലാക്കുന്നതു് അയാൾക്കു കടം വാങ്ങിയാൽ തിരികെ കൊടുപ്പാനുള്ള ശക്തിയും സത്യവും ഉണ്ടെന്നാകുന്നു. നല്ല ബാങ്കുകളിലേക്കു നല്ല കച്ചവടക്കാർക്കു ചുരുങ്ങിയ പലിശയ്ക്കു എത്ര

എങ്കിലും ഉറുപ്പിക കൊടുപ്പാൻ ജനങ്ങൾ തയാറാണു്. അതു് അവരുടെ നാണയം നല്ലതാകകൊണ്ടാകുന്നു. നാണയത്തിനു അല്പം കുറവുണ്ടെങ്കിൽ ജനങ്ങൾ അധികപലിശ ആവശ്യപ്പെടും. നാണയം അശേഷം നന്നല്ലെങ്കിൽ കടം കൊടുക്കുകതന്നെ ചെയ്കയില്ല. ഇതുപോലെതന്നെ ഓരോ ഗവൎമ്മേണ്ടുകാരുടെ നാണയത്തിനും ഏറക്കുറച്ചിലുണ്ടു്. ഇംഗ്ലീഷു് ഗവൎമ്മേണ്ടിലെ സത്യത്തിലും സമൃദ്ധതയിലും ജനങ്ങൾക്കു് പൂൎണ്ണവിശ്വാസമുള്ളതുകൊണ്ടു് ആണ്ടിൽ നൂററിനു് ൩-വീതം പലിശയ്ക്കു് ഉറുപ്പിക കൊടുപ്പാൻ ആളുകൾ ധാരാളം. എന്നാൽ തുൎക്കിമുതലായ ചില ഗവൎമ്മേണ്ടിലെ ദാരിദ്ര്യവും അവ്യവസ്ഥയും ഹേതുവായിട്ടു അവൎക്കു പന്ത്രണ്ടുവീതം പലിശയ്ക്കു കൂടി കടം കിട്ടുവാൻ പ്രയാസം. ഒരു നാട്ടിലുള്ള കച്ചവടക്കാരുടേയും മുതലാളന്മാരുടേയും വിശ്വാസ്യത വൎദ്ധിക്കുന്തോറും ധനോല്പാദനത്തിനു് ഉപയോഗപ്പെടുത്താവുന്ന മൂലധനവും ആ രാജ്യത്തിൽ വൎദ്ധിച്ചുവരും. ഒരാൾക്കു മാസംതോറും മുന്നൂറുറുപ്പിക ശമ്പളമോ മററു വല്ല വിധത്തിലുള്ള ആദായമോ ഉണ്ടെന്നും അയാൾക്കു ചിലവു് ആറമ്പതു് ഉറുപ്പികയെ ഉള്ളൂ എന്നും ഇരിക്കട്ടെ. ബാക്കി ഉറുപ്പിക ധനോല്പാദനത്തിനായി അയാൾക്കുതന്നെ ഉപയോഗിക്കുന്നതിനു് സൗകൎയ്യമുണ്ടായിരിക്കയില്ല. എന്നാൽ ആ നാട്ടിൽ നല്ല വിശ്വസ്തന്മാരായ ബാങ്കുകാരോ, കച്ചവടക്കാരോ ഉണ്ടെങ്കിൽ ചിലവു് കഴിച്ചു ബാക്കിയുള്ള സംഖ്യ ആവശ്യമുള്ളപ്പോൾ ഏതാനുമോ മുഴുവനുമോ തരത്തക്കവണ്ണം വച്ചു് അവൎക്കു് ചുരുങ്ങിയ പലിശയ്ക്കു കൊടുക്കാം. അവർ ആ സംഖ്യ ഉറപ്പുവാങ്ങി കച്ചവടത്തിലോ കൃഷിപ്പണിയിലോ മറേറാ ഏൎപ്പെട്ടിട്ടുള്ളവൎക്കു കുറെ ജാസ്തി പലിശയ്ക്കു കൊടുക്കും. അങ്ങിനെയാകുമ്പോൾ ആ സംഖ്യ ധനോല്പാദനത്തിനു് ഉപയോഗപ്പെ

ടുകയും എല്ലാ കക്ഷികൾക്കും ഉപകാരമാകയും ചെയ്യുന്നു. നാണയം അല്ലെങ്കിൽ വിശ്വാസ്യതകൊണ്ടുണ്ടാകുന്ന ഉപകാരങ്ങളിൽ ഇതാകുന്നു പ്രധാനമായിട്ടുള്ളതു്.

നാണയംകൊണ്ട് മറെറാരു ഗുണമെന്തെന്നാൽ, അതുകൊണ്ടു് കൂട്ടുമുതൽക്കമ്പെനികളെ സ്ഥാപിപ്പാൻ കഴിയുന്നു. ഒരു നാട്ടിൽ പുകവണ്ടി നടപ്പാകുന്നതിന് അമ്പതുലക്ഷം ഉറുപ്പിക വേണ്ടിവരുമെന്നിരിക്കട്ടെ. ഈ സംഖ്യ മുഴുവൻ ചെലവുചെയ്യുന്നതിന് ശക്തന്മാരായിട്ടുള്ളവരില്ലെന്നുതന്നെ പറയാം. എന്നാൽ അതിൻെറ പ്രമാണികളായി പുറപ്പെടുന്നവർ നല്ല വിശ്വാസയോഗ്യന്മാരായ മുതലാളന്മാരായിരുന്നാൽ അതിൽ പണമിറക്കുന്നതിനു വളരെ ആളുകൾ തയ്യാറായിരിക്കും. ഓഹരി ഒന്നുക്ക് ഒരു നൂറു റുപ്പികവീതം അമ്പതിനായിരം ഓഹരിയായി പണം പിരിച്ചാൽ ഓഹരികൾ മുഴുവനും എടുപ്പാൻ ആളുകൾ ഉണ്ടാവാനിടയുള്ളതാണു്. അങ്ങനെയാകുമ്പോൾ ആദായത്തിന് ഉപയോഗപ്പെടുത്തുവാൻ തരമില്ലാതെ അല്പസംഖ്യകൾ കൈവശം വച്ചുകൊണ്ടിരിക്കുന്നവർക്ക് ആദായത്തിന് ഒരു വഴിയുണ്ടാകയും ബഹുജനങ്ങളുടെ ഉപകാരത്തിനും നാട്ടിലെ ധനവൃദ്ധിക്കും കൊള്ളുന്നതായ ഒരു വലിയ ഉദ്യമം സാദ്ധ്യമാകയും ചെയ്യുന്നു. നാണയത്തിൻെറ ഗുണംകൊണ്ടാകുന്നു, നോട്ടുകൾ ഉപയോഗിപ്പാൻ സാദ്ധ്യമാകുന്നതു്. നോട്ടെന്നു പറയുന്നതു അതുകൊണ്ടു വരുന്ന ആൾക്ക് ഇത്ര ഉറുപ്പിക കൊടുത്തുകൊള്ളാമെന്നു ഒരു ബാങ്കിൽ നിന്നു എഴുതി കൊടുക്കുന്ന ഒരു ഉടമ്പടി പത്രമാകുന്നു. ആരെങ്കിലും അതു ആ ബാങ്കിൽ കൊണ്ടു കൊടുത്താൽ ഉടനെ ഉറുപ്പിക കിട്ടുമെന്നുള്ള പൂർണ്ണവിശ്വാസം ജനങ്ങൾക്കുള്ളതിനാൽ നോട്ടുകളെ ജനങ്ങൾ നാണ്യങ്ങളെപ്പോലെ തന്നെ ശങ്കകൂടാതെ കൈ

മാററം ചെയ്യുന്നു. ഒരു ബാങ്കിൽനിന്നു മുപ്പതുലക്ഷം ഉറുപ്പികയ്ക്കു് നോട്ടുണ്ടാക്കിയാൽ ആവശ്യക്കാൎക്കു ഉറുപ്പികതന്നെ കൊടുക്കുന്നതിന്നു പത്തുലക്ഷം ഉറുപ്പിക മുടക്കിവെച്ചാൽ മതിയെന്നു അനുഭവസിദ്ധമാണു്. അതുകൊണ്ടു ആ നാട്ടിൽ മുമ്പുള്ളതിൽ ഇരുപതുലക്ഷം ഉറുപ്പിക കൂടി വ്യാവൎത്തനത്തിന്നു് ഉപയോഗപ്പെടുന്നു. നാണയഗുണംകൊണ്ടു് മേല്പറഞ്ഞ ഗുണങ്ങൾ സിദ്ധിക്കുന്നതാണു്. ഈ നാട്ടിൽ വ്യാപാരികളുടേയും മററും നാണയത്തിന്നു് ഗുണം മതിയാകാത്തതുകൊണ്ടു് ഈ വകയൊന്നും അത്ര സാദ്ധ്യമാകുന്നില്ല. നമ്മുടെ ഉണ്ടികകച്ചവടക്കാർ നോട്ടുണ്ടാക്കിയാൽ അതു നാണ്യങ്ങളെപ്പോലെ കൈമാററം ചെയ്യത്തക്കവണ്ണം ജനങ്ങൾക്കു അവരിൽ വിശ്വാസമുണ്ടാകയില്ലെന്നു് നിശ്ചയം തന്നെ. അതുപോലെതന്നെ നാലഞ്ചാളുകൾ കൂടി ഒരു കൂട്ടുമുതൽ കമ്പനി ഏൎപ്പെടുത്തുവാൻ ഉത്സാഹിച്ചാൽ ആകെയുള്ള സംഖ്യ വളരെ വലിയതാണെങ്കിൽ ഓഹരിയെടുപ്പാൻ അധികം ആളുകൾ ഉണ്ടാകുമെന്നു് തോന്നുന്നില്ല. ഇതിനു ഒരു കാരണം സാധാരണ ജനങ്ങൾക്കു വ്യവസായ സംബന്ധമായ ജ്ഞാനവും ധൈൎയ്യവും കുറവാണെന്നുള്ള സംഗതി തന്നെയായിരിക്കാം. എന്നാൽ അതിന്റെ പ്രധാനകാരണം നമ്മുടെ വ്യാപാരികളുടെ നാണയക്കുറവു തന്നെയാണെന്നാകുന്നു ഞങ്ങളുടെ അഭിപ്രായം. നാണയസംബന്ധമായി വളരെ സംഗതികൾ പറവാനുണ്ടു്. എന്നാൽ അതുകൾ കുറെ കാഠിന്യമുള്ള വിഷയങ്ങളാകകൊണ്ടു് ധനശാസ്ത്രത്തെക്കുറിച്ചുള്ള ഒരു പ്രാഥമികഗ്രന്ഥത്തിൽ അതുകളെപ്പററി പ്രസ്താവിക്കുന്നതു് ആവശ്യമാകുമെന്നു് തോന്നുന്നില്ലാത്തതിനാൽ അതു ഇവിടെ നിറുത്തിവച്ചിരിക്കുന്നു.

൧൬. കടം.

അരുത്തുകടംവാങ്ങിക്കയു-
മരുത്തുകടംമറെറാരാൾക്കു നൽകുകയും
മുതലുംതന്നുടെ മിത്രവു-
മിത്തുമൂലംനഷ്ടമാം പലപ്പോഴും.

ഷേക്സ്പീയർ.

മിക്കജനങ്ങൾക്കും കൂടക്കൂടെ മനഃക്ലേശമുണ്ടാകുന്നതും അക്കാലങ്ങളിൽവേണ്ട ഉപദേശത്തിന്നും സഹായത്തിന്നും മററുള്ളവരെ ആശ്രയിപ്പാൻ ഇടയാക്കിത്തീക്കുന്നതുമായ 'ഗൃഹച്ഛിദ്രം' 'ജാതിത്തക്കം' എന്നുതുടങ്ങി പല ദുഘടവിഷയങ്ങളുള്ളതിൽ 'പണസംബന്ധമായ ഇടവാടു്" കൂടി ഉൾപ്പെടുത്തണമെന്നുതന്നെയല്ല, അതിനു പ്രധാനസ്ഥാനംതന്നെ കല്പിക്കേണ്ടതുമാണു്. മനുഷ്യരുടെ എല്ലാ ആവശ്യങ്ങൾക്കും ഇക്കാലത്തു ദ്രവ്യം അടിസ്ഥാനമായി തീന്നിരിക്കകൊണ്ടു ധനാജ്ജനം വളരെ സാരമായ ഒരു കാൎയ്യമായി ജനങ്ങൾ കരുതിവന്നു. 'പാശികളി' മുതലായ സമ്പാദ്യത്തിന്നുള്ള അന്യായമാൎഗ്ഗങ്ങളിൽ ചിലർ പ്രവേശിച്ചു കാണുന്നതുതന്നെ ഇതിന്നു ഒരു പ്രത്യക്ഷതെളിവാകുന്നു. ന്യായമായ സമ്പാദ്യത്തിന്നുള്ള വഴി എന്തെന്നു പ്രായേണ ജനങ്ങൾ ധരിക്കാതെ ലോഭംകൊണ്ടു മതിമറന്നു നേരുമാൎഗ്ഗം വെടിയുന്നതും ഇതിന്നൊരു ദൃഷ്ടാന്തമാണന്നല്ലേ പറയേണ്ടതു്? 'ദ്രവ്യംകൊടുത്തുവാങ്ങൽ' ചെയ്യുന്നവരുടെ ഇടയിൽ എന്നുവേണ്ടാ, അതുകൊണ്ടു പെരുമാററംചെയ്യുന്ന എല്ലാവരുടെ സംഘത്തിലും സാമാന്യ സുജനങ്ങളേക്കാൾ പണം കടംകൊടുക്കുന്നവരെ അധികം പൂജ്യ

ന്മാരായി വിചാരിച്ചുവരുന്നതു നമുക്കു് അനുഭവസിദ്ധമല്ലേ? ജനസമുദായത്തിൽ കേവലം കൂലിക്കാർ തുടങ്ങി പ്രഭുക്കന്മാർവരെ എല്ലാത്തരക്കാരുടെ ഇടയിലും കടംവാങ്ങലുംകൊടുക്കലും സാധാരണ നടപ്പായി തീൎന്നിരിക്കുന്നു. ഇതിന്റെ ആപൽക്കരമായ ഭവിഷ്യത്തുകളെ പലപ്പോഴും ജനങ്ങൾക്ക കാണ്മാനിടവരുന്നുണ്ടെങ്കിലും ആ നടവടി ചീത്തയാണെന്നുള്ള ബോദ്ധ്യം അവൎക്കു വന്നുതുടങ്ങീട്ടില്ല. 'കൊള്ളക്കൊടുക്കൽ' പല സമ്പ്രദായത്തിലുണ്ടെങ്കിലും അതിനെപ്പററി സവിസ്തരം പ്രസ്താവിക്കുന്നതായാൽ ലേഖനം വല്ലാതെ ദീൎഗ്ഘിക്കുമോ എന്നു സംശയിച്ചു ബന്ധുമിത്രാദികളുടെ ഇടയിൽ സാധാരണ നടപ്പുള്ള കൊടുത്തുവാങ്ങലിനെ കുറിച്ചുമാത്രമേ ഞങ്ങൾ ഇവിടെ പ്രതിപാദിക്കുന്നുള്ളു.

തറവാട്ടാവശ്യങ്ങൾക്ക സമീപസ്ഥന്മാർ അന്യോന്യം സാധനങ്ങൾ തല്ക്കാലം കടം വാങ്ങിച്ചു പിന്നീടു മടക്കി കൊടുക്കുന്ന സമ്പ്രദായത്തെപ്പററി വളരെ ഗൌരവമായി വിചാരിപ്പാനില്ലെന്നു മിക്കജനങ്ങളും അഭിപ്രായപ്പെട്ടേക്കാമെങ്കിലും സൂക്ഷ്മമായി ആലോചിക്കുന്ന പക്ഷം അതു് അവരുടെ ഗൃഹഭരണത്തിലുള്ള മിടുക്കില്ലായ്മയെ വെളിപ്പെടുത്തുകയാണു് ചെയ്യുന്നതു് എന്നു നാം ഓൎക്കേണ്ടതാണു്. പ്രത്യേകിച്ചു കൂലിപ്പണിക്കാരുടെ ഇടയിലും കഷ്ടിച്ചു കഴിച്ചിലിനുള്ളവരുടെ ഇടയിലും ഇപ്രകാരം അയൽവക്കത്തു നിന്നു സാധനങ്ങൾ കടംവാങ്ങിക്കുന്നതു് എത്രത്തോളം നടപ്പുണ്ടെന്നു ശരിയായി മനസ്സിലാക്കുന്നതായാൽ ഏവനും വിസ്മയം തോന്നിപ്പോകും. ഒരു കൊഴച്ചട്ടകത്തിന്റേയോ ചരക്കിന്റേയോ ഉടമസ്ഥന്നു് അതിന്റെ അയൽവീട്ടുകളിലുള്ള സഞ്ചാരത്തെപ്പററി എന്തെല്ലാം രസകരങ്ങളായ കഥകൾ പറവാനുണ്ടാകും? ഉപായ

ത്തിൽ കാലക്ഷേപം കഴിച്ചുകൂട്ടുന്നവരുടെ ഇടയിൽ 'പ്രഥമൻ' വെയ്ക്കാനുള്ള ചരക്കും; 'കാളൻ' വെയ്ക്കാനുള്ള ഉരുളിയും ഇന്നിന്ന ദിക്കുകളിലുണ്ടെന്നു പ്രസിദ്ധമായിരിയ്ക്കുമല്ലോ. ഇപ്രകാരം അസംഖ്യം വീട്ടുസാമാനങ്ങൾ പല വീട്ടുകളിൽ നിന്നുമായി വാങ്ങി പൊതുവേ ഉപയോഗിച്ചുവരാറുണ്ട്. ഇങ്ങനെതന്നെ 'നാഴി ഉപ്പ്' 'രണ്ടുമണിക്കട്ടുക' 'കുറച്ചുവ്യവാ' 'ഒരുതവിവെളിച്ചെണ്ണ', എന്നു തുടങ്ങി പല സാധനങ്ങളും പിന്നീടു മടക്കിക്കൊടുക്കാമെന്നുള്ള നിശ്ചയത്തിന്മേൽ പലപ്പോഴും അയൽവക്കക്കാർ കടംവാങ്ങിക്കൊണ്ടു പോകാറില്ലയോ ? ഇങ്ങിനെയുള്ള ചില്ലറസ്സാമാനങ്ങൾ കടംവാങ്ങിയ്ക്കുന്നതുകൊണ്ടു യാതൊരുദോഷവുമില്ലെന്നു തീരെ തള്ളിക്കളവാൻ പാടില്ലെങ്കിലും ഇതിനെപ്പററി സാരമായ ഗുണദോഷനിരൂപണത്തിന്നു ഞങ്ങൾ ഉദ്ദേശിയ്ക്കുന്നില്ല. ഈ വ്യാപാരം കടംവാങ്ങുന്നവരുടെ ഗൃഹഭരണത്തിലുള്ള സാമർത്ഥ്യമില്ലായ്മയേയും ആലോചനക്കുറവുകൊണ്ടുണ്ടാവുന്ന ഘോരാവസ്ഥയേയും പ്രത്യക്ഷപ്പെടുത്തുന്നതോടുകൂടി കടം കൊടുക്കുന്ന ആൾക്ക് അപ്രിയം പറയുന്നതിനുള്ള വൈമനസ്യത്തേയും പ്രദർശിപ്പിയ്ക്കുന്നുവെന്നുമാത്രം ഞങ്ങൾ ഇവിടെ സൂചിപ്പിച്ചേക്കാം. കല്യാണം മുതലായ അടിയന്തരങ്ങൾക്ക് ഉപയോഗിക്കുന്നതിന്നായി ആഭരണങ്ങൾ കടം വാങ്ങിയ്ക്കുന്ന പതിവും ഒട്ടും നന്നല്ല. ഞങ്ങളുടെ ഈ ഉപന്യാസത്തിലെ മുഖ്യസംഗതി സ്നേഹിതന്മാർ തമ്മിൽ പണം കടംകൊടുത്തു വാങ്ങുന്നതിനെപ്പററിയായിരിയ്ക്കുമെന്നു മുൻപു പ്രസ്താവിച്ചിട്ടുള്ളതുകൊണ്ടു ഈ വിഷയത്തെക്കുറിച്ചും അധികം വിസ്തരിപ്പാൻ ഇവിടെ തരമില്ല. 'ഇരന്നുപൊന്നണിഞ്ഞേററം ഞെളിഞ്ഞീടൊല്ല' എന്നതു സത്തായ ഒരു ഉപദേശമാകുന്നു.

പണം കടം വാങ്ങിയ്ക്കുന്നവർ നാലുതരക്കാരുണ്ട്. (1) ആകസ്മികസംഭവങ്ങളായ കാൎയ്യങ്ങൾ നിവൎത്തിയ്ക്കേണ്ടതിലേയ്ക്കായി തല്ക്കാലം തങ്ങളെസന്തോഷപുരസ്സരംസഹായിയ്ക്കുവാൻ താല്പൎയ്യത്തോടുകൂടിയവരായ സ്നേഹിതന്മാരുടെ പക്കൽ നിന്നു സംഗതിവശാൽ ദ്രവ്യംകടം വാങ്ങുന്നവർ. (അധികം ആക്ഷേപകരമല്ലാത്തത് ഇതൊന്നു മാത്രമേയുള്ളു.) (2) കേവലം ദ്രവ്യയത്തിന്നായി, ദ്രവ്യം തിരിയെ കൊടുക്കില്ലെന്നുള്ള മുൻകരുതലോടുകൂടിയോ, അഥവാ കൊടുക്കേണ്ടിവന്നാൽതന്നെ അയതു മനസ്സറിഞ്ഞു മൎയ്യാദയ്ക്കു ചെയ്യയില്ലെന്നുള്ള സിദ്ധാന്തത്തിന്മേലോ പതിവായി കടം വാങ്ങിയ്ക്കുന്ന ധൂൎത്തന്മാർ. (3) അതിലാഭം നേടുവാനുള്ള മോഹംകൊണ്ടു തങ്ങളുടെ വ്യാപാരങ്ങളിൽ മുടക്കേണ്ടതിലേക്കായി അന്യന്റെ പണം കടം വാങ്ങി ഉപയോഗിയ്ക്കുന്നവർ; (4) പണത്തിന്റെ മുട്ടുകൊണ്ട് അതികഠിനമായി കഷ്ടപ്പെട്ട് അതിൽ നിന്നു തല്ക്കാലം ഒരു നിവൃത്തി കിട്ടുവാനായി എന്തു ലാഭം കൊടുത്തിട്ടും കടം വാങ്ങുവാൻ ഒരുങ്ങുന്നവർ. ഈ തരക്കാരെയെല്ലാം പററിയാണ് താഴെ പ്രസ്താവിയ്ക്കുന്നതു്.

ഭാഗ്യക്ഷയംകൊണ്ടോ മറേറാ മുതലെല്ലാം നശിച്ച് ഒരുവൻ കഷ്ടപ്പാടിലായി കഴങ്ങുമ്പോൾ തന്റെ ഒരു പ്രിയസ്നേഹിതൻ ചെയ്യുന്ന ഹൃദയംഗമമായ താല്ക്കാലികസഹായം എത്രതന്നെ ലഘുവാണെങ്കിലും വളരെ കാൎയ്യമായി വിചാരിക്കുന്നതല്ലേ. ഒരുവന്നു ദ്രവ്യം ഉണ്ടായതുകൊണ്ടുള്ള സുഖങ്ങൾ എന്തെല്ലാമെന്ന് ആലോചിച്ചു നോക്കുന്നതായാൽ അതിൽ പ്രധാനമായിട്ടുള്ളത് അവന്റെ സ്നേഹിതന്മാരെ ഇങ്ങനെയുള്ള കഷ്ടസ്ഥിതിയിൽ നിന്നും കയററുന്നതിൽ കുറച്ചെങ്കിലും സഹായിയ്ക്കുവാൻ സാധിക്കുന്നതുതന്നെ

ന്നെയായിരിക്കും. "എന്റെ പ്രിയസ്നേഹിതാ! നിങ്ങൾക്കെന്തെങ്കിലും ഒരു ഉപകാരം ചെയ്വാൻ എനിക്കു സാധിക്കുമോ? ആ ഒരു ഭാഗ്യം എനിക്കു കിട്ടുമോ?" എന്നു യാതൊരു ബന്ധുക്കളോടും ഒരു ദ്രവ്യസ്ഥന പറവാനില്ലെങ്കിൽ "ധനികനായ ആ ആളും ഇരപ്പാളിയും ഒരുപോലെ" എന്ന് എങ്ങിനെയാണ പറയാതിരിക്കുന്നത്? അത്യന്തം ഔദാൎയ്യശീലംകൊണ്ടും, സ്നേഹാതിശയംകൊണ്ടും ഉണ്ടാകുന്ന ബന്ധുസഹായത്തെ ഒരുവൻ കയ്യേറുന്നതിൽ തെററില്ല. എന്നാൽ അങ്ങിനെയുള്ളവൻ തന്റെ ബന്ധുവിന്നു കഴിയുന്ന സഹായം ചെയ്വാൻ സന്നദ്ധനായിരിക്കണം. കടം വാങ്ങുകയോ കൊടുക്കുകയോ ചെയ്യുന്നതിനെപ്പററി അധിക്ഷേപിച്ചിട്ടുള്ളതുകൊണ്ടു സ്നേഹജന്യമായ സഹായപ്രവൃത്തികൾ ബന്ധുക്കളോ മിത്രജനങ്ങളോ തമ്മിൽ തമ്മിൽ ചെയ്തുകൊടുക്കരുതെന്നാണ് ഞങ്ങളുടെ അഭിപ്രായമെന്ന് ആരും തെററിദ്ധരിക്കരുത്. മേൽപറഞ്ഞ മാതിരിയിലുള്ള ഉൽകൃഷ്ടബോധങ്ങൾ ഉണ്ടാവുകയും അവയെ അനുസരിച്ചു പ്രവൎത്തിക്കുകയും ഒരു മനുഷ്യനായാൽ വേണ്ടതാണ്. എന്നാൽ ഇങ്ങിനെയുള്ള കാൎയ്യങ്ങളിൽ, തന്നെ ദ്രവ്യംകൊണ്ടു സഹായിപ്പാൻ സ്നേഹിതന്നു പ്രാപ്തിയോ, തല്ക്കാലം കഴിവോ ഉണ്ടോ എന്നും, സഹായിപ്പാൻ കഴിയുമെങ്കിൽ തന്നെ അയാൾക്കു പൂൎണ്ണമനസ്സുണ്ടോ എന്നും മുമ്പിൽകൂട്ടി വല്ലവിധേനയും അറിഞ്ഞതിന്നു ശേഷം മാത്രമേ ഒരുവൻ കടത്തിന്നുള്ള അപേക്ഷ ചെയ്തുകൂടു എന്നു ധരിച്ചിരിക്കേണ്ടതാകുന്നു. ആത്മാൎത്ഥമായി സ്നേഹിക്കുന്നവരുടെ പക്കൽനിന്നുകൂടി പതിവായി വായ്പ വാങ്ങുന്നത് ആലോചനക്കുറവായിട്ടുള്ളതും സ്നേഹബന്ധത്തിന്റെ ശൈഥില്യത്തിന്ന് അവശ്യം കാരണമായിത്തീരുന്നതുമാകുന്നു. എന്തെന്നാൽ പണത്തിന്നുള്ള ആവശ്യം എപ്പോഴുണ്ടാകുമെ

ന്ന് ആൎക്കും മുമ്പിൽകൂട്ടി നിശ്ചയിക്കുക വയ്യല്ലോ. അങ്ങനെയിരിക്കെ കയ്യിൽ പണം ഇരിപ്പില്ലാത്ത സമയത്ത് അത്യന്തം വാത്സല്യമുള്ള ഒരു സ്നേഹിതൻ ദ്രവ്യസഹായം ആവശ്യപ്പെടുന്നതായാൽ ആ സ്നേഹിതനോടു പണം ഉണ്ടെന്നോ ഇല്ലെന്നോ പറയുന്നതിന്നു ഏവനും കന്നിയ്ക്കേണ്ടിവരുമല്ലോ. സ്നേഹിതന്മാരുടെ കഷ്ടാരിഷ്ടങ്ങളിൽ പങ്കുകൊള്ളുകയും അവരെ അതിൽനിന്നു മോചിപ്പിയ്ക്കുവാൻ യത്നിയ്ക്കുകയും ചെയ്യേണ്ടത് എല്ലാവരുടെയും ധൎമ്മമാകുന്നു. എന്നാൽ സ്നേഹിതന്റെ ഇപ്രകാരമുള്ള ഔദാൎയ്യം കരുതി അവനെ സദാ ബുദ്ധിമുട്ടിയ്ക്കുന്നവനു, തന്റെ ദുഃഖനിവൃത്തിയ്ക്കു് ആ ഒരു മാൎഗ്ഗം മാത്രം നോക്കുന്നവനുമായ ഒരുവന്റെ സ്വഭാവം എത്ര നിന്ദ്യവും സ്വാൎത്ഥവുമായിട്ടുള്ളതാകണമെന്നു പറയേണ്ടതില്ലല്ലോ; എന്നു മാത്രമല്ലാ, സ്നേഹിതന്റെ ഈ വിശിഷ്ടഗുണംകൊണ്ടു മെച്ചം നേടുവാൻ ഉത്സാഹിയ്ക്കുന്നവൻ സ്നേഹവിഹീനനും ദുരാഗ്രഹിയുമാണെന്നു പ്രത്യക്ഷപ്പെടുകയും ചെയ്യുന്നു. തന്റെ സ്നേഹിതനോടു കടംവാങ്ങി അയാൾക്ക് ഒരു പരിചയവുമില്ലാത്ത അന്യനെ സഹായിയ്ക്കുന്നവനും നമ്മുടെ പരിചയത്തിൽ ധാരാളം ഉണ്ടാവും. എന്നാൽ ഈ സമ്പ്രദായവും ഒട്ടുംതന്നെ അഭിനന്ദിയ്ക്കത്തക്കതല്ല. പരസ്പരം ഒരുപോലെ സ്നേഹമുള്ളവരാണെങ്കിൽ തന്റെ പ്രവൃത്തികൊണ്ടു മറ്റേവനു ദോഷം തട്ടരുതെന്നുള്ള വിചാരം രണ്ടുപേൎക്കും അന്യോന്യം ഉണ്ടാവാതിരിയ്ക്കയില്ല. അതുകൊണ്ടാണ് പ്രാണസ്നേഹിതന്മാർ തമ്മിൽ കടം വാങ്ങുന്നത് അത്ര ആക്ഷേപകരമല്ലെന്നു മുമ്പു പ്രസ്താവിപ്പാൻ കാരണമായതു്. ഈ സമഭാവമുള്ളവർ തമ്മിൽ കടംകൊടുക്കുന്നതുകൊണ്ടു ദോഷമില്ലെന്നു മാത്രമല്ലാ ആ പ്രവൃത്തി സന്തോഷജനകവുമായിരിയ്ക്കുമല്ലോ. സാധാരണയായി കടംവാ

ങ്ങിയ്ക്കുന്നവൎക്കെല്ലാം മേൽപറഞ്ഞ സൌഹൃദഭാവമുള്ളതായി കാണുന്നതും അല്ല.

മടക്കിക്കൊടുക്കയില്ലെന്നുള്ള കരുതലിന്മേൽ പരിചയമില്ലാത്തവരുടെ കയ്യിൽ നിന്നുകൂടി കിട്ടുമ്പോളെല്ലാം കടംവാങ്ങിയ്ക്കുന്ന പെരുങ്കള്ളനെപ്പററി 'എന്താണ് പറവാനുള്ളത്" എന്നു പലരും വിചാരിച്ചേയ്ക്കാം. എന്നാൽ ലോകത്തിൽ കടംവാങ്ങുന്നവരിൽ അധികം ഈ ജാതിക്കാരാകയാൽ കടത്തെപ്പററിയുള്ള ഒരു ഉപന്യാസത്തിൽ ഇവരെക്കുറിച്ച് അല്പമെങ്കിലും പറയാതിരിപ്പാൻ തരമില്ലാ. ഇങ്ങനെയുള്ളവർ മററുള്ളവരുടെ ദ്രവ്യം കൈവശപ്പെടുത്തുന്നു എങ്കിലും ഇതിന് ഉടമസ്ഥന്റെ സമ്മതമുള്ളതുകൊണ്ട് അവരുടെ പ്രവൃത്തി 'സാധാരണ കളവ്" എന്നു പറഞ്ഞുകൂടാ. എന്നാൽ വാസ്തവത്തിൽ അവരെ ചില സംഗതികൾകൊണ്ടു കള്ളന്മാരേക്കാൾ അധികം നികൃഷ്ടസ്ഥിതിയിൽ ഗണിയ്ക്കേണ്ടതാകുന്നു. 'സാധാരണ കളവു' ചെയ്യുന്നവൎക്കു മുതലുടമസ്ഥനായിട്ടു യാതൊരു ബന്ധുത്വവുമുണ്ടായിരിയ്ക്കണമെന്നില്ല. കടം വാങ്ങി ദ്രവ്യം അപഹരിയ്ക്കുന്നവൻ ബന്ധുവായ ഉടമസ്ഥനെ തെററിദ്ധരിപ്പിച്ച് അവന്റെ സമ്മതത്തോടുകൂടി കാൎയ്യം നേടുന്നതുകൊണ്ടു അവന്റെ പ്രവൃത്തി ദ്രോഹത്വം വളരെ ഹീനമായിട്ടുള്ളതാകുന്നു.

കേരളസാഹിത്യ
അക്കാദമി